Date of Publication: 9 ജനുവരി 2020
വോള്യം 18/ലക്കം 4 / വില 20/-
ISSN 2319 - 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## മാധ്യമരംഗം



കവർ ചിത്രം

# സംഘടിത

സംഘടിത/ ജനുവരി 2020/വോള്യം 18/ലക്കം 4


ഒരു മാധ്യമപ്രവർത്തകയുടെ അനുഭവസഞ്ചാരങ്ങൾ 5
**അനിത പ്രതാപ്/മനീഷ കെ.**

ഈ തുഗ്ലക്കിയൻ പരിഷ്ക്കാരങ്ങൾ ആർക്കുവേണ്ടി 9
പെൺപക്ഷം/**അജിത കെ.**

കേരളത്തിലെ വനിതാ മാധ്യമ പ്രവർത്തനചരിത്രം 10
**ഗീത നസീർ**

നെറ്റ്‌വർക്ക് ഓഫ് വിമൻ ഇൻ മീഡിയ കേരളത്തിൽ 27
**ബീന**

ഭയത്തിൽ നിന്ന് മോചിതരാവേണ്ട ഇന്ത്യൻ സ്ത്രീകൾ 30
വാസ്തവം/**ഡോ. ജാൻസി ജോസ്**

പൂവും കായും/ഓർമ്മ 42
കവിത/**സാവിത്രി അന്തർജ്ജനം**

വനിതാ മാധ്യമനയത്തിന്റെ പ്രസക്തി 43
**കെ ഹേമലത**

ആണഹങ്കാര അധികാരങ്ങളുടെ പ്രസ്ക്ലബ്ബുകൾ, മാധ്യമസ്ഥാപനങ്ങൾ 45
**സരിത ബാലൻ**

കാൽനൂറ്റാണ്ട് മുമ്പ് നിന്നുള്ള പത്രപ്രവർത്തന ഓർമ്മകൾ 48
**രേണു രാംനാഥ്**

സമത്വത്തിൻ നാഴികക്കല്ല് പാകുന്നവർ 50
**അലീന മറിയ വർഗ്ഗീസ്**

അമ്മ കൂടിയായ മാധ്യമപ്രവർത്തക 52
**ഷെറിൻ രാജൻ**

കനൽവഴികളിൽ തുടരുന്ന പോരാട്ടം 54
**മേരി ദീപ/വിജി പെൺകൂട്ട്**

ഒരു നസ്രാണി നവോത്ഥാന നായികയുടെ ജനനം 56
കഥ/**ജെംന ചേരിപുരം**

ജെ എൻ യുവും പെൺകുട്ടികളും തമ്മിലെന്ത് 59
വഴിത്താരകൾ/**ജാനകി**

അറിയണം അസിമാ ചാറ്റർജിയെ 61
ശാസ്ത്രം/**സീമാ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : പത്രപ്രവർത്തനം ധീരമായ സാമൂഹ്യദൗത്യമാക്കിയവർ**


**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **പത്രാധിപസമിതി:** രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

ഭരണകൂട ഭീകരതയുടേയും ഹിംസയുടേയും പരകോടിയിൽ ജനാധിപത്യം തകർന്നുടഞ്ഞ് സമാധാന ജീവിതത്തിന്റെ എല്ലാ സാധ്യതകളും കടുത്ത ഭീഷണിയിലാക്കപ്പെട്ടിരിക്കയാണ്.സ്വേച്ഛാധിപത്യം കൊടികുത്തി വാഴുന്ന ബി.ജെ.പി. ഭരണം  മുസ്ലീം വിരുദ്ധതയുടെ പുതിയ പദ്ധതികൾ ഓരോ ദിവസവും നടപ്പിലാക്കുകയാണ്. ദേശീയ പൗരത്വരജിസ്ട്രിയും പൗരത്വഭേദഗതി നിയമവും ഇന്ത്യയിൽ നിന്നും ക്രമമായി മുസ്ലീങ്ങളെ ഒഴിവാക്കാനോ സ്വന്തം രാജ്യത്ത് അവരെ കുറ്റം ചെയ്യാതെ തന്നെ തടവുകാരാക്കാനോ വേണ്ടി ആസൂത്രണം ചെയ്തിരിക്കുന്നു.

കാശ്മീരിൽ സംഭവിച്ചതുൾപ്പെടെ പൗരാവകാശങ്ങളുടേയും ജനാധിപത്യ മര്യാദകളുടെയും ക്രമങ്ങൾ പൂർണ്ണമായും തകർക്കപ്പെട്ടിരിക്കുന്നു. തെരുവുയുദ്ധങ്ങളും പ്രേരണയില്ലാതെയുള്ള അക്രമവും സാധാരണമായിരിക്കുന്നു. മുതലാളിത്തത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലേക്ക് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ തീറെഴുതിക്കൊടുത്തുകൊണ്ടിരിക്കുന്നതിനാൽ ഏറ്റവും ആപൽക്കരമായ സമ്പദ്ഘടനാ തകർച്ചകൾക്ക് രാജ്യം വഴിപ്പെടുകയാണ്. ജനാധിപത്യവും ജനഹിതവും വെറും സങ്കല്പങ്ങൾ മാത്രമായി ചുരുങ്ങി വരികയാണ്.

എന്നാൽ ഏത് അധികാരപ്രയോഗത്തിനുള്ളിലും അതിനെ തോൽപ്പിക്കാൻ കെല്പുള്ള പ്രതിരോധശക്തികളെ ഉണർത്താനുള്ള സാധ്യതകൾ  ഒളിഞ്ഞു കിടപ്പുണ്ട് എന്നതാണ് വാസ്തവം. ഇന്ന് രാജ്യം മുഴുവൻ വിദ്യാർത്ഥികൾ ഉണർന്ന് ശക്തമായി സംഘടിച്ചു തുടങ്ങിയിരിക്കുന്നു. ഹിംസയ്ക്ക് പകരം വെയ്ക്കാൻ പരസ്പര സംഭാഷണവും സംവേദനവും അറിവും അക്രമത്തിന് പകരം വെയ്ക്കാൻ സമാധാനപരമായ പ്രതിഷേധവും  മുന്നോട്ട് വെച്ച് അറിവിന്റെ കേന്ദ്രങ്ങൾ സാമൂഹ്യ പരിവർത്തനത്തിന്റേയും ജനാധിപത്യവൽക്കരണത്തിന്റേയും സിരാകേന്ദ്രങ്ങളായി ഉയരുക തന്നെയാണിന്ന്. അതിനാൽ തന്നെ സുദൃഢവും അധികാര സിംഹാസനങ്ങളെ തകർക്കാൻ പോന്നതുമായ ഈ ചെറുത്തു നില്പുകളെ വേരോടെ പിഴുതെറിയാനുള്ള തത്രപ്പാടിലാണ് അധികാരവെറി പൂണ്ട സർക്കാർ. സമരങ്ങളെ  ആസൂത്രിതമായി അടിച്ചൊതുക്കിയും വിദ്യാർത്ഥികൾക്കെതിരെ കള്ളക്കേസ്സുകൾ ചുമത്തിയും ഈ  ചെറുത്തുനിൽപ്പിനെ തകർക്കാമെന്നാണ് സർക്കാറിന്റെ കണക്കുകൂട്ടൽ. ജാമിയ മില്ലിയ ഇസ്ലാമിയയിൽ പോലീസും പോലീസ് വേഷമിട്ടവരും ജെ എൻ യു വിൽ എ.ബി.വി.പി. യും അഴിച്ചുവിട്ട ഗുണ്ടാവിളയാട്ടം സമാനതകളില്ലാത്തതായിരുന്നു. നിയമപാലകർ അക്രമികളായി പരിവർത്തിച്ച കാഴ്ചയാണ് ഈ സർവ്വകലാശാലകളിൽ കാണാനായത്. ജെ എൻ യുവിൽ വൈസ് ചാൻസലർ തന്നെയാണ് അക്രമത്തിന് ഒത്താശ ചെയ്തു കൊടുത്തത് എന്നതും ശ്രദ്ധേയമാണ്.

പെൺകുട്ടികളുടെ ധീരമായ സംഘാടനത്തിന്റേയും ചെറുത്തു നില്പിന്റേയും കൂടി ദൃഷ്ടാന്തങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ പ്രതിഷേധങ്ങളൊക്കെയും. ആയിഷ റെന്നയും ലബീബയും ഐഷെ ഘോഷും ഒക്കെ ഉജ്ജ്വല സമര പ്രതീകങ്ങളായി മാറി. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റിട്ടും ഒരിഞ്ചു പോലും പിന്നോട്ടു മാറാൻ തയ്യാറല്ലെന്നു പ്രഖ്യാപിച്ച ഐഷെ ഘോഷ് പ്രതിഷേധവീര്യത്തിന്റെ പ്രചോദനസ്തംഭമായി മാറി.

ഇരവാദത്തിൽ തളയ്ക്കപ്പെട്ട മുസ്ലീം സ്ത്രീയുടെ പ്രതിനിധാനങ്ങളെ തകർത്തെറിയും വിധമാണ് ജാമിയയിലെ പ്രതിഷേധങ്ങൾ രൂപം കൊണ്ടത്. എന്നാൽ ആ കർതൃത്വങ്ങളെ അംഗീകരിക്കാൻ കഴിയാതെ സ്വത്വവാദമെന്നും മൗദൂദിസം എന്നുമൊക്കെ പറഞ്ഞ് അവരുടെ പോരാട്ടത്തെ നിസ്സാരവൽക്കരിക്കാൻ നടന്ന ശ്രമങ്ങൾ അപലപനീയം തന്നെ. 'സെക്കുലർ-ലിബറൽ' മാതൃകകൾക്ക് പുറത്ത് നിന്നുകൊണ്ട് വിശ്വാസിസമൂഹങ്ങൾ ഫാഷിസത്തോട് നടത്തുന്ന ഏറ്റുമുട്ടലുകളെ ചെറുതായി കാണാനാവുമോ, പ്രത്യേകിച്ചും ഈ കെട്ട കാലത്ത്? ഐക്യപ്പെടലിന്റെ സകല സാധ്യതകളും ആരായേണ്ടുന്ന വിപൽസന്ദേശകാലമാണിതെന്ന് നാം മറന്നു കൂടാ !

കേന്ദ്ര സർക്കാറിന്റെ അടിച്ചമർത്തൽ നയങ്ങൾക്കെതിരെ പോരാടുമ്പോഴും കേരള സർക്കാറിന്റെ പ്രതിഷേധത്തിന്റെ രീതികളിൽ അഭിമാനവും ഊർജ്ജവും ഉൾക്കൊള്ളുമ്പോഴും ധൃതി പിടിച്ച് രണ്ടു യുവാക്കളെ യു എ പി എ ചുമത്തി എൻ ഐ എ ക്ക് വിട്ടു കൊടുത്തത് അപലപിക്കാതിരിക്കാൻ വയ്യ! ജനാധിപത്യധ്വംസനത്തിന്റെ അനുകൂലിക്കാവുന്നതും പ്രതികൂലിക്കാവുന്നതുമായ വ്യത്യസ്തമാതൃകകൾ ഉണ്ടായിക്കൂടല്ലോ! താഹയും അലനും വായിക്കുന്ന, പ്രതികരിക്കുന്ന, പ്രതിഷേധിക്കുന്ന യുവത്വത്തിന്റെ പ്രതീകമായിരിക്കെ ഈ നടപടി വല്ലാത്ത വൈരുദ്ധ്യമായിപ്പോയി !

ജനാധിപത്യത്തിന്റെ പ്രധാന സംരക്ഷകർ മാധ്യമങ്ങളാണ്. കാശ്മീരിൽ ആദ്യം കടിഞ്ഞാൺ വീണതും മാധ്യമങ്ങൾക്കാണ്. മാധ്യമ പ്രവർത്തകർ ഇന്നവിടെ കൂലിപ്പണിക്ക് പോയാണ് ഉപജീവനം കണ്ടെത്തുന്നത്. അധികാരവാഴ്ചകൾ ഏറ്റം ഭയപ്പെടുന്നത്  അവരുടെ ദുഷ്ചെയ്തികളെക്കുറിച്ച് ജനങ്ങളിലേക്കെത്തുന്ന വാർത്തകളെയാണ്. അതിനാൽ അധികാരത്തെ അട്ടിമറിക്കുന്ന ദൗത്യമാണ് മാധ്യമധർമ്മമെന്നു പറയാം. എന്നാൽ മാധ്യമമേഖലയും സംഘടനകളും തന്നെ വേലി വിളവു തിന്നുന്ന മട്ടിൽ പുരുഷാധിപത്യ ആസ്ഥാനങ്ങളായാലോ? ഇന്ത്യയിലെ മാധ്യമങ്ങളിൽ ഇന്ന് ശക്തമായ സ്ത്രീ സാന്നിധ്യമുണ്ട്. നെറ്റ്‌വർക്ക് ഒഫ് വിമൻ ഇൻ മീഡിയ പോലുള്ള സംഘടനയുണ്ട്. അവർ നടത്തിയ നിരന്തരപോരാട്ടങ്ങളുടെ ചരിത്രമുണ്ട്. ഏറ്റവും ഒടുവിൽ തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് സെക്രട്ടറി രാധാകൃഷ്ണനെതിരെ നടത്തി വിജയിച്ച സമരമടക്കം. ഈ തുടർച്ചകളിൽ കണ്ണി ചേർന്ന് മാധ്യമലോകങ്ങളിലെ സ്ത്രീപക്ഷം അന്വേഷിക്കുകയാണ് ഈ ലക്കം സംഘടിത. അതിധീരമായ പത്രപ്രവർത്തനത്തിന് തന്റെ ജീവൻ ബലികഴിച്ച ഗൗരി ലങ്കേഷിന് ഈ ലക്കം സമർപ്പിക്കുന്നു. ■

ചർച്ചാവിഷയം

വിവർത്തനം: മനീഷ.കെ.

# ഒരു മാധ്യമപ്രവർത്തകയുടെ അനുഭവസഞ്ചാരങ്ങൾ



അനിത പ്രതാപ്

## ചമേലി ജയ്ൻ അവാർഡ് സ്വീകരിച്ച് പ്രശസ്ത പത്രപ്രവർത്തക അനിത പ്രതാപ് നടത്തിയ പ്രസംഗം

എനിക്ക് ചമേലി ദേവി ജയിൻ അവാർഡ് ലഭിച്ച 1997, മാധ്യമമേഖലയിൽ ഘടനാപരമായ ഒരു മാറ്റം ദൃശ്യമായ കാലമാണ്. ആശയപരവും കാലാനുസൃതവും സാംസ്കാരികവും സാമൂഹികവും ഒക്കെയായുള്ള മാറ്റമായിരുന്നു അത്. നിഷ്കളങ്കതയുടെ ആ യുഗത്തിൽ മാധ്യമപ്രവർത്തകർ പ്രശ്നപരിഹാരകരെന്ന നിലയ്ക്കാണ് വീക്ഷിക്കപ്പെട്ടത്. ഇന്നാവട്ടെ, പലരുടെയും അഭിപ്രായത്തിൽ മാധ്യമപ്രവർത്തകർ പ്രശ്നങ്ങളുടെ ഭാഗമാണ്.

ഇന്ത്യയിലും ലോകത്തെമ്പാടുമുള്ള മിക്കവാറും എല്ലാ മുഖ്യധാരാമാധ്യമങ്ങളുടെയും വിശ്വാസ്യതയ്ക്കും സ്വതന്ത്ര നിലപാടുകൾക്കും കനത്ത പ്രഹരമേറ്റു കൊണ്ടിരിക്കുന്ന കാലമാണിത്. കോർപറേറ്റുകൾ, ഗവൺമെന്റ്, രാജ്യങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിങ്ങനെ പലവിധ ലോബികളുടെ വക്താക്കളായി മാറിയിരിക്കുന്നു നടപ്പുകാല മാധ്യമങ്ങൾ.

ലോബികളും മാധ്യമങ്ങളും തമ്മിലുള്ള ഗൂഢാലോചന എക്കാലത്തും ഉണ്ടായിരുന്നു. അന്നുമിന്നുമുള്ള പ്രധാന വ്യത്യാസം പണ്ട് ഈ ഗൂഢാലോചനയും ഒത്തുകളിയും അത്ര കണ്ട് പ്രകടമല്ലായിരുന്നു എന്നതാണ്. അല്ലെങ്കിൽ, അത്രയ്ക്ക് സജീവമല്ലായിരുന്നു. എന്നാൽ ഇന്നത് മറനീക്കി പുറത്തു വന്നിരിക്കുന്നു. മാധ്യമങ്ങൾ ഇന്ന് കോർപറേറ്റുകളുമായും ഗവൺമെന്റുമായും അവിഹിത ബന്ധത്തിലേർപ്പെട്ടിരിക്കുകയാണ്.

ഇറാഖ് യുദ്ധത്തോടുകൂടിയാണ് എംബഡഡ് ജേണലിസം ശക്തമാവുന്നത്. ഈ പ്രതിഭാസം സ്വതന്ത്ര പത്രപ്രവർത്തനത്തെ തരംതാഴ്ത്തിക്കഴിഞ്ഞു. നിർഭാഗ്യമെന്നു പറയട്ടെ, ഈയൊരു ആശയം കാൻസർപോലെ പ്രചരിക്കുകയും പത്രപ്രവർത്തകർ പട്ടാളത്തോടു മാത്രമല്ല ഗവൺമെന്റ്, കോർപറേറ്റുകൾ തുടങ്ങി പൊതുവായ എല്ലാ സ്ഥാപിതതാൽപ്പര്യങ്ങളോടും കൈകോർത്തിരിക്കുന്നു. ഫോർത്ത് എസ്റ്റേറ്റിന്റെ തൂണുകൾ തകർന്നു തുടങ്ങിയിരിക്കുന്നു.

ജനാധിപത്യത്തിന്റെ വിശ്വസ്തനായ കാവൽ നായയായി മാധ്യമങ്ങൾ വർത്തിക്കുന്നിടത്തോളം കാലം, ഇവ പ്രശ്നപരിഹാരത്തിനുള്ള ഉപാധിയാണ്. എന്നാൽ മാധ്യമങ്ങൾ അനുസരണയുള്ള വളർത്തുനായയായി, കുരയ്ക്കുന്നതായി അഭിനയിക്കുകയോ, പ്രത്യേകതരം കള്ളനെ കാണുമ്പോൾ മാത്രം കുരയ്ക്കുകയോ ചെയ്യുമ്പോൾ അതു പ്രശ്നങ്ങളുടെ സ്രഷ്ടാവാകുന്നു.

സ്ഥാപിതതാൽപ്പര്യങ്ങളെ പ്രതിരോധിക്കാനുള്ള ഏകവഴി, ജനാധിപത്യത്തിന്റെ അവസാന അത്താണിയായ സ്വതന്ത്ര മാധ്യമങ്ങളും നീതിന്യായവ്യവസ്ഥയുമാണ്. അവ സ്വതന്ത്രവും, ധീരവും, സത്യസന്ധവുമല്ലാത്തിടത്തോളം കാലം നമ്മുടെ രാഷ്ട്രം മാത്രമല്ല ഈ ഭൂഗോളമാകെ അപകടത്തിലാണ്.

2006ൽ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ അതിന്റെ 40ാം വാർഷികത്തിൽ 'ആഗോളവൽക്കരണ കാലത്തെ മാധ്യമപ്രവർത്തനവും അതിന്റെ ധാർമ്മികതയും' എന്ന വിഷയത്തിൽ ഒരു പഠനം തയ്യാറാക്കാൻ എന്നെ ചുമതലപ്പെടുത്തി. അതിൽ ഞാനെഴുതി: 'ആശയങ്ങളും കാഴ്ചപ്പാടുകളും സ്വതന്ത്രമായും സത്യസന്ധമായും ആവിഷ്ക്കരിച്ചിരുന്ന അങ്ങേയറ്റം മാന്യമായ അവസ്ഥയിൽ നിന്ന് യഥാർത്ഥ പ്രശ്നങ്ങൾ അനുഭവിക്കുന്നവയെ കാണുകയും കേൾക്കുകയും ചെയ്യാത്ത വിധത്തിൽ പണക്കാർക്കും അധികാരമുള്ളവർക്കും ബലവാന്മാർക്കും അസന്മാർഗികൾക്കും വേണ്ടിയുള്ള തരംതാണ പ്രവർത്തനങ്ങളിലേക്കു മാധ്യമപ്രവർത്തകർ അധഃപതിച്ചിരിക്കുന്നു എന്നതാണ് ഏറ്റവും വിഷമകരമായ ഒരു വസ്തുത. മാധ്യമമേഖല അസഹിഷ്ണുതയുടെയും വിഷലിപ്തമായ ചിന്തകളുടെയും കമ്പോളമായി മാറിയിരിക്കുന്നു. അവിടെ കേവലം അഭിപ്രായങ്ങൾ വസ്തുതതകളായും മുൻവിധി അപഗ്രഥനമായും തെറ്റിദ്ധരിക്കപ്പെടുന്നു. അതിന്റെ ഫലമോ വക്രമായ, സത്യസന്ധമല്ലാത്ത സംവാദങ്ങളുണ്ടാവുന്നു. പേ പിടിച്ച കുറച്ചുപേർക്ക് 5 മിനിട്ട് നേരത്തെ പ്രശസ്തി ലഭിക്കുന്നു. മനുഷ്യകുലത്തെ മൊത്തം പ്രതിനിധാനം ചെയ്യുന്ന കാര്യമാത്രപ്രസക്തവും നിയന്ത്രിതവും മിതത്വമാർന്നതുമായ ശബ്ദങ്ങൾ അവഗണിക്കപ്പെട്ടു. പണക്കാരുടെ പ്രവൃത്തികൾ മാത്രം ഒപ്പിയെടുത്തു. പാവങ്ങളുടേതാവട്ടെ പാടെ അവഗണിക്കപ്പെട്ടു.'

എന്റെ തലമുറയിലെ പ്രതിഭാധനരായ മാധ്യമപ്രവർത്തകർ ആഗ്രഹിച്ചത് ദശലക്ഷക്കണക്കിനു വരുന്ന നിരാലംബരായ ഇന്ത്യക്കാരുടെ ശബ്ദവും മുഖവും അടയാളപ്പെടുത്താനാണ്. സമ്പന്നർക്ക്



**എൽ.ടി.ടി.ഇ. നേതാവ് പ്രഭാകരനെ ഇന്റർവ്യൂ ചെയ്യുന്ന അനിത പ്രതാപ്**

പബ്ലിക്ക് റിലേഷൻസ് ഏജന്റുമാരെ വിലയ്ക്കെടുക്കാൻ കഴിയുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ദരിദ്രർക്ക് ഞങ്ങൾ മാത്രമേ ഉള്ളൂ. അതുകൊണ്ടാണ് ഞാനൊരു പത്രപ്രവർത്തകയായത്. ഈ ലോകത്തെ നല്ലതാക്കുന്നതിന് എന്റേതായ രീതിയിൽ പരിശ്രമിക്കണമെന്ന് എനിക്കു നിർബന്ധമുണ്ടായിരുന്നു. സത്യം, നീതി, സമത്വം, നല്ല ഭരണം തുടങ്ങിയ വലിയ കാര്യങ്ങളൊക്കെയാണ് എന്നെ പ്രചോദിപ്പിച്ചത്.

പക്ഷെ എന്റെ റിപോർട്ടിങ് ഇവിടെ എന്തെങ്കിലും വ്യത്യാസം കൊണ്ടുവന്നോ? ഇല്ല. ഇല്ലേയില്ല.

സത്യസന്ധമായി പറഞ്ഞാൽ, എന്റെ റിപോർട്ടിങ് 'ഒരു വ്യത്യാസം' ഉണ്ടാക്കുമായിരുന്നു എന്നു പറയുന്നതിൽ ആത്മപ്രശംസയും പൊങ്ങച്ചവും ഉണ്ട്. 'വ്യത്യാസം' ഉണ്ടാക്കുക എന്ന ആശയത്തെ തന്ത്രപരവും നയപരവുമാക്കി വിഘടിച്ചുകൊണ്ടാണ് ഞാനിതു വിശദീകരിക്കാൻ ആഗ്രഹിക്കുന്നത്.

തന്ത്രപരമായി നോക്കുകയാണെങ്കിൽ എന്റെ റിപോർട്ടിങ് ചില മാറ്റങ്ങൾ കൊണ്ടുവന്നു എന്നതിന് ഒരുപാട് ഉദാഹരണങ്ങൾ പറയാൻ കഴിയും. 1983, യുദ്ധത്തിൽ ഛിന്നഭിന്നമാക്കപ്പെട്ട കൊളംബോയെക്കുറിച്ചുള്ള എന്റെ ദൃക്സാക്ഷി വിവരങ്ങളാണ്, ന്യൂനപക്ഷമായ തമിഴരെ സംരക്ഷിക്കാനെന്ന വ്യാജേന ശ്രീലങ്കയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ ഇന്ദിരാ ഗാന്ധി ഉപയോഗപ്പെടുത്തിയത്. (മുമ്പ് രഹസ്യമായി അവർ തന്നെയാണ് തമിഴരെ ആയുധമെടുക്കാൻ പ്രേരിപ്പിച്ചതും എന്നത് മറ്റൊരു കഥ). തമിഴ്നാട് മുഖ്യമന്ത്രി എം.ജി.ആറിനെതിരെ ഞാൻ പുറത്തുകൊണ്ടുവന്ന മദ്യ അഴിമതിയാണ്, ദൈവത്തെപ്പോൽ കരുതപ്പെട്ടിരുന്ന മനുഷ്യനെതിരെ സൂക്ഷ്മപരിശോധനയിലേക്കു നയിച്ചത്. ഒരു അനാഥാലയത്തിന്റെ പേരിലുള്ള ഭൂമി തട്ടിയെടുക്കാനുള്ള ഭൂമാഫിയയുടെ ശ്രമങ്ങളെ മുളയിലേ നുള്ളിക്കളയാൻ കഴിഞ്ഞത് ഞാനത് റിപോർട്ട് ചെയ്തത് കൊണ്ടാണ്. അങ്ങനെ എത്രയെത്ര കാര്യങ്ങൾ.

നയപരമായി നോക്കിയാൽ ഇതൊക്കെ എന്തെങ്കിലും മാറ്റം ഇവിടെ ഉണ്ടാക്കിയോ? ഇന്ത്യ ശ്രീലങ്കയിലെ തമിഴരെ രക്ഷിച്ചോ? അഴിമതി മുഴുവനായും തുടച്ചു നോക്കിയോ? ഭൂമാഫിയയുടെ ഭൂമികയ്യേറ്റം അവസാനിച്ചോ? ചെറിയ തോതിൽപ്പോലും ഒന്നിനും വ്യത്യാസം വന്നില്ല. നയപരമായി എന്റെ അന്വേഷണാത്മക റിപോർട്ടുകൾ ഒരു വ്യത്യാസവും ഉണ്ടാക്കിയില്ല. അഴിമതി നാൾക്കുനാൾ വർദ്ധിക്കുന്നു. എന്റെ സുഹൃത്തുക്കൾ പറയുന്നത് ഞാനത്രയ്ക്ക് ദുഃഖിക്കേണ്ട കാര്യമില്ലെന്നാണ്. എന്തെന്നാൽ എന്റെ റിപോർട്ടിങ് അഴിമതിക്കും, തെറ്റായ പ്രവൃത്തികൾക്കുമെതിരെയുള്ള മതിൽക്കെട്ടുകൾ പണിതിട്ടുണ്ട്. 1980കളിലും 90കളിലും ഉള്ള എന്റെ അതേ തലമുറയിൽപ്പെട്ട പത്രപ്രവർത്തകരുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ അഴിമതിക്കെതിരെ നിലകൊണ്ടിട്ടുണ്ടോ? 1980കളിൽ 10 കോടിയുടെയോ 600 കോടിയുടെയോ അഴിമതിയുടെ പേരിൽ നടന്ന ദേശീയസമരങ്ങളും ഗവൺമെന്റ് അട്ടിമറിയും ഒക്കെ ഓർക്കുമ്പോൾ ഇപ്പോഴെനിക്ക് ചിരി അടക്കാൻ കഴിയുന്നില്ല. അനുഭവങ്ങളുടെ യുഗത്തിൽ ഇപ്പോൾ നമുക്ക് 1.76 ലക്ഷം കോടി എന്നൊക്കെയുള്ള ഗ്രഹിക്കാൻ ബുദ്ധിമുട്ടുള്ള തുക പറയാൻ കഴിയും. പണ്ടൊക്കെ ഒന്നുകിൽ ലക്ഷങ്ങളുടെ അല്ലെങ്കിൽ കോടികളുടെ അഴിമതിയായിരുന്നു നടക്കുക. അല്ലാതെ ലക്ഷവും കോടിയും ഒരുമിച്ചുവരില്ല.

ആശയപരമായി നോക്കിയാൽ അഴിമതി, അനീതി, അസമത്വം തുടങ്ങി ഞങ്ങൾ പുറത്തു കൊണ്ടുവന്ന പല അപകടകരമായ പ്രശ്നങ്ങളും ഇന്ന് ഇന്ത്യയിൽ അങ്ങേയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. അങ്ങേയറ്റം ആകാംക്ഷയോടും ആവേശത്തോടും ഊർജ്ജത്തോടുംകൂടി 20ാം വയസ്സിൽ ഞാൻ പ്രവേശിച്ച ലോകത്തേക്കാൾ, ഒരുപാട് മോശമായിരിക്കുന്നു ഇന്നത്തെ അവസ്ഥ. ഈ ലോകം മോശമാണെന്ന് ഞാൻ കരുതാൻ കാരണം ഞാൻ അന്നുമിന്നും എപ്പോഴും പ്രാധാന്യം നൽകുന്നത് മനുഷ്യന്റെ അന്തസ്സ്, സ്വാതന്ത്ര്യം, നീതി, ന്യായയുക്തത, സമാധാനം തുടങ്ങിയ സാർവ്വലൗകികമായ മൂല്യങ്ങൾക്കാണ്. ഐഫോണോ, ടിറ്ററോ എന്നെ ആവേശം കൊള്ളിക്കുന്നില്ല. തെറ്റിദ്ധരിക്കരുത്, പുതിയ സാങ്കേതികവിദ്യ പ്രത്യേകിച്ച് റോബോട്ടിക്സ് എന്നെ അദ്ഭുതപ്പെടുത്തുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ എന്നെ ത്രസിപ്പിക്കുന്നു, ശാസ്ത്രസംബന്ധമായ കണ്ടുപിടുത്തങ്ങൾ എന്നെ ആവേശം കൊള്ളിക്കുന്നു. സംഗീതവും കലയും എന്നെ സ്വാധീനിക്കുന്നതുപോലെത്തന്നെ. 1990കൾ വരെ വളരെക്കുറച്ചു പേർക്കുമാത്രമായിരുന്നു വിമാനയാത്ര പ്രാപ്യമായിരിക്കുന്നത്. എന്നാലിന്ന് ദശലക്ഷക്കണക്കിന് ഇന്ത്യക്കാർ വിമാനത്തിൽ യാത്ര ചെയ്യുന്നത് കാണുമ്പോൾ, സെൽഫോണും കാറും വാഷിങ്മെഷീനും ഒക്കെ ധാരാളം ഇന്ത്യക്കാർ സ്വന്തമാക്കുന്നത് കാണുമ്പോൾ എനിക്ക് അതിയായ സന്തോഷം തോന്നാറുണ്ട്.

വിശേഷാവകാശമുള്ള ഒരു വ്യക്തി എന്ന് നിലയ്ക്ക് വർഷങ്ങളായി എന്റെ ജീവിതം ഇന്റർനെറ്റ്, ആരോഗ്യപരമായ ഭക്ഷണക്രമം, എയർ കണ്ടീഷണറുകൾ, ജെറ്റിലുള്ള സഞ്ചാരം, ജിം, സ്കൈപ്പ് തുടങ്ങിയ

വയാൽ അഭിവൃദ്ധി പ്രാപിച്ചതാണ്. ലോകത്തിലെ ആകെയുള്ള ജനങ്ങളിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രം ലഭിക്കുന്ന ഈ സുഖസൗകര്യങ്ങളെ ഞാൻ താരതമ്യം ചെയ്യുന്നത് 200 കോടിയിലധികം വരുന്ന പാവങ്ങളുടെ ദാരിദ്ര്യത്തോടും ദുരിതത്തോടുമാണ്. അതുകൊണ്ടാണ് എനിക്ക് ഈ ലോകം അങ്ങേയറ്റം മോശമാണെന്ന് തോന്നുന്നത്. ഈ 200 കോടി ആൾക്കാർ ജീവിക്കുന്നത്, അങ്ങേയറ്റം വൃത്തിഹീനവും, മലിനവും, നീതിയുക്തവുമല്ലാത്ത ഇടങ്ങളിലാണ്. അതുകൊണ്ടുതന്നെ മുഖ്യധാരാ വാർത്താമാധ്യമങ്ങളുടെ ജോലി ഈ പാവങ്ങളുടെ ദുരിതമയ ജീവിതത്തിൽ ശ്രദ്ധയൂന്നുകയാണ് എന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. (അല്ലാതെ പണക്കാരുടെ ഏറ്റവും പുതിയ വേഷഭൂഷാദികളെ ഒഴിയാബാധ പോലെ പിന്തുടരുകയല്ല വേണ്ടത്. ഈ ദരിദ്രജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ നയങ്ങളും സാങ്കേതികവിദ്യയും, പ്രശ്നപരിഹാരമാർഗ്ഗങ്ങളും ഉയർത്തിക്കാട്ടണം). അതിനു കാരണമായി പറയുന്നത് ഇതൊക്കെയാണ് പ്രേക്ഷകർ ആവശ്യപ്പെടുന്നത് എന്നാണ്. ഇതാണ് TRP എന്ന വിഡ്ഢിത്തം

ഞാനൊരു വിഡ്ഢിയാണെന്ന് ചിന്തിക്കാൻ കാരണം നല്ല മാധ്യമപ്രവർത്തനം എന്തുകൊണ്ടാണ് മോശം TRP ആകുന്നതെന്ന് എനിക്കിതുവരെ മനസ്സിലാകാത്തതാണ്. ഞാൻ ടെലിവിഷനിൽ കാണുന്ന മിക്കവാറും പരിപാടികളെല്ലാം വളരെ വിരസമാണ്. അവ TRP കുറയാൻ പാകത്തിൽ പുതുമയും മൂല്യവും നഷ്ടപ്പെട്ടവയാണ്. ചില പ്രമുഖ പത്രങ്ങളും ചാനലുകളും പ്രേക്ഷകരിൽനിന്ന് വളരെ സത്യസന്ധമായി വിവരങ്ങൾ ശേഖരിക്കാറുണ്ട്. ജനങ്ങൾ നല്ല മാധ്യമപ്രവർത്തനത്തിനുവേണ്ടി ദാഹിക്കുകയാണെന്ന് അവർ തിരിച്ചറിയുന്നു. പക്ഷെ ഞങ്ങളോട് അവർ പറയുന്നത്, ഗൗരവകരമായ കാര്യങ്ങളെല്ലാം വിരസമാണെന്നാണ്. പക്ഷെ ഞാൻ ജേർണലിസം വിദ്യാർത്ഥികളോട് പറയുന്നത് മറ്റൊന്നാണ്. 'വിരസമായ സംഭവ വിവരണങ്ങളല്ല, മറിച്ച അരസികരായ വിവരണക്കാരാണ് ഉള്ളത്.'

പത്രപ്രവർത്തനം നമ്മെ ഒരുപാട് പാഠങ്ങൾ പഠിപ്പിക്കും. ഞാൻ പഠിച്ച ഏറ്റവും വലിയ പാഠം ദാരിദ്ര്യത്തിൽ മൂലകാരണം അഴിമതിയാണ് എന്നതാണ്. ദാരിദ്ര്യനിർമാർജ്ജനത്തിനായി വകയിരുത്തുന്ന പണം മുഴുവൻ കൃത്യമായി അതർഹിക്കുന്നവരിലേക്ക് എത്തിയിരുന്നെങ്കിൽ അവരിന്നും പാവങ്ങളായി തുടരില്ലായിരുന്നു. അഴിമതിയിൽ ആറാടിയ വരേണ്യ അധികാരവർഗം പാവങ്ങൾക്കുവേണ്ടി ആശുപത്രികൾ നിർമ്മിച്ചിരുന്നെങ്കിൽ അവരൊരിക്കലും നിത്യരോഗികളായി മാറിയില്ലായിരുന്നു. വിദ്യാലയങ്ങൾ ഉണ്ടായിരുന്നെങ്കിൽ, അവരുടെ കുട്ടികൾ, ജോലി നേടുന്നതിനാവശ്യമായ ഏതെങ്കിലും കഴിവുകൾ ആർജ്ജിച്ചേനെ. വ്യവസായികൾക്ക് കള്ളപ്പണം ഉണ്ടാക്കാനും അത് നികുതി കേന്ദ്രങ്ങളിൽ നിന്ന് ഒളിപ്പിക്കാനും കഴിഞ്ഞിരുന്നില്ലെങ്കിൽ, അവർ ഇന്ത്യയിൽ ധാരാളം ഫാക്ടറികൾ സ്ഥാപിക്കുമായിരുന്നു. അത് ദരിദ്രർക്ക് കൂടുതൽ ജോലിസാധ്യതയും തുറന്നു നൽകും. നമ്മുടെ വ്യവസ്ഥ അഴിമതിയിൽ ആറാടി നിൽക്കുമ്പോൾ ദാരിദ്ര്യം എന്നന്നേക്കുമുണ്ടാവും. എങ്ങനെ ഒരു നല്ല ഭരണസംവിധാനത്തിന് ഒരു രാജ്യത്തെ സമൃദ്ധിയിലേക്ക് നയിക്കാൻ കഴിയും എന്നതിന്റെ മികച്ച ഉദാഹരണമാണ് നോർവെയും ജപ്പാനും. രാഷ്ട്രത്തിന്റെ സമ്പത്ത് എങ്ങനെ ബുദ്ധിപരമായും ധാർമ്മികമായും രാജ്യത്തെ പൗരന്മാരുടെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാമെന്നും അവർ കാണിച്ചുതന്നു.

അഴിമതി വിരുദ്ധ കൊടുങ്കാറ്റ് ഇന്ത്യയിൽ ആഞ്ഞടിക്കുകയാണ്. പക്ഷേ ഇത് ഗവൺമെന്റിനെ അട്ടിമറിക്കാൻ മാത്രമുള്ളതാണോ? അതോ വരേണ്യ-അധികാരവർഗ്ഗത്തിന് മാത്രം ജീവിക്കാൻ തക്കവിധത്തിൽ പ്രത്യേകമായി ഉണ്ടാക്കപ്പെട്ടതും ഒരു മന്ദമാരുതനാക്കി ഇണക്കിയെടുത്തതുമാണോ? ഇന്ത്യയിലെ സാധാരണ ജനങ്ങൾ അതായത് മധ്യവർഗവും ദരിദ്രരും തെരുവിലേക്കിറങ്ങി ഇന്ത്യയെ പ്രക്ഷുബ്ധമാക്കിയില്ലെങ്കിൽ ഈ കാറ്റ് ഒരു ചുഴലിക്കൊടുങ്കാറ്റായി ഒരിക്കലും മാറുകയില്ല.

അഴിമതിയിലും അനീതിയിലും മുങ്ങിയ ഒരു സമൂഹത്തിന് ദീർഘനാൾ നിലനിൽക്കാനാവില്ല. ഈ തകർച്ച ഒഴിവാക്കാനായി ഒരു പക്ഷേ 20 വർഷങ്ങൾക്കുശേഷം ഒരു ശുദ്ധീകരണം നടന്നേക്കാം. അങ്ങനെ ഇന്ത്യ അഴിമതിയിൽ നിന്നു സ്വതന്ത്രമായേക്കാം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതുപോലെ ഒരു ചരിത്രപരമായ പ്രക്രിയയുടെ ഭാഗമാവുകയാണെങ്കിൽ ഇതൊക്കെ സംഭവിച്ചേക്കാം. 1857ൽ സംഭവിച്ചതു പോലെ, 90 വർഷങ്ങൾക്കു ശേഷം 1947ൽ നടന്നതു പോലെ. അതുകൊണ്ടാണ് വ്യക്തി ചരിത്രത്തെ സൃഷ്ടിക്കുന്നില്ല, മറിച്ച് ചരിത്രം വ്യക്തികളെ ഉണ്ടാക്കുകയാണ് എന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ ഞാനും ഉൾപ്പെടുന്നത്. ചരിത്രപരമായ പ്രക്രിയകൾക്കെല്ലാം അവ സ്വാതന്ത്ര്യസമരമോ ദേശീയോദ്ഗ്രഥനമോ സാമ്പത്തിക പ്രതിസന്ധിയോ ആവട്ടെ - അതിനു പിന്നിൽ വളരെ നീളത്തിലുള്ള പാതയുണ്ട്. വളരെ പെട്ടെന്നുള്ള മാറ്റങ്ങളും സംഭവങ്ങളും ഒക്കെ ആഴ്ചതോറും സംഭവിച്ചേക്കാം. പക്ഷേ, യഥാർത്ഥ്യവും അർത്ഥപൂർണ്ണവുമായ മാറ്റം സംഭവിക്കാൻ ദശാബ്ദങ്ങളെടുക്കും.

എന്നെ ഞാനാക്കി വാർത്തെടുത്തത് പത്രപ്രവർത്തനമാണ്. അതെന്നെ വശീകരിച്ചു. പ്രചോദിപ്പിച്ചു. രോഷം കൊള്ളിച്ചു. സങ്കടപ്പെടുത്തി. പത്രപ്രവർത്തനമായിരുന്നു എന്റെ ജീവിതം. ഇന്ത്യയിലെ നിരവധി സ്ത്രീകൾ പത്രപ്രവർത്തകരും യുദ്ധലേഖകരും ഒക്കെ ആയതിനു പിന്നിൽ എന്റെ ജീവിതം നൽകിയ ധൈര്യമുണ്ട്. അവർ കേവലം അമ്മമാരിൽ നിന്നു നിർഭയരും സ്വതന്ത്രരുമായ സ്ത്രീകളായി മാറാൻ എന്റെ ജീവിതം പ്രചോദനമായിട്ടുണ്ട്.

ഞാനിതൊന്നും ചെയ്തില്ലായിരുന്നെങ്കിൽ മറ്റാരെങ്കിലും ഇതുവഴി വന്നേനെ. ഒരു പക്ഷേ, കുറച്ചു വൈകിയാവാം, അല്ലെങ്കിൽ വളരെ പതുക്കെ. ഇന്ത്യയിലെ സ്ത്രീകൾ മുമ്പേ തന്നെ സ്വാതന്ത്ര്യത്തിന്റെയും

നേട്ടങ്ങളുടെയും പാതയിൽ പ്രവേശിച്ചതു കൊണ്ട് ഇതൊക്കെ സാധ്യമാവും. ഞാനൊരു പ്രതിഭാസമുണ്ടാക്കിയിട്ടില്ല. മറിച്ച് പ്രതിഭാസം എന്നെയാണ് സൃഷ്ടിച്ചത്. ഇന്ത്യ അഴിമതിയിൽ നിന്നും അനീതിയിൽ നിന്നും മുക്തമാവും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ സംഭവിച്ചാൽ അതെന്നെ അടിമുടി ത്രസിപ്പിക്കും. ഇതിനു വേണ്ടി ഞാൻ എത്ര കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ടെങ്കിലും ഞാൻ യാതൊരു അവകാശവാദവും ഉന്നയിക്കില്ല.

ജീവിതം വ്യർത്ഥമാണെന്ന് ഞാൻ ഒരിക്കലും പറയില്ല. നിങ്ങൾ എന്തിൽ അടിയുറച്ചു വിശ്വസിക്കുന്നുവോ, അതുതന്നെ പ്രവൃത്തിയിലും വരുത്തണം. വിജയിച്ചാലും ഇല്ലെങ്കിലും നാമതിൽ നിന്ന് പിന്മാറാൻ പാടില്ല. 'നിങ്ങൾ ഫലം ഇച്ഛിക്കാതെ നിങ്ങളുടെ കർമ്മം ചെയ്യുക' എന്നാണല്ലോ ഗീതയിൽ പറയുന്നത്. കർമ്മം എന്നത് ആധുനികയുഗത്തിന്റെ ഭാഷയിൽ ജോലി എന്നർത്ഥമാവും. അതൊരിക്കലും വ്യക്തിപരമായ ഉന്നമനമോ, നേട്ടങ്ങളോ പ്രശസ്തിയോ സമ്പത്തോ ലക്ഷ്യംവച്ചുള്ളതാവരുത്. നമ്മുടെ ജോലിയിൽ ഇതൊക്കെ കടന്നുവന്നേക്കാം. പക്ഷേ സമൂഹത്തിനും മനുഷ്യകുലത്തിനും പരിസ്ഥിതിക്കും ഒക്കെ ഗുണകരമാവുന്ന പ്രവൃത്തിയാവണം നമ്മൾ ചെയ്യേണ്ടത്. പത്രപ്രവർത്തനം വഴിയുണ്ടാക്കിയ നേട്ടങ്ങളുടെ കാര്യത്തിൽ ഞാനൊരു പരാജയമാണ്. പക്ഷേ, സമ്പന്നവും അർത്ഥപൂർണ്ണവും അഭിനന്ദനാർഹവും സന്തോഷം നിറഞ്ഞതുമായ ഒരു ജീവിതമാണ് ഞാൻ ജീവിക്കുന്നതെന്ന് എനിക്ക് വളരെ വ്യക്തമായിട്ടറിയാം.

ഇനി എന്താണ് അടുത്തതായി എനിക്ക് ബാക്കിയുള്ളത്. ഞാൻ എല്ലായ്പ്പോഴും എന്നെ പുതുതായി കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പക്ഷെ ഞാൻ എന്നെ പുതുക്കിപ്പണിഞ്ഞതെല്ലാം പത്ര പ്രവർത്തനത്തിന്റെ നാലു ചുവരുകൾക്കുള്ളിലായിരുന്നു. ദേശീയപത്രങ്ങൾക്കു വേണ്ടിയുള്ള റിപോർട്ടിങ്ങിൽ നിന്നും മാസികകളിലേക്ക് അച്ചടിമാധ്യമങ്ങളിൽ നിന്നും ടെലിവിഷൻ മാധ്യമമേഖലകളിലേക്ക്, ഒരു സിറ്റി റിപ്പോർട്ടറിൽ നിന്നും അന്തർദേശീയ ടെലിവിഷൻ ലേഖികയിലേക്ക്, മുഴുവൻ സമയപത്രപ്രവർത്തനത്തിൽ നിന്നും ഫ്രീലാൻസിലേക്ക് അങ്ങനെ എത്രയെത്ര പുത്തൻ കണ്ടെത്തലുകൾ.

ഈ ലോകത്തെ വളരെ നല്ലൊരിടമാക്കി മാറ്റാൻ ഞാനിപ്പോഴും പരിശ്രമിക്കുന്നു. പക്ഷേ സമകാലീന മാധ്യമപരിസരത്തിൽ പത്രപ്രവർത്തനമായിരുന്നോ എന്റെ ശരിയായ ആയുധമെന്ന് ഞാനിപ്പോഴും സംശയിക്കുന്നു.

കഴിഞ്ഞ കുറച്ചുവർഷങ്ങളായി എന്റെ അനുഭവങ്ങൾ തീർത്തും വ്യത്യസ്തമാണ്. വിയന്ന, റിയാദ്, ഓസ്ലോ, ടോക്കിയോ തുടങ്ങി ലോകത്തിന്റെ വിവിധ കോണുകളിൽ എനിക്ക് ജീവിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. തീർത്തും വിരുദ്ധമായ സംസ്കാരങ്ങളിൽ, വ്യവസ്ഥകളിൽ, മാധ്യമങ്ങളിൽ, ഭരണസംവിധാനങ്ങളിൽ എനിക്ക് ഇറങ്ങിച്ചെല്ലേണ്ടി വന്നിട്ടുണ്ട്. പല രാജ്യങ്ങളും ചെയ്ത ഭീകരമായ തെറ്റുകൾ ഞാൻ കണ്ടിട്ടുണ്ട്. സങ്കൽപ്പിക്കാൻ കഴിയാത്തത്ര വർണ്ണശബളമായ നേട്ടങ്ങൾ കൊയ്ത രാജ്യങ്ങളെയും എനിക്കറിയാം. ചോദ്യം ഇതാണ്, എന്തൊക്കെ തെറ്റുകളാണ് നാം ഒഴിവാക്കേണ്ടത്? എന്തൊക്കെ പാഠങ്ങളാണ് പഠിക്കേണ്ടത്? എങ്ങനെയാണ് നല്ല ആശയങ്ങൾ കടമെടുത്തുകൊണ്ട് നല്ല ഭരണസംവിധാനം നടത്തി ഇന്ത്യയെ പുരോഗതിയിലേക്ക് നയിക്കാനാവുക?

ഇന്ത്യയിലും മറ്റെല്ലായിടത്തും ഗവൺമെന്റുകളും വ്യവസ്ഥിതികളും എത്രത്തോളം ശക്തമാണെന്ന് ഞാൻ കണ്ടതാണ്. ആരാണ് ഡ്രൈവിങ് സീറ്റിൽ എന്നതിനെ ആശ്രയിച്ചാണ് നേട്ടമാണോ നഷ്ടമാണോ ഉണ്ടാവുക എന്നു പറയാൻ കഴിയുക. കോർപറേറ്റുകളുടെ കാര്യത്തിലും ഇങ്ങനെയൊക്കെത്തന്നെയാണ് സംഭവിക്കുക.

ഇപ്പോഴത്തെ എന്റെ ചോദ്യം, എങ്ങനെ നയങ്ങളെ നല്ലരീതിയിൽ സ്വാധീനിക്കാം, എങ്ങനെ ഗവൺമെന്റിനെക്കൊണ്ട് ശരിയായ കാര്യങ്ങൾ മാത്രം ചെയ്യിക്കാം എന്നുള്ളതാണ്. ഉൽസാഹഭരിതരും ഉദ്ദേശശുദ്ധിയുള്ളവരുമായ ആളുകളുടെ കഴിവും ഊർജ്ജവും അനുഭവസമ്പത്തും എങ്ങനെ എല്ലായ്പ്പോഴും മൂർച്ച കൂട്ടി വയ്ക്കാം? അങ്ങനെ നമുക്കൊരുമിച്ച് നമ്മുടെ സമൂഹത്തെ എല്ലാ ഇന്ത്യക്കാർക്കും നല്ല രീതിയിൽ ജീവിക്കാൻ അനുയോജ്യമായ നല്ലൊരിടമാക്കി മാറ്റാം.

ഞാൻ ഈ ചിന്തകളെ ഇപ്പോൾ മുറുകെ പിടിച്ചിരിക്കുകയാണ്. അർത്ഥ പൂർണ്ണമായ മാറ്റങ്ങൾക്കു വേണ്ടി എനിക്കെന്തൊക്കെ ചെയ്യാൻ കഴിയും? അധികാരം, പ്രൗഢി, വിശേഷാവകാശങ്ങൾ തുടങ്ങിയവ എന്നെ ഒരിക്കലും ഭ്രമിപ്പിച്ചിട്ടില്ല. അവയെല്ലാം എനിക്കുണ്ടായിരുന്നെങ്കിൽ കൂടി, എങ്ങനെ എനിക്കെന്റെ സ്വതസിദ്ധമായ കഴിവുകൾ, തൊഴിലിലെ പ്രാഗൽഭ്യം, വ്യക്തിപരമായ അനുഭവങ്ങൾ തുടങ്ങിയവ രാജ്യത്തിന്റെ നല്ല മാറ്റങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും എന്നതാണ് എന്റെ ഏറ്റവും ലളിതമായ ചോദ്യം.

എവിടെ നിന്ന് ഉത്തരം കണ്ടെത്താനാവും എന്നെനിക്കറിയില്ല. പക്ഷേ ഉത്തരം എന്നെ കണ്ടെത്തും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. അത് എല്ലായ്പ്പോഴും അങ്ങനെത്തന്നെയാണ്.

***(കേരള പ്രസ്സ് അക്കാദമി 2014ൽ പ്രസിദ്ധീകരിച്ച അനുഭവ സഞ്ചാരങ്ങൾ : വനിത മാധ്യമ പ്രവർത്തകരുടെ ഓർമ്മകൾ എന്ന പുസ്തകത്തിൽ നിന്ന് എടുത്ത ലേഖനം)***

**അനിതാ പ്രതാപ്**

*30 വർഷത്തോളമായി പത്രപ്രവർത്തക, എഴുത്തുകാരി, ഡോക്യുമെന്ററി ഫിലിം മേക്കർ എന്നീ നിലകളിൽ പ്രശസ്ത, ഇന്ത്യടുഡെ, ഇന്ത്യൻ എക്സ്പ്രസ്, ടൈം തുടങ്ങിയ മാധ്യമങ്ങളിൽ ജോലി ചെയ്തു. സി.എൻ.എൻ. സൗത്ത് ഏഷ്യ ബ്യൂറോ ചീഫ് ആയിരുന്നു. അഫ്ഗാനിസ്താനിലെ താലിബാൻ കൈയേറ്റത്തെക്കുറിച്ചുള്ള റിപോർട്ടിങ്ങിന് അവർക്ക് ജോർജ് പോൾക് അവാർഡ് ലഭിച്ചിട്ടുണ്ട്. 1997ൽ ചമേലിദേവി ജയിൻ അവാർഡ്, 2007ൽ പത്രപ്രവർത്തനത്തിനുള്ള ലൈഫ് ടൈം അവാർഡ് തുടങ്ങി നിരവധി ഇന്ത്യൻ-അമേരിക്കൻ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.*

■

**പെൺപക്ഷം**


അജിത കെ.

# ഈ തുഗ്ലക്കിയൻ പരിഷ്ക്കാരങ്ങൾ ആർക്കുവേണ്ടി?

**രാ**ജ്യമാകെ പ്രക്ഷുബ്ദമാണ്. ഇന്ത്യയെ വർഗ്ഗീയതലത്തിൽ വിഭജിക്കാനും ഇന്ത്യയുടെ ബഹുസ്വരതയേയും ജനാധിപത്യത്തേയും മതനിരപേക്ഷതയേയും തൂത്തെറിഞ്ഞ് തങ്ങളുടെ സവർണ്ണ ഹിന്ദുത്വ ഫാഷിസ്റ്റ് രാഷ്ട്രമെന്ന അജണ്ട നടപ്പിലാക്കാനും നരേന്ദ്രമോദി-അമിത്ഷാ ഭരണം കാട്ടുന്ന ഈ അമിതാവേശം നാടിനെ ആകെ കീഴ്മേൽ മറിച്ചിരിക്കയാണ്. ജാമിയായിലെ വിദ്യാർത്ഥി സമൂഹത്തെ അതിഭീകരമായി അടിച്ചമർത്തിയ ഈ ഭരണം, ഇപ്പോൾ ഇന്ത്യയുടെ വിദ്യാഭ്യാസരംഗത്തെ അഭിമാനമായ ജെ.എൻ.യുവിലെ സമൂഹത്തെ സംഘപരിവാർ ഗുണ്ടാസംഘങ്ങളെ വിട്ട് നിഷ്ഠൂര മർദ്ദനം അഴിച്ചുവിടുന്ന രംഗങ്ങൾ കണ്ട് ഇന്ത്യയാകെ ഞെട്ടിത്തരിച്ചിരിക്കുകയാണ്. യുവത്വം പൗരത്വഭേദഗതിനിയമ (CAA)ത്തിനെതിരായും ദേശീയ പരൗത്വ രജിസ്ട്രേഷനെ(NRC)തിരായും അതിശക്തമായി ഉയർന്നു പൊങ്ങിയിരിക്കുന്നു.

കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ CAAയ്ക്കും NRCയ്ക്കുമെതിരെ ഉറച്ച നിലപാടെടുത്തു കഴിഞ്ഞു. മാത്രമല്ല, കേരള നിയമസഭ CAAക്കെതിരായി പ്രമേയം പാസാക്കുകയും ചെയ്തു - ഏകകണ്ഠമായിത്തന്നെ. ഭരണ-പ്രതിപക്ഷ ഐക്യത്തിന്റെ ഒരു അപൂർവ്വചിത്രം നാമിവിടെ കാണുന്നു. ഇത് ഇന്ത്യയെ സംബന്ധിച്ചു തന്നെ ഒരു ചരിത്രസംഭവമാണ്. കേന്ദ്രത്തിന്റെ പ്രതിനിധിയായ നമ്മുടെ പുതിയ ഗവർണർ ഇന്ന് നിയമസഭയുമായി ഏറ്റുമുട്ടലിലാണ്. കേരള സർക്കാറിനേയും നിയമസഭയേയും പിരിച്ചുവിടാൻ തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുകയാണ് ഇപ്പോൾ മോദി-അമിത്ഷാ കൂട്ടുകെട്ട്.

നാട് ഇത്തരത്തിൽ കുട്ടിച്ചോറാക്കിക്കൊണ്ടിരിക്കുമ്പോൾ മറ്റൊരു പ്രധാനകാര്യം ജനം മറന്നുപോയി. നോട്ട് നിരോധനം നമുക്കുമേൽ അടിച്ചേല്പിച്ച ഹിറ്റ്ലറിന്റെ പിൻഗാമികൾ, ഇപ്പോൾ നമ്മുടെ സമ്പദ്ഘടന മൊത്തം തകർത്തിരിക്കയാണ്. ഇന്നുവരെ നാം നേരിടാത്ത സാമ്പത്തിക മാന്ദ്യമാണ് നമ്മളിപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഇന്ത്യയുടെ പൊതുമേഖലയായ, റെയിൽവേസ് - ബാങ്കിങ്ങ് - വ്യോമഗതാഗതം എല്ലാം കോർപ്പറേറ്റുകൾക്ക് എറിഞ്ഞുകൊടുത്ത്, കാഷ്മീരിനെ കോർപ്പറേറ്റുകൾക്ക് കാഴ്ചവെച്ചു കൊണ്ട് തേരോട്ടം നടത്തുന്ന ഇവരാണോ ഇന്ത്യയെ രക്ഷിക്കാൻ പോകുന്നത്? ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കാൻ പോകുന്നത്?



ഗീതാ നസീർ

# കേരളത്തിലെ വനിതാ മാധ്യമപ്രവർത്തന ചരിത്രം

*വനിതാമാധ്യമ പ്രവർത്തനവും സ്വാതന്ത്ര്യസമരവും*

ഇതിഹാസം, ഭക്തികേന്ദ്രീകൃതവും സംസ്കൃതഭാഷാ വിശകലനം അടിസ്ഥാനമാക്കിയുമുള്ള സാഹിത്യാസ്വാദനങ്ങൾ, സ്ത്രീപ്രശ്നങ്ങൾ എന്നിവ കേന്ദ്രീകരിച്ച് അതുവരെ നടന്ന മാസിക-വാരിക പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ശൈലി കേരളത്തിൽ ഉദയം ചെയ്തതിന് പ്രധാനമായും കാരണമായത് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ശക്തിപ്രാപിച്ച സ്വാതന്ത്ര്യസമര പോരാട്ടങ്ങളും ഒപ്പം രൂപീകൃതമായ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് - കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുമായിരുന്നു. കെ. കല്ല്യാണിക്കുട്ടിയമ്മ, എ.വി.കുട്ടിമാളുവമ്മ, യശോദടീച്ചർ എന്നിവർ പത്രപ്രവർത്തനം രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയവരാണ്. ഡോക്ടറായ മുത്തേടത്ത് കൃഷ്ണമേനോന്റെയും കോച്ചാട്ടിൽ കൊച്ചുകുട്ടി അമ്മയുടെയും മകളായി ജനിച്ച കല്ല്യാണിക്കുട്ടിയമ്മയുടെ ഉന്നത വിദ്യാഭ്യാസം മദ്രാസിലെ ക്വീൻ മേരീസ് കോളേജിലായിരുന്നു. വിദ്യാഭ്യാസപരമായും ചിന്താപരമായും ഉയർന്നു നിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ വളർന്ന കല്ല്യാണിക്കുട്ടിയമ്മ സ്വതന്ത്രയും ധീരയുമായാണ് വളർന്നത്. അഡയാറിലെ ബ്രഹ്മവിദ്യാസംഘത്തിലെ പ്രവർത്തനം മഹാത്മാഗാന്ധി, ആനിബസന്റ്, ജിദ്ദു കൃഷ്ണമൂർത്തി, റൊമെയിൻ റോളണ്ട്, വി.കെ.കൃഷ്ണമേനോൻ, സുഭാഷ്ചന്ദ്രബോസ് തുടങ്ങിയവരുമായി അടുത്തിടപഴകാനും സൗഹൃദമുണ്ടാക്കാനും അവസരം നൽകി. കോൺഗ്രസ്സ് പ്രവർത്തകനായ കുട്ടൻനായരുമായുള്ള വിവാഹശേഷം സ്ത്രീസംഘടനകളിൽ കല്ല്യാണിക്കുട്ടിയമ്മ സജീവമാവുകയുണ്ടായി.

അഖിലേന്ത്യാമഹിളാസമ്മേളനങ്ങളിലും വിദ്യാഭ്യാസ സമ്മേളനങ്ങളിലും അവർ പങ്കെടുത്തു. കോൺഗ്രസ്സിന്റെ 1929ലെ ബോംബെ സമ്മേളനത്തിലും 1932 ലെ ബാംഗ്ലൂർ സമ്മേളനത്തിലും അവർ സജീവസാന്നിദ്ധ്യമായിരുന്നു. 1935 മേയ് മാസത്തിൽ കല്ല്യാണിക്കുട്ടിയമ്മ ഉൾപ്പെടെ 20 പേർ അടങ്ങുന്ന സംഘം കപ്പലിൽ യൂറോപ്യൻ പര്യടനത്തിന് പോവുകയുണ്ടായി. ഈ പര്യടനത്തെപറ്റി ഹിന്ദുസ്ഥാൻ ടൈംസിൽ അവർ എഴുതിയ ലേഖന പരമ്പര മലയാളത്തിൽ വിവർത്തനം ചെയ്ത് മനോരമ, ഗോമതി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചു. രാഷ്ട്രീയത്തടവുകാരനായി ഭർത്താവ് വിയ്യൂർ സെൻട്രൽ ജയിലിലായപ്പോഴും അവർ ലേഖനങ്ങളിലൂടെ കോൺഗ്രസ്സ് രാഷ്ട്രീയ നിലപാടുകൾ ജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നു.

എ.വി.കുട്ടിമാളുവമ്മയും ഇതേ രീതിയിലുള്ള സംഭാവനകളാണ് കേരളത്തിന് നൽകിയത്. സ്വാതന്ത്ര്യസമരത്തിൽ സജീവമായിരുന്ന അവർ മാതൃഭൂമിയുടെ ഡയറക്ടറായിരുന്നു. പത്രത്തിന്റെ വളർച്ചയിലും വികസനത്തിലും ഭർത്താവ് കോഴിപ്പുറത്ത് മാധവമേനോനോടൊപ്പം അവർ പ്രവർത്തിച്ചു. 1947 ജൂലൈയിലാണ് ആദ്യമായി ഡയറക്ടറായി സ്ഥാനമേൽക്കുന്നത്. ഇടക്കാലത്ത് അല്പകാലം വിട്ടുനിന്നശേഷം വീണ്ടും 1965ൽ ഡയറക്ടറായി

മരണം വരെ ആ പദവിയിൽ തുടർന്നു.

ഇവരിൽ നിന്നും തികച്ചും വിഭിന്നയായിരുന്നു യശോദടീച്ചർ. കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തക എന്ന നിലയിൽ അവർക്ക് വേറിട്ട രാഷ്ട്രീയ അനുഭവങ്ങളാണുണ്ടായിരുന്നത്. ജന്മികൾ നിരന്തരം വേട്ടയാടുന്ന കമ്മ്യൂണിസ്റ്റുകാരുടെ ഒളിവു പ്രവർത്തനകാലങ്ങളിലാണ് അവർ സ്വയം വാർത്താലേഖികയാകുന്നത്. പൊലീസും ജന്മി ഗുണ്ടകളും ഒരു പോലെ കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടുന്നകാലത്ത് കർഷകരുടേയും തൊഴിലാളികളുടേയും സംഘടനാപ്രവർത്തനവും ക്രൂരമർദ്ദന കഥകളും ചെറുകുറിപ്പുകളായി ദേശാഭിമാനി പത്രത്തിനുവേണ്ടി തയ്യാറാക്കുന്ന ജോലിയാണ് ടീച്ചർ ഏറ്റെടുത്തത്. കേരളത്തിലെ പത്രപ്രവർത്തന ചരിത്രത്തിലെ ആദ്യത്തെ സ്വന്തം ലേഖിക അവരായിരുന്നു. ആദ്യ സ്വലേ... ഇതിനിടയിൽ പരാമർശിക്കേണ്ട ചില പേരുകൾകൂടിയുണ്ട്. 'സഹോദരൻ' പത്രത്തിന്റെ പത്രാധിപർ അയ്യപ്പന്റെ സഹധർമ്മിണി പാർവ്വതി, അന്നചാണ്ടി, ആനി തയ്യിൽ, ഹലീമ ബീവി, പ്രിയദത്ത കല്ലാട്ട്, എന്നിവരാണവർ.

സ്ത്രീകളുടെ പുരോഗതി ലക്ഷ്യമാക്കി 'സ്ത്രീ' എന്ന മാസികയാണ് പാർവ്വതി അയ്യപ്പൻ പ്രസിദ്ധീകരിച്ചിരുന്നത്. അത് പക്ഷേ അധികകാലം നിലനിന്നില്ല. ഇന്ത്യയിലെ ആദ്യസ്ത്രീവാരികയായ 'ശ്രീമതിയുടെ' മുഖ്യപത്രാധിപരായിരുന്നു അന്നാ ചാണ്ടി. തരവത്ത് അമ്മാളുവമ്മ ഉൾപ്പെടെ നാലു പേരാണ് 'ശ്രീമതി' പത്രാധിപസമിതിയിൽ ഉണ്ടായിരുന്നത്.

ജോസഫ് മുണ്ടശ്ശേരിയോടൊപ്പം ചേർന്ന് 1945-46 കാലത്താണ് ആനി തയ്യിൽ 'പ്രജാമിത്രം' എന്ന സായാഹ്നപത്രം നടത്തിയത്. പത്രാധിപ, പ്രസാധക, പ്രഭാഷക, സ്വാതന്ത്ര്യസമര സേനാനി എന്നീനിലകളിൽ പ്രശസ്തയായ ഹലീമ ബീവിയാണ് ആദ്യ മുസ്ലീം വനിതാമാസികയായ 'മുസ്ലീം വനിത' (1938) പ്രസിദ്ധീകരിച്ചത്. ഭാരത ചന്ദ്രിക ആഴ്ചപ്പതിപ്പ് (1946) ഭാരത ചന്ദ്രിക ദിനപത്രം (1947) എന്നീ പത്രമാസികകൾ കൂടി ഹലീമയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഹലീമ ബീവി മാനേജിംങ് എഡിറ്ററും പ്രാസാധകയുമായിരുന്ന ഭാരത ചന്ദ്രികയിൽ വൈക്കം മുഹമ്മദ് ബഷീർ, വക്കം അബ്ദുൾ ഖാദർ, വെട്ടൂർ രാമൻ നായർ എന്നിവരായിരുന്നു സബ് എഡിറ്റർമാർ. മുൻമുഖ്യമന്ത്രി സി. അച്ചുതമേനോന്റെ നേതൃത്വത്തിൽ 'മുന്നണി' എന്നൊരു പത്രം തൃശൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. 1947 ൽ തുടങ്ങിയ പത്രത്തിൽ പാലിയം സമരനായിക പ്രിയദത്ത കല്ലാട്ട് ജോലി ചെയ്തിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടി 1948 ൽ നിരോധിച്ചതോടെ പത്രം നിലച്ചു, പ്രിയദത്തയ്ക്ക് ജോലിയും പോയി.

***ചരിത്രത്തിലെ മാധ്യമസ്ത്രീ***

വാർത്തകൾ അറിയണമെങ്കിൽ പുറംലോകവുമായി സംവദിക്കാൻ മനുഷ്യനാകണം. അതിന് കഴിയാതിരുന്ന സ്ത്രീ സമൂഹം അവരുടേതായ പരിമിതമായ രീതിയിൽ വാർത്തകൾ അറിയാനും, അറിയിക്കാനും ശ്രമിച്ച ചരിത്രം ഏറെ കൗതുകമുള്ളതാണ്. വീടുകളിൽ ഒതുങ്ങിക്കൂടിയ സ്ത്രീകളിൽ ചിന്താശേഷിയും ബുദ്ധിപരമായ ഔന്നിത്യവും കാല്പനിക ബോധവും ഉള്ളവരാണ് ഇത്തരത്തിൽ മുന്നോട്ട് വരാൻ ഉൽസാഹം കാട്ടിയത്. അവർക്കതിനുള്ള സാമൂഹ്യ ഭൗതികസാഹചര്യങ്ങൾ ഉണ്ടായിരുന്നു. പക്ഷേ പാണ്ഡിത്യവും വിവരവുമൊക്കെയുള്ള ഈ സ്ത്രീകൾക്ക് വേണ്ടി ആദ്യമായി ഒരു പ്രസിദ്ധീകരണം തുടങ്ങുന്നത് പുരുഷൻമാരാണ്. തിരുവന്തപുരത്ത് നിന്നും 1885-ൽ ആരംഭിച്ച പ്രസിദ്ധീകരണത്തിന്റെ പേർ 'കേരളീയ സുഗുണ ബോധിനി' എന്നായിരുന്നു. ആറു മാസത്തോളം പ്രസിദ്ധീകരണം നടത്തിയശേഷം അത് നിലച്ചു പിന്നീട് 1892-ൽ വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ച സമയത്ത് അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ച് പ്രസാധകർ എഴുതിയത് ഇങ്ങനെയാണ്

"കേരളത്തിൽ മലയാള ഭാഷയിൽ അനേകം വർത്തമാന പത്രങ്ങളും മാസികാപുസ്തകങ്ങളും ഓരോ മഹാന്മാരാൽ ശ്ലാഘനീയമായ വിധത്തിൽ നടത്തപ്പെട്ടു വരുന്നുണ്ട്.എന്നാൽ അവയെല്ലാം കേരളീയ പുരുഷന്മാരെ ഉദ്ദേശിച്ചു പ്രസിദ്ധം ചെയ്യപ്പെട്ടു വരുന്നവയാകുന്നു. സ്ത്രീ ജനങ്ങളുടെ ജ്ഞാനവർദ്ധനവിനും വിനോദത്തിനുമായി പ്രത്യേകിച്ച് ഒരു പുസ്തകമാവട്ടെ 'കേരളീയ സുഗുണബോധിനി'.

ഈ മാസിക പ്രസിദ്ധീകരിച്ച കാലത്ത് മഹാറാണി എന്നൊരു മലയാള മാസിക മദ്രാസിൽ നിന്ന് റാവുബഹദൂർ കൃഷ്ണമാചാരിയുടെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലുമായി സ്ത്രീകളെ ഉദ്ദേശിച്ച് പ്രസിദ്ധീകരിച്ചിരുന്നു. ദ്വൈമാസികയായാണ് അത് പ്രസിദ്ധീകരിച്ചിരുന്നത്. അതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ലെന്ന് കണ്ടാണ് മുടങ്ങിക്കിടന്ന സുഗുണബോധിനി പുന:പ്രസിദ്ധീകരിക്കാൻ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ 1892-ൽ തയ്യാറായത്. കെ. ചിദംബരവാധ്യാർ ബിഎ, എം സി.നാരായണപിള്ള ബി എ എന്നിവരായിരുന്നു ഇതിന്റെ പത്രാധിപൻമാർ. കേരളവർമ്മ വലിയ കോയി തമ്പുരാന്റെ 'സ്ത്രീ വിദ്യാഭ്യാസം' എന്ന കവിത ആമുഖമായി കൊടുത്തുകൊണ്ടാണ് സുഗുണബോധിനി പ്രസിദ്ധീകരിക്കപ്പെട്ടത്. അതിൽ ഒരു ശ്ലോകം ഇങ്ങനെയായിരുന്നു-

"കേരളീയ ഗുണ ബോധിനിമൂലം
സാരളീ ഭവിതമായതി വേലം

**1904 – ാം വർഷത്തിലും വിദ്യാഭ്യാസവും സഞ്ചാരസ്വാതന്ത്ര്യവും സ്ത്രീകൾക്ക് കിട്ടാക്കനി തന്നെയായിരുന്നു. പ്രത്യേകിച്ചും അധ:സ്ഥിത വിഭാഗത്തിൽ പ്പെട്ട സ്ത്രീകൾക്ക്. സമ്പന്ന കുടുംബങ്ങളിൽ പെട്ട പുരോഗമന ചിന്തയുള്ളവർക്ക് മാത്രം ലഭിക്കുന്ന ഇത്തരം അവസരങ്ങൾ വഴി സമർത്ഥരും മിടുക്കരുമായ സ്ത്രീകൾ ചില ചരിത്ര നേട്ടങ്ങൾ സൃഷ്ടിച്ചു എന്നതാണ് വസ്തുത. അതാകട്ടെ സ്ത്രീകൾക്ക് തികച്ചും അന്യമായ ഒരു മേഖലയ്ക്ക് മുതൽകൂട്ടാകുകയും ചെയ്തു.**

കേരളീയ വനിതാ ജനജാലം
സാരലീന മതിയായ് ഭവിതാലം"

എന്നാൽ ഈ മാസികയിലെ എഴുത്തുകാരിൽ സ്ത്രീകളായി ആരും തന്നെ ആദ്യകാലത്ത് ഉണ്ടായതായി കാണുന്നില്ല.അതൊരു വനിതാ മാസിക എന്നതിലുപരി ഒരു സാഹിത്യമാസികയായാണ് നിലനിന്നിരുന്നത്.

രണ്ടാമത്തെ വനിതാമാസികയായി കണക്കാക്കുന്നത് 'ശാരദയാണ്'. 1904—ൽതൃപ്പൂണിത്തുറയിൽ നിന്നും പ്രസിദ്ധീകരണം ആരംഭിച്ച ഈ മാസികയുടെ ഉടമസ്ഥനും മാനേജരും കെ. നാരായണമേനോൻ ആണെങ്കിലും പൂർണ്ണമായും മാസികയുടെ മറ്റ് പ്രവർത്തകരെല്ലാം തന്നെ സ്ത്രീകളായിരുന്നു. റാണി സേതു ലക്ഷ്മിഭായി, റാണി പാർവ്വതീഭായി, ഇക്കുവമ്മ തമ്പുരാട്ടി എന്നിവർ രക്ഷാധികാരികളും ടി. സി കല്ല്യാണിയമ്മ, ടി. അമ്മുക്കുട്ടിയമ്മ, ബി. കല്ല്യാണിയമ്മ എന്നിവർ പ്രസാധകരും ആയിരുന്ന ശാരദ അച്ചടിച്ചത് ഭാരതീവിലാസം പ്രസ്സിലാണ്. ടി. സി കല്ല്യാണിയമ്മയും ടി.അമ്മുക്കുട്ടിയമ്മയും എറണാകുളത്തുനിന്നും ബി.കല്ല്യാണിയമ്മ തിരുവനന്തപുരത്തു നിന്നുമാണ് ശാരദയുമായി സഹകരിച്ച് പ്രവർത്തിച്ചത്. ഇത് വാസ്തവത്തിൽ ഒരപൂർവ്വ സംഗമമായിരുന്നു. ശാരദ തുടങ്ങാൻ ടി.സി കല്യാണിയമ്മ ചിന്തിച്ച അതേ കാലയളവിൽ തന്നെയാണ് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ പത്നി ബി.കല്ല്യാണിയമ്മ തിരുവനന്തപുരത്ത് നിന്നും അത്തരമൊരു മാസിക തുടങ്ങാൻ ആലോചിക്കുന്നത്.

ബി.കല്യാണിയമ്മ ബി. എ പരീക്ഷ കഴിഞ്ഞ് മദ്രാസിൽനിന്ന് മടങ്ങുന്നവഴി എറണാകുളത്ത് ടി. സി.കല്യാണി അമ്മയുടെ അതിഥിയായി തങ്ങാൻ ഇടവന്നു. ഈ കൂടിക്കാഴ്ചയിലാണ് ഇവർ തങ്ങളുടെ ആഗ്രഹം പരസ്പരം പറയുകയും ഒരുമിച്ച് സ്ത്രീകൾക്കായി ഒരു മാസിക തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തത്.

ശാരദയുടെ ലേഖനങ്ങൾ സ്ത്രീകൾക്ക് വേണ്ടിയും സ്ത്രീകളെക്കുറിച്ചും സ്ത്രീകൾ തന്നെ എഴുതുകയായിരുന്നു. ആ അർത്ഥത്തിൽ ഇത് മലയാള മാധ്യമരംഗത്തെ ആദ്യത്തെ വനിതാമാസികയായി കണക്കാക്കപ്പെടുന്നു. സ്ത്രീധർമ്മം, ഭർതൃശുശ്രൂഷ, വീട്ടുവേല, സ്ത്രീകളും വൈദ്യവും, ഗർഭിണികൾ അറിഞ്ഞിരിക്കേണ്ടവ, സ്ത്രീ വിദ്യാഭ്യാസം, ചാരിത്ര്യം, മാതൃസ്നേഹം, കുടുംബ സൗഖ്യം, ആഭരണ ഭ്രമം തുടങ്ങിയവ വിഷയങ്ങളാണ്. ആദ്യവനിതാമാസികയ്ക്ക് പല പ്രത്യേകതകളും ഉണ്ടായിരുന്നു. ആ മാസിക തുടക്കമിട്ട പല പംക്തികളുമാണ് ഇന്നും വനിതാ മാസികകളും വാരികകളും രൂപം മാറ്റി പല തലക്കെട്ടുകളോട് കൂടിപ്രസിദ്ധീകരിക്കുന്നത്. വനിതകൾ പ്രസാധകരായ വനിതാമാസികയിൽ അക്കാലത്തെ എണ്ണപ്പെട്ട പല സാഹിത്യകാരൻമാരും അവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. കേരളവർമ്മ, എൻ വേലുപിള്ള, സി രാമുണ്ണി മേനോൻ, എം ഉദയവർമ്മ രാജ, കെ. നാരായണ മേനോൻ, ടി.കെ. കൃഷ്ണ മേനോൻ, സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള, സി. ഗോവിന്ദൻ എളേടം, കുഞ്ഞിക്കുട്ടൻ തമ്പുരാൻ,കെ.സി കേശവപിള്ള, എം.രാജരാജ വർമ്മ, സി.എസ്. സുബ്രഹ്മണ്യം പോറ്റി, ഏവൂർ എൻ വേലുപ്പിള്ള, കെ.നാരായണ കുരുക്കൾ, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവർ ഇവരിൽ പ്രമുഖർ. തോട്ടയ്ക്കാട് ഇക്കാവമ്മയുടെ നളചരിതം ഭാഷാനാടകം ഖണ്ഡ:ശ പസിദ്ധീകരിച്ചതും 'ശാരദ'-യിലാണ്. 'സുഭദ്രാജ്ജുനം'-എന്ന നാടകരചനയിലൂടെ ചരിത്രം സൃഷ്ടിച്ച ഇക്കാവമ്മ ടി. സി.കല്ല്യാണിയമ്മയുടെ ഭർതൃസഹോദരി കൂടിയായിരുന്നു. ഇത്തരത്തിൽ ഉന്നത നിലവാരം പുലർത്തിയ ഏതാണ്ട് പൂർണ്ണമായും വനിതകളുടെ നേതൃത്വത്തിൽ പ്രസിദ്ധീകൃതമായ ഈ മാസിക അക്ഷരാർത്ഥത്തിൽ മാധ്യമരംഗത്ത് ചരിത്രം സൃഷ്ടിച്ചു എന്നതാണ് യാഥാർത്ഥ്യം. ഇതിൽ ഭാഗമായ മുഴുവൻ സ്ത്രീകളും വരേണ്യവർഗ്ഗത്തിൽ പെട്ടവർ കൂടിയായിരുന്നു എന്ന കാര്യം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. ശാരദ പ്രസിദ്ധീകൃതമാകുന്ന 1904-ാം വർഷത്തിലും വിദ്യാഭ്യാസവും സഞ്ചാര സ്വാതന്ത്ര്യവും സ്ത്രീകൾക്ക് കിട്ടാക്കനി തന്നെയായിരുന്നു. പ്രത്യേകിച്ചും അധ:സ്ഥിത വിഭാഗത്തിൽ പ്പെട്ട സ്ത്രീകൾക്ക്. സമ്പന്ന കുടുംബങ്ങളിൽ പെട്ട

പുരോഗമന ചിന്തയുള്ളവർക്ക് മാത്രം ലഭിക്കുന്ന ഇത്തരം അവസരങ്ങൾ വഴി സമർത്ഥരും മിടുക്കരുമായ സ്ത്രീകൾ ചില ചരിത്രനേട്ടങ്ങൾ സൃഷ്ടിച്ചു എന്നതാണ് വസ്തുത. അതാകട്ടെ സ്ത്രീകൾക്ക് തികച്ചും അന്യമായ ഒരു മേഖലയ്ക്ക് മുതൽകൂട്ടാകുകയും ചെയ്തു.

ശാരദയുടെ ആദ്യലക്കത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു

1. കൈരളീപ്രശസ്തി – കേരളവർമ്മ വലിയ കോയിതമ്പുരാൻ
2. സ്ത്രീ വിദ്യാഭ്യാസം (തുടർച്ച) – ടി. അമ്മുക്കുട്ടിയമ്മ
3. സേതുസ്നാനം (തുടർച്ച)–കെ. ലക്ഷ്മി കുട്ടിയമ്മ
4. പാചകവിദ്യ– എൻ.വേലുപ്പിള്ള
5. ആരോഗ്യരക്ഷ (തുടർച്ച) –സി.രാമുണ്ണി മേനോൻ
6. ഒരു കഴുതയുടെ കഥ– (തുടർച്ച) ടി. സി കല്ല്യാണിയമ്മ (ഡബ്ല്യൂ സ്റ്റെഡിന്റെ ഫെയറി ടെയിൽസ് ഫ്രം ഇന്ത്യയുടെ പരിഭാഷ)
7. ആഭരണഭ്രമം – ഒരു വാരിഷ്ഠൻ
8. സൗന്ദര്യം – എൻ എം
9. നളചരിതം ഭാഷാനാടകം – തോട്ടയ്ക്കാട് ഇക്കാവമ്മ.

ഇതിൽ പാചകവും സൗന്ദര്യവും സംബന്ധിച്ച കോളം കൈകാര്യം ചെയ്തിരുന്നത് പുരുഷൻമാരായിരുന്നു എന്നത് ഏറെ കൗതുകമുള്ള കാര്യം.

ഡമ്മി 1/4ൽ 20 പേജുകളോടുകൂടി ഇറങ്ങിയിരുന്ന ശാരദ ഒരു കൊല്ലം കഴിഞ്ഞ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ മുപ്പത്തിരണ്ട് പേജുകളായാണ് പുനഃപ്രസിദ്ധീകരണം ആരംഭിച്ചത്. ശാരദയെ കൂടാതെ 'കേരളൻ' 'വിദ്യാർത്ഥി'– എന്നീ രണ്ടു മാസികകളും സ്വദേശാഭിമാനി പത്രത്തോട് ഒപ്പം നടത്തുന്നുണ്ടായിരുന്നു. ബി. കല്ല്യാണിയമ്മയുടെ നേതൃത്വത്തിൽ ശാരദ തുടർന്ന് കൊണ്ട് പോകാൻ അത് കൊണ്ടുതന്നെ വളരെ ബുദ്ധിമുട്ടേണ്ടി വന്നു. എന്നിരുന്നാലും ശ്രദ്ധേയമായ പല ലേഖനങ്ങളും പംക്തികളും കൊണ്ടു ശാരദ മികച്ച മാസികയായിത്തന്നെ നിലകൊണ്ടു.

ആരോഗ്യശാസ്ത്രം എന്ന പേരിൽ കല്ല്യാണിയമ്മ ഇസ്ബൽ ബ്ലാണ്ടർ എഴുതിയ 'ടാക്സ് ഓൺ ഹെൽത്ത്' എന്ന പുസ്തകം തർജിമ ചെയ്ത് ഖണ്ഡഃശ പ്രസിദ്ധീകരിച്ചത് എടുത്ത് പറയത്തക്ക നേട്ടങ്ങളിൽ ഒന്നാണ് . അത് പിന്നീട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച് 1910 മുതൽ തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ നാലും അഞ്ചും ക്ലാസുകളിൽ പാഠ്യപുസ്തകമായിരുന്നു. ഒടുവിൽ 1910 സെപ്തംബർ 26–ാം തീയതി സ്വദേശാഭിമാനി പത്രവും പ്രസ്സും തിരുവിതാംകൂർ രാജഭരണകൂടം

**"പത്രങ്ങൾ ഒരു രാജ്യത്തിലെ വിദ്യാഭ്യാസ പ്രചാരത്തെക്കുറിക്കുന്ന അടയാളങ്ങളാണെങ്കിൽ, കേരളദേശത്ത് സ്ത്രീജനങ്ങളുടെ ഉപയോഗത്തിനായി സ്ത്രീജനങ്ങളാൽ നടത്തപ്പെടുന്ന ഒരു പത്രിക നടന്നുപോകുന്നത് വിസ്മയ പ്രദമല്ലതന്നെ. ഇന്ത്യയിലെവിടെ നോക്കിയാലും, സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ, കേരളദേശത്തെപ്പോലെ പ്രാഥമ്യത്തെ അർഹിക്കുന്ന നാടുകൾ ചുരുക്കമാകുന്നു. മാതൃഭാഷയിൽ നല്ലവണ്ണം പാണ്ഡിത്യമുള്ള പല കേരളീയ സ്ത്രീകളുമുള്ളപ്പോൾ, 'ശാരദയെപ്പോലെ ഒരു സ്ത്രീജന പത്രികയുടെ ജീവിതം മുമ്പുതന്നെ സിദ്ധമായ ഒരു അനുമാനമത്രേ! കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ, 'ശാരദ'യിൽ ചേർത്തുകണ്ട പല സ്ത്രീജനങ്ങളുടേയും ലേഖനങ്ങൾ, കേരളത്തിൽ സ്ത്രീകളാൽ തന്നെ പ്രസിദ്ധങ്ങളായും സ്ത്രീകളുടെ തന്നെ സ്വത്തുക്കളായും സ്ത്രീകൾതന്നെ കൈകാര്യം ചെയ്യുന്നവയായും ഉള്ള പത്രികകൾ ഉണ്ടായിരിക്കുവാൻ ധാരാളം അവകാശം ഉണ്ടെന്ന് വിളിച്ചു പറയുന്നു"**

കണ്ടു കെട്ടുകയും പത്രാധിപരെ നാടുകടത്തു കയും ചെയ്തതോടെ ഗത്യന്തരമില്ലാതെ കല്ല്യാണി യമ്മക്കും ഭർത്താവിനൊപ്പം പോകാതെ തരമി ല്ലെന്ന് വന്നു. കല്ല്യാണിയമ്മയുടെ ആരോഗ്യ ശാസ്ത്രം അച്ചടി പൂർത്തിയായ ദിവസമായിരുന്നു പ്രസ് കണ്ടു കെട്ടിയത്. ശാരദ പ്രസിദ്ധീകരണം നിലച്ചു. ഇതിനിടെ പുനലൂരിൽനിന്ന് 1913ൽ ശാരദ എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു. തെക്കേ ക്കുന്നത്ത് (ടി കെ )കല്യാണികുട്ടിയമ്മയുടെ പത്രാ ധിപത്യത്തിൽ ഈ വനിതാമാസിക അഞ്ചു കൊല്ലം പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ പേരിൽ മാത്രമേ പഴയ 'ശാരദ'-യുമായി ബന്ധമുണ്ടായിരു ന്നുള്ളൂ. അങ്ങനെ വനിതാമാധ്യമരംഗത്ത് 'മൂന്ന് കല്ല്യാണി'മാർ ചരിത്രം രചിച്ചു എന്ന് വേണം അനു മാനിക്കാൻ. പുനലൂരിൽ നിന്നുതന്നെ 1915-ൽ 'ഭാഷാ ശാരദ'

എന്ന പേരിൽ അഞ്ചൽ ആർ. വേലുപിള്ള യുടെ പത്രാധിപത്യത്തിൽ സാഹിത്യ മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ സ്ത്രീകൾ എഴുതുക പതിവായിരുന്നു.

ആദ്യകാല വനിതാ പത്രാധിപരായിരുന്ന ടി സി കല്ല്യാണിയമ്മയുടെയും,ബി. കല്ല്യാണിയമ്മ യുടെയും സംഭാവനകൾ പ്രത്യേകം പരാമർശിക്കേ ണ്ടതുണ്ട്. ഇവരാരായിരുന്നു എന്ന് അറിഞ്ഞാൽ മാത്രമേ ഇവരുടെ മാധ്യമ സംഭാവനകളുടെ ആഴവും പരപ്പും, വൈദഗ്ധ്യവും മനസ്സിലാക്കാ നാകൂ.

ടി. സി കല്ലാണിയമ്മ തെക്കേകറുപ്പത്ത് നാരായണിയുടെയും വടയോട് മിത്രൻ ഭട്ടതിരിയു ടെയും മകളാണ് ശാരദയുടെ പ്രാസാധക കൂടി യായ ഇവർ പേരെടുത്ത വിവർത്തക കൂടിയാണ്. ഡബ്ല്യൂ സ്റ്റെഡിന്റെ ഫെയറി ടെയിൽസ് ഫ്രം ഇന്ത്യ എന്ന പുസ്തകം 'ഒരു കഴുതയുടെ കഥ'-എന്ന പേരിൽ കുട്ടികൾക്കായി വിവർത്തനം ചെയ്തു. 'ഇസോപ്പിന്റെ സാരോപദേശ കഥകൾ തർജ്ജമചെ യ്തു.മലയാള ഭാഷയിൽ ബാലസാഹിത്യം എന്ന പേർ കേൾക്കാത്ത കാലത്താണ് 'ഈ ദൃശകൃതി കൾ' എന്ന പേരിൽ കുട്ടികൾക്കായി അവർ കഥ കൾ വിവർത്തനം ചെയ്തു. ബങ്കിംചന്ദ്രചാറ്റർജി യുടെ 'വിഷവൃക്ഷം' കൃഷ്ണ കാന്തിന്റെ 'മരണ പത്രം'എന്നീ നോവലുകളം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുകയുണ്ടായി. സാഹിത്യ നിപു ണൻ ടി.കെ കൃഷ്ണ മേനോന്റെ പത്നികൂടിയാണ് കല്ല്യാണിയമ്മ. എട്ടാം ക്ലാസിൽ വിദ്യാഭ്യാസം അവ സാനിപ്പിക്കാൻ നിർബന്ധിതയായ കല്ല്യാണിയ മ്മയെ ഇംഗ്ലീഷും മറ്റ് വിഷയങ്ങളും പഠിപ്പിച്ചത് ഇദ്ദേഹമാണ്.

തിരുവനന്തപുരം കുതിരവട്ടത്ത് കുഴിവിളാ കത്ത് ഭഗവതി അമ്മയുടെയും കോട്ടയ്ക്ക കത്ത് സുബ്ബരായർ പോറ്റിയുടെയും മകളായി 1884ലാണ് ബി. കല്ല്യാണിയമ്മ ജനിച്ചത്. 1902-ൽ മെട്രിക്കുലേ ഷൻ പാസായശേഷം വിമൻസ് കോളേജിൽ ചേർന്നു. അവിടെ പഠിച്ച് കൊണ്ടിരിക്കുമ്പോഴാണ് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയെ വിവാഹം ചെയ്യുന്നത്. ശാരദയുടെ പ്രസാധകരിൽ പ്രമുഖ. നിരവധി പുസ്തകങ്ങൾ രചിക്കുകയുണ്ടായി. വ്യാഴ വട്ട സ്മരണകൾ,കർമ്മഫലം,ഓർമ്മയിൽ നിന്ന് എന്നിവ കൂടാതെ രവീന്ദ്രനാഥടാഗോറിന്റെ 'എറ്റ് ഹോം ആന്റ് ഔട്ട്സൈഡ്' 'വീട്ടിലും പുറത്തും ' എന്ന പേരിലും ഇസ്ബൽ ബ്രാണ്ടൻ എഴുതിയ 'ടാക്സ് ഓൺ ഹെൽത്ത്'-ആരോഗ്യ ശാസ്ത്രം എന്ന പേരിലും വിവർത്തനം ചെയ്യുകയുണ്ടായി. മദ്രാസിൽ നിന്നും എഫ് എ പരീക്ഷ പാസ്സായശേ ഷമാണ് ശാരദയുടെ പ്രസാധകപദവി ഏറ്റെടുക്കു ന്നത്. അധ്യാപികയായും പ്രവർത്തിക്കുകയുണ്ടായി.

എല്ലാ മേഖലയിലുമെന്നപോലെ മാധ്യമ രംഗത്ത് സ്ത്രീകൾ ഇല്ലാതെ പോയതിന്റേയും സാമൂഹ്യസാഹചര്യത്തിന്റെയും ആ പ്രതികൂല സാഹചര്യത്തിലും വീണുകിട്ടുന്ന അനുകൂല അവ സരങ്ങൾ സ്ത്രീകൾ പ്രയോജനപ്പെടുത്തിയതി ന്റേയും ഒരു രേഖാചിത്രം ഈ ചരിത്രവായനയിൽ ലഭിക്കും. ശാരദയെക്കുറിച്ച് സ്വദേശാഭിമാനി രാമ കൃഷ്ണ പിള്ള നടത്തിയ പരാമർശം അതിന് തെളി വാണ്. "പത്രങ്ങൾ ഒരു രാജ്യത്തിലെ വിദ്യാഭ്യാസ പ്രചാരത്തെക്കുറിക്കുന്ന അടയാളങ്ങളാണെങ്കിൽ, കേരളദേശത്ത് സ്ത്രീജനങ്ങളുടെ ഉപയോഗത്തി നായി സ്ത്രീജനങ്ങളാൽ നടത്തപ്പെടുന്ന ഒരു പത്രി ക നടന്നുപോകുന്നത് വിസ്മയ പ്രദമല്ലതന്നെ. ഇന്ത്യയിലെവിടെ നോക്കിയാലും, സ്ത്രീവിദ്യാഭ്യാ സ വിഷയത്തിൽ, കേരളദേശത്തെപ്പോലെ പ്രാഥമ്യ ത്തെ അർഹിക്കുന്ന നാടുകൾ ചുരുക്കമാകുന്നു. മാതൃഭാഷയിൽ നല്ലവണ്ണം പാണ്ഡിത്യമുള്ള പല കേരളീയ സ്ത്രീകളുമുള്ളപ്പോൾ, 'ശാരദയെപ്പോ ലെ ഒരു സ്ത്രീജന പത്രികയുടെ ജീവിതം മുമ്പു തന്നെ സിദ്ധമായ ഒരു അനുമാനമത്രേ! കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ, 'ശാരദ'യിൽ ചേർത്തുക ണ്ട പല സ്ത്രീജനങ്ങളുടേയും ലേഖനങ്ങൾ, കേര ളത്തിൽ സ്ത്രീകളാൽ തന്നെ പ്രസിദ്ധങ്ങളായും സ്ത്രീകളുടെ തന്നെ സ്വത്തുക്കളായും സ്ത്രീ കൾതന്നെ കൈകാര്യം ചെയ്യുന്നവയായും ഉള്ള പത്രികകൾ ഉണ്ടായിരിക്കുവാൻ ധാരാളം അവ കാശം ഉണ്ടെന്ന് വിളിച്ചു പറയുന്നു"എന്നാണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ വാർത്താ മാധ്യമങ്ങൾ ഇന്നത്തെ രീതിയിൽ അവതരിയ്ക്കും മുൻപ് നിലനിന്ന സാഹിത്യപ്രവർത്തനങ്ങൾ ഒരർ ത്ഥത്തിൽ അതാതുകാലത്തെ വെളിവാക്കപ്പെടേണ്ട പല വസ്തുതകളും തുറന്നു കാട്ടുന്നവയായിരുന്നു. വനിതാമാസിക രൂപപ്പെടും മുൻപ് സാഹിത്യരം ഗത്തും സാമൂഹ്യഎഴുത്തിന്റെ രംഗത്തും അത്തരം

**“കേരളത്തിലെ സ്ത്രീജനങ്ങളിൽ കിഴക്കേ കോവിലകത്തെ മനോരമത്തമ്പുരാട്ടിയെപ്പോലെ വൈദുഷ്യം സമ്പാദിച്ചവരായി ആരെയും നാം അറിയുന്നില്ല.” എന്നാണ് മഹാകവി ഉള്ളൂർ ഇവരെക്കുറിച്ച് അഭിപ്രായപ്പെട്ടത്.**

പ്രവർത്തനം നടത്തിയ സ്ത്രീകളെ നമുക്ക് ഓർക്കേണ്ടതായിട്ടുണ്ട്.

മനോരമത്തമ്പുരാട്ടി, കെ.എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മ, തോട്ടയ്ക്കാട് ഇക്കാവമ്മ, തരവത്ത് അമ്മാളുവമ്മ തുടങ്ങിയവർ അവരിൽ ചിലരാണ്. കോഴിക്കോട് സാമൂതിരി കുടുംബത്തിൽ ജനിച്ച പ്രശസ്ത സംസ്തൃക ഭാഷാ പണ്ഡിതയാണ് മനോരമത്തമ്പുരാട്ടി. 1760 ൽ ജനിച്ച് 1828ൽ അന്തരിച്ചു. ഹൈദരാലിയുടെ ആക്രമണത്തെതുടന്ന് ചിതറിപ്പോയ രാജകുടുംബാംഗമെന്ന നിലയിൽ മനോരമയുടെ ബാല്യകാലം സംഘർഷങ്ങളും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു. മൂന്നു വയസ്സിൽ അമ്മ നഷ്ടപ്പെട്ട മനോരമ വളർന്നതും വിദ്യഅഭ്യസിച്ചതും പൊന്നാനിയിലെ വാകയൂർ കോവിലകത്താണ്. പിന്നീട് ടിപ്പു സുൽത്താൻ മലബാർ ആക്രമിച്ചതോടെ സാമൂതിരി കോവിലകത്തെ അംഗങ്ങൾ തിരുവിതാംകൂറിലേയ്ക്ക് പലായനം ചെയ്തു. മനോരമത്തമ്പുരാട്ടി ഭർത്താവ് പാക്കത്ത് ഭട്ടതിരിയോടും മക്കളോടുമൊത്ത് ധർമ്മരാജാവിന്റെ മധ്യ തിരുവിതാംകൂറിലെ എണ്ണയ്ക്കാട്ട് കോവിലകത്ത് ഏതാണ്ട് ഒരു വ്യാവഴട്ടക്കാലം താമസിക്കുകയുണ്ടായി. സംസ്കൃതഭാഷയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന തമ്പുരാട്ടി സംസ്കൃത പണ്ഡിതരോടും മഹാരാജാവിനോട് പോലും ശ്ലോകങ്ങളിലൂടെയായിരുന്നു കത്തിടപാടുകൾ നടത്തിയിരുന്നത്. മലബാറും തിരുവിതാംകൂറും തമ്മിലുള്ള സാംസ്കാരിക ഏകീകരണത്തിന് മനോരമത്തമ്പുരാട്ടി വഹിച്ച പങ്ക് നിസ്തുലമാണ്.

“കേരളത്തിലെ സ്ത്രീജനങ്ങളിൽ കിഴക്കേ കോവിലകത്തെ മനോരമത്തമ്പുരാട്ടിയെപ്പോലെ വൈദുഷ്യം സമ്പാദിച്ചവരായി ആരെയും നാം അറിയുന്നില്ല.” എന്നാണ് മഹാകവി ഉള്ളൂർ ഇവരെക്കുറിച്ച് അഭിപ്രായപ്പെട്ടത്.

കെ.എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ മലബാറിലെ കോട്ടയം താലൂക്കിൽ കണ്ണാരത്തു മല്ലോളിൽ തറവാട്ടിൽ 1877 ലാണ് ജനിച്ചത്. പ്രശസ്ത അഭിഭാഷകൻ കൊയ്യോടൻ കുന്നത്തു കണ്ണൻ നമ്പിയാരുടേയും ലക്ഷ്മിയമ്മയുടേയും മകളായി ജനിച്ച കുഞ്ഞിലക്ഷ്മിക്ക് ഏറ്റവും നല്ല വിദ്യാഭ്യാസമാണ് അവർ നൽകിയത്. കാവ്യനാടകങ്ങളും അലങ്കാര വൃത്തങ്ങളും ഹൃദിസ്ഥമാക്കിയ കുഞ്ഞിലക്ഷ്മി സ്വന്തമായി സദാശിവസ്തോത്രം ഓടാട്ടിൽ കേശവമേനോന്റെ നവരത്ന മാലികയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ചന്ത്രോത്ത് കുഞ്ഞിയനന്തൻ വലിയ നമ്പിയാരുമായുള്ള വിവാഹം 19–ാം വയസ്സിലാണ് നടന്നത്. അതിനുശേഷവും സംസകൃത പഠനം തുടരുകയുണ്ടായി. ഭർതൃകുടുംബവുമായുണ്ടായ വ്യവഹാരതർക്കം മൂലം വിവാഹബന്ധം വേർപ്പെടുത്തിയ കുഞ്ഞിലക്ഷ്മി നീലകണ്ഠൻ തിരുമുമ്പിനെ വിവാഹം ചെയ്തു. അതോടെ കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പിന്റെ അയൽവാസിയായി. ഇത് കുഞ്ഞിലക്ഷ്മിയുടെ സാഹിത്യവാസന പരിപോഷിപ്പിച്ചു. സംസ്കൃതത്തിൽ രചിച്ച പ്രാർത്ഥനാഞ്ജലി, മലയാളത്തിൽ രചിച്ച സാവിത്രിവൃത്തം കൈകൊട്ടിക്കളിപ്പാട്ട്, കൗസല്യാദേവി, പുരാണചന്ദ്രിക എന്നീ കാവ്യങ്ങൾ, കടാംകോട്ടുമാക്കം കിളിപ്പാട്ട് എന്നിവയാണ് വിഖ്യാതകൃതികൾ. കവനകൗമുദി, ആത്മപോഷിണി, സമുദായ ദീപിക, ശാരദ എന്നീ മാസികകളിൽ കുഞ്ഞിലക്ഷ്മി ലേഖനങ്ങളും കാവ്യങ്ങളും എഴുതുകയുണ്ടായി. കുഞ്ഞിലക്ഷ്മിയുടെ ഏറ്റവും വലിയ സംഭാവന 1916 ൽ അവരുടെ പ്രസാധനത്തിൽ ഇറങ്ങിയ മഹിളാരത്നം മാസികയാണ്. ശാരദയ്ക്കുശേഷം സ്ത്രീപ്രസാധക എന്ന ഖ്യാതി അവർ നേടുകയുണ്ടായി.

സ്ത്രീകൾ പൊതുവെ കടന്നുവരാൻ മടിച്ചിരുന്ന നാടക രചനാരംഗത്തേയ്ക്ക് ധീരമായി കടന്നുവന്ന ആദ്യ സ്ത്രീ എന്നതാണ് തോട്ടയ്ക്കാട്ട് ഇക്കാവമ്മയെ ശ്രദ്ധേയയാക്കുന്നത്. ‘സുഭദ്രാർജ്ജുനം’ നാടകം രചിക്കുക മാത്രമല്ല അതിൽ അഭിനയിക്കുകയും ചെയ്തു. സ്ത്രീവേഷം പുരുഷൻ ചെയ്യുന്ന കാലത്താണ് ഈ ധീരത അവർ കാട്ടിയത്. അതും പുരുഷവേഷം ധരിച്ച്. 1892 ൽ തൃശ്ശൂരിൽ സംഗീത നൈഷധം നാടകത്തിൽ അവർ നളനായി വേഷമിട്ടു–അമ്പാട്ടുഗോവിന്ദമേനോൻ ദമയന്തിയും. എറണാകുളത്ത് തോട്ടയ്ക്കാട്ട് വീട്ടിൽ കുട്ടിപ്പാറു അമ്മയുടെയും ഇരിങ്ങാലക്കുട നന്തിക്കര വീട്ടിൽ ചാത്തുപ്പണിക്കരുടേയും മകളായി 1864 ൽ ആണ് ഇക്കാവമ്മ ജനിക്കുന്നത്. നല്ല കഥകളി നടനും സംഗീതത്തിലും സാഹിത്യത്തിലും ശിൽപകലയിലും പ്രഗത്ഭനായിരുന്ന പിതാവ് ചാത്തുപ്പണിക്കർ തന്നെയായിരുന്നു ഇക്കാവമ്മയുടെ ആദ്യഗുരു. വ്യാകരണവും പഞ്ചാംഗ ഗണനവും കാവ്യനാടകവും മറ്റും അതോടൊപ്പം അവർ അഭ്യസിച്ചു.

താൻ നേടിയ അറിവുകൾ പ്രകടിപ്പിക്കാനും പ്രചരിപ്പിക്കാനും അവർ എന്നും തയ്യാറായിരുന്നു. കാരണം സ്ത്രീകളുടെ അഭിമാനം കാത്തുസൂക്ഷി

ക്കേണ്ടത് വിദ്യാസമ്പന്നകളായ സ്ത്രീകളുടെ ഉത്തരവാദിത്തമാണെന്നവർ ഉറച്ചു വിശ്വസിച്ചിരുന്നു. സ്ത്രീകൾ കൈയ്യാളാൻ മടിയ്ക്കുന്ന ശൃംഗാരസാഹിത്യത്തിൽ ഇക്കാവമ്മ നടത്തിയ ഇടപെടലുകൾ ധീരവും ഉജ്വലവുമായിരുന്നു. വെൺമണിസാഹിത്യം കൈകാര്യം ചെയ്തിരുന്ന ഈ കവയിത്രിയെ അശ്ലീലച്ചുവ കലർന്ന ഈരടികളാൽ ആക്ഷേപിച്ചപ്പോഴൊക്കെ ഉരുളക്ക് ഉപ്പേരിപോലെ അവർ അതിന് കവിതയിൽ തന്നെ ചുട്ടമറുപടി നൽകി പുരുഷവിമർശകരെ നിർവീര്യമാക്കിയത് സാഹിത്യ ചരിത്രത്തിലെ തിളങ്ങുന്ന ഏടുകളാണ്. സാർഗോപദേശം ഓട്ടൻതുള്ളൽ, രാസക്രീഡ കുറത്തിപ്പാട്ട്, പുരാണശ്രവണ മാഹാത്മ്യം കിളിപ്പാട്ട് (വിവർത്തനം) കൽക്കിപുരാണം കിളിപ്പാട്ട്, നളചരിതം നാടകം തുടങ്ങി നിരവധി കൃതികൾ ഇക്കാവമ്മ രചിയ്ക്കുകയുണ്ടായി. ഇതിൽ നളചരിതം നാടകം 'ശാരദ'യിൽ ഖണ്ഡ:ശ പ്രസിദ്ധീകരിച്ചിരുന്നു. സുഭദ്രാർജ്ജുനം നാടകം കരമന കേശവശാസ്ത്രി സംസ്കൃതത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകളെ ഇടിച്ചു താഴ്ത്തുന്ന എല്ലായിടത്തും ഇക്കാവമ്മ ശക്തമായി പ്രതികരിച്ചിരുന്നു. ഒരിക്കൽ 'കേരളനന്ദിനി'-യിൽ സമസ്യയ്ക്കു വന്ന പൂരണം സ്ത്രീകളെ അവഹേളിക്കുന്നതാണെന്ന് കണ്ടതോടെ അതിശക്തമായ സ്ത്രീപക്ഷവരികളോടെ ഇക്കാവമ്മ മറു പൂരണം നൽകിയത് അക്കാലത്തെ സജീവ സാഹിത്യചർച്ചാ വിഷയമായിരുന്നു. 'സുഭദ്രാർജ്ജുന'ത്തിലെ സ്ത്രീശക്തി വിളിച്ചോതുന്ന വരികൾ ഇന്നും പ്രസക്തം.

മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ?

തേർതെളിച്ചില്ലേ പണ്ട് സുഭദ്ര?
പാരിതു ഭരിക്കുന്നില്ലേ വിക്ടോറിയ ?
മല്ലാക്ഷി മണിമാർക്കു പാടവമിവ
യ്ക്കെല്ലാം ഭവിച്ചീടുകിൽ
ചെല്ലേറും കവിതയ്ക്കു മാത്രമിവരാള
ല്ലെന്ന് വന്നിടുമോ?

പതിനാലാമത്തെ വയസ്സിൽ കാരയ്ക്കാട്ട് നാരായണമോനോനെ വിവാഹം കഴിച്ച ഇക്കാവയ്ക്ക് ആറു പെൺമക്കളും നാല് ആൺമക്കളുമുണ്ടായിരുന്നു. ഇവർക്കെല്ലാം ഉന്നതവിദ്യാഭ്യാസം നൽകുന്നതിൽ ഇക്കാവമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൊച്ചിൻ സർക്കാർ സർവ്വീസിൽ പേഷ്ക്കാരുദ്യോഗം വരെ ഉയർന്ന ഇക്കാവമ്മയുടെ സംഭവബഹുലമായ ജീവിതം 1902ൽ അവസാനിച്ചു.

കൊടുവായൂർ ചിങ്ങച്ചംവീട്ടിൽ ശങ്കരൻ നായരുടേയും തരവത്ത് കുമ്മിണിയമ്മയുടെയും മകളായി 1973ലാണ് തരവത്ത് അമ്മാളുവമ്മ ജനിക്കുന്നത്. തോട്ടയ്ക്കാട് ഇക്കാവമ്മയ്ക്കുശേഷം മധ്യകേരളം കണ്ട ഏറ്റവും വലിയ പണ്ഡിതയും

**രാജ്യം സ്വതന്ത്രമായശേഷമുള്ള 1950 തുകളിലെ പത്ര**
**വിരലിലെണ്ണാവുന്ന സ്ത്രീകളേ ഈ രംഗത്തുണ്ടായിര**
**ദ്മം, അമ്പാടി കാർത്ത്യായിനിയമ്മ, വി. പാറുകുട്ടിയമ**
**രിൽ ചിലർ. 'ന്യൂ ഏജ്" ലെ ധാരാളം ലേഖനങ്ങൾ ന**
**ജ്ജമ ചെയ്തത് കെ. പത്മമായിരുന്നു. ഭർത്താവ് കെ**
**സഹായിച്ചുകൊണ്ടാണ് പത്മയും പത്രരംഗത്ത് വരുന്ന**
**പലതും പ്രൂഫ് നോക്കിയിരുന്നതും പത്മമായിരുന്നു**
**ത്ത്യായിനിയമ്മ വിദ്യാഭ്യാസ പരിഷ്ക്കരണം, സ്വതന്ത്രഭ**
**നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ ധാരാളം ലേഖ**
**കാലികങ്ങളിൽ എഴുതിയിരുന്നു.**

പത്രപ്രവർത്തകയുമായിരുന്നു അമ്മാളുവമ്മ. ടിപ്പു സുൽത്താന്റെ ആക്രമണകാലത്ത് വടക്കേ മലബാറിൽ നിന്ന് പാലക്കാട്ടു വന്ന് അഭയം പ്രാപിച്ചവരായിരുന്നു അമ്മാളുവമ്മയുടെ പൂർവ്വികർ. അതുകൊണ്ട് മലയാളത്തിൽ മാത്രമല്ല സംസ്കൃതത്തിലും തമിഴിലും ഇവർക്ക് നല്ല അറിവുണ്ടായിരുന്നു. കൂടാതെ സംഗീതത്തിലും ഗണിതശാസ്ത്രത്തിലും അമ്മാളുവമ്മ മിടുക്കുള്ളവരായിരുന്നു. പതിനൊന്ന് ഗ്രന്ഥങ്ങൾ അമ്മാളുവമ്മ രചിച്ചു. ഭക്തമാല (3 ഭാഗങ്ങൾ) ശിവഭക്തവിലാസം, ലീല, ബാലബോധിനി, കൃഷ്ണഭക്തി ചന്ദ്രിക, ബുദ്ധചരിതം, ബുദ്ധഗാഥ, കോമളവല്ലി (2 ഭാഗങ്ങൾ) സർവ്വവേദാന്തസിദ്ധാന്ത സംഗ്രഹം, ഒരു തീർത്ഥയാത്ര, ശ്രീ ശങ്കരവിജയം എന്നിവയാണ് പ്രധാന രചനകൾ. സംസ്കൃത്തിൽ നിന്ന് വിവർത്തനം ചെയ്ത കൃതികളാണ് ഭക്തമാലയും ശിവശക്തിവിലാസവും. സർ എഡ്വിൻ അർനോൾഡിന്റെ ലൈറ്റ് ഓഫ് ഏഷ്യ എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി രചിച്ച ഗദ്യപുസ്തമാണ് 'ബുദ്ധചരിതം'. തമിഴിൽ നിന്നുള്ള വിവർത്തനഗ്രന്ഥങ്ങളാണ് ശ്രീ ശങ്കരവിജയവും ലീലയും.

അമ്മാളുവമ്മയാണ് സാഹിത്യപരിഷത്തിൽ സജീവമായ ആദ്യ വനിത. പരിഷത്തിന്റെ 31.12.1927ൽ തൃശൂരിൽ വെച്ച് നടന്ന യോഗത്തിൽ അവർ അദ്ധ്യക്ഷയായിരുന്നു അന്നാചാണ്ടിയുടെ നേതൃത്വത്തിലുള്ള ആദ്യ മലയാളം വാരിക ശ്രീമതിയുടെ പത്രാധിപ സമിതി അംഗമായിരുന്നു ഇവർ.

സ്ത്രീകളും പുരുഷന്മാരോടൊപ്പമോ അതിൽ കൂടുതലോ സാഹിത്യബോധവും രചനാപാടവുമുള്ളവരാണെന്ന് ഉറച്ചു വിശ്വസിച്ച അമ്മാളുവമ്മ അക്കാലത്തെ മാസികകളിലും പത്രങ്ങളിലും ഗഹനമായ സാഹിത്യവിഷയങ്ങളെക്കുറിച്ചും

**കളിലെ പത്രമാധ്യമ ചരിത്രം പരിശോധിച്ചാൽ കേവലം ന്നത്തുണ്ടായിരുന്നുള്ളൂ എന്ന് മനസ്സിലാക്കാം. കെ. പ പാറുകുട്ടിയമ്മ, കെ. തങ്കം മേനോൻ എന്നിവർ അവ ഖനങ്ങൾ നവയുഗത്തിനുവേണ്ടി 1950തുകളിൽ തർ ഭർത്താവ് കെ. ദാമോദരനെ പത്രപ്രവർത്തനരംഗത്ത് ംഗത്ത് വരുന്നത്. ജനയുഗത്തിൽ വരുന്ന ലേഖനങ്ങൾ ്മമായിരുന്നു. ഏതാണ്ട് 1980 തുവരെ അമ്പാടി കാർ നം, സ്വതന്ത്രഭാരതത്തിലെ സ്ത്രീകൾ, ബാലസാഹിത്യ ാരാളം ലേഖനങ്ങൾ ഗൃഹലക്ഷ്മി അടക്കമുള്ള ആനു**

സ്ത്രീപക്ഷനിലപാടുകളെക്കുറിച്ചും എഴുതുമായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയും പത്നി ബി കല്ല്യാണിയമ്മയുമായുള്ള സൗഹൃദം അമ്മാളുവമ്മയ്ക്ക് തന്റെ സാഹിത്യപത്രപ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തും ഊർജ്ജവും നൽകിയിരുന്നു.

മേൽപ്പറഞ്ഞ നാലു വനിതകളും ഭാഷയിലും മറ്റ് വിഷയങ്ങളിലും അസാമാന്യ കഴിവ് തെളിയിച്ചവരായിരുന്നു. ഇവരുടെ രചനകൾ പലതും വെളിച്ചം കണ്ടത് അക്കാലത്തെ സാഹിത്യമാസികകളിലൂടെയും പത്രപ്രവർത്തനവേദികളിലൂടെയുമാണ്. ഇവരുടെ ധീരമായ എഴുത്തും നിലപാടുകളും പിൽക്കാലത്തെ വനിതാമാധ്യമ പ്രവർത്തനത്തിനും സ്ത്രീപോരാട്ടങ്ങൾക്കും ഊർജ്ജമായിട്ടുണ്ട് എന്നതാണ് വസ്തുത.

ശാരദയ്ക്കുശേഷം 1916 ലാണ് ഒരു വനിതാ മാസിക പ്രസിദ്ധീകരിക്കപ്പെടുന്നത് ; കെ.എം കുഞ്ഞുലക്ഷ്മിക്കെട്ടിലമ്മ എന്ന മഹാപണ്ഡിതയുടെ പ്രസാധനത്തിൽ 'മഹിളാരത്നം' എന്ന പേരിൽ അവരെക്കുറിച്ച് നമ്മൾ നേരത്തെ പരാമർശിച്ചിരുന്നു. വനിതാമാസികയാണെങ്കിലും ഇതിൽ എഴുത്തുകാർ ഒട്ടുമിക്കവരും പുരുഷന്മാരായിരുന്നു. മൂർക്കോർത്ത്, ഒടുവിൽ, കോയിപ്പള്ളി, പന്തളം, കുമാരനാശാൻ, ഉള്ളൂർ തുടങ്ങിയവർ – പ്രസാധകയ്ക്കു പുറമെ കെ.ചിന്നമ്മ, തൈക്കുന്നത്ത് കല്ല്യാണികുട്ടിയമ്മ, മയ്യനാട് ഇക്കാവമ്മ എന്നിങ്ങനെയുള്ള ചില സ്ത്രീകളും 'മഹിളാരത്ന'–ത്തിൽ എഴുതിയിരുന്നു. ചെങ്ങന്നൂർ മഹിളാലയത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച 'മഹിള'യാണ് ഏറ്റവുമധികകാലം പ്രസിദ്ധീകരിക്കപ്പെട്ട വനിതാമാസിക.1921 ൽ തുടങ്ങി ഏതാണ്ട് 20 വർഷക്കാലം അത് നിലനിന്നു. ആറ്റുകാൽ നീലകണ്ഠപിള്ളയുടെ പത്നി ബി. ഭാഗീരഥിയമ്മയായിരുന്നു അതിന്റെ പ്രസാധക. സുമംഗല, വനിതാമിത്രം, സ്ത്രീസഹോദരി, മുസ്ലീം വനിത, വനിതാകുസുമം തുടങ്ങി ആ കാലത്ത് പല വനിതാമാസികകളും പ്രസിദ്ധീകരണം നടത്തുകയുണ്ടായി. ഇവയിൽ സ്ത്രീസ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടി ശക്തമായി നിലകൊണ്ട മാസിക 'വനിതാകുസുമ'മാണ്. 1927 ൽ കോട്ടയത്തു നിന്നും 'പ്രതിദിനം' ദിനപത്രത്തിന്റെ പത്രാധിപർ വി.സി.ജോണിന്റെ നേതൃത്വത്തിലാണ് 'വനിതാകുസുമം' പ്രസിദ്ധീകൃതമായത്. കവറുൾപ്പെടെ 42 പേജുണ്ടായിരുന്ന മാസികയുടെ വാർഷിക വരിസംഖ്യ 2 രൂപയായിരുന്നു. രണ്ടായിരത്തിലേറെ വരിക്കാർ അന്നീ മാസികയ്ക്കുണ്ടായിരുന്നു. ഇത് സ്വതന്ത്ര സ്ത്രീപക്ഷ നിലപാടുകൾ അന്ന് കേരളത്തിലെ സ്ത്രീകൾ എങ്ങിനെയാണ് സ്വീകരിച്ചത് എന്നുള്ളതിന്റെ ഒരു ഉദാഹരണം കൂടിയാണ്.

വനിതകൾ മാസികകൾ മാത്രമല്ല വാരികയും നടത്തിയിരുന്നു. തിരുവനന്തപുരത്തുനിന്നും സി. കാർത്ത്യായനിയമ്മയുടെ നേതൃത്വത്തിൽ 'ശ്രീമതി' എന്ന പേരിലാണ് വാരിക നടത്തിയത്. 1935 ൽ ഒരു വിശേഷാൽ പ്രതിയുൾപ്പെടെ നാലുകൊല്ലം വാരിക പ്രസിദ്ധീകരിക്കുകയുണ്ടായി.

***സ്വാതന്ത്ര്യാനന്തരകാലം***

രാജ്യം സ്വാതന്ത്ര്യം നേടി പിന്നീടുള്ള ഒരു വ്യാഴവട്ടക്കാലം മാധ്യമരംഗത്തെ സ്ത്രീസാന്നിദ്ധ്യ സാധ്യതകളും സംഭാവനകളും തീരെ ദുർബ്ബലമായിരുന്നു. ഇക്കാലത്തെക്കുറിച്ച് വസ്തുനിഷ്ഠാപരമായ ഒരന്വേഷണം എങ്ങും നടന്നതായി കാണുന്നില്ല. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ പൊതുവെ നിലനിന്ന പോരാട്ടവീര്യവും സമരാന്തരീക്ഷവും അക്കാലത്തെ സ്ത്രീമുന്നേറ്റങ്ങൾക്ക് ഊർജ്ജം പകർന്നിരുന്നു. അതിന്റെ ഫലമായി ഉയിർത്തെഴുന്നേറ്റ സ്വത്വബോധവും അവകാശബോധവും സ്ത്രീ സമൂഹത്തെ അതുവരെ എത്തിപ്പെടാത്ത പല മേഖലകളിലേയ്ക്കും സധൈര്യം കടന്നു ചെല്ലാനും കീഴടക്കാനും അവരെ സന്നദ്ധരും കെൽപുള്ളവരുമാക്കി. മാധ്യമരംഗത്തെ സ്ത്രീ പ്രവേശവും അങ്ങനെ സംഭവിച്ചതാണ്.

എന്നാൽ സ്വാതന്ത്ര്യാനന്തരകേരളം പിന്നീട് മുൻഗണന നൽകിയത് പുതിയൊരു ലോകം കെട്ടിപ്പടുക്കാനുള്ള പദ്ധതികൾക്കും പരിപാടികൾക്കുമാണ്. ഐക്യകേരളം രൂപപ്പെടുന്നത് 1956 നവംബർ 1 നാണ്. അതിനുശേഷം ആദ്യമായി നടന്ന ജനാധിപത്യതെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റു മന്ത്രിസഭ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ടു കൊണ്ടുവന്ന പൊതുവിദ്യാഭ്യാസനിയമം, ആരോഗ്യനിയമം എന്നിവ പെൺകുട്ടികളുടെ അടിസ്ഥാനവിദ്യാഭ്യാസവും അടിസ്ഥാന ആരോഗ്യവും ഊട്ടിയുറപ്പിക്കാൻ സഹായകമായി. ജാ

തീയമായ തീണ്ടലും തൊട്ടുകൂടായ്മയും ഇല്ലാതാക്കാൻ കൂടി ഈ പരിഷ്ക്കരണങ്ങൾക്ക് കഴിഞ്ഞു. പിന്നീട് വന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞമുൾപ്പെടെ പല പദ്ധതികളും ഉദ്ദേശലക്ഷ്യങ്ങളൊക്കെ കൈവരിച്ചെങ്കിലും സ്ത്രീകളുടെ സാമൂഹ്യമായ അവസ്ഥ മറ്റുചില വെല്ലുവിളികളെ നേരിടുന്നുണ്ടായിരുന്നു. കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ച, കാർഷികമേഖലയിലെ അനിശ്ചിതത്വം എന്നിവ പുതിയൊരു സാമൂഹ്യസംസ്ക്കാരത്തിന് വഴി തുറന്നപ്പോൾ സ്ത്രീയുടെ സ്വത്വബോധചിന്തകൾ പല സന്ദർഭങ്ങളിലും അനാഥമാക്കപ്പെട്ടു. ഒരു പരിഭ്രമവും അന്ധാളിപ്പും സ്ത്രീസമൂഹത്തിൽ ഉണ്ടായി എന്നതാണ് സാമൂഹിക യാഥാർത്ഥ്യം. ഈ ഘടനാമാറ്റത്തിൽ തരിച്ചിരുന്നുപോയ സ്ത്രീകൾ പല മേഖലകളിലും മുന്നേറ്റം നടത്തുമ്പോഴും അടിസ്ഥാനസ്ത്രീവിഷയങ്ങളിൽ കടുത്ത വെല്ലുവിളികൾ നേരിടുന്നുണ്ടായിരുന്നു.

സർക്കാർ സ്കൂളുകൾ ധാരാളമായുണ്ടായി. വ്യവസ്ഥകളും നിയമങ്ങളുമുണ്ടായി. ആരോഗ്യപരിപാലനത്തിൽ ശുഷ്ക്കാന്തി കൊണ്ടുവന്നു. എന്നാൽ കുടുംബങ്ങളുടെ ഘടനയിലെ അധികാര സമവാക്യം പൊതു ഇടങ്ങളിലെ എന്ന പോലെ സ്ത്രീ വിരുദ്ധമായി ഇതിനിടയിൽ എന്നതാണ് യാഥാർത്ഥ്യം. സ്വാതന്ത്ര്യപോരാട്ടത്തിലും ഐക്യകേരള സമരവീഥികളിലും കയ്യും മെയ്യും മറന്ന് മാറ്റത്തിന് വേണ്ടി പുരുഷന്മാരോടൊപ്പം എല്ലാവെല്ലുവിളികളും സധൈര്യം നേരിട്ട സ്ത്രീക്ക് ഈ സമരങ്ങളൊക്കെ വിജയിച്ചതോടെ രാഷ്ട്രീയമായും സാമൂഹ്യമായും വലിയ തിരിച്ചടിയാണ് നേരിട്ടത്. അധികാരകേന്ദ്രങ്ങളിലേക്ക് സ്ത്രീസമൂഹത്തിന്റെ കടന്നു വരവ് ഒരർത്ഥത്തിൽ സംഘടിതമായി ചെറുത്തു തോൽപിക്കപ്പെട്ടു.

ഈയൊരു പിന്നോട്ടടി ഏറ്റവും പ്രകടമായി അനുഭവപ്പെട്ടത് മാധ്യമരംഗത്താണ്. മാധ്യമരംഗം ഇതിനകം സാങ്കേതികമായും ഘടനാപരമായും കൂടുതൽ വിപുലീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. സ്വകാര്യപത്രങ്ങളുടെ എണ്ണം വർദ്ധിച്ചു. പല രാഷ്ട്രീയ പാർട്ടികൾക്കും സ്വന്തമായി പത്രങ്ങൾ വന്നു. മലയാള മനോരമ, മാതൃഭൂമി, ദീപിക പോലുള്ള വൻകിട പത്രങ്ങളോട് കിടപിടിക്കാൻ കഴിയില്ലെങ്കിൽപോലും ദേശാഭിമാനി, ജനയുഗം, വീക്ഷണം പോലുള്ള പത്രങ്ങൾ അവരുടെ സാന്നിദ്ധ്യം വാർത്താലോകത്ത് അടയാളപ്പെടുത്തുക തന്നെ ചെയ്തു. 1985 ജനുവരി 1 ന് 'ദൂരദർശൻ' വരുന്നതു വരെ കേരളത്തിൽ അച്ചടിമാധ്യമങ്ങൾ ആയിരുന്നു മുഖ്യ വാർത്താവിതരണ ഉപാധി. തീർച്ചയായും ആകാശവാണി നിലവിലുണ്ടായിരുന്നു. അതിലേയ്ക്ക് പിന്നീട് വരാം. എന്നാൽ 1985 വരെയുള്ള അച്ചടി മാധ്യമ രംഗത്തെ വനിതാ സാന്നിദ്ധ്യം എന്തായിരുന്നു എന്ന് പരിശോധിക്കേണ്ടതുണ്ട്.

***ശൂന്യകാലം***

രാജ്യം സ്വതന്ത്രമായശേഷമുള്ള 1950 തുകളിലെ പത്രമാധ്യമ ചരിത്രം പരിശോധിച്ചാൽ കേവലം വിരലിലെണ്ണാവുന്ന സ്ത്രീകളേ ഈ രംഗത്തുണ്ടായിരുന്നുള്ളൂ എന്ന് മനസ്സിലാക്കാം. കെ. പദ്മം, അമ്പാടി കാർത്ത്യായിനിയമ്മ, വി. പാറുകുട്ടിയമ്മ, കെ. തങ്കം മേനോൻ എന്നിവർ അവരിൽ ചിലർ. 'ന്യൂ ഏജ്' ലെ ധാരാളം ലേഖനങ്ങൾ നവയുഗത്തിനുവേണ്ടി 1950തുകളിൽ തർജ്ജമ ചെയ്തത് കെ. പത്മമായിരുന്നു. ഭർത്താവ് കെ. ദാമോദരനെ പത്രപ്രവർത്തനരംഗത്ത് സഹായിച്ചുകൊണ്ടാണ് പത്മയും പത്രരംഗത്ത് വരുന്നത്. ജനയുഗത്തിൽ വരുന്ന ലേഖനങ്ങൾ പലതും പ്രൂഫ്

**മാധ്യമസ്ത്രീ കൈകാര്യം ചെയ്യേണ്ടതെന്ന് മാധ്യ ര്യം, പാചകം, ആരോഗ്യസംരക്ഷണം, കുടുംബപ സ്ത്രീതന്നെ വേണ്ടതില്ലെന്ന കാഴ്ചപ്പാടിൽ നാ ള്ളൂ. അത്തരം വാർത്തകളും പംക്തികളും ചെ സ്ത്രീപ്രശ്നങ്ങളെ സംബന്ധിച്ച പൊതുവാർ പലപ്പോഴും ഉണ്ടായിരുന്നില്ല. എന്നാൽ ബലാ കൊലപാതകം, പ്രണയം, ഗാർഹിക പീഡനം, സ് സ്ത്രീകൾ റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയതോടെ സൃഷ്ടിക്കാൻ കഴിഞ്ഞു. ഒരു പരിധിവരെ റി കടന്നുവരാൻ തുടങ്ങി. ഏറ്റവുമധികം സ്ത്രീവി ലൈംഗിക പീഡനക്കേസ് നടക്കുന്ന കാലയള പ്രശ്നത്തിന്റെ സാമൂഹ്യപ്രാധാന്യം കുറച്ചു ക ച്ചോട്ടം പോലുള്ളവ വാർത്തയെ കൂടുതൽ പൈങ്കിളിയുമാക്കി.**

നോക്കിയിരുന്നതും പത്മമായിരുന്നു. ഏതാണ്ട് 1980 തുവരെ അമ്പാടി കാർത്ത്യായിനിയമ്മ വിദ്യാഭ്യാസ പരിഷ്ക്കരണം, സ്വതന്ത്രഭാരതത്തിലെ സ്ത്രീകൾ, ബാലസാഹിത്യനിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ ധാരാളം ലേഖനങ്ങൾ ഗൃഹലക്ഷ്മി അടക്കമുള്ള ആനുകാലികങ്ങളിൽ എഴുതിയിരുന്നു.

പ്രസാധകരും പത്രാധിപരും, ലേഖകരും വിവർത്തകരും പ്രൂഫ് വായനക്കാരുമൊക്കെയായി

അതുവരെ മാധ്യമരംഗത്ത് പ്രവർത്തിച്ച സ്ത്രീകളിൽ നിന്നും തങ്കം മേനോനെ വ്യത്യസ്തയാക്കുന്നത് വനിതാ ന്യൂസ് എഡിറ്ററായി ഒരു പത്രത്തിൽ ആദ്യമായി സേവനമനുഷ്ഠിച്ചു എന്നതാണ്. മാതൃഭൂമിയിൽ സ്ഥിരമായി ലേഖനങ്ങൾ എഴുതിപ്പോന്ന തങ്കം മേനോൻ 1973 ൽ കുറച്ചുകാലം ന്യൂസ് എഡിറ്ററുടെ ചുമതല വഹിച്ചിരുന്നു. പിന്നീട് 1976 ൽ അസിസ്റ്റന്റ് എഡിറ്ററായി. തങ്കം മേനോന്റെ സഹപാഠിയായിരുന്ന വി പാറുകുട്ടിയമ്മ 1968 ൽ മാതൃഭൂമിയിൽ ലൈബ്രേറിയനായി ജോലി ചെയ്യുകയുണ്ടായി.

1970 മുതൽ 1990വരെയുള്ള ഇരുപത് വർഷത്തെ മാധ്യമചരിത്രംപരിശോധിച്ചാൽ വനിതക

**തെന്ന് മാധ്യമ ലോകം തീരുമാനിച്ചിരുന്ന സൗന്ദ കുടുംബപുരാണം തുടങ്ങിയ. വിഷയങ്ങൾക്ക് ചപ്പാടിൽ നാമെത്തിയിട്ട് കുറച്ചു നാളേ ആയിട്ടു ത്തികളും ചെയ്യുന്ന കാലത്ത് സ്വാഭാവികമായും പാതുവാർത്തകൾക്ക് സ്ത്രീപക്ഷ കാഴ്ചപ്പാട് ാൽ ബലാത്സംഗം, മറ്റ് ലൈംഗിക പീഡനങ്ങൾ, പീഡനം, സ്ത്രീധനപ്രശ്നം എന്നീ വിഷയങ്ങൾ ങ്ങിയതോടെ അവയ്ക്ക് വേറെ ചില മാനങ്ങൾ ധിവരെ റിപ്പോർട്ടിംഗിൽ സ്ത്രീപക്ഷ വാദങ്ങൾ കം സ്ത്രീവിരുദ്ധത അനുഭവപ്പെട്ടത് സൂര്യനെല്ലി ന്ന കാലയളവിലാണ്. തലക്കെട്ടുകൾപോലും കുറച്ചു കളഞ്ഞു. പതിനാറുകാരിയുടെ ഒളി കൂടുതൽ സെൻസേഷണലാക്കി. പലപ്പോഴും**

ളുടെ സാന്നിദ്ധ്യം നാമമാത്രമായിരുന്നു എന്ന് കാണാം. ഇക്കാലത്താണ് വനിതാമാസികകൾ കൂടുതലായി പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. മനോരമയുടെ 'വനിത', മാതൃഭൂമിയുടെ 'ഗൃഹലക്ഷ്മി' കുങ്കുമത്തിന്റെ 'കുമാരി' എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഗൃഹലക്ഷ്മി 1979ൽതുടങ്ങുമ്പോൾ മുതൽ അതിൽ സബ് എഡിറ്ററായി ജോലിയിൽ പ്രവേശിച്ച ഡോ.പി.ബി.ലാൽക്കർ പിന്നീട് അതിന്റെ സ്വതന്ത്ര ചുമതല ഏറ്റെടുത്തു. എന്നാൽ 1976 മുതൽ 1979 വരെ 'വീക്ഷണം പത്രത്തിൽ സേവനം അനുഷ്ഠിച്ചിരുന്നു. 'ലാൽക്കർ 'എന്ന പേരിൽ ഒരു ഹിന്ദി മാസിക അവർ സ്വന്തമായി പ്രസിദ്ധീകരിക്കുകയുണ്ടായി. 1995 മുതൽ ഗൃഹലക്ഷ്മിയിൽ നിന്ന് മാറി മാതൃഭൂമിയുടെ വാരാന്ത്യത്തിൽ അസിസ്റ്റന്റ് എഡിറ്ററായി പ്രവർത്തിച്ചു. 1999മുതൽ മാതൃഭൂമി ദിനപത്രത്തിലേക്ക് മാറി. അവിടെ നിന്ന് വിരമിച്ചു.

ദേശാഭിമാനിയിൽ തുളസി ഭാസ്ക്കർ സബ് എഡിറ്ററായി ചേരുന്നത് 1984ലാണ്. ദേശാഭിമാനി ദിനപത്രത്തിൽ ന്യൂസ് എഡിറ്ററായ ആദ്യ വനിതയാണിവർ. ജനയുഗം ദിനപത്രത്തിൽ 1976 മുതൽ 1978 വരെ മൂന്ന് വനിതകൾ സബ്എഡിറ്റർ ട്രെയിനികളായി ജോലിക്ക് ചേർന്നു. പി. എസ്. നിർമ്മല, ഷൈല സി.ജോർജ്, ഗീതാ നസീർ എന്നിവർ ഇതിൽ പിഎസ് നിർമ്മല പിന്നീട് മാതൃഭൂമിയിൽ ചേർന്ന് ഡപ്യൂട്ടി ന്യൂസ് എഡിറ്റർ പദവി വരെയെത്തി വിട്ടുപോയ ഗീതാ നസീർ 1979ന് ശേഷം 1983 മുതൽ 1985 വരെയും പിന്നീട് ജനയുഗം പുന:പ്രസിദ്ധീകരിച്ച ശേഷം 2012 മുതൽ 2018 വരെയും ന്യൂസ് ഡസ്ക്കിൽ ജോലിചെയ്ത് ഡപ്യൂട്ടി കോ ഓർഡിനേറ്റിംഗ് എഡിറ്ററായി വിരമിച്ചു. ഈ കാലയളവിൽ എഡിറ്റർ ഫീച്ചർ പേജുകളുടെ ചുമതല വഹിച്ചു. പത്രത്തിൽ മുഖപ്രസംഗം എഴുതുകയും ചെയ്യുമായിരുന്നു. മാതൃഭൂമിയിൽ 1985ൽ എ എം പ്രീതി, 1987ൽ ബിലീന തുടങ്ങിയവർ സബ് എഡിറ്റർമാരായി തുടങ്ങി സ്പെഷ്യൽ കറസ് പോണ്ടന്റ് വരെ എത്തി ഇപ്പോഴും ജോലിയിൽ തുടരുന്നു.

കേരളകൗമുദിയിൽ പത്രപ്രവർത്തകയായി 1987ൽ ജോലിയിൽ പ്രവേശിച്ച കെ. എ ബീന ദൂരദർശനിലും, ആകാശവാണിയിലും ന്യൂസ് എഡിറ്റർ ആയി ജോലി ചെയ്യുകയുണ്ടായി. ഇരുപത്തിഏഴോളം പുസ്തകങ്ങളുടെ രചയിതാവ് കൂടിയാണ് ബീന. കലാകൗമുദി വിമൻസ് മാഗസീൻ, ഗൃഹലക്ഷ്മി എന്നിവയിൽ പ്രവർത്തിക്കുകയുണ്ടായി. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ 1991ൽ ചേർന്നതോടെയാണ് ഔദ്യോഗിക വാർത്താ മാധ്യമങ്ങളിൽ വാർത്തകളുടെ ചുമതലക്കാരിയായത്.

ദേശാഭിമാനിയിൽ 1989ലാണ് ആർ.പാർവ്വതീദേവി സബ് എഡിറ്ററായി ചേരുന്നത്. നിയമസഭാ റിപ്പോർട്ടിംഗ് അടക്കമുള്ള ജോലിയിൽ സ്ത്രീയായി ആദ്യം വരുന്നത് പാർവ്വതിയാണ്. സീനിയർ സബ് എഡിറ്ററായിരിക്കുമ്പോഴാണ് ഏഷ്യാനെറ്റിലേക്ക് മാറുന്നത്. കൈരളി അടക്കമുള്ള വാർത്താചാനലുകളിൽ ന്യൂസ് ബ്യൂറോയുടെ നേതൃത്വം ഏറ്റെടുത്ത ആദ്യ വനിതകൂടിയായിരുന്നു പാർവ്വതി. കെ. ആർ മീര 1993ലാണ് മനോരമയുടെ എഡിറ്റോറിയൽ വിഭാഗത്തിൽ പത്രപ്രവർത്തകയായി ജോലിയിൽ പ്രവേശിക്കുന്നത്. 2006 വരെ അവിടെ തുടർന്ന ശേഷം മുഴുവൻ സമയ എഴുത്തിലേക്ക് പോവുക

യായിരുന്നു. ലീലാ മേനോൻ, പ്രേമ മന്മഥൻ തുടങ്ങിയവർ ഇംഗ്ലീഷ് പത്രങ്ങളിൽ ന്യൂസ് എഡിറ്റർമാരായി പ്രവർത്തിക്കുകയുണ്ടായി. 1978ൽ ഇന്ത്യൻ എക്സ്പ്രസ്സിൽ ചേർന്ന ലീലാ മേനോൻ 2000 വരെ വിവിധ തസ്തികകളിൽ ജോലി ചെയ്തു. വിട പറയുമ്പോൾ അവർ 'ജന്മഭൂമി' പത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്നു. ഇതിനിടയിൽ കുറച്ചധികം പെൺകുട്ടികൾ പത്ര മാധ്യമരംഗത്ത് സബ് എഡിറ്ററായും റിപ്പോർട്ടർമാരായും വരികയും ചിലർ തുടരുകയും മറ്റുചിലർ വിട്ടു പോവുകയുമുണ്ടായി.

മാധ്യമ പ്രവർത്തനം കൂടുതൽ കരുത്ത് ആർജിച്ച ഈ ഇരുപത് വർഷക്കാലം ഈ മേഖലകളിലെ വിരലിൽ എണ്ണാവുന്ന സ്ത്രീ സാന്നിദ്ധ്യത്തെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചത്.

### *സ്ത്രീപക്ഷ വാർത്തകൾ*

മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെപ്പറ്റിയുള്ള ചരിത്രപരമായ ഒരു വിശകലനമാണ് ഇതുവരെ നടത്തിയത്. ഒപ്പം അവർ നേരിടുന്ന പ്രശ്നങ്ങളും നമ്മൾ കണ്ടു. എന്നാൽ മാധ്യമ ലോകം സ്ത്രീകളെ എങ്ങനെ അടയാളപ്പെടുത്തി എന്നതുകുടി പരിശോധിക്കേണ്ടതുണ്ട്. ഒരു വാർത്ത നമ്മൾ കാണുന്ന രീതിയിൽ വായിക്കപ്പെടും മുൻപുവരെ അത് പല വിധഘട്ടങ്ങളിൽകൂടി കടന്നുപോകും. ആദ്യം വാർത്ത കണ്ടെത്തണം, പിന്നെ അത് വിശകലനം ചെയ്യണം, അതിലെ മറ്റ് സാധ്യതകളും വശങ്ങളും പരിശോധിക്കണം, പിന്നീടത് വാർത്തയാക്കി അതിനാവശ്യമായ എഡിറ്റിംഗ് വരുത്തി, തലവാചകവും അനുയോജ്യമായ ഫോട്ടോകളും നൽകിയശേഷം അത് അച്ചടിച്ച് പലതവണ പ്രൂഫ് തിരുത്തിയാണ് ഫൈനൽ പ്രിന്റിന് പോവുക. ഈ ദീർഘമായ നടപടികൾക്ക് വിധേയമാകുന്ന വാർത്തകൾക്ക് എന്തെങ്കിലുമൊക്കെ ലക്ഷ്യം പലപ്പോഴും നിറവേറ്റാനുണ്ടാകും. അത് തീർച്ചയായും വാർത്തയെ ആശ്രയിച്ചും മാധ്യമ സ്ഥാപനത്തിന്റെ താല്പര്യമനുസരിച്ചുമായിരിക്കും നിർമ്മിക്കപ്പെടുക. ഉദാഹരണത്തിന് വളരെ നിർദ്ദോഷകരമെന്ന് തോന്നാവുന്ന ഒരു ചരമ വാർത്തയാണ് കൊടുക്കുന്നതെന്ന് കരുതുക. മരിച്ചയാളുടെ പ്രാധാന്യം, ബന്ധം, പ്രായം, സംഭാവനകൾ ഒക്കെ കണക്കിലെടുത്ത് ആ വാർത്ത ചരമപ്പേജിലോ ജനറൽ പ്പേജിലോ എവിടെയാണ് പോകേണ്ടതെന്ന് എഡിറ്റോറിയൽ വിഭാഗം തീരുമാനിക്കും. മരിച്ചയാൾ പുരുഷനാണെങ്കിൽ അയാളുടെ ഭാര്യ ഇന്ന സ്ത്രീയാകുന്നു. മക്കളും മരുമക്കളും ഇന്നവരൊക്കെയാകുന്നു എന്നും കൊടുക്കും. അതേസമയം മരിച്ചയാൾ സ്ത്രീയാകുമ്പോൾ ഇന്നയാളുടെ ഭാര്യ അന്തരിച്ചു എന്നാണ് വാർത്ത കൊടുക്കുക. ഭർത്താവ് അറിയപ്പെട്ട ആളല്ലെങ്കിലും ഏതോ ഒരു സദാശിവന്റെ ഭാര്യ ഉഷ അന്തരിച്ചു. ഭർത്താവ് പ്രസിദ്ധനാണെങ്കിൽ പിന്നെ പറയുകയും വേണ്ട – മേൽവിലാസങ്ങളില്ലാത്ത സ്ത്രീകൾ എന്നത് ഒരു സാമൂഹ്യസൃഷ്ടിയാണ്. ലളിതയുടെ ഭർത്താവ് രാഘവൻ അന്തരിച്ചു എന്ന് പറയാൻ ശീലിക്കാത്ത സാമൂഹ്യബോധം ഇന്നും വാർത്താലോകത്ത് തിരുത്തിക്കാൻ നമുക്കാകുന്നില്ല. മരണമല്ലേ അതിലും ലിംഗപരമായ അനീതി കാണുന്നതെന്തിന് എന്ന നിഷ്ക്കളങ്ക ചോദ്യം എനിക്ക് കേൾക്കാം. ചെറിയ ചെറിയ ശ്രദ്ധിക്കപ്പെടാതെ പോകുന്ന നിരുപദ്രവമെന്ന് പൊതുസമൂഹം കരുതുന്ന ഇത്തരം ലിംഗവിവേചനങ്ങളിൽ തിരുത്തൽ വരുത്തി വേണം ലിംഗനീതിയിലേയ്ക്ക് ഒരു സമൂഹത്തിന് നടന്നുകയറാൻ. പൊതുവെ മാധ്യമ വിദ്യാർത്ഥികളോട് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്ന ചെറിയ ഉദാഹരണമാണിത്. മാധ്യമസ്ത്രീ കൈകാര്യം ചെയ്യേണ്ടതെന്ന് മാധ്യമ ലോകം തീരുമാനിച്ചിരുന്ന സൗന്ദര്യം, പാചകം, ആരോഗ്യസംരക്ഷണം, കുടുംബപുരാണം തുടങ്ങിയ. വിഷയങ്ങൾക്ക് സ്ത്രീതന്നെ വേണ്ടതില്ലെന്ന കാഴ്ചപ്പാടിൽ നാമെത്തിയിട്ട് കുറച്ചു നാളേ ആയിട്ടുള്ളൂ. അത്തരം വാർത്തകളും പംക്തികളും ചെയ്യുന്ന കാലത്ത് സ്വാഭാവികമായും സ്ത്രീപ്രശ്നങ്ങളെ സംബന്ധിച്ച പൊതുവാർത്തകൾക്ക് സ്ത്രീപക്ഷ കാഴ്ചപ്പാട് പലപ്പോഴും ഉണ്ടായിരുന്നില്ല. എന്നാൽ ബലാത്സംഗം, മറ്റ് ലൈംഗിക പീഡനങ്ങൾ, കൊലപാതകം, പ്രണയം, ഗാർഹിക പീഡനം, സ്ത്രീധനപ്രശ്നം എന്നീ വിഷയങ്ങൾ സ്ത്രീകൾ റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയതോടെ അവയ്ക്ക് വേറെ ചില മാനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ഒരു പരിധിവരെ റിപ്പോർട്ടിംഗിൽ സ്ത്രീപക്ഷ വാദങ്ങൾ കടന്നുവരാൻ തുടങ്ങി. ഏറ്റവുമധികം സ്ത്രീവിരുദ്ധത അനുഭവപ്പെട്ടത് സൂര്യനെല്ലി ലൈംഗിക പീഡനക്കേസ് നടക്കുന്ന കാലയളവിലാണ്. തലക്കെട്ടുകൾപോലും പ്രശ്നത്തിന്റെ സാമൂഹ്യപ്രാധാന്യം കുറച്ചുകളഞ്ഞു. പതിനാറുകാരിയുടെ ഒളിച്ചോട്ടം പോലുള്ളവ വാർത്തയെ കൂടുതൽ സെൻസേഷണലാക്കി. പലപ്പോഴും പൈങ്കിളിയുമാക്കി. പ്ലസ് ടുവിന് പഠിക്കുന്ന പെൺകുട്ടി ബസ്സിലെ കിളിയുമായുണ്ടായ പ്രണയത്തെ തുടർന്ന് വഞ്ചിക്കപ്പെടുകയും, അയാളാൽ ഒരു സെക്സ് റാക്കറ്റിന്റെ ഇരയാകുകയുമായിരുന്നു സംഭവം. അബോധാവസ്ഥയിൽ അവളെ ലൈംഗികമായി ഉപദ്രവിച്ച 42 പുരുഷന്മാരെപ്പറ്റി ഒരു എക്സ്ക്ലൂസിവും വാർത്താമാധ്യമങ്ങളിൽ വന്നില്ലെങ്കിൽപ്പോലും അവളുടെ തെളിവെടുപ്പ് വിശേഷങ്ങൾ തലയിൽ മുണ്ടിട്ട കളർപടങ്ങളോടെ ആറു കോളം വാർത്തയായി വന്നു. പെൺകുട്ടിക്ക് സ്വന്തം പേര് നഷ്ടമായി. സൂര്യനെല്ലി പെൺകുട്ടിയായി അവളും അവളുടെ കുടുംബവും ഇന്നും സാമുഹ്യ ഭ്രഷ്ട് നേരിടുന്നു. എന്നാൽ കേസിൽ അടുത്തകാലത്ത്

വിധി വന്ന് ശിക്ഷിക്കപ്പെടും വരെ ഈ പുരുഷന്മാർ അവരുടെ ജീവിതം ആഗ്രഹിച്ചതുപോലെ കൊണ്ടുപോയി. അവരുടെ കുടുംബാംഗങ്ങൾ സുരക്ഷിതരായി. ഒരു മാധ്യമവും ഈ പുരുഷന്മാരുടെ പൂർവ്വചരിത്രമോ കുടുംബവിവരമോ തേടിപ്പോയില്ല. ഇക്കാര്യം സ്ത്രീസമൂഹത്തിൽ വലിയ ഒച്ചപ്പാടു സൃഷ്ടിച്ചതോടെ ലൈംഗിക പീഡനക്കേസുകൾ റിപ്പോർട്ടു ചെയ്യുന്നതിൽ പിന്നീടങ്ങോട്ട് ജാഗ്രത കാണിക്കാൻ നിർബന്ധിതരായി. വനിതാമാധ്യമപ്രവർത്തകരും തങ്ങളുടെ സ്ത്രീപക്ഷ ഉൽകണ്ഠകൾ പങ്കുവെയ്ക്കാനും അവയ്ക്കാവശ്യമായ രേഖകൾ ശേഖരിച്ച് വാർത്തയാക്കാനും തയ്യാറായി.

അതുപോലെ അബല, ദുർബ്ബല, ആശ്രിത, ചപല തുടങ്ങിയ വിശേഷണങ്ങൾ ഇന്ന് സ്ത്രീ വാർത്തകളിൽ നിന്ന് അപ്രത്യക്ഷമായി. റേപ്പ് എന്ന വാക്കിന് മാനഭംഗം എന്നായിരുന്നു മലയാളത്തിൽ ഉപയോഗിച്ചിരുന്നത് മാനത്തിന് ഒരു ഭംഗവുമില്ല. സ്ത്രീയെ അപമാനിക്കുന്നവരുടെ മാനത്തിനാണ് ഭംഗം എന്നതുകൊണ്ട് അത് ബലാൽസംഗമായും പിന്നീട് ലൈംഗികാതിക്രമമായും മാറി. ഇത്തരത്തിൽ വാർത്തകളിലെ പദപ്രയോഗങ്ങളിൽ സ്ത്രീ വിരുദ്ധത ധാരാളം കടന്നുകൂടാറുണ്ട്. കുറച്ചുകാലം മുൻപ് മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന മംഗളം ചാനൽ സംഭവം റിപ്പോർട്ടുചെയ്ത രീതി അത്തരത്തിലൊന്നായിരുന്നു. 'ഹണീട്രാപ്പ് എന്നതിനു മാധ്യമങ്ങൾ കൊടുത്തത് പെൺകെണി എന്നായിരുന്നു. ഹണി അഥവാ തേൻ എന്നത് സ്ത്രീലിംഗമാക്കിയ ലിംഗ സമീപന റിപ്പോർട്ടിംഗ് അന്ന് വനിതാ മാദ്ധ്യമ പ്രവർത്തകർക്കിടയിൽ വലിയ പ്രതിഷേധത്തിനിടയാക്കി. പിന്നീട് ആ പ്രയോഗം പിൻവലിച്ച് തേൻകെണി എന്നും ചതിക്കെണി എന്നും മറ്റും ഉപയോഗിക്കുകയുണ്ടായി. ഹണിട്രാപ്പിന് ഒരു വനിതാ മാധ്യമപ്രവർത്തകയെ നിയോഗിച്ച മാധ്യമ പ്രവർത്തനശൈലിയും ഏറെ വിമർശനത്തിനിടയായി എന്നതു മറ്റൊരുകാര്യം. മലയാളമാധ്യമ പ്രവർത്തനചരിത്രത്തിലെ ഇത്തരത്തിലുള്ള ആദ്യത്തെ സ്ത്രീവിരുദ്ധ നടപടിയും ഇതായിരുന്നു. ലിംഗാവബോധത്തിന്റെ അളവുകോൽ സാമൂഹ്യമാറ്റങ്ങളോടൊപ്പം മാറുന്നു എന്നതിന്റെ ഒരു ഉദാഹരണമാണ് പദാവലികളിലെ ഇത്തരം മാറ്റങ്ങൾ. ജെണ്ടർ എന്നത് തുല്യനീതി ഉറപ്പാക്കുമ്പോൾ മാത്രം അർത്ഥവത്താകുന്ന ഒരു വാക്കാണ്. അത് സംഭവിക്കാത്തിടത്തോളം കാലം ആൺ പെൺ എന്ന പ്രയോഗങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. അതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീവിഭാഗങ്ങളെക്കുറിച്ചുള്ള മാധ്യമ റിപ്പോർട്ടിംഗ്. ദളിത്, ആദിവാസി, മത്സ്യത്തൊഴിലാളി, മറ്റ് തൊഴിലാളികൾ, കർഷകർ, അസംഘടിതമേഖലാ ജോലിക്കാർ എന്നിവരെ സംബന്ധിക്കുന്ന വാർത്തകളിൽ ലിംഗനീതി തീർച്ചയായും ഉറപ്പാക്കണം. കരുണ പിടിച്ചുപറ്റുന്ന വികാരനിർഭരമായ പദപ്രയോഗങ്ങളേക്കാൾ ശ്രദ്ധ കൊടുക്കേണ്ടത് ക്രിയാത്മകവും, പ്രചോദനകരവുമായ എന്ത് മാനമാണ് അത്തരം വാർത്തകൾക്ക് നൽകേണ്ടത് എന്നതിനായിരിക്കണം. അവരുടെ ഇടയിലെ ചൂഷണവും അവർ നേരിടുന്ന അനീതിയും നിസ്സംശയം പുറത്തുകൊണ്ടു വരണം. തുല്യജോലിക്ക് തുല്യവേതനമെന്ന ആദ്യലിംഗനീതി പ്രഖ്യാപനം പല മേഖലകളിലും നടപ്പിലാക്കുന്നില്ല. ഇത് സമൂഹമധ്യത്തിൽ തുറന്നു കാട്ടാൻ മാധ്യമ പ്രവർത്തകർക്ക് കഴിയണം.

### *ടെലിവിഷനും സ്ത്രീയും*

ദൃശ്യമാധ്യമങ്ങളുടെ വരവോടെ മാധ്യമരംഗത്തെ സ്ത്രീകളുടെ സാന്നിദ്ധ്യവും വർദ്ധിച്ചു. അച്ചടിമാധ്യമങ്ങളിൽ നാമമാത്രമായുണ്ടായിരുന്ന വനിതകളുടെ എണ്ണവും ഇതോടെയാണ് വർദ്ധിച്ചത്. പത്രമാധ്യമകോഴ്സുകൾ സജീവമായതും ഇതിനൊരു കാരണമാണ്. എഞ്ചിനീയറിംഗിനും മെഡിസിനും ചേരുക ജീവിതവ്രതമാക്കിയ വിദ്യാർത്ഥികളിൽ പലരും മാധ്യമകോഴ്സുകളിലേയ്ക്ക് വരാൻ തുടങ്ങിയത് വിദ്യാഭ്യാസരംഗത്തെ പുതിയൊരു മാറ്റമായിരുന്നു. ദൃശ്യമാധ്യമരംഗത്തിന്റെ മാസ്മരികവശത്തിൽ ആകൃഷ്ടരായി ഈ കോഴ്സുകളിൽ എത്തിപ്പെടുന്നവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. തുടക്കത്തിൽ വെളിച്ചം കണ്ട് ഈയാംപാറ്റകൾ പറന്നടുക്കുന്നതുപോലെ വന്നെത്തിയവരിൽ പലരും എങ്ങുമെത്താതെ മാധ്യമപ്രവർത്തനം വഴിയിലുപേക്ഷിക്കാൻ നിർബന്ധിതരായി. കഴിവു തെളിയിച്ചവർ അതേസമയം ഈ രംഗത്ത് ശോഭിക്കുകയും ചെയ്യുന്നു. മാധ്യമപ്രവർത്തനം ഗൗരവത്തോടെ സമീപിക്കേണ്ടതാണെന്ന പൊതുധാരണ ഏതായാലും ഇപ്പോൾ ശക്തിപ്പെട്ടിട്ടുണ്ട്.

ആദ്യ ടെലിവിഷൻ സംപ്രേക്ഷണം ആരംഭിച്ചത് 1982 നവമ്പർ 19ലെ ഏഷ്യൻ ഗെയിംസിന്റെ വർണ്ണാഭമായ തുടക്കം കാണിച്ചുകൊണ്ടാണ്. എന്നാൽ അതിന് മുൻപ് 1977 ൽ തിരുവനന്തപുരം മ്യൂസിയം ഗ്രൗണ്ടിൽ പരീക്ഷണാടിസ്ഥാനത്തിൽ ടെലിവിഷൻ പ്രദർശനം നടന്നിരുന്നു. കേരളത്തിൽ കെൽട്രോണിന്റെ നേതൃത്വത്തിൽ 1974-75 കാലത്തു തന്നെ ടെലിവിഷൻ നിർമ്മാണം തുടങ്ങിയതാണ് അതിന് കാരണം.

ദൂരദർശൻ മലയാള സംപ്രേക്ഷണം ഔദ്യോഗികമായി ആരംഭിക്കുന്നത് 1985 ജനുവരി 1 നാണ്. പുതുവർഷ സമ്മാനമായി - മലയാള ടെലിവിഷനിൽ തെളിയുന്ന ആദ്യത്തെ സ്ത്രീമുഖം ഹേമലതയുടേതാണ്. ആദ്യദിവസത്തെ രണ്ടാമത്തെ ന്യൂസ് ബുള്ളറ്റിൻ വായിച്ചുകൊണ്ടാണ് ഹേമലത അതിന് തുടക്കമിട്ടത്. വാർത്തകൾ വായിക്കാൻ പിന്നീട് കൂടുതൽ സ്ത്രീകൾ വന്നെങ്കിലും വാർത്തകളുടെ പിന്നാമ്പുറത്ത് സ്ത്രീ പ്രാതിനിധ്യം കുറവായിരു

ന്നു. ദൂരദർശനിൽ പ്രൊഡ്യൂസർ, അസിസ്റ്റന്റ് പ്രൊഡ്യൂസർ തുടങ്ങിയ തസ്തികകളിൽ തുടക്കത്തിൽ ഒരു സ്ത്രീമാത്രമേ ഉണ്ടായിരുന്നുള്ളൂ – ടി എൻ ലതാമണി.

സാങ്കേതികമായി ഒട്ടേറെ പരിമിതികൾ ആദ്യകാല സംപ്രേക്ഷണങ്ങൾക്കുണ്ടായിരുന്നു. ആദ്യഘട്ടത്തിൽ ദൂരദർശൻ മലയാള പരിപാടി തിരുവനന്തപുരത്തും കൊച്ചിയിലും മാത്രമാണ് ലഭിച്ചിരുന്നത്. കേരളത്തിലൊട്ടാകെ സംപ്രേക്ഷണം ലഭിക്കുന്നത് 1993 ലാണ്. ഇതേ വർഷത്തിൽ തന്നെയാണ് സ്വകാര്യചാനലുകൾ കേരളത്തിൽ ആരംഭിക്കുന്നത്. ഏഷ്യാനെറ്റാണ് ആദ്യം വന്നത് 1993 ഓഗസ്റ്റ് 30ന്. ഇന്ത്യയിലെ ഈ രംഗത്തെ ആദ്യ സ്വകാര്യസംരംഭവും ഏഷ്യാനെറ്റാണ്. സൂര്യടിവി 1998 ലും തുടർന്ന് കൈരളി, ജീവൻ, ജയ്ഹിന്ദ്, മാതൃഭൂമി, മനോരമ, കൗമുദി, മീഡിയ വൺ, റിപ്പോർട്ടർ, ഇന്ത്യാവിഷൻ, ഫ്ളവേഴ്സ്, മംഗളം, 24 തുടങ്ങി നിരവധി ന്യൂസ് ചാനലുകളും അനുബന്ധ എന്റർടെയിൻമെന്റ് ചാനലുകളും ഒന്നിനുപുറകെ ഒന്നായി സംപ്രേക്ഷണം ആരംഭിച്ചു.

ഇന്ന് വാർത്താലോകത്ത് ടെലിവിഷൻ ചാനലുകൾക്ക് അനിഷേധ്യമായ സ്വാധീനമാണുള്ളത്. തത്സമയ സംപ്രേക്ഷണം വഴി ലോകത്തെ ഏത് വാർത്തകളും സംഭവങ്ങളും പ്രേക്ഷകർക്കിടയിലേയ്ക്ക് ആ നിമിഷം എത്തുന്നു എന്നതുകൊണ്ടാണ് ഇവ മനുഷ്യരുടെ ജീവിതത്തോട് ഏറെ ചേർന്നു നിൽക്കുന്ന ഒന്നായത്.

ഏറ്റവുമധികം സാങ്കേതിക വിസ്ഫോടനങ്ങൾ നടക്കുന്നതും വാർത്താലോകത്താണ്. ഒരു സ്വിച്ചിട്ടാൽ നമ്മുടെ മുൻപിലേയ്ക്ക് ദൃശ്യഅറിവുകളുടെ പ്രവാഹമാണ്. ഗൃഹസദസ്സുകളിലും സ്വകാര്യ ഇടങ്ങളിലും പൊതുഇടങ്ങളിലും എവിടെയും ഈ മാധ്യമങ്ങൾ നമുക്ക് പിന്നാലെയുണ്ട്, അല്ലെങ്കിൽ നമ്മൾ ഈ മാധ്യമത്തെ കൂടെകൊണ്ട് നടക്കുന്നുണ്ട്. ആദ്യം ഒരു സ്ഥലത്ത് ടെലിവിഷൻ സ്ഥാപിച്ചുകൊണ്ടാണ് സംപ്രേക്ഷണം തുടങ്ങിയത്. അതിന് മുൻപിലിരിക്കുന്നവർക്ക് മാത്രം കാണാവുന്ന അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ടെലിവിഷൻ ഇല്ലാത്തവർ അടുത്ത ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും വീടുകളിൽ ചെന്നിരുന്ന് കാണുക പതിവായിരുന്നു. കമ്മ്യൂണിറ്റി സെന്റർ, വായനശാലകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ടെലിവിഷൻ സെന്ററുകൾ സ്ഥാപിക്കപ്പെട്ടതും ഇക്കാലത്താണ്. ടെലിവിഷൻ വരവ് ഇടക്കാലത്ത് സാമൂഹ്യജീവി എന്ന നിലയിലുള്ള മനുഷ്യന്റെ അവസ്ഥയ്ക്ക് ഒരുമയുടെ സ്വഭാവം നൽകുകയുണ്ടായി. ചാനൽ പരിപാടികൾ തുടക്കത്തിൽ വൈകുന്നേരങ്ങളിൽ മാത്രമായിരുന്നു. പിന്നീടതിന്റെ സമയം ദീർഘിപ്പിച്ചു. 24 X 7 എന്ന തലത്തിലേയ്ക്ക് അതുയർന്നത് സമീപകാലത്താണ്. സാങ്കേതികമായ മികവുകൾ ടെലിവിഷന്റെ പരിമിതികൾ പതുക്കെ പതുക്കെ ഇല്ലാതാക്കി. ആന്റിനയെ ആശ്രയിച്ച് പരിപാടികൾ കാണുന്ന സമൂഹം ഇന്ന് മൊബൈലിൽ തങ്ങളുടെ ആഗ്രഹമനുസരിച്ച് ലോകത്തിന്റെ ഏത് കോണിലിരുന്നും കാണുന്ന തലത്തിലേക്ക് കാര്യങ്ങൾ പുരോഗമിച്ചു.

ഈ മാറ്റം ടെലിവിഷൻ പരിപാടികളുടെ കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പ്രതിഫലിക്കുക സ്വാഭാവികം. തുടക്കത്തിൽ ടെലിവിഷൻ പ്രവർത്തനങ്ങളിൽ സ്ത്രീസാന്നിദ്ധ്യം കുറവായിരുന്നെങ്കിലും അച്ചടി മാധ്യമങ്ങളെ അപേക്ഷിച്ച് സ്ത്രീ പ്രാതിനിധ്യം വേഗത്തിലാണ് സംഭവിച്ചത്. ദൂരദർശനിലെ ആദ്യസംപ്രേക്ഷണം കഴിഞ്ഞ് രണ്ടാമത്തെ വാർത്താ ബുള്ളറ്റിൻ ഒരു സ്ത്രീ അവതരിപ്പിച്ചത് അതിന്റെ തുടക്കമായി കണക്കാക്കാം. പ്രൊഡ്യൂസർമാരായും, അവതാരകരായും, റിപ്പോർട്ടർമാരായും ഇന്ന് ധാരാളം സ്ത്രീകൾ ടെലിവിഷനിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പുരുഷന്മാരെപ്പോലെ ചാനൽ നടത്തിപ്പിന്റെ നേതൃത്വം ഏറ്റെടുക്കാനോ അതിന്റെ അധികാരകേന്ദ്രങ്ങളിൽ വരാനോ ഇന്നും സ്ത്രീകൾക്ക് മലയാള ചാനലുകളിൽ അധികം കഴിഞ്ഞിട്ടില്ല. വീട്ടിനകത്തും പൊതു ഇടങ്ങളിലും അധികാര കേന്ദ്രങ്ങളിലും നിലനിൽക്കുന്ന തുല്യത ഇല്ലായ്മ തന്നെയാണ് ഇവിടെയും പ്രതിഫലിക്കുന്നത്.

ചാനലുകളുടെ സ്വാധീനം പരിപാടികളുടെ വൈവിധ്യത്തെയും ആകർഷകമായ അവതരണശൈലിയെയും ആശ്രയിച്ചാണിരിക്കുന്നത്. മലയാളം ചാനലുകളിലെ പരിപാടികൾ പലതും ദേശീയ അന്തർദ്ദേശീയ ചാനലുകളിലെ ആവർത്തനങ്ങൾ തന്നെയാണ്. ലോകത്ത് ടെലിവിഷൻ മാധ്യമങ്ങളിൽ അതാത് കാലത്തുണ്ടാകുന്ന ഘടനാപരവും സാങ്കേതികവുമായ എല്ലാ മാറ്റങ്ങളും വലിയ താമസമില്ലാതെ നമ്മുടെ ചാനലുകളും നടപ്പിലാക്കാറുണ്ട്. സംവാദങ്ങൾ, അഭിമുഖങ്ങൾ, റിയാലിറ്റി ഷോകൾ, മത്സരപരിപാടികൾ, സീരിയലുകൾ, പ്രമോഷൻ പരിപാടികൾ തുടങ്ങി എന്റർടെയ്ൻമെന്റ് വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ പരിപാടികളിലും ഇന്ന് സ്ത്രീകളുടെ സജീവസാന്നിദ്ധ്യമുണ്ട്. അവതാരകരായും അഭിനേത്രികളായും സ്ത്രീകളുള്ളപ്പോൾ തന്നെ പ്രോഗ്രാം നിർമ്മിക്കുന്നതിൽ ക്യാമറകൾക്ക് പിന്നിലെ സ്ത്രീസാന്നിദ്ധ്യം താരതമ്യേന കുറവാണ്. സ്ത്രീകൾക്ക് മാത്രമായി മാറ്റിവെയ്ക്കപ്പെടുന്ന പരിപാടികളായിരുന്നു തുടക്കത്തിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്നിരുന്നത്. സൗന്ദര്യം, ഫാഷൻ, കുക്കറി, അലങ്കാരങ്ങൾ എന്നിവ ആസ്പദമാക്കി എല്ലാ ചാനലുകളിലും പല പേരുകളിൽ വിവിധ പരിപാടികൾ നടക്കുമായിരുന്നു. എന്നാൽ പിന്നീട് അതിൽ മാറ്റം വന്നു തുട

ങ്ങി. വാർത്താധിഷ്ഠിത പരിപാടികളും അവലോകനങ്ങളും സ്ത്രീകളുടെ നേതൃത്വത്തിൽ സംപ്രേക്ഷണം ചെയ്തപ്പോൾ അവയ്ക്കു വലിയ സ്വീകാര്യത ലഭിച്ചു. ഇന്ന് പ്രചാരം നേടിയ പല ന്യൂസ് അവർ പരിപാടികളും സ്ത്രീകളുടെ നേതൃത്വത്തിലാണ് നടക്കുന്നത്, സ്ത്രീകൾ ഒരേ സമയം പ്രൊഡ്യൂസർമാരും അവതാരകരുമാകുന്ന ഇത്തരം പരിപാടികൾ വനിതാമാധ്യമ പ്രവർത്തകരുടെ ബഹുമുഖ കഴിവുകളെയാണ് അനാവരണം ചെയ്യുന്നത്.

ദൂരദർശൻ മാത്രമായിരുന്ന കാലത്ത് നിന്നും സ്വകാര്യചാനലുകളുടെ വരവോടെ ദൃശ്യമാധ്യമ പ്രവർത്തനം വനിതകൾക്കായി തുറന്നു വിട്ടത് വലിയ സാധ്യതകളാണ്. ദൂരദർശനിൽ വാർത്ത വായിച്ചിരുന്ന മായാശ്രീകുമാറാണ് ആദ്യസ്വകാര്യ ചാനലായ ഏഷ്യാനെറ്റിൽ വാർത്ത വായിച്ചു തുടങ്ങിയ വനിത. മായയ്ക്കൊപ്പം അന്ന് പ്രീത, ദേവി, കെ.കെ. ഷാഹിന എന്നിവരും സിംഗപ്പൂരിൽ നിന്ന് വാർത്ത വായിച്ചിരുന്നു. ഇന്ന് വാർത്താവിഭാഗത്തിൽ പ്രവർത്തിക്കുന്ന വനിതകളുടെ നീണ്ട നിരതന്നെയുണ്ട്. മിക്കവാറും ചാനലുകളിൽ വാർത്താധിഷ്ടിത പരിപാടികൾ അവതരിപ്പിക്കുന്നത് സ്ത്രീകളാണ്. സിന്ധു സൂര്യകുമാർ, ഷാനിപ്രഭാകരൻ, എം. എസ്.ശ്രീകല തുടങ്ങിയ പേരുകൾ അവയിൽ ചിലത്. ധീരമായ രാഷ്ട്രീയ നിലപാടുകൾ അവതരിപ്പിക്കുന്നതിന്റെ പേരിൽ പല വെല്ലുവിളികളും ഇവർക്ക് നേരിടേണ്ടതായി വരുന്നുണ്ട്. പ്രത്യേകിച്ചും വനിത എന്ന നിലയിൽ എതിരിടേണ്ടിവരുന്ന പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. ഇവർക്കെതിരെ ഉയരുന്ന ഭീഷണികൾ പലതും ലൈംഗിക അതിക്രമങ്ങളുടെ പട്ടികയിൽ വരുന്നവയാണ് എന്നത് ശ്രദ്ധേയമാണ്. സൈബർ ആക്രമണവും, സാമൂഹ്യ മാധ്യമങ്ങളിലെ അപകീർത്തിപ്പെടുത്തലും വനിതാമാധ്യമ പ്രവർത്തക എന്നതുകൊണ്ടു മാത്രം രൂക്ഷമാകുന്ന സാമൂഹ്യ അവസ്ഥയാണ് ഇന്നുള്ളത്.

വാർത്താവലോകനം, ന്യൂസ് അവർ പോലുള്ള പരിപാടികൾ ഇന്ന് വനിതകൾ സജീവമായി അവതരിപ്പിക്കുന്നു. അവയെല്ലാം ഒന്നിനൊന്ന് പോപ്പുലർ ആവുകയും ചെയ്യുന്നു.

വാർത്താവിഭാഗത്തിൽ എഡിറ്റിംഗ്, റിപ്പോർട്ടിംഗ്, അവതരണം തുടങ്ങിയ എല്ലാ മേഖകളിലും സ്ത്രീസാന്നിദ്ധ്യം അച്ചടിമാധ്യമങ്ങളിലേക്കാൾ സജീവമാണ്. നിയമസഭാ, ക്യാബിനറ്റ് ബ്രീഫിംഗ്, രാഷ്ട്രീയ സംഭവങ്ങൾ, പ്രകൃതിദുരന്തങ്ങൾ, പ്രധാന മറ്റ് സംഭവങ്ങൾ എല്ലാംതന്നെ തത്സമയം റിപ്പോർട്ട് ചെയ്യുന്നതിലും വനിതകൾ ധാരാളമുണ്ട്.

എന്റർടെയിൻമെന്റ് പരിപാടികളിൽ അതേസമയം സ്ത്രീസാന്നിദ്ധ്യം താരതമ്യേന കുറവാണ്. സിനിമാല പോലുള്ള കോമഡി അധിഷ്ടിത പരിപാടികൾ ഡയാനസിൽവർസ്റ്റാർ തുടക്കമിട്ടെങ്കിലും പിന്നീടങ്ങോട്ട് വനിതകൾ അധികം ഈ രംഗത്ത് വരികയുണ്ടായില്ല. പരിസ്ഥിതി, സ്ത്രീ പോലുള്ള വിഷയങ്ങളിൽ ഡോക്യുമെന്ററി സ്വഭാവമുള്ള ചില പരിപാടികൾ അതേസമയം സ്ത്രീകൾ തികഞ്ഞ പ്രതിബദ്ധതയോടെ അവതരിപ്പിക്കുകയുണ്ടായി.

ഗൃഹസദസ്സുകളിലേക്ക് നേരിട്ടെത്തുന്ന സീരിയലുകൾ പോലുള്ള മെഗാപരിപാടികളിൽ ധാരാളം സ്ത്രീകൾ അഭിനയരംഗത്തും മറ്റുമുണ്ടെങ്കിലും അവയുടെ നിർമ്മാണങ്ങളിൽ ഭാഗഭാക്കാവുന്നവർ വിരളമാണ്. തിരക്കഥ, സംഭാഷണം, സംവിധാനം സാങ്കേതികരംഗം എല്ലാം മിക്കവാറും കൈകാര്യം ചെയ്യുന്നത് പുരുഷന്മാരാണ്. അതുകൊണ്ടുതന്നെ ഇവയുടെ ഉള്ളടക്കം സംബന്ധിച്ചും അവ സൃഷ്ടിക്കുന്ന മൂല്യബോധം സംബന്ധിച്ചും നിരവധി വിമർശനങ്ങൾ ഉയർന്നു വരുന്നുണ്ട്. സ്ത്രീവിരുദ്ധതയും സാംസ്ക്കാരിക ധർമ്മച്യുതിയും സൃഷ്ടിക്കുന്ന കലയായി ടെലിവിഷൻ സീരിയലുകൾ ഇന്ന് മാറുന്നതായാണ് ആരോപിക്കപ്പെടുന്നത്. വനിതകൾ ഈ മേഖലകളിൽക്കൂടി കടന്നുവരേണ്ടതുണ്ട്. വിനോദഉപാധികൂടിയായ ടെലിവിഷൻ പരിപാടികളുടെ ഗുണനിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമ്പോൾ അവിടെ വനിതാസാന്നിദ്ധ്യം ഉറപ്പാക്കപ്പെടണം.

***റേഡിയോ***

ടെലിവിഷൻ, അച്ചടിമാധ്യമങ്ങൾ എന്നിവയ്ക്ക് പുറമേ ശ്രദ്ധേയമായ മറ്റൊരു മാധ്യമമാണ് റേഡിയോ. ഇന്ത്യയിൽ റേഡിയോയുടെ ആദ്യത്തെ ഔപചാരികപ്രക്ഷേപണം തുടങ്ങിയത് 1924 ജൂലൈ 31നാണ്. എന്നാൽ ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനി രൂപീകൃതമാകുന്നത് 1926ലാണ്. സ്വാതന്ത്ര്യം കിട്ടിയതോടെ റേഡിയോ നിലയങ്ങളിൽനിന്ന് വിവിധങ്ങളായ പ്രക്ഷേപണ പരിപാടികൾ ആരംഭിച്ചു. ആകാശവാണിയിൽ വിനോദത്തിനായി വിവിധ് ഭാരതിയും എഫ്എംനിലയങ്ങളും വന്നു. കേരളത്തിൽ 1952 മുതലാണ് തിരുവനന്തപുരം വഴുതക്കാട് 'ഭക്തിവിലാസം' കൊട്ടാരത്തിൽ ആകാശവാണി നിലയം സ്ഥാപിക്കുന്നത്. അതിന് മുൻപ് 1939 മുതൽ തന്നെ റേഡിയോ പ്രക്ഷേപണം തുടങ്ങിയിരുന്നു. ആകാശവാണിയുടെ ആദ്യകാലം മുതൽ തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. "ജെന്റർ സെൻസിറ്റിവിറ്റി" ഏറ്റവും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ റേഡിയോ പ്രത്യേകിച്ച് ആകാശവാണി വളരെ ശ്രദ്ധിക്കുന്നു. ഇതിൽ 'മഹിളാലയം' എന്ന സ്ത്രീ പരിപാടിക്ക് തുടക്കമിട്ടത് സരസ്വതിയമ്മയാണ്. റേഡിയോ നാടകങ്ങൾ, സംഗീതപരിപാടികൾ, സാഹിത്യം, കൃഷിശാസ്ത്രം സംബന്ധമായ പരിപാടികൾ, വാർത്താവിഭാഗം തുടങ്ങി എല്ലാമേഖലകളിലും സ്ത്രീസാന്നിദ്ധ്യമുണ്ടായിട്ടുണ്ട്. എന്നാൽ നിർമ്മാണരംഗത്ത്

**വാർത്തയുടെ അന്തസ്സത്ത തിരിച്ചറിയാനും അത് കൃത്യമായി അടയാളപ്പെടുത്താനും കൂടുതൽ അവസരങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. അതിന്റെ ഒരു പ്രധാനകാരണം കുടുംബാന്തരീക്ഷത്തിലും ലിംഗനീതിയുടെ കാര്യത്തിലും ഉണ്ടായ അനുകൂലമായ മാറ്റങ്ങളാണ്. ജോലി സ്ഥിരതയോ വലിയ ആകർഷ വരുമാനമോ ഇല്ലാതിരുന്ന കാലത്ത് പത്രപ്രവർത്തനത്തിൽ ആകൃഷ്ടരായി വന്ന പലരും വെട്ടിത്തെളിച്ച പാതകളിലൂടെയാണ് പിൽകാലത്ത് പുതിയ തലമുറയിലെ മാധ്യമപ്രവർത്തകർ നടന്നു തുടങ്ങിയത്. ഒരർത്ഥത്തിൽ അതൊരു സുഗമമായ യാത്രയായിരുന്നു. പത്ര മാധ്യമരംഗത്ത് ചില വ്യവസ്ഥകളും നിയമങ്ങളും ഉണ്ടായതോടെ മാധ്യമ പ്രവർത്തകരുടെ ജോലിയിൽ ചിട്ടകളും വ്യക്തതയുമുണ്ടായി. അതിന്റെ ഭാഗമായി വന്ന വനിതാമാധ്യമപ്രവർത്തനം അതുവരെ നേരിട്ട പല ബാലാരിഷ്ടതകളും തള്ളിമാറ്റി മുന്നേറാൻ തുടങ്ങി.**

സ്ത്രീകൾ കടന്നു വന്നത് അടുത്തകാലത്ത് മാത്രമാണ്. ഇന്ന് സ്വകാര്യ റേഡിയോ പ്രക്ഷേപണങ്ങൾ കൂടി രംഗത്തു വന്നതോടെ വനിതാ സാന്നിദ്ധ്യം ഒന്നുകൂടി വർദ്ധിച്ചു.

ആകാശവാണിയിലെ ആദ്യത്തെ അനൗൺസർ ശാരദാമണിയായിരുന്നു. തിരുവിതാംകൂർ റേഡിയോനിലയം തുടങ്ങിയതുമുതൽ ഇവർ പരിപാടികൾ അനൗൺസ് ചെയ്തിരുന്നു. ആദ്യത്തെ വാർത്താവായനക്കാരി ഇന്ദിരാജോസഫ് ഇംഗ്ലീഷ് വാർത്തകളാണ് വായിച്ചു തുടങ്ങിയത്. 'മഹിളാലയം' പരിപാടിയിലൂടെ 'ചേച്ചി'-യായി ശ്രോതാക്കളുടെ പ്രിയങ്കരിയായ എസ്.സരസ്വതിയമ്മ മലയാളം റേഡിയോ ചരിത്രത്തിലെ പ്രധാന വ്യക്തിത്വമാണ്. ടി.പി.രാധാമണി,എസ്.രാധാദേവി, കെ.ജി. ദേവകിയമ്മ, തങ്കമണി, രാജകുമാരി,തുളസീഭായി തുടങ്ങിയ നിരവധിപേർ ശ്രോതാക്കളെ ആകർഷിച്ചുകൊണ്ട് നാടകങ്ങളിലും പരിപാടികളിലും തിളങ്ങി നിന്നു. ആദ്യത്തെ വനിതാ ന്യൂസ് എഡിറ്റർ കെ.എ.ബീന 13 വർഷം ആ സ്ഥാനം വഹിച്ചു. പുതിയ തലമുറയിലെ തെന്നൽ, ആശചേച്ചി തുടങ്ങിയവർ ആർ.ജെ.കൾ എന്ന നിലയിൽ കേൾവിക്കാരുടെ മനം കവരുന്നു.

ഓൺലൈൻ വെബ്പോർട്ടലുകൾ, ബ്ലോഗുകൾ തുടങ്ങി ആധുനികവും നൂതനവുമായ പല വാർത്താ മാധ്യമങ്ങളിലും വനിതകൾ സജീവമായി പ്രവർത്തിക്കുന്ന കാലമാണിത്. വാർത്താമാധ്യമം ഇന്ന് തുറന്നുവിടുന്ന അനന്തസാധ്യതകൾ സ്വതന്ത്ര തൊഴിലവസരങ്ങൾ ധാരാളം സൃഷ്ടിക്കുന്നുണ്ട്. ഈ അവസരങ്ങൾ പ്രയോജനപ്പെടുത്താനും അതുവഴി മാധ്യമസംവിധാനത്തിൽ ചെറുതല്ലാത്ത സ്വാധീനം ചെലുത്താനും വനിതാമാധ്യമപ്രവർത്തകർക്ക് കഴിയണം. പുരുഷകേന്ദ്രീകൃതമായ സമൂഹത്തിൽ അത്തരത്തിൽ മുന്നേറാൻ സാഹചര്യങ്ങൾ പലസ്ത്രീകൾക്കും ലഭിച്ചെന്ന് വരില്ല. എങ്കിലും മാധ്യമപ്രവർത്തനം ഗൗരവമായി എടുക്കുന്ന പെൺകുട്ടികൾ തങ്ങളെ സ്വയം തയ്യാറാക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്. ഏത് തൊഴിലിലും വിദഗ്ദ്ധരാവുക ആ തൊഴിലിനോട് ഒരാൾ പുലർത്തുന്ന ആത്മാർഥതയുടേയും പരിശ്രമത്തിന്റേയും ഫലമായിട്ടാകും. സാമൂഹ്യവ്യവസ്ഥിതിയുടെ പരിമിതികൾ ഉണ്ടാകുമ്പോഴും ആ സാഹചര്യം തരണം ചെയ്തു മുന്നേറേണ്ടതുണ്ട്.

### *പുതിയകാലം പുതിയവെല്ലുവിളി*

നവോത്ഥാന കാലഘട്ടത്തിലെ പത്രപ്രവർത്തന ശൈലിയിൽ നിന്നും തികച്ചും വ്യത്യസ്തമായരീതിയാണ് 1950തുകൾക്ക് ശേഷം ഇവിടെയുണ്ടായത്. മാസികകൾ കേന്ദ്രീകരിച്ച് നടന്ന വനിതാ മാധ്യമ പ്രവർത്തനം പത്രകേന്ദ്രീകൃതമായപ്പോൾ സ്ത്രീകൾക്ക് വാർത്തകളുടെ വൈവിധ്യങ്ങളി

ലേയ്ക്ക് പ്രവേശിക്കാൻ ഒരു അവസരം ലഭിച്ചു. ദൈനംദിന വാർത്തകൾ കൈകാര്യം ചെയ്യുമ്പോൾ തുടക്കക്കാരായ വനിതകൾക്ക് ഒരുപാട് പ്രതിസന്ധികൾ നേരിടേണ്ടതുണ്ടായിരുന്നു. ഒന്ന് തൊഴിൽ രംഗത്തെ പ്രത്യേക സാഹചര്യം, മറ്റൊന്ന് സ്ത്രീ പദവിയും തുല്യതയും സംബന്ധിച്ച വിഷയങ്ങൾ. ഇതിൽ തൊഴിൽ രംഗത്തെ പ്രത്യേക സാഹചര്യമെന്നത് പ്രവർത്തന സമയം തന്നെയായിരുന്നു.

വാർത്തകൾ മുഴുവൻ ശേഖരിച്ച് വൈകുന്നേരം അവ വാർത്താറൂമുകളിൽ എത്തുന്നതോടെയാണ് ഒരു പത്രത്തിന്റെ യഥാർത്ഥ ജോലി ആരംഭിക്കുന്നത്. ആ ജോലി മിക്കവാറും രാത്രി രണ്ടുമണി വരെയൊക്കെ നീളും. ഈ ജോലിയിൽ ഏർപ്പെടുന്നവർക്ക് അന്ന് രാത്രി വൈകി താമസ സ്ഥലങ്ങളിലേയ്ക്ക് പോകാൻ പറ്റാത്തതും, സുരക്ഷിതമായ താമസസ്ഥലം ലഭിക്കാത്തതും അക്കാലത്തെയെന്നല്ല ഇന്നും പൂർണ്ണമായും പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നം തന്നെയാണ്. സ്ത്രീകളുടെ രാത്രി സഞ്ചാരം അപകടം നിറഞ്ഞതായതുകൊണ്ട് തന്നെ തുടക്കത്തിൽ വനിതകളെ ഡസ്ക്കിലെ ജോലികളിൽ നിയമിക്കുന്നതിന് എല്ലാ മാധ്യമ സ്ഥാപനങ്ങളും വിമുഖത കാട്ടിയിരുന്നു. മനോരമ, മാതൃഭൂമി പോലുള്ള പത്രങ്ങൾ തൊഴിൽ പരസ്യത്തിൽ തന്നെ ഇത്തരം തസ്തികകളിൽ സ്ത്രീകൾ അപേക്ഷിക്കേണ്ടതില്ല എന്ന് പ്രത്യേകം വ്യക്തമാക്കുകയുണ്ടായി. മറ്റൊന്ന് രാത്രി വൈകി വരുമ്പോൾ പ്രവേശനം അനുവദിക്കുന്ന ഹോസ്റ്റലുകൾ ഇല്ല എന്നതായിരുന്നു. ആറുമണിക്ക് മുൻപ് ഹോസ്റ്റലിൽ കയറുമെങ്കിൽ മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. സർക്കാർ ഇതര സർവ്വീസുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇങ്ങിനെയൊരു പ്രതിസന്ധി നേരിടേണ്ടി വന്നിട്ടില്ല. മിക്ക ഹോസ്റ്റലുകളുടെയും പോളിസി കർശനമായി തുടരുന്നത് ഏറ്റവുമധികം വിഷമത്തിലാക്കിയത് പത്രപ്രവർത്തകരംഗത്തെ സ്ത്രീകളെയാണ്. ഏറെ ആഗ്രഹത്തോടെ ലഭിച്ച ജോലി നഷ്ടപ്പെടുത്താൻ പോലും പലരും നിർബന്ധിതരായി. ന്യൂസ് ബ്യൂറോകളിൽ പ്രവർത്തിച്ച വനിതകൾക്കുപോലും ഏഴ് മണിയായതിന് ഹോസ്റ്റൽ പ്രവേശനം നിഷേധിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. രാത്രി ഷിഫ്റ്റുകളിൽ ഇക്കാരണത്താൽ സ്ത്രീകൾക്ക് അവസരം ലഭിച്ചിരുന്നില്ല.

ഇത്തരം പ്രശ്നങ്ങൾ ഏറ്റെടുക്കാൻ അന്നത്തെക്കാലത്ത് മാധ്യമരംഗത്ത് സജീവമായിരുന്ന പല വനിതകളും തയ്യാറായതോടെ അവർക്ക് പൊതു സമൂഹത്തിന്റെയും മാധ്യമലോകത്തിന്റെയും പിൻതുണ ലഭിക്കുകയുണ്ടായി. അപ്പോഴേക്കും പ്രസ് ക്ലബ്ബുകളുടെയും യൂണിവേഴ്സിറ്റികളുടെയും ആഭിമുഖ്യത്തിൽ ആരംഭിച്ച മാധ്യമ കോഴ്സുകളിൽ നിന്ന് പഠിച്ചിറങ്ങിയ പല പെൺകുട്ടികളും ജോലിതേടി മാധ്യമസ്ഥാപനങ്ങളിൽ എത്തിത്തുടങ്ങി. കൂടുതൽ പെൺകുട്ടികൾ വന്നതോടെ തൊഴിൽ സാഹചര്യം ഒരുക്കാൻ മാധ്യമ അധികാരികൾ തയ്യാറായി. വനിതാ മാധ്യമപ്രവർത്തകരെ രാത്രി ഷിഫ്റ്റ് കഴിഞ്ഞ് താമസസ്ഥലത്തേയ്ക്ക് കൊണ്ട് പോകാൻ പലയിടത്തും വാഹനങ്ങൾ ഉണ്ടായി, നാമമാത്രമായെങ്കിലും സമയത്തിന് ഇളവു നൽകിയ ഹോസ്റ്റലുകളും ഉണ്ടായി.

സ്ത്രീകളുടെ പദവിയും തുല്യതയും സംബന്ധിച്ച് സമൂഹത്തിലുള്ള കാഴ്ചപ്പാടിന്റെ വൈകല്യങ്ങൾ സ്ത്രീകളെ ഏറെ ബാധിച്ച മേഖലയാണ് മാധ്യമം. ദൈനദിന വാർത്താ റിപ്പോർട്ടിംഗുകൾ ചെയ്യാൻ പലരുമായും സംവദിക്കുവാനും, ഇടപഴകുവാനും,യാത്രകൾ ചെയ്യാനും സ്ത്രീ എന്ന നിലയിൽ നേരിട്ട ചില പ്രായോഗിക ബുദ്ധിമുട്ടുകൾ വനിതാ മാധ്യമ പ്രവർത്തകർ നേരിട്ടതും, തരണം ചെയ്തതും വലിയ പ്രതിരോധങ്ങളിലൂടെയാണ്.

സ്ത്രീയുടെ മാധ്യമരംഗത്തെ പരിമിതിയും, സമീപനവും സൂചിപ്പിക്കുന്ന ഒരു അനുഭവം പ്രമുഖ മാധ്യമ പ്രവർത്തകൻ പി. സായ്നാഥ് ഒരിക്കൽ പങ്കുവയ്ക്കുകയുണ്ടായി. യു എൻ ഐയിൽ സബ് എഡിറ്റർ ട്രെയിനിയായി സായ്നാഥ് ചേർന്ന കാലത്തെ അനുഭവമാണിത്. യു എൻ ഐയിൽ പത്രപ്രവർത്തനത്തിന് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി നടത്തിയ മത്സര പരീക്ഷയിൽ വിജയികളായ രണ്ടുപേർ സായ്നാഥും, ഋതംബര ശാസ്ത്രിയുമാണ്. ഋതംബര ശാസ്ത്രിയുടെ പേര് ആർ. ശാസ്ത്രിയെന്നാണ് അപേക്ഷയിൽ ഉണ്ടായിരുന്നത്. യു എൻ. ഐ പിടിഐ പോലുള്ള ദേശീയവാർത്താ ഏജൻസികളൊന്നും തന്നെ സ്ത്രീകളെ ജോലിക്കെടുത്തിരുന്നില്ലാത്തതുകൊണ്ട്, അങ്ങനെയൊരു പ്രശ്നമേ ഇല്ലെന്ന സാമൂഹ്യധാരണയുടെ അടിസ്ഥാനത്തിൽ ആർ ശാസ്ത്രി സ്ത്രീയാകുമെന്ന ചിന്ത അധികൃതർക്ക് ഉണ്ടായില്ല. മാത്രമല്ല ആർ.ശാസ്ത്രിയെന്നാൽ തെക്കേ ഇന്ത്യയിലെ ഉന്നത സമുദായത്തിൽപ്പെട്ട പുരുഷന്റെ ജാതിപ്പേരാണെന്നവർ തെറ്റിദ്ധരിക്കുകയും ചെയ്തു. ഒടുവിൽ പരീക്ഷാഹാളിൽ വന്ന രണ്ട് അധികാരികളും സ്ത്രീയെ കണ്ട് ഞെട്ടി.

പക്ഷേ പരീക്ഷയിൽ ശാസ്ത്രി മുന്നിൽ വന്നതോടെ അവരെ നിയമിക്കാൻ മാനേജ്മെന്റ് നിർബന്ധിതരായി. അവരുടെ നിയമനം അതിനേക്കാൾ തമാശയായിരുന്നു. വിദേശവാർത്ത കൈകാര്യം ചെയ്യുന്നത് 75 വയസ്സായ ഒരു പുരുഷനായതുകൊണ്ട് ഋതംബര ശാസ്ത്രിയെ അവിടെയിരുത്തുന്നതാവും സുരക്ഷിതമെന്ന് പറഞ്ഞ് മാനേജ്മെന്റ് അവരെ വിദേശവാർത്താവിഭാഗത്തിൽ നിയമിച്ചു. തികച്ചും ആകസ്മികമായി പേരിന്റെ പ്രത്യേകത

കൊണ്ട് ഇന്ത്യയിൽ മാധ്യമ പ്രവർത്തനരംഗത്തേയ്ക്ക് വനിതകൾക്ക് പ്രവേശനം സാധ്യമാക്കിയ ഋതംബരശാസ്ത്രി ചീഫ് ന്യൂസ് എഡിറ്ററായി എന്നതു മറ്റൊരു കൗതുകം.

സ്ത്രീകളോടുള്ള വിവേചനം മറ്റേതൊരു രംഗത്തെയും പോലെ ഇവിടെയും പ്രകടമാണ്. ഉദാഹരണത്തിന് ഒരേ കഴിവും യോഗ്യതയും ശേഷിയുമുള്ള രണ്ട് പുരുഷന്മാരും രണ്ടു സ്ത്രീകളുമുണ്ടെങ്കിൽ മാധ്യമസ്ഥാപനങ്ങൾ തീർച്ചയായും സ്ഥാനക്കയറ്റം നൽകുക പുരുഷന് തന്നെയാവും. അതുപോലെ മുൻകാലങ്ങളിൽ വാർത്തകൾ റിപ്പോർട്ടു ചെയ്യാൻ പോകുന്നതിലും പുതിയ ഉത്തരവാദിത്തങ്ങൾ പങ്കുവെയ്ക്കുന്നതിലും ഈയൊരു ലിംഗവ്യത്യാസം വളരെ പ്രകടമായിരുന്നു. നിയമസഭാ റിപ്പോർട്ടിംഗ്, പത്രസമ്മേളന റിപ്പോർട്ടിംഗ് തുടങ്ങിയവയൊക്കെ സ്ത്രീകളെ ഏൽപ്പിക്കുന്ന രീതി വളരെ അടുത്തകാലത്താണ് ആരംഭിച്ചത്. അതും ദൃശ്യമാധ്യമ വരവോടെ; രാഷ്ട്രീയ വാർത്തകളും സ്കൂപ്പുകളും ഇന്നും വനിതാ മാധ്യമ പ്രവർത്തകർക്ക് അച്ചടിമാധ്യമങ്ങളിൽ ഓണംകേറാമൂല തന്നെയാണ്. സ്ത്രീകളെക്കുറിച്ചുള്ള പല മുൻവിധികളുമാണ് ഇത്തരം ജോലി നൽകുന്നതിൽ നിന്ന് മാധ്യമ മാനേജുമെന്റിനെ തടഞ്ഞിരുന്നത്. രാഷ്ട്രീയ നിരീക്ഷണ പാടവും വാർത്താ നിരീക്ഷണ പാടവും ഒത്തുചേരുമ്പോൾ ഈ ന്യൂനത മറികടക്കാൻ സ്ത്രീകൾക്ക് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. അതിൽ അവസരം ഒരു മുഖ്യഘടകമാണ്. ലിംഗപരമായ വിവേചനം സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കണമെങ്കിൽ സാമൂഹ്യപരമായും വീക്ഷണപരമായും അടിമുടി മാറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ട്. കുറച്ചു കാലം മുൻപുവരെ അർഹതയുള്ള വനിതകൾക്ക് പോലും പത്രപ്രവർത്തന മേഖലയിൽ അത്തരമൊരു നീതി ലഭിച്ചിരുന്നില്ല.

ഇന്ന് കുറേക്കൂടി മാറ്റങ്ങൾ ഈ രംഗത്ത് വന്നിട്ടുണ്ട്. വാർത്തയുടെ അന്തസ്സത്ത തിരിച്ചറിയാനും അത് കൃത്യമായി അടയാളപ്പെടുത്താനും കൂടുതൽ അവസരങ്ങളും  അവർക്ക് ലഭിക്കുന്നുണ്ട്. അതിന്റെ ഒരു പ്രധാനകാരണം കുടുംബാന്തരീക്ഷത്തിലും ലിംഗനീതിയുടെ കാര്യത്തിലും ഉണ്ടായ അനുകൂലമായ മാറ്റങ്ങളാണ്. ജോലി സ്ഥിരതയോ വലിയ ആകർഷ വരുമാനമോ ഇല്ലാതിരുന്ന കാലത്ത് പത്രപ്രവർത്തനത്തിൽ ആകൃഷ്ടരായി വന്ന പലരും  വെട്ടിത്തെളിച്ച പാതകളിലൂടെയാണ് പിൽകാലത്ത് പുതിയ തലമുറയിലെ മാധ്യമ പ്രവർത്തകർ നടന്നു തുടങ്ങിയത്. ഒരർത്ഥത്തിൽ അതൊരു സുഗമമായ യാത്രയായിരുന്നു. പത്രമാധ്യമരംഗത്ത് ചില വ്യവസ്ഥകളും നിയമങ്ങളും ഉണ്ടായതോടെ മാധ്യമ പ്രവർത്തകരുടെ ജോലി

**ദൃശ്യമാധ്യമങ്ങളുടെ വരവോടെ പൊതുവെ മാധ്യമരംഗത്തെ സ്ത്രീസാന്നിദ്ധ്യങ്ങൾക്ക് തെളിച്ചവും ഊർജ്ജവും ഉണ്ടായി. എങ്കിലും ഇപ്പോഴും പത്രപോളിസി നിർണ്ണയിക്കുന്നതിലും എഡിറ്റോറിയൽ എഴുതുന്നതിലും എഡിറ്റ് പേജുകൾ തീരുമാനിക്കുന്നതിലും സ്ത്രീകൾ ആരും തന്നെ ഇല്ലെന്നതാണ് വസ്തുത. ഉയർന്ന തസ്തികകളിൽ സ്ത്രീകൾ വരുന്ന കാലം വിദൂരമായിത്തന്നെ നിൽക്കുന്നു. തുറന്ന ചർച്ചകളും സംവാദങ്ങളും കൊണ്ട് മുഖരിതമാകുന്ന ഒരു ചൈതന്യമുള്ള ന്യൂസ് ഡെസ്ക്കും ബ്യൂറോയും ഉണ്ടാകണമെങ്കിൽ ലിംഗനീതി കലവറ കൂടാതെ നടപ്പിലാക്കപ്പെടണം. വനിതകൾ അവിടെ സഹജീവികളും സുരക്ഷിതരുമായിരിക്കണം.**

യിൽ ചിട്ടകളും വ്യക്തതയുമുണ്ടായി. അതിന്റെ ഭാഗമായി വന്ന വനിതാമാധ്യമപ്രവർത്തനം അതുവരെ നേരിട്ട പല ബാലാരിഷ്ടതകളും തള്ളിമാറ്റി മുന്നേറാൻ തുടങ്ങി. അന്നുവരെ നിഷിദ്ധമായിരുന്ന പല വാർത്തകളും റിപ്പോർട്ട് ചെയ്യാനും എഡിറ്റ് ചെയ്യാനും അവർക്കും അവസരങ്ങൾ ലഭിച്ചു തുടങ്ങി. ദൃശ്യമാധ്യമങ്ങളുടെ വരവോടെ പൊതുവെ മാധ്യമരംഗത്തെ സ്ത്രീസാന്നിദ്ധ്യങ്ങൾക്ക് തെളിച്ചവും ഊർജ്ജവും ഉണ്ടായി. എങ്കിലും ഇപ്പോഴും പത്രപോളിസി നിർണ്ണയിക്കുന്നതിലും എഡിറ്റോറിയൽ എഴുതുന്നതിലും എഡിറ്റ് പേജുകൾ തീരുമാനിക്കുന്നതിലും സ്ത്രീകൾ ആരും തന്നെ ഇല്ലെന്നതാണ് വസ്തുത. ഉയർന്ന തസ്തികകളിൽ സ്ത്രീകൾ വരുന്ന കാലം വിദൂരമായിത്തന്നെ നിൽക്കുന്നു. തുറന്ന ചർച്ചകളും സംവാദങ്ങളും കൊണ്ട് മുഖരിതമാകുന്ന ഒരു ചൈതന്യമുള്ള ന്യൂസ് ഡെസ്ക്കും ബ്യൂറോയും ഉണ്ടാകണമെങ്കിൽ ലിംഗനീതി കലവറ കൂടാതെ നടപ്പിലാക്കപ്പെടണം. വനിതകൾ അവിടെ സഹജീവികളും സുരക്ഷിതരുമായിരിക്കണം.

■

ബീന

# നെറ്റ്‌വർക്ക് ഓഫ് വിമൻ ഇൻ മീഡിയ കേരളത്തിൽ

'നെറ്റ്‌വർക്ക് ഓഫ് വിമൻ ഇൻ മീഡിയ 'എന്ന വനിതാ മാധ്യമ നെറ്റ്‌വർക്ക് ഉണ്ടായത് 2002 ൽ ന്യൂഡെൽഹിയിൽ നടന്ന ഒരു ത്രിദിന ശില്പ ശാലയുടെ അനന്തരഫലമായാണ്. 'ഇന്ത്യൻ വുമൺ ഇൻ ജേർണലിസം' എന്ന വിഷയത്തെ അധികരിച്ച് 'വോയിസസ്' എന്ന ബാംഗ്ലൂർ അധിഷ്ഠിത എൻ ജി ഒ 2002ൽ സംഘടിപ്പിച്ച ശില്പശാലയിൽ 16 സംസ്ഥാനങ്ങളിൽ നിന്ന് നൂറോളം വനിതാ മാധ്യമ പ്രവർത്തകരാണ് പങ്കെടുത്തത്. വിവിധ ഭാഷകളിൽ മാധ്യമപ്രവർത്തനം നടത്തുന്ന ഇന്ത്യയുടെ വിവിധകോണുകളിൽ നിന്നുള്ള സ്ത്രീകൾ ഒത്തു കൂടുകയും പരസ്പരം അറിയുകയും അഭിപ്രായം പങ്കുവെയ്ക്കുകയും ചെയ്തു. ഇതിലൂടെ മാധ്യമചരിത്രത്തിൽ പുതിയൊരു വഴി തുറക്കപ്പെടുകയായിരുന്നു. ഏതാണ്ടൊരു വർഷത്തോളമായി ഇന്ത്യയിലുടനീളം നടന്നുവന്ന നെറ്റ് വർക്കിംഗിന്റെ പരിസമാപ്തിയായിരുന്നു ആ ഒത്തു ചേരൽ.



കോഴിക്കോട് ദേശീയ സമ്മേളനം കേരളത്തിൽ നിന്ന് പങ്കെടുത്തവർ

2000 – 2001 കാലഘട്ടത്തിൽ പ്രാദേശിക തലത്തിലുള്ള മൂന്ന് ശില്പ ശാലകൾ ബാഗ്ലൂരിൽ നടന്നു. പ്രാദേശിക, സംസ്ഥാന, ദേശീയ തലങ്ങളിലുള്ള മാധ്യമ വനിതാ കൂട്ടായ്മയെ കുറിച്ച് ഈ ശില്പശാലകൾ ഗൗരവമായി ചിന്തിച്ചു. പ്രൊഫഷനിലും സമൂഹത്തിലും ആഴത്തിലുള്ള മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇത്തരമൊരു കൂട്ടായ്മയ്ക്ക് കഴിയുമെന്ന് പലരും അഭിപ്രായപ്പെട്ടു. പിന്നാലെ വരുന്ന തലമുറക്ക് വേണ്ടി മാധ്യമരംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്താൻ കഴിയുന്ന ഒരു ഘടകമായി മാറുന്നതിന് വേണ്ടിയും കൂട്ടായ്മ ആവശ്യമാണെന്നുള്ള ചിന്തകളുയർന്നു. പതുക്കെ പതുക്കെ ഇന്ത്യയുടെ പലഭാഗങ്ങളിലായി വനിതാ മാധ്യമ പ്രവർത്തകർ ഒത്തുചേരാൻ തുടങ്ങി. ഈ കൂട്ടായ്മകൾ തമ്മിൽ ബന്ധപ്പെടാൻ തുടങ്ങി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വനിതാ മാധ്യമ പ്രവർത്തകർ തങ്ങളുടെ സഹപ്രവർത്തകരുമായി ആശയ വിനിമയം നടത്തിയപ്പോൾ ഒത്തുചേരലിന്റെ ആവശ്യകത ബോധ്യമായി. ഏറെ വൈകാതെ അവർ ന്യൂഡെൽഹിയിൽ ഒത്തുചേർന്നു. 16 സംസ്ഥാനങ്ങളിൽ നിന്നുള്ള 100 ഓളം പേർ ചേർന്ന് 2002 ജനുവരി 30ന് നെറ്റ് വർക്ക് ഓഫ് വിമൺ ഇൻ മീഡിയ ഇന്ത്യക്ക് (NWMI) രൂപം നൽകി. അനൗപചാരികവും, അധികാരശ്രേണി വിമുക്തവുമായ ഒരു സംഘടനയായിട്ടാണ് ആദ്യം മുതൽ തന്നെ NWMI പ്രവർത്തനമാരംഭിച്ചത്. പ്രാദേശിക ഘടകങ്ങൾ കോ ഓർഡിനേറ്റർമാർ വഴി ദേശീയ ഘടകവുമായി ബന്ധപ്പെടണമെന്നും ദേശീയതലത്തിൽ അഞ്ച് പേരടങ്ങുന്ന ഒരു കോർ ഗ്രൂപ്പ് പ്രവർത്തിക്കണമെന്നും തീരുമാനിക്കപ്പെട്ടു.

ഈ അഞ്ച് പേർ തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ്, വടക്ക് കിഴക്ക് എന്നിങ്ങനെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഓരോ സ്ഥലത്തെയും NWMI ഗ്രൂപ്പിന് സ്വതന്ത്രമായ നിലയിൽ പ്രവർത്തിക്കാനും അവരവരുടെ മേഖലയിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾക്ക് സ്വന്തം നിലയിൽ തീരുമാനം എടുക്കാനും കഴിയുന്ന തരത്തിലാണ് നെറ്റ്‌വർക്ക് വിഭാവന ചെയ്തിരിക്കുന്നത്.

നാടിന്റെ നാനാഭാഗങ്ങളിലുമുള്ള വനിതാ മാധ്യമപ്രവർത്തകർക്ക് പരസ്പരമറിയുവാനും, ആശയങ്ങൾ കൈമാറാനും മാധ്യമരംഗത്തെ വിവരങ്ങളും പുതിയ സാധ്യതകളും പങ്കുവെയ്ക്കാനും മറ്റുമുള്ള അവസരം എന്നതിനൊപ്പം ലിംഗ സമത്വത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുക എന്നതും NWMI യുടെ ലക്ഷ്യവും രീതിയുമായി തീരുമാനിക്കപ്പെട്ടു. അന്ന് മുതൽ ഇന്നോളം NWMI വനിതാ മാധ്യമപ്രവർത്തകരുടെ ആവേശവും ആശ്രയവുമാണ്. ശക്തമായ ഒരു സാന്നിധ്യമായി ഈ പ്രസ്ഥാനം വളർന്നു കഴിഞ്ഞു. വനിതാ മാധ്യമപ്രവർത്തകരുടെ പ്രശ്നങ്ങളിലും സ്ത്രീകൾ നേരിടുന്ന പൊതുവായ കാര്യങ്ങളിലുമൊക്കെ NWMI ഇടപെടുന്നു.

കേരളത്തിലെ വാർത്താമുറികളിൽ നാമമാത്രമായിരുന്ന സ്ത്രീകളുടെ സാന്നിദ്ധ്യം വർദ്ധിച്ചതോതിലാവുന്നത് തൊണ്ണൂറുകളിലാണ്. ഈ രംഗത്തെ സ്ത്രീകൾ ഒത്തു ചേരണമെന്ന ആഗ്രഹം താമസിയാതെ ഉണ്ടായി. രണ്ടായിരമായപ്പോഴേക്കും കേരളത്തിലെ പല കോണുകളിൽ ചെറിയ ചെറിയ കൂട്ടുകെട്ടുകൾ ഉണ്ടായിത്തുടങ്ങി. ദേശീയ തലത്തിൽ നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ ഇന്ത്യ ഉണ്ടായതും ഇക്കാലത്താണ്. ന്യൂഡൽഹിയിൽ നടന്ന ആദ്യ സമ്മേളനത്തിലും തുടർന്ന് പല സ്ഥലങ്ങളിലായി നടന്ന സമ്മേളനങ്ങളിലും കേരളത്തിൽ നിന്ന് നിരവധി വനിതാമാധ്യമപ്രവർത്തകർ പങ്കെടുത്തിട്ടുണ്ട്. അവരിൽ പലരും മടങ്ങിവന്ന് വനിതാ മാധ്യമകൂട്ടായ്മകൾ സംഘടിപ്പിക്കാൻ ശ്രമിച്ചു. രണ്ടായിരത്തിന്റെ തുടക്കത്തിൽ തിരുവനന്തപുരം റസ്റ്റ് ഹൗസിൽ സംഘടിപ്പിക്കപ്പെട്ട വനിതാമാധ്യമ പ്രവർത്തകരുടെ യോഗത്തിലും തട്ടേക്കാട് പക്ഷി നിരീക്ഷണ കേന്ദ്രത്തിൽ വനിതാ കമ്മീഷൻ സംഘടിപ്പിച്ച യോഗത്തിലും സംസ്ഥാനത്തെ നിരവധി വനിതാമാധ്യമ പ്രവർത്തകർ പങ്കെടുത്തു. സ്ത്രീയും മാധ്യമപ്രവർത്തകരും എന്ന വിഷയം ഈ കൂട്ടായ്മകളിൽ ആഴത്തിൽ തന്നെ ചർച്ച ചെയ്യപ്പെട്ടു. വിവിധ സ്ഥാപനങ്ങളിലും ജില്ലകളിലും നിന്ന് എത്തിയവർക്ക് അന്യോന്യം കാണാനും കൂട്ടുകാരാകാനും ഈ സമ്മേളനങ്ങൾ വഴിയൊരുക്കി. എങ്കിലും പൂർണമായ തോതിൽ സ്ത്രീ മാധ്യമപ്രവർത്തകരുടെ ഒരു കൂട്ടായ്മ അപ്പോഴും കേരളത്തിൽ രൂപവൽക്കരിക്കപ്പെട്ടുവന്നില്ല. അതിന് വഴിയൊരുക്കിയത് 2010ലെ NWMI ദേശീയ സമ്മേളനമാണ്. 2009ൽ മണിപ്പൂരിലെ ഇംഫാലിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്ത എം. സുചിത്രയും, വിധു വിൻസെന്റും അടുത്ത സമ്മേളനവേദി കേരളമാവുമെന്നു ഉറപ്പ് നൽകിയാണ് മടങ്ങിയെത്തിയത്. 2010 ഫെബ്രുവരി അഞ്ച്, ആറ് തീയതികളിൽ കോഴിക്കോട് നവജ്യോതി സെന്ററിൽ NWMI എട്ടാമത് ദേശീയ സമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിക്കുമ്പോൾ പലരും സന്ദേഹം പ്രകടിപ്പിച്ചു - 'യാതൊരു തരത്തിലുള്ള മുൻപരിചയവുമില്ലാതെ, ശക്തമായ അടിത്തറയില്ലാതെ ഒരു ദേശീയ സമ്മേളനം നടത്താൻ പറ്റുമോ? 'കഴിയും' എന്ന വിശ്വാസത്തോടെ കുറച്ചു പേർ ഒത്തു ചേർന്നു.


NWMI പത്താം വാർഷികാഘോഷം

രമ്യ ടി ആറിനെ ജനറൽ കൺവീനറാക്കി അവർ ദേശീയ സമ്മേളന കമ്മിറ്റി രൂപീകരിച്ചു. സുചിത്ര എം, വിധുവിൻസെന്റ്, റജി ആർ. നായർ, ചിത്ര അജിത്ത്, റോഷൻ ബാനു, അഞ്ചന ശശി, ഗായത്രി ജേവരാജ്, സൗമ്യ വി എസ്, വി പി റജീന, ദിവ്യ ശ്രീ കെ വി എന്നിവരായിരുന്നു കമ്മിറ്റിയിലുണ്ടായിരുന്നത്. തിരുവനന്തപുരത്ത് കെ എ ബീനയും കൊച്ചിയിൽ വി എം ഗിരിജയും സമ്മേളനത്തിന് വേണ്ട സഹായങ്ങൾ നൽകാൻ തയ്യാറായി. കേരളസർക്കാരും, പൊതുമേഖലാ സ്ഥാപനങ്ങളും, മാധ്യമസ്ഥാപനങ്ങളും സാമ്പത്തികമായും മറ്റും പിന്തുണച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് 150-ാളം പ്രതിനിധികൾ സമ്മേളനത്തിനെത്തി. സാമൂഹ്യപ്രവർത്തകയും റാമോൺ മാഗ്സേസേ അവാർഡ് ജേതാവുമായ അരുണാ റോയ് കോഴിക്കോട് ടാഗോർ സെന്ററിൽ നടന്ന ചടങ്ങിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മാധ്യമങ്ങളുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കേണ്ട ആവശ്യകത അരുണാറോയ് ഊന്നിപ്പറഞ്ഞു.. NWMI വർഷം തോറും യുവമാധ്യമ പ്രവർത്തകർക്ക് നൽകി വന്നിരുന്നു. അനുപമ ജയരാമൻ

അവാർഡ് അന്ന് തെഹൽക്കയിലെ സീനിയർ കറസ്പോണ്ടന്റ് ആയിരുന്ന നേഹ ദീക്ഷിതിന് നൽകിയത് മാതൃഭൂമി എഡിറ്റർ എം കേശവ മേനോനായിരുന്നു. പി രാജേന്ദ്രൻ, സി. രാജ ഗോപാൽ തുടങ്ങിയവർ ഉദ്ഘാടന യോഗത്തിൽ സംസാരിച്ചു. ദീദി ദാമോദരൻ എഴുതിയ 'സീമ' എന്ന പുസ്തകവും കെ എ ബീനയും, ഗീത ബക്ഷിയും ചേർന്ന് രചിച്ച ഡേറ്റ്ലൈൻ, ചരിത്രത്തെ ചിറകിലേറ്റിയ എന്ന പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്യപ്പെട്ടു. തുടർന്ന് രണ്ടു ദിവസങ്ങളായി നടന്ന സെഷനുകളിൽ കേരള ത്തിന്റെ വികസനം, ആരോഗ്യം, സ്ത്രീകൾ, ജനകീയാസൂത്രണം, തീവ്രവാദം തുടങ്ങി നിരവധി



**അഹമ്മദാബാദ് ദേശീയ സമ്മേളനം – കേരള പ്രതിനിധികൾ**

വിഷയങ്ങൾ ചർച്ചചെയ്യപെട്ടു. NWMI വർഷം തോറും സംഘടിപ്പിക്കുന്ന ദേശീയ സമ്മേളന ങ്ങളുടെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്ന് രാജ്യത്തിന്റെ വിവിധഭാഗങ്ങളിലെ സാമൂഹ്യ–സാമ്പത്തിക– രാഷ്ട്രീയ– സാംസ്കാരിക വിഷയങ്ങളെക്കുറിച്ച് വനിതാമാധ്യമപ്രവർത്തകർക്കിടയിൽ ധാരണ ഉണ്ടാക്കുക എന്നതും കൂടിയാണ്.

'കേരള വികസനമോഡൽ' എന്ന വിഷയ ത്തെക്കുറിച്ച് നടന്ന സെമിനാറിൽ അന്നത്തെ പ്ലാനിംഗ് ബോർഡ് ചെയർപേഴ്സൺ ഡോ.പ്രഭാത് പട്നായിക്ക് ആയിരുന്നു പ്രധാന പ്രഭാഷകൻ. ഡോ ബിനിത തമ്പി 'ജെൻഡർ പൊളിറ്റിക്സ് ഓഫ് കുടുംബശ്രീ' യെക്കുറിച്ചും ഡോ ജെ ദേവിക 'കേരള വിമൻ ജെൻഡർ പാരഡോക്സ്' എന്ന വിഷയത്തിലും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 'Decentralisation and women empowerment' എന്ന വിഷയത്തെക്കുറിച്ച് തിരുവനന്തപുരത്തെ സഖി വിമൻസ് റിസോഴ്സ് സെന്ററിലെ ഏലിയാമ്മാ വിജയൻ സംസാരിച്ചു. 'Reflexions of a former Naxalite' എന്ന സെഷനിൽ കെ അജിത പ്രതിനിധി കളുമായി അനുഭവങ്ങൾ പങ്കുവച്ചു.

സമ്മേളനത്തിന്റെ ഭാഗമായി നടന്ന 'Media ethics and paidnews - editors' panel discussion ഏറെ ശ്രദ്ധ പിടിച്ചുപറ്റി. പെയ്ഡ് ന്യൂസിനെ കുറിച്ച് രാജ്യത്തുതന്നെ നടന്ന വിപുലമായ രീതിയിലുള്ള ആദ്യത്തെ ചർച്ചയായിരുന്നു അത്.

കോഴിക്കോട് മലബാർ പാലസ് ഹോട്ടലിൽ ഫെബ്രുവരി ആറിന് നടന്ന ചർച്ചയിൽ അന്ന് പ്രസാർഭാരതി ചെയർപേഴ്സണായിരുന്ന, ഹിന്ദു സ്ഥാൻ ടൈംസിന്റെ മുൻ എഡിറ്റർ ഇൻ ചീഫ് മൃണാൾ പാണ്ഡെ, ബിസിനസ് സ്റ്റാൻഡേർഡ് എഡിറ്റർ ഇൻ ചീഫ് ടി എൻ നൈനാൻ, മാതൃഭൂമി എഡിറ്റർ എം കേശവമേനോൻ, മാധ്യമ എഡിറ്റർ ഒ അബ്ദുൾ റഹ്മാൻ, തേജസ് എഡിറ്റർ പി കോയ, കേരളകൗമുദി എക്സിക്യൂട്ടീവ് എഡിറ്റർ ബി സി ജോജോ, മാധ്യമം അസോസിയേറ്റ് എഡിറ്റർ യാസിൻ അഷ്റഫ്, ദേശാഭി മാനിയിലെ അബൂബക്കർ മാധ്യമപ്രവർത്തകരായ സന്ധ്യാ താക്സാലെ, സത്യവതി.ജി.വി എന്നിവർ പങ്കെടുത്തു.

പ്രശസ്ത മാധ്യമപ്രവർ ത്തക കല്പനാ ശർമ്മയായി രുന്നു ചർച്ചയുടെ മോഡറേറ്റർ.

'The State , Media and terrorism' എന്ന വിഷയത്തിൽ തേജസ് എഡിറ്റർ എൻ പി ചേക്കുട്ടി സംസാരിച്ചു. The politics of the veil' എന്ന വിഷയ ത്തെക്കുറിച്ച് നടന്ന ചർച്ചയിൽ ഡോ ഖദീജാ മുംതാസും സിസ്റ്റർ ജെസ്മിയും പങ്കെടുത്തു. മലയാള ചല ച്ചിത്രരംഗത്തെ സ്ത്രീസാന്നിദ്ധ്യത്തെക്കുറിച്ചുള്ള ഫോട്ടോപ്രദർശനവും സമ്മേളനത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു.

സമ്മേളനത്തിന് വന്ന പ്രതിനിധികൾക്ക് കോഴിക്കോട്ടെ പാലിയേറ്റീവ് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കാനുള്ള അവസരവും ഒരുക്കിയിരുന്നു. പാലിയേറ്റീവ് കെയർ രംഗത്ത് കേരളത്തിന്റെ മാതൃക മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്ന മാധ്യമ പ്രവർത്തകർക്ക് പരിചയപ്പെടുത്തുകയായിരുന്നു ലക്ഷ്യം. ഉഷാ നങ്ങ്യാരുടെ നങ്ങ്യാർകൂത്തോടെ യാണ് പരിപാടികൾ അവസാനിച്ചത്.

കേരളത്തിലെ വനിതാമാധ്യമപ്രവർത്തകർക്ക് പുത്തനുണർവ്വു നൽകിയ അനുഭവമായിരുന്നു ദേശീ യസമ്മേളനം. ഇന്ത്യയുടെ വ്യത്യസ്ഥ കോണുകളിൽ നിന്നെത്തിയ മാധ്യമപ്രവർത്തകരെ കാണാനും, അനു ഭവങ്ങൾ കേൾക്കാനും ഇടയായത് കേരളത്തിന്റെ ഇട്ടാവട്ടങ്ങൾക്കപ്പുറത്തെ മാധ്യമപ്രവർത്തനത്തെ ക്കുറിച്ച് അറിയാനിട നൽകി ഒപ്പം ഇന്ത്യയെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് പുതിയ കാഴ്ച്ചപ്പാടുകൾ സ്വായത്തമാക്കാനും അവസരമുണ്ടായി.

ഇന്ത്യൻ മാധ്യമരംഗത്ത് ലബ്ധപ്രതിഷ്ഠ

*(ശേഷം 35-ാം പേജിൽ)*





ഡോ.ജാൻസി ജോസ്

വാസ്തവം

# ഭയത്തിൽ നിന്ന് മോചിതരാവേണ്ട ഇന്ത്യൻ സ്ത്രീകൾ

വിവാഹം കഴിച്ചാൽ പെണ്ണ് സുരക്ഷിതയാകും എന്നു വിശ്വസിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു നമുക്ക്. ഒറ്റക്കു താമസിക്കാതെ സ്വന്തം വീട്ടിലോ, ഭർത്താവിന്റെ വീട്ടിലോ, സന്യാസസഭകളിലോ ജീവിക്കാൻ കഴിഞ്ഞാൽ അവൾക്ക് ഒന്നും സംഭവിക്കില്ല എന്നാണ് വിശ്വസിച്ചിരുന്നത്. സംഭവിക്കില്ല എന്നു പറഞ്ഞാൽ പുറത്തു നിന്നുള്ള ആക്രമണമുണ്ടാകില്ല എന്നു മാത്രം. പക്ഷേ, പെണ്ണിനെ തല്ലിക്കൊല്ലാൻ വരെയുള്ള അധികാരം അതിൽ നിക്ഷിപ്തമായിരുന്നു താനും.

ഇന്ത്യൻ സ്ത്രീത്വം ഭയത്തിന്റെ നിഴലിലാണ്. വിവാഹം കഴിച്ചാലും പ്രേമിച്ചാലും തൊഴിൽ ചെയ്താലും പഠിച്ചാലും മകളായി ജീവിച്ചാലും സഹോദരിയായാലും അവളെ കാമകേളികൾക്ക് ഉപയോഗിക്കുന്ന കാഴ്ചകൾക്കു മുന്നിൽ ഭയപ്പെടാതിരുന്നാലേ അതിശയമുള്ളൂ. പെണ്ണിനെ കണ്ടാൽ ഉടൻ കാമം വരുന്ന സൃഷ്ടികളാണോ പുരുഷന്മാർ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാവരും അങ്ങനെയല്ല എന്ന ഉത്തരത്തിൽ നിന്ന് അങ്ങനെയുള്ളവരും അങ്ങനെയല്ലാത്തവരും എന്ന രണ്ടു വിഭാഗങ്ങൾ ഉരുത്തിരിയുന്നതായി കാണാം. അങ്ങനെയെങ്കിൽ സ്ത്രീകളെ ബഹുമാനിക്കുന്നവരുടെ ഗുണങ്ങൾ മനസ്സിലാക്കി, സാഹചര്യങ്ങൾ മനസ്സിലാക്കി, അവരെ അവിടെയെത്തിക്കാനുണ്ടായ ഘടകങ്ങൾ കണ്ടെടുത്ത് മറ്റേ പക്ഷത്തെ ഉയർത്തിക്കൊണ്ടു വരേണ്ടതില്ലേ?'അതോ ബഹുമാനിക്കുന്ന പക്ഷത്തേക്കൂടി മറുപക്ഷത്തേക്കെത്തിക്കുകയാണോ ചെയ്യേണ്ടത്?

നന്നായി പരിശോധിച്ചാൽ ജാതിയോ മതമോ സമ്പത്തോ വിദ്യാഭ്യാസമോ ഒന്നും ഇതിനു ബാധകമല്ല എന്നു കാണാം. ഒരു പക്ഷേ ഇന്ത്യൻ വ്യവസ്ഥിതിയുടെ ഇളക്കി മറിക്കൽ തന്നെ ഇതിനു വേണ്ടി വന്നേക്കാം.

തുല്യ സമ്പദ് വ്യവസ്ഥ, തുല്യ സ്വാതന്ത്ര്യം, തുല്യ അവകാശങ്ങൾ തുടങ്ങി എല്ലാറ്റിലും തുല്യത അനുഭവിക്കുന്ന ഒരു രാജ്യത്തേ ഈ ചുട്ടുകരിക്കലിന് ഒരു അറുതിയുണ്ടാവാൻ വഴിയുള്ളൂ. ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ചു പറയാൻ തുടങ്ങിയിട്ട് നാളേറെയായി. പറഞ്ഞു തുടങ്ങിയ നാളിൽ കേരളത്തിന് കുറച്ചു് വിദ്യാഭ്യാസ വിചക്ഷണന്മാർ എഴുതിയുണ്ടാക്കിയ കരിക്കുലം കാണാനിടവന്നു. എങ്ങനെ സുരക്ഷിതമായി സെക്സ് ചെയ്യാമെന്നും അഥവാ പ്രശ്നം വന്നാൽ എവിടെ പോകണമെന്നും നിർദ്ദേശിക്കുന്നുണ്ടായിരുന്നു ആ കരിക്കുലത്തിൽ. അല്ലെങ്കിലും മിക്ക വകുപ്പിലും ഇത്തരം മണ്ടന്മാരുടെ ബുദ്ധിയിൽ വരുന്ന മണ്ടത്തരങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു എന്നത് കാണാതെ പോവുന്നില്ല.

നല്ല സാമൂഹ്യ വീക്ഷണമുള്ളവർ കൂടിയിരുന്നാലോചിക്കട്ടെ. ഈ സ്ഥിതി എങ്ങനെ മാറ്റിയെടുക്കാമെന്ന്. (മാറ്റിയെടുക്കണമെന്ന താത്പര്യം ആർക്കുമില്ല എന്നറിയാം) നല്ല നല്ല പഠനങ്ങൾ വരട്ടെ .സമയബന്ധിതമായി പ്രശ്നം ചർച്ച ചെയ്ത് പരിഹാരങ്ങൾ ആരായണം. എല്ലാ വിധത്തിലുമുള്ള വിവേചനങ്ങളും അവസാനിപ്പിക്കുന്ന, നിലപാടുള്ള നേതൃത്വം വരട്ടെ. അങ്ങനെയെങ്കിൽ ഇന്ത്യൻസ്ത്രീക്ക് ഭയമില്ലാതെ ഉറങ്ങാൻ കഴിഞ്ഞേക്കാം.

രായ പലരെയും കാണാനും കേൾക്കാനും പ്രതിനിധികൾക്ക് അവസരമുണ്ടായി. കേരളത്തിലെ ന്യൂസ് റൂമുകളിൽ സ്ത്രീകളുടെ എണ്ണം ക്രമേണ വർദ്ധിച്ചുവരുകയായിരുന്നു. ഈ സമയത്ത് തന്നെ ദേശീയ സമ്മേളനം നടന്നത് NWMI യുടെ കേരളത്തിലെ രൂപീകരണത്തിന് ഏറെ സഹായകമായി.

അന്നേവരെ നടന്ന സമ്മേളനങ്ങളിൽ മികവുറ്റ രീതിയിൽ സംഘടിപ്പിക്കപ്പെട്ടത് കോഴിക്കോട് സമ്മേളനമാണെന്ന് വിലയിരുത്തപ്പെട്ടു. 'പെയ്ഡ് ന്യൂസ്' സെമിനാർ ദേശീയ തലത്തിൽ തന്നെ ചർച്ചയായി. സമ്മേളനത്തിന്റെ ഓർമ്മയും ഊർജ്ജവും ഉൾക്കൊണ്ട് സമ്മേളനത്തിന് പിന്നിൽ പ്രവർത്തിച്ചവർ ഉടനെ തന്നെ കോഴിക്കോട് ഒത്തുകൂടി, ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നി



NWMI **സുഗതകുമാരി ടീച്ചറെ ആദരിച്ചപ്പോൾ**

ങ്ങനെ മൂന്ന് ഗ്രൂപ്പുകളായി പ്രവർത്തിക്കാനും ആവശ്യം വരുമ്പോൾ സംസ്ഥാനതലത്തിൽ ഒത്തുചേരാനും തീരുമാനിച്ചു. പ്രാദേശിക ഗ്രൂപ്പുകൾക്ക് പരിപാടികൾ ആവിഷ്കരിക്കാൻ പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നു തീരുമാനിച്ചു. കോഴിക്കോടും കൊച്ചിയിലും തിരുവനന്തപുരത്തും NWMI ഗ്രൂപ്പുകൾ ഉണ്ടായി. എണ്ണത്തിൽ കൂടുതൽ ഇല്ലെങ്കിലും ഇടക്കിടെ ഒത്തുചേരാനും സംസാരിക്കാനും ഒന്നിച്ച് യാത്ര ചെയ്യാനും ഒരുമിച്ച് ഭക്ഷണം കഴിക്കാനുമൊക്കെ അവസരങ്ങൾ കണ്ടെത്തി. തിരക്കിട്ട ഔദ്യോഗിക ജോലികൾക്കും ഗാർഹിക ഉത്തരവാദിത്തങ്ങൾക്കുമൊപ്പം സംഘടന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കുന്നത് പലർക്കും അത്ര എളുപ്പമായിരുന്നില്ല എങ്കിലും സജീവത നിലനിർത്താൻ ഒരോരുത്തരും അവരവരുടേതായ ശ്രമങ്ങൾ നടത്തിയെന്നതാണ് എടുത്തുപറയേണ്ടത്. ഏറ്റവുമൊടുവിൽ തിരഞ്ഞെടുക്കപ്പെട്ട നെറ്റ്വർക്ക് വിമൺ ഇൻ മീഡിയ കേരളയുടെ സംസ്ഥാന കോ ഓർഡിനേറ്റർ സന്ധ്യാ ബാലസുമയാണ്.

കോഴിക്കോട് റജി ആർ നായർ, ചിത്രാ അജിത്ത്, കൊച്ചിയിൽ കെ വി ലീല, മീന ദിവാകർ തിരുവനന്തപുരത്ത് കെ.എ. ബീന, മീരാ അശോക് എന്നിവരാണ് നിലവിലുള്ള പ്രാദേശിക കോ – ഓർഡിനേറ്റർമാർ.

തിരുവനന്തപുരത്തെ NWMI ഘടകം അവിടെ പ്രവർത്തിക്കുന്ന മറ്റ് വനിതാ സംഘടനകളായ ട്രിവാൻട്രം വിമൻ റൈറ്റേഴ്സ് ഫോറം, സ്ത്രീകൂട്ടായ്മ, ഇടം എന്നിവയുമായി ചേർന്നും ഒറ്റക്കും നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഒത്തുകൂടാനും വായിച്ച പുസ്തകങ്ങളെക്കുറിച്ചും ആനുകാലികങ്ങളിലെ ലേഖനങ്ങളെക്കുറിച്ചും ഒക്കെ ചർച്ച ചെയ്യാനും ചണങ്ങക പ്രവർത്തകർ ശ്രമിക്കാറുണ്ട്. സ്ത്രീ സംവിധായികമാരുടെ ഷോർട്ട് ഫിലിമുകളുടെയും ഡോക്യുമെന്ററികളുടെയും പ്രദർശനം കേരള ചലച്ചിത്ര അക്കാദമിയുടെ സഹായത്തോടെ 2008 ൽ കേസരി ഹാളിൽ സംഘടിപ്പിച്ചു.

പ്രശസ്ത എഴുത്തുകാരി സുഗതകുമാരിക്ക് സരസ്വതീ സമ്മാനം ലഭിച്ച വേളകളിൽ തിരുവനന്തപുരം ഘടകം മാനവീയം വീഥിയിൽ സുഗതകുമാരിയെ ആദരിച്ചു. 2013 ജൂൺ 5 രാത്രി എട്ട് മണിക്ക് മൺചെരാതുകളുടെ വെളിച്ചത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. ഒരു സൗരോർജ വിളക്കാണ് സുഗതകുമാരിക്ക് സമ്മാനമായി നൽകിയത്. വിവിധ കോളേജുകളിലെ കുട്ടികൾ സുഗതകുമാരി ടീച്ചറിന്റെ കവിതകൾ ചൊല്ലി.



**രാജലക്ഷ്മി അനുസ്മരണച്ചടങ്ങിൽ**

2014 ജനുവരി 19 ന് പ്രശസ്ത എഴുത്തുകാരി രാജലക്ഷ്മിയുടെ കൃതികളെയും ജീവിതത്തെയും വിലയിരുത്തുന്ന ഒരു പരിപാടി കേസരി സ്മാരക ഹാളിൽ NWMI തിരുവനന്തപുരം ഘടകം സംഘടിപ്പിച്ചു. എഴുത്തുകാരി ചന്ദ്രമതിയാണ് മുഖപ്രഭാഷണം നടത്തിയത്. രാജലക്ഷ്മിയുടെ കൃതികളെക്കുറിച്ച് നിരൂപക മിനിനായർ സംസാരിച്ചു. സ്ത്രീകളും ക്രിയാത്മകതയും തമ്മിലുള്ള

ബന്ധവും വൈരുദ്ധ്യാത്മകതയും സദസ് ചർച്ച ചെയ്തു. രാജലക്ഷ്മി ആത്മഹത്യ ചെയ്യാനിടയായ സാഹചര്യങ്ങൾ ഇനിയൊരു എഴുത്തുകാരിയെയും ബാധിക്കാതിരിക്കണം എന്ന് പങ്കെടുക്കുന്നവർ അഭിപ്രായപ്പെട്ടു.

2018 ഒക്ടോബർ 13ന് കൊച്ചിയിൽ WCC നടത്തിയ വാർത്താ സമ്മേളനത്തിൽ പല മാധ്യമ പ്രവർത്തകരും മര്യാദയുടെ അതിരുകൾ ലംഘിച്ച് പെരുമാറിയതായി കണ്ടെത്തിയതിനെ തുടർന്ന് NWMIയുടെ കേരളഘടകം മാധ്യമപ്രവർത്തകർക്ക് വേണ്ടി മാപ്പു ചോദിച്ചുകൊണ്ട് പ്രസ്താവന ഇറക്കുകയുണ്ടായി.

ശ്രീബാല കെ മേനോൻ ആദ്യമായി സംവിധാനം ചെയ്ത പന്തിഭോജനം എന്ന ഷോർട്ട് ഫിലിമിന്റെ ആദ്യപ്രദർശനം NWMI തിരുവനന്തപുരം ഘടകമാണ് സംഘടിപ്പിച്ചത്. ശ്രീബാലയുടെ



NWMI **ഫെലോഷിപ്പ് ഗീതാഞ്ജലി കൃഷ്ണൻ ഏറ്റുവാങ്ങുന്നു**

ആദ്യ ചിത്രമായ ലൗ 24 x 7ന് സംസ്ഥാന അവാർഡ് കിട്ടിയപ്പോൾ മാനവീയം വീഥിയിലെ നീർമാതള ചുവട്ടിൽ സ്വീകരണം സംഘടിപ്പിക്കാനും NWMI മുന്നോട്ടുവന്നു 'മീൽസ് റെഡി' എന്ന ലഘുചിത്രത്തിലൂടെ യൂറ്റ്യൂബ് പ്രേക്ഷകരുടെ പ്രിയ സംവിധായികയായി മാറിയ നിതുന നെവിൽ ദിനേശിന്റെ 'മേക്കപ്പ്' എന്ന ലഘു ചിത്രത്തിന്റെ ആദ്യപ്രദർശനവും NWMI തിരുവനന്തപുരം ഘടകം സംഘടിപ്പിച്ചു. സ്ത്രീ മാധ്യമ പ്രവർത്തകരുടെ നിരവധി പുസ്തക പ്രകാശനങ്ങളും NWMI യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

2014 ലോകസഭ തെരഞ്ഞെടുപ്പിന് മുന്നോടിയായി മാർച്ച് 16ന് തിരുവനന്തപുരം പ്രസ് ക്ലബിൽ തെരഞ്ഞെടുപ്പും മാധ്യമങ്ങളും എന്ന വിഷയത്തിൽ NWMI തിരുവനന്തപുരം ഘടകം ഒരു ചർച്ച സംഘടിപ്പിച്ചു. മാധ്യമ പ്രവർത്തകരായ എം ജി രാധാകൃഷ്ണൻ, പി പി ജെയിംസ്, അനിൽ നമ്പ്യാർ, സിന്ധു സൂര്യകുമാർ, ശ്രീദേവി പിള്ള, ആർ പാർവ്വതീദേവി, ഗീതാ നസീർ, കെ എ ബീന തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. തെരഞ്ഞെടുപ്പിൽ മാധ്യമങ്ങൾ കാണിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് വിശദമായി ചർച്ച നടന്നു.

നിരവധി വർഷങ്ങളായി NWMI നടത്തുന്ന അവാർഡ് ജേതാക്കളെ ആദരിക്കൽ ചടങ്ങ് വനിതാ മാധ്യമപ്രവർത്തകർക്ക് ഊർജ്ജം പകരുന്നതിന് സഹായിച്ചിട്ടുണ്ട്. 2012 ഏപ്രിൽ 23ന് തിരുവനന്തപുരം പ്രസ്ക്ലബിൽ നടന്ന അവാർഡ് ദാന ചടങ്ങിൽ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് അവാർഡ് ജേതാക്കളായ വനിതാമാധ്യമ പ്രവർത്തകർ പങ്കെടുത്തു. മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്.

മുതിർന്ന മാധ്യമപ്രവർത്തകരായ ബി ആർ പി ഭാസ്കർ, എൻ പി രാജേന്ദ്രൻ, ആർ.വി. ജി മേനോൻ, പ്രദീപ് പിള്ള എന്നിവർ പങ്കെടുത്തു.

NWMI കേരളഘടകം മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർക്കായി ഏർപ്പെടുത്തിയ ഫെലോഷിപ്പിന്റെ വിതരണവും അന്ന് നടന്നു. തിരുവനന്തപുരം സ്വദേശിയായ ഗീതാജ്ഞലി കൃഷ്ണൻ മഖ്യമന്ത്രിയിൽ നിന്ന് ഫെലോഷിപ്പ് തുക ഏറ്റുവാങ്ങി.

2012 ൽ കേന്ദ്രമന്ത്രിയായിരുന്ന വയലാർ രവി ഒരു വനിതാ മാധ്യമപ്രവർത്തകയ്ക്ക് സ്ത്രീവിരുദ്ധമായി മറുപടി നൽകി എന്ന പ്രശ്നത്തിൽ NWMI ഇടപെടുകയും അന്നത്തെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലക്ക് പരാതി നൽകുകയും ചെയ്തു. രമേശ് ചെന്നിത്തല വയലാർ രവിയുടെ പ്രതികരണത്തിന് പരസ്യമായി



**സിന്ധു സൂര്യകുമാറിനെതിരെ സൈബർ ആക്രമണം – ആഭ്യന്തര മന്ത്രിയെ കണ്ടു** NWMI **പ്രതിനിധികൾ നിവേദനം നൽകുന്നു**



**മുംബൈ കോൺഫറൻസ്**

മാപ്പുപറഞ്ഞു. വയലാർ രവിയും പ്രശ്നത്തിൽ ക്ഷമ ചോദിച്ചു.

മാധ്യമപ്രവർത്തകയായ സിന്ധു സൂര്യ കുമാറിനെതിരെയുണ്ടായ സൈബർ ആക്രമണ ത്തിലും NWMI ഇടപെടുകയുണ്ടായി. പ്രസ് ക്ലബിൽ പ്രതിഷേധയോഗം വിളിക്കുകയും മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും നിവേദനം നൽകുകയും ചെയ്തു.

മാധ്യമപ്രവർത്തകയായ ജിഷ എലിസ ബത്തും കുടുംബവും സദാചാര പോലീസ് ആക്രമണം നേരിട്ടപ്പോൾ NWMI തിരുവനന്ത പുരം ഘടകം അംഗങ്ങൾ വീട്ടിൽ ചെല്ലുകയും പരിസര വാസികളോട് സംസാരിക്കുകയും ചെയ്തു. പ്രസ്ക്ലബിൽ പ്രതിഷേധ യോഗം സംഘടിപ്പിക്കുകയും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയെ കണ്ട് നിവേദനം നൽകുകയും ചെയ്തു.

ന്യൂസ് 18 ചാനലിലെ ഒരു മാധ്യമപ്രവർത്തക ജോലിസ്ഥലത്തെ സംഘർഷം കാരണം ആത്മഹ ത്യാശ്രമം നടത്തി എന്നറിഞ്ഞ ഉടനെ തന്നെ NWMI അംഗങ്ങൾ ആശുപത്രിയിലെത്തി. പെൺ കുട്ടി ഐസിയുവിൽ ആയിരുന്നതിനാൽ ആദ്യ ദിവസം കാണാൻ പറ്റിയില്ല. തുടർന്ന് മുറിയിലേക്ക് മാറ്റിയ ഉടനെ തന്നെ പെൺകുട്ടിയെക്കാണാൻ ചെല്ലുകയും ധാർമ്മികമായും മാനസികമായും ഉള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്തു ന്യൂസ് 18 ന്റെ ഹൈദരാബാദിലുള്ള ഓഫീസുമായി NWMI ബന്ധപ്പെട്ട് കുട്ടിക്ക് തുടർന്ന് ജോലി ചെയ്യാനുള്ള സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിനെ ക്കുറിച്ച് സംസാരിച്ചു. മാധ്യമസ്ഥാപനങ്ങളിൽ ഐസിസികൾ ഉണ്ടാക്കുന്നതിന്റെ ആവശ്യം എടു ത്തുകാട്ടി കത്തുകളയക്കാൻ NWMI തീരുമാനി ച്ചത് ഈ പ്രശ്നത്തിൽ ഇടപെട്ടുകൊണ്ടാണ്. ഈ വിഷയത്തിൽ NWMI ചെയ്ത കാര്യങ്ങൾ അന്നു തന്നെ ഫേയ്സ്ബുക്കിലൂടെ അറിയിച്ചിരുന്നു.

'ന്യൂസ് 18 ലെ പെൺകുട്ടിയെ ആശുപത്രി യിൽ പ്രവേശിപ്പിച്ചത് മുതൽ network of women in media പ്രവർത്തകർ പോയി കാണുന്നുണ്ട്. കുട്ടി യോടും ചാനൽ അധികൃതരോടും സംസാരിക്കു കയും ചെയ്യുന്നുണ്ട്.. പെൺകുട്ടിയ്ക്ക് ഗുണകര മായ തീരുമാനം ഉണ്ടാക്കുന്നതിന് ശ്രമിക്കുകയാണ്.

**2017 ആഗസ്റ്റ് 14ലെ NWMI ഫെയ്സ്ബുക്ക് പോസ്റ്റ്**

News 18-ൽ നടന്ന ആത്മഹത്യാശ്രമം സംബന്ധിച്ച് Stand Wither തൊഴിൽപീഡനം നേരിട്ടു ആത്മഹത്യ ശ്രമം നടത്തിയ News 18 ലെ



**പത്രാധിപർ ടി.എൻ. നൈനാൻ, പ്രസാർ ഭാരതി ചെയർപേഴ്സൺ മൃണാൾ പാണ്ടെ എന്നിവർ NWMI ദേശീയ കൺവെൻഷനിൽ**

കുട്ടിയെ Network of Women in Media തിരുവനന്ത പുരം ഗ്രൂപ്പിലെ അംഗങ്ങൾ പിറ്റേന്ന് തന്നെ കാണാൻ ആശുപത്രിയിൽ പോയിരുന്നു. ICU യിൽ ആയിരുന്ന കുട്ടിയെ കാണാൻ സാധിച്ചില്ല എങ്കിലും അവരുടെ സുഹൃത്തുക്കളെ കണ്ടു കാര്യ ങ്ങൾ മനസിലാക്കി. പിന്നീട് റൂമിലേക്ക് മാറ്റിയ ശേഷം കുട്ടിയെ പോയി കാണുകയും കാര്യങ്ങൾ മനസിലാക്കുകയും ചെയ്തു. ഇതു വ്യക്തമായ തൊഴിലാളിയോടുള്ള അനീതിയും ലിംഗവിവേ ചനവും ആണെന്ന് മനസിലാക്കുന്നു. മാറി വരുന്ന തൊഴിൽ സംസ്കാരത്തിന്റെ ഭാഗമായി - കോർപ റേറ്റുകൾ തൊഴിൽ നിയമങ്ങൾ അവരുടെ താല്പ ര്യത്തിന് അനുസരിച്ചു പൊളിച്ചെഴുതുകയാണ്. IT മേഖലയിൽ നടക്കുന്ന തൊഴിലാളി വിരുദ്ധ നടപടി കൾ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്ന മാധ്യമങ്ങൾ സ്വന്തം കാര്യങ്ങൾ കണ്ടില്ലെന്നു നടി ക്കുകയാണ്. കുട്ടിയെ ജോലിക്ക് തിരിച്ചെടുക്കാൻ ആ മാധ്യമം തയ്യാറാണെന്ന് അറിയുന്നു. എന്നാൽ പോലീസ് കംപ്ലെയ്ന്റ് പിൻവലിക്കാൻ ഉള്ള നിബ ന്ധനകൾ ഉണ്ടാകരുത്. NWMI ഇക്കാര്യത്തിൽ അവൾക്കൊപ്പം.

2017 ആഗസ്റ്റ് 18ന് NWMI യുടെ പേജിൽ ഇതുസംബന്ധിച്ച് വന്ന പോസ്റ്റ് ഇപ്രകാരമാ യിരുന്നു. 'ന്യൂസ് 18ലെ മാധ്യമപ്രവർത്തക തിരികെ ജോലിയിൽ പ്രവേശിക്കുന്നു. അവൾക്കൊപ്പം നിന്ന നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ പ്രവർത്ത കർക്ക് അഭിവാദ്യങ്ങൾ'



**ഞങ്ങൾക്കും പറയാനുണ്ട്, അവൾക്കൊപ്പം പരിപാടിയിൽ**
**വി.എസ്. അച്യുതാനന്ദൻ സംസാരിക്കുന്നു**

2018 ൽ ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് നിരവധി മാധ്യമപ്രവർത്തകർക്ക് അക്രമം നേരിടേണ്ടി വന്നപ്പോൾ NWMI അവർക്കൊപ്പം ശക്തി പകർന്ന് നിന്നു. ദി ന്യൂസ് മിനിട്ടിലെ സരിതാ എസ് ബാലൻ, റിപ്പബ്ലിക് ടി വിയിലെ പൂജ പ്രസന്ന, എൻ ഡി ടിവിയിലെ സ്നേഹകോശി ഇന്ത്യാടുഡേയിലെ മൗസൂമി സിംഗ്, സി എൻ എൻ ന്യൂസ് 18നിലെ രാധിക രാമസ്വാമി എന്നിവർ നിലയ്ക്കലിലും പമ്പയിലും റിപ്പോർട്ടിംഗിനിടെ തടസപ്പെടുത്തുകയും ആക്രമിക്കപ്പെടുകയും ചെയ്തപ്പോൾ പ്രതിഷേധ പ്രകടനം നടത്തുകയും മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു.

വനിതാ മാധ്യമപ്രവർത്തനത്തിനുള്ള മികവിന് 2014 ൽ സംഘടിത മാസികയ്ക്ക് NWMI കേരള ഘടകം അവാർഡ് നൽകി. 25000 രൂപയും ഫലകവും പ്രശസ്തി പത്രവുമായിരുന്നു അവാർഡായി നൽകിയത്. തിരുവനന്തപുരത്ത് വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടന്ന ചടങ്ങിൽ പ്രശസ്ത മാധ്യമപ്രവർത്തക കല്പനാശർമ്മ കെ അജിതക്ക് മാധ്യമപ്രവർത്തക അവാർഡ് സമ്മാനിച്ചു.

മാധ്യമപ്രവർത്തകയും KUWJ സെക്രട്ടറിയുമായിരുന്ന ശ്രീകലാ പ്രഭാകറിന്റെ മരണദിവസവും ഒന്നാം ചരമവാർഷിക വേളയിലും NWMI തിരുവനന്തപുരം ഘടകം KUWJ യ്ക്കൊപ്പം ചേർന്ന് അനുശോചനയോഗവും അനുസ്മരണ യോഗവും സംഘടിപ്പിക്കുകയുണ്ടായി.

കേരളത്തിൽ 2018 ലുണ്ടായ പ്രളയത്തെത്തുടർന്ന് ഉണ്ടായ പരിസ്ഥിതി പ്രശ്നങ്ങൾ വിലയിരുത്താൻ കേരള മീഡിയ അക്കാദമിയുമായി ചേർന്ന് കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് രണ്ടു ദിവസത്തെ ശില്പ ശാല കൊച്ചിയിൽ സംഘടിപ്പിച്ചു. 2018 ഒക്ടോബർ 2, 3 തീയതികളിൽ 'മാറുന്ന കാലാവസ്ഥ, മാറേണ്ട വികസന സങ്കല്പം' എന്ന വിഷയത്തിലാണ് ശില്പശാല നടന്നത്. 'വിഭവശോഷണം, കാലാവസ്ഥാ വ്യതിയാനം വർദ്ധിക്കുന്ന അസമത്വം', 'കാലാവസ്ഥ വ്യതിയാനം, വികസനം, ദുരന്തങ്ങൾ, മുന്നോട്ടുള്ള വഴികൾ', 'കേരള പുനർനിർമ്മാണം, തദ്ദേശഭരണ സ്ഥാപനങ്ങളും, ജനകീയ പങ്കാളിത്തവും', 'കാലാവസ്ഥ വ്യതിയാനവും ദുരന്തങ്ങളും മാധ്യമങ്ങൾ കൈകാര്യം ചെയ്യേണ്ടവിധം', 'പുഴകളും ജലസ്രോതസുകളും മാറേണ്ട സങ്കല്പങ്ങൾ', 'കാലാവസ്ഥാ ശാസ്ത്രവും പ്രവചനങ്ങളും ശാക്തീകരിക്കപ്പെടേണ്ട മാധ്യമങ്ങളും പൊതു സമൂഹവും', 'മാറുന്ന ഭൂമി, മാറുന്ന സമൂഹം പശ്ചിമഘട്ടത്തിൽ നിന്ന്', 'പ്രളയാനന്തരകേരളം പുതുചിന്തകൾ - പുതു വഴികൾ' തുടങ്ങിയ വിഷയങ്ങളെ കുറിച്ച് ചർച്ചകൾ നടന്നു.

ഡോ സാഗർ ധാര, ഡോ കെ ജി താര, ആർ എസ് ബാബു, ഡോ ജെ ദേവിക, ഡോ ജോയ് ഇളമൺ, കെ പി സേതു നാഥ്, ഡോ ജോർജ്, എസ് പി രവി, ഡോ അഭിലാഷ്, സിബി മൂന്നാർ, എം ഗീതാനന്ദൻ, ശരത്, എം സുചിത്ര തുടങ്ങി നിരവധി പ്രമുഖർ ശില്പശാലയിൽ പങ്കെടുത്തു. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിയെക്കുറിച്ച് ഗഹനമായ ചർച്ചകൾ തന്നെ നടന്നു.




**മംഗളം സമരം - കൊച്ചി**

വിദ്യാർത്ഥികൾ ഉൾപ്പെടെ നല്ലൊരു സദസ്സ് രണ്ടു ദിവസവും ചർച്ചയിൽ പങ്കെടുത്തു.

**ഞങ്ങൾക്കും പറയാനുണ്ട്, അവൾക്കൊപ്പം** എന്ന പേരിൽ 2017 സെപ്റ്റംബർ 16ന് തിരുവനന്തപുരത്തെ മാനവീയം വീഥിയിൽ അക്രമങ്ങൾക്ക് ഇരയാകേണ്ടിവന്ന എല്ലാ സ്ത്രീകൾക്കും വേണ്ടി ശബ്ദം ഉയർത്തിക്കൊണ്ട് ക്രൂരമായ അതിക്രമത്തെ അതിജീവിച്ച നടിയ്ക്ക് നീതി ഉറപ്പാക്കണം എന്നാവശ്യപ്പെട്ട് നടത്തിയ പരിപാടിയിൽ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ പെട്ടവർ പങ്കെടുത്തു. വി എസ് അച്യുതാനന്ദൻ പരിപാടി ഉദ്ഘാടനം ചെയ്തു. വി എം സുധീരൻ, പന്ന്യൻ രവീന്ദ്രൻ, സുഗതകുമാരി, സി എസ് സുജാത, ഷാനിമോൾ ഉസ്മാൻ, ഐ ബി സതീഷ് കുമാർ എം എൽ എ, വിധു വിൻസന്റ്, ജെ ദേവിക, സാറാതോമസ് തുടങ്ങിയവർ സംസാരിച്ചു. നടി അക്രമിക്കപ്പെട്ട സംഭവത്തിൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് ഈ പരിപാടിക്ക് വലിയ പങ്ക് വഹിക്കാനായി.



**ജിഷ എലിസബത്തിനെതിരെ നടന്ന സദാചാര പോലീസിങ്ങിനെതിരെ പ്രതിഷേധം**

മംഗളം ചാനലിൽ നടന്ന സ്ത്രീ വിരുദ്ധ പ്രവണതക്കെതിരെയുള്ള സമരത്തോടനുബന്ധിച്ച് NWMI കേരളഘടകം ലൈംഗികകുറ്റകൃത്യങ്ങൾ പാലിക്കേണ്ട നിയന്ത്രണങ്ങൾ സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

മുതിർന്ന മാധ്യമപ്രവർത്തകയും NWMI അംഗവുമായ ഗൗരിലങ്കേഷ് കൊല്ലപ്പെട്ടപ്പോൾ കേരള ഘടകം തിരുവനന്തപുരത്ത് മാനവീയം വീഥിയിൽ 2017 സെപ്റ്റംബർ ആറിന് പ്രതിഷേധയോഗം സംഘടിപ്പിച്ചു. ഇത്തരം അരും കൊലകൾക്കെതിരെ ശബ്ദമുയർത്തേണ്ടതിന്റെ ആവശ്യം യോഗം ഊന്നിപ്പറഞ്ഞു.

NWMI അംഗമായ യാമിനി നായർ നടത്തിയ 'മീടു' വെളിപ്പെടുത്തലിൽ NWMI ദേശീയ - കേരള - പ്രാദേശിക ഘടകങ്ങൾ അവർക്കൊപ്പം നിന്ന് ശക്തമായ നിലപാട് കൈകൊണ്ടു. തിരുവനന്തപുരത്തെ മുതിർന്ന മാധ്യമപ്രവർത്തകനിൽ നിന്ന് ലൈംഗികാതിക്രമം നേരിട്ടത് ലോകം മുഴുവൻ അലയടിച്ച 'മീടു' തരംഗകാലത്ത് ധൈര്യപൂർവ്വം തുറന്നു പറഞ്ഞതിൽ യാമിനിയെ അഭിനന്ദിച്ച് NWMI യുടെ ഫേസ്ബുക്ക് പേജിൽ പോസ്റ്റിടുകയുണ്ടായി. അതിക്രമം കാട്ടിയ ആളുടെ പേര് വെളിപ്പെടുത്തേണ്ടതില്ലെന്ന യാമിനിയുടെ തീരുമാനത്തെയും NWMI പിന്തുണച്ചു. ഈ വിഷയത്തെക്കുറിച്ച് 2018 ഒക്ടോബർ 15 ലെ NWM1 Kerala യിൽ പ്രസിദ്ധീകരിച്ച പോസ്റ്റ് ഇപ്രകാരമായിരുന്നു.

'യാമിനി നായർക്ക് പിന്തുണ പ്രഖ്യാപിക്കുന്നതിനൊപ്പം, അതിക്രമം നടത്തിയ ആളുടെ പേര് ഇപ്പോൾ വെളിപ്പെടുത്തേണ്ടതില്ലെന്ന യാമിനിയുടെ തീരുമാനത്തെയും ഞങ്ങൾ മാനിയ്ക്കുന്നു. ആ പേര് വെളിപ്പെടുത്തണമെന്ന് ആർക്കും യാമിനിയെ നിർബന്ധിയ്ക്കാനാകില്ല. അത് അവരുടെ മാത്രം തീരുമാനവുമാണ്, വിശാഖ കേസിലെ സുപ്രീംകോടതി വിധിയും തൊഴിലിടങ്ങളിലെ ലൈംഗികപീഡനം തടയാനുള്ള 2013 ലെ നിയമവും അടിസ്ഥാനപ്പെടുത്തി, ഈ മാധ്യമപ്രവർത്തകൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ പരാതി പരിഹാര സംവിധാനം ആവശ്യപ്പെട്ടാൽ ആ പേര് വെളിപ്പെടുത്താൻ തയ്യാറാണെന്നും യാമിനി വ്യക്തമാക്കിയിട്ടുണ്ട്. മൂന്നാമതൊരാൾ വഴി ഈ മാധ്യമപ്രവർത്തകൻ ജോലി ചെയ്യുന്ന സ്ഥാപനം ഇക്കാര്യത്തെക്കുറിച്ച് അറിഞ്ഞിട്ടുണ്ടെന്നും ഞങ്ങൾക്ക് വിവരം ലഭിച്ചിട്ടുണ്ട്. ഗൗരവത്തോടെ തന്നെ യാമിനിയുടെ പരാതിയിൽ




**മുംബൈയിലെ റേപ്പിനെതിരെ തിരുവനന്തപുരത്ത് നടന്ന മാർച്ച്**

സ്ഥാപനം നടപടികൾ കൈക്കൊള്ളുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. സമൂഹത്തിലെ അധികാരശ്രേണിയിൽ ഉന്നതപദവി കൈയാളുന്ന മാധ്യമ പ്രവർത്തകനെതിരെ മൂന്ന് പേരാണ് ലൈംഗിക പീഡനപരാതികൾ വെളിപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്ന് തന്നെ വേട്ടക്കാരന്റെ പ്രകൃതമാണ് ഇദ്ദേഹത്തിനെന്ന് വ്യക്തമാണ്. തന്റെ കീഴിൽ പരിശീലനത്തിനെത്തിയ മാധ്യമവിദ്യാർഥിനികൾക്ക് നേരെയാണ് ഇദ്ദേഹം അതിക്രമം നടത്തിയിരിക്കുന്നത്. പീഡനത്തെ അതിജീവിച്ച പേര് വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഒരു പെൺകുട്ടി. മോശം അനുഭവത്തിന് ശേഷം മാധ്യമപ്രവർത്തനം തന്നെ ഉപേക്ഷിച്ചെന്നാണ് പറഞ്ഞത്. ഇതിനെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമായിത്തന്നെയാണ് NWMI കാണുന്നത്. ഇത്തരം വേട്ടക്കാരെ തുറന്നുകാട്ടാൻ, അവർക്കെതിരെ നടപടി ഉറപ്പാക്കാൻ, മാധ്യമപ്രവർത്തകർക്ക് ആവശ്യമായ എല്ലാ വിധ പിന്തുണയുമുണ്ടാകുമെന്ന് NWMI പ്രഖ്യാപിക്കുന്നു.'




**ദേശീയ വനിതാമാധ്യമ സെമിനാർ**
**തമിഴ് കവി സെൽമ ഉദ്ഘാടനം ചെയ്യുന്നു**

ഈ വിഷയത്തെപ്പറ്റി 2019 മേയ് 15 നു നെറ്റ് വർക്ക് ഓഫ് വിമൻ മീഡിയ പ്രസിദ്ധീകരിച്ച ഫേസ്ബുക്ക് പോസ്റ്റ് ഇങ്ങനെയായിരുന്നു.

'കെ പി സി സി വിചാർ വിഭാഗ് സംഘടിപ്പിക്കുന്ന ഡി വിജയകുമാർ അനുസ്മരണ സെമിനാറിൽ ഗൗരീദാസൻ നായരെ പങ്കെടുപ്പിക്കുന്നതിൽ നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ കേരളം (NWMI Kerala) ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. കുട്ടികളടക്കം പലരെയും ലൈംഗികമായി പീഡിപ്പിച്ചു എന്ന ആരോപണം നേരിടുന്ന വ്യക്തിയെ പൊതുചടങ്ങിൽ പങ്കെടുപ്പിക്കുന്നത് സ്ത്രീകളെ അപമാനിക്കുന്നതിനു തുല്യമാണ്. പത്രപ്രവർത്തനത്തിലുടനീളം ധാർമികത കൈവിടാതെ സൂക്ഷിച്ച ഡി വിജയകുമാറിനെപ്പോലൊരാളുടെ അനുസ്മരണവേദിയിൽ ഇത്തരമൊരു വ്യക്തിയെ പങ്കെടുപ്പിക്കുന്നത് അദ്ദേഹത്തോടുള്ള അനാദരവുകൂടിയാണ്. ഈ നടപടിയിൽ NWMI ശക്തമായി പ്രതിഷേധിക്കുന്നു.'

2016 ജനുവരി 27ന് NWMI കോഴിക്കോട് ഘടകം മലബാർ പാലസ് ഹോട്ടലിൽ 'The third curve' എന്ന പേരിൽ മൻസൂർഖാന്റെ പ്രഭാഷണം സംഘടിപ്പിച്ചു. ഊർജം, സാമ്പത്തികം, പരിസ്ഥിതി എന്നിവ തമ്മിലുള്ള ബന്ധവും മനുഷ്യകുലത്തിന്റെ ഭാവിയിൽ ഇവയ്ക്കുള്ള സ്വാധീനവും ഊന്നിയുള്ളതായിരുന്നു മൻസൂർ ഖാന്റെ പ്രഭാഷണം. NWMI അംഗങ്ങളും അല്ലാത്തവരുമായ നിരവധി പേർ മൻസൂർ ഖാനെ കേൾക്കാൻ എത്തിയിരുന്നു.

ആകാശവാണിയുടെ സ്വരക്കൂട് എന്ന ലിസണേഴ്സ് ഫോറവുമായി ചേർന്ന് നടി ആക്രമിക്കപ്പെട്ട കേസിന്റെ പശ്ചാത്തലത്തിൽ സ്ത്രീ സുരക്ഷയെക്കുറിച്ച് 'ഭൂമിയുടെ അവകാശികൾ' എന്ന പേരിൽ ഒരു പരിപാടി 2017 ൽ കൊച്ചിയിൽ സംഘടിപ്പിച്ചു. പാട്ടുകളും പ്രസംഗങ്ങളും വഴി സ്ത്രീ സുരക്ഷയുടെ നാനാവശങ്ങൾ എടുത്തുകാട്ടുന്നതായിരുന്നു ആ പരിപാടി.

കോഴിക്കോട് സമ്മേളനം നടത്തിക്കഴിഞ്ഞ് ബാക്കിവന്ന രണ്ട് ലക്ഷത്തോളം രൂപ 2018ലെ പ്രളയസമയത്ത് NWMI (K) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി നൽകി. കോഴിക്കോട് ഘടകം 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകം സംഘടിപ്പിക്കുകയുണ്ടായി.

'വിമൻ ഇൻ മീഡിയ' എന്ന വിഷയത്തെക്കുറിച്ച് 2014 ജൂലൈ 12,13 തീയതികളിൽ കേരള പ്രസ് അക്കാദമിയുടെ സഹകരണത്തോടെയാണ് തിരുവനന്തപുരത്ത് ദേശീയ സെമിനാർ നടത്തി. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന പരിപാടിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മാധ്യമപ്രവർത്തകർ പങ്കെടുത്തു. പ്രമുഖ തമിഴ് എഴുത്തുകാരി സൽമ രണ്ട് ദിവസത്തെ പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

എൻ പി രാജേന്ദ്രൻ, കെ സി രാജഗോപാൽ, എസ് ബിജു, കെ എ ബീന, ജെ എസ് ഇന്ദുകുമാർ തുടങ്ങിയവർ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു.

തുടർന്ന് 'ജെന്റർ ക്വസ്റ്റ്യൻ ഇൻ മീഡിയ' എന്ന വിഷയത്തെക്കുറിച്ച് നടന്ന ചർച്ചയിൽ ഗീതാനസീർ, ആർ പാർവ്വതീദേവി, സരിതവർമ്മ, എം ജി രാധാകൃഷ്ണൻ, വിനീത ഗോപി, സുസ്മിത തുടങ്ങിയവർ പങ്കെടുത്തു. ഉച്ചക്ക് ശേഷം നടന്ന 'Being Bold and beautiful does it matter more for




**തെരഞ്ഞെടുപ്പും മാധ്യമങ്ങളും എന്ന സംവാദത്തിൽ നിന്ന്**



**ദേശീയ വനിതാമാധ്യമ സെമിനാർ**

women journalist' എന്ന സെഷനിൽ വെങ്കിടേഷ് രാമകൃഷ്ണൻ, വി എം ദീപ, സിന്ധു സൂര്യകുമാർ, ശ്രീദേവി പിള്ള തുടങ്ങിയ മാധ്യമപ്രവർത്തകർ അനുഭവങ്ങൾ പങ്കുവെച്ചു.

'ജീവിതവും തൊഴിലും' എന്ന വിഷയത്തെക്കുറിച്ച് മുൻ എംപി സി എസ് സുജാത അനുഭവങ്ങൾ പങ്കുവെച്ചു. പതിമൂന്നാം തീയതി നടന്ന 'വിമൻ ഇൻ മീഡിയ, ഇമേജ് ആന്റ് റിയാലിറ്റി' എന്ന സെഷനിൽ എ സഹദേവൻ, എൻ കെ രവീന്ദ്രൻ, ബീനാപോൾ, കെ എ ബീന, വിധു വിൻസന്റ്, തുടങ്ങിയവർ സംസാരിച്ചു. സമാപന സമ്മേളനം പ്രശസ്ത പത്രപ്രവർത്തക കല്പന ശർമ്മ ഉദ്ഘാടനം ചെയ്തു.

ബി ആർ പി ഭാസ്കർ, പി പി ജെയിംസ്, വെങ്കിടേഷ് രാമകൃഷ്ണൻ, കെ അജിത, എന്നിവർ പങ്കെടുത്തു.

മികച്ച വനിത മാധ്യമപ്രവർത്തകർക്കു നൽകുന്ന ചമേലി ജെയിൻ അവാർഡ് നേടിയ മാധ്യമപ്രവർത്തകരെ കുറിച്ച് പ്രസ് അക്കാദമി പ്രസിദ്ധീകരിച്ച 'അനുഭവസഞ്ചാരങ്ങൾ'എന്ന പുസ്തകം കല്പനാ ശർമ്മ യുവപത്രപ്രവർത്തക മഞ്ജു എം ജോയിക്ക് നൽകി പ്രകാശനം ചെയ്തു.

മികച്ച വനിതാ മാസികയ്ക്ക് NWMI നൽകുന്ന മാധ്യമപുരസ്കാരം കല്പനാ ശർമ്മയിൽ നിന്ന് കെ അജിത ഏറ്റുവാങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വനിതാ മാധ്യമപ്രവർത്തകർക്ക് തമ്മിൽ കാണാനുള്ള ഇടമൊരുക്കി എന്നതും ഈ സെമിനാറിനെക്കുറിച്ച് എടുത്തുപറയേണ്ടതാണ്.

കോഴിക്കോട് 2018ൽ നടന്ന ദേശീയ വനിതാ മാധ്യമ കോൺക്ലേവ് ഇക്കാലയളവിൽ നടന്ന മറ്റൊരു പ്രധാന പരിപാടിയാണ്. കേരളാ മീഡിയ അക്കാദമിയും NWMI യും ചേർന്ന് സംഘടിപ്പിച്ച ഈ പരിപാടി വനിത മാധ്യമപ്രവർത്തകരുടെ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ വിലയിരുത്താനുള്ള ഒരവസരം കൂടിയായി മാറി. ഈ സമ്മേളനത്തെക്കുറിച്ച് വിശദമായ ലേഖനം ഈ ലക്കത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

മംഗളം ചാനൽ സ്ത്രീ വിരുദ്ധമായ മാധ്യമ പ്രവർത്തന രീതികൾ പിന്തുടർന്നപ്പോൾ മംഗളം ഓഫിസുകൾക്ക് മുന്നിലേക്ക് മാർച്ചു നടത്തിയും മുഖ്യമന്ത്രിയെ കണ്ടു നിവേദനം നൽകിയും അത്തരം പ്രവണതകൾക്കെതിരെ സംഘടന നിലകൊണ്ടു. ഏറ്റവും ഒടുവിൽ തിരുവനന്തപുരം പ്രസ്സ് ക്ലബ് സെക്രട്ടറി രാധാകൃഷ്ണൻ ഒരു മാധ്യമ പ്രവർത്തകയുടെ വീട്ടിൽ കയറി സദാചാര പോലീസ് പെരുമാറ്റം നടത്തിയപ്പോൾ ശക്തിയുക്തം എതിർത്ത് പരിഹാരം കാണുന്നതിന് നെറ്റ് വർക്ക് അംഗങ്ങൾ ഒറ്റക്കെട്ടായി നിന്നു പോരാടി. ഈ രണ്ടു സമരങ്ങളുടെയും വിശദാംശങ്ങൾ മറ്റൊരു ലേഖനത്തിലൂടെ ഈ ലക്കം സംഘടിതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാധ്യമരംഗത്തെ സ്ത്രീ



വിരുദ്ധമായ പ്രവണതകൾക്കെതിരെ തിരുത്തൽ ശക്തിയായി നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ എന്നും സജീവമാണ്.

ഫേസ്ബുക്ക്, ടിറ്റർ, വാട്ട്സ്ആപ്പ്, ടെലിഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളിലെ NWMI ഗ്രൂപ്പുകളിൽ കുടി ഇന്ത്യയുടെ വിവിധ കോണുകളിലെ വനിതാമാധ്യമ പ്രവർത്തകർ 24 മണിക്കൂറും പരസ്പരം ബന്ധപ്പെടുന്നു. രാജ്യത്ത് അനുനിമിഷം ഉണ്ടാകുന്ന സംഭവങ്ങളിൽ കൂട്ടായി പ്രതികരിക്കാനും വ്യക്തിപരമായ നേട്ടങ്ങളിലും പ്രശ്നങ്ങളിലും ഒപ്പം നിൽക്കാനും ശ്രദ്ധിക്കുന്നു.

NWMI യുടെ വൈബ് സൈറ്റ് 2003 ൽ ആരംഭിച്ചു. (www.nwmindia.org)വളരെയേറെ ഫലപ്രദമായരീതിയിൽ മാധ്യമരംഗത്തെ വിഷയങ്ങളെയും വനിത മാധ്യമപ്രവർത്തകരുടെ വ്യക്തിപരമായ ഉയർച്ചകളെയും മറ്റും രേഖപ്പെടുത്തുന്നതു വഴി ഇന്ത്യൻ മാധ്യമരംഗത്ത് സ്വന്തമായി ഒരിടം കണ്ടെത്താൻ നെറ്റ്വർക്ക് ഓഫ് വിമൻ ഇൻ മീഡിയ വെബ്സൈറ്റിനു കഴിഞ്ഞിട്ടുണ്ട്.

■

സാവിത്രി അന്തർജ്ജനം

# പൂവും കായും

ചെന്താമര പൂക്കുമ്പോൾ
ചെമ്പരത്തിക്കും പൂക്കാം
പൂക്കളെല്ലാം വിരിയുന്നത്
മൊട്ടിൽ നിന്ന് തന്നെ ആണ്.
പൂവായ് വിരിഞ്ഞതെല്ലാം
കായാകണം എന്നില്ലല്ലോ.
കായയില്ലാതെ വിരിയുന്ന
പൂക്കളും ഉണ്ടല്ലോ.
ചെമ്പരത്തിക്കും കായയില്ല
ജമന്തിക്കുമില്ലാ കായ്കൾ
സങ്കലനം മാത്രമാണ് പൂ വിരിയുന്നത്.
കാലത്തിനൊത്ത് വിരിയുന്ന പൂവുണ്ട്
മണമില്ലാത്ത പൂക്കളുണ്ട്
പല പല തരം പൂക്കൾ
പല പല തരം മനുഷ്യരുമുണ്ട്.
എല്ലാരും കൂടി ഒത്തു ചേർന്നാൽ ലോകം
എന്ന് വിശ്വസിക്കുന്നവരും ഉണ്ട്
വിശ്വാസമില്ലാത്തവരും ഉണ്ട്
പൂവുകൾ, പൂക്കൾ, മലരുകൾ
മനുഷ്യർ.

# ഓർമ്മ

തൃപ്പാദം തൊട്ട് തൊഴുതിറങ്ങി
മാനസം നന്നായ് കുളിർത്തുപോയി
കൈരണ്ട് കൂപ്പിതൊഴുതു ഞാനും
കരുണാകരനേ വണങ്ങി നിന്നു
ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു;
വന്നതുറക്കത്തിലായിരുന്നു.
കളരിക്കൽ പോയി പഠിച്ചിടുമ്പോൾ
കുമ്പളക്കാവിനെ ഓർമ്മ വന്നു.
അവിടെയറിവ് പകർന്നു തന്ന
പല വാദ്ധ്യാന്മാരേയും ഓർമ്മ വന്നു.
പഴയകാലത്തേക്ക് ഹൃദയം പോയാൽ
പലരേയും പലതും നാം ഓർത്തു പോകും
പങ്കജം പൊട്ടി വിടരുന്നതും
ആമ്പൽതൻ കൂമ്പലും ഓർത്തുപോകും
സന്തോഷത്തോടെ വസിച്ചിടാനായ്
സമ്പത്തു മാത്രം ഉണ്ടായാൽ പോരാ.



കെ. ഹേമലത

# വനിതാ മാധ്യമ നയത്തിന്റെ പ്രസക്തി

ചരിത്ര സംഭവങ്ങൾ എന്തുകൊണ്ട് അനുസ്മരിക്കപ്പെടണം? എന്തുകൊണ്ടെന്നാൽ അവ പിൻതലമുറകൾക്കുള്ള വഴികാട്ടികളത്രെ. ഓർമ്മകളുടെ വെറും വീണ്ടെടുപ്പല്ല അത്തരം അനുസ്മരണങ്ങൾ ചരിത്രഗതിയിലേക്കുള്ള കേവല സഞ്ചാരങ്ങളല്ല അവ. പഴമയും പുതുമയും ഇടകലർന്ന നമ്മുടെ സംസ്കാര വൈവിധ്യത്തിന്റെ പുനർ വായനകളായാണ് ചരിത്രസംഭവങ്ങളെ അപഗ്രഥിക്കേണ്ടത്. മൺമറയുന്ന സംസ്കാരത്തെ വീണ്ടെടുത്ത് പുതുപ്രവണതകളെ വിശകലനം ചെയ്യുക എന്നത് സ്വാഭാവികമായ ഒരു പ്രക്രിയ മാത്രമല്ല എന്നു തെളിയിച്ച ഒന്നായിരുന്നു കേരള മീഡിയ അക്കാദമി 2019 ഫെബ്രുവരി 21 മുതൽ മാർച്ച് ഒന്നാം തീയതി വരെ നടത്തിയ ചരിത്രസഞ്ചാരം.

കോഴിക്കോട് ഫെബ്രുവരി 28ന് സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമ കോൺക്ലേവ് ചരിത്രയാത്രയുടെയും ഭാഗമാകണം എന്നതും കേവല നിയോഗമായിരുന്നിരിക്കണം. കോൺക്ലേവ് യഥാർത്ഥത്തിൽ മാധ്യമത്തിന്റെ അകത്തും പുറത്തുമുള്ള വനിതാ വിഷയങ്ങൾകൂടി ചർച്ച ചെയ്യുന്ന ഒന്നാക്കി മാറ്റാൻ കഴിഞ്ഞു.

വനിതാ മാധ്യമ പ്രവർത്തകരുടെ പ്രവർത്തനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായുള്ള ദേശീയ നയരൂപീകരണം സാധ്യമാക്കുക എന്ന വലിയ ലക്ഷ്യത്തിലൂന്നിയാണ് സെമിനാർ സംഘടിപ്പിച്ചത്.

മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്ക് മാത്രമല്ല, മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വനിതകൾക്കും സ്വീകാര്യമായ ഒരു ദേശീയ വനിതാ മാധ്യമ രൂപീകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യചുവടുവയ്പായിട്ടാണ് വനിതാ കോൺക്ലേവിനെ കാണേണ്ടത്. വർത്തമാന കാലത്തേയും വരും കാലത്തേയും മാധ്യമ പ്രവർത്തന രീതികളെ സ്വാധീനിക്കുന്ന നയരൂപീകരണം ലക്ഷ്യമിടുമ്പോൾ നിർബന്ധമായും വേണ്ട ഒന്നുരണ്ട് വിഷയത്തിന്റെ വിവിധതലങ്ങളേയും വ്യത്യസ്ത ദിശകളേയും വിശകലനം ചെയ്തുകൊണ്ട് മാധ്യമപ്രവർത്തകരെ ലിംഗഭേദമന്യെ ഉൾപ്പെടുത്തുക്കൊണ്ടുള്ള ചർച്ചകൾ. പുരുഷനും സ്ത്രീയും ഇതര ലിംഗ വിഭാഗങ്ങളും ഒരു മേശക്കുചുറ്റുമിരുന്ന് നടത്തുന്ന ചർച്ചകൾ - വിഷയത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കിക്കൊണ്ടുള്ള തർക്കവിതർക്കങ്ങൾ. വനിതാ പ്രവർത്തകർക്കു മാത്രം നേരിടേണ്ടി വരുന്ന വിഷയങ്ങളിൽ നടത്തുന്ന അടഞ്ഞ വാതിൽ ചർച്ചകൾ.

സ്ത്രീകൾക്ക് സ്വതന്ത്രമായി ജോലി ചെയ്യാനുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്താനും വനിതാ മാധ്യമ പ്രവർത്തകർക്ക് തൊഴിലിടങ്ങളിലും പുറത്തും മാറിയ സാഹചര്യങ്ങളിൽ ജോലി ചെയ്യുമ്പോൾ നേരിടേണ്ടി വരുന്ന പ്രതിബന്ധങ്ങൾ പരിഹരിച്ച് സമത്വപൂർണ്ണമായ തൊഴിൽ നയങ്ങൾ രൂപീകരിക്കുവാൻ കേരള മീഡിയ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോടു പ്രസ് ക്ലബ്ബും നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ കേരള വിഭാഗവും ചേർന്ന് സംഘടിപ്പിച്ചതാണ് സെമിനാർ.

കേരളത്തിന്റെ സാംസ്കാരിക ഭൂമികയിൽ വേണം വനിതാ കോൺക്ലേവ് സംഘടിപ്പിക്കാനെന്ന നിർദ്ദേശം മുന്നോട്ടു വെച്ചത് കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബുവാണ്. സെമിനാർ യാഥാർത്ഥ്യമാക്കാനുള്ള എല്ലാ പിന്തുണയും അദ്ദേഹം നൽകി. കോഴിക്കോട് പ്രസ് ക്ലബ്ബിന്റെ സാരഥികളായ മാതൃഭൂമി സീനിയർ സബ് എഡിറ്റർ റജി എസ്. നായർ, ദേശാഭിമാനി സീനിയർ ന്യൂസ് എഡിറ്റർ കെ. പ്രേംനാഥ് എന്നിവരുടെ നിസ്വാർത്ഥമായ സഹകരണം ഉണ്ടായിരുന്നു. പ്രശസ്ത മാധ്യമ ഫോട്ടോഗ്രാഫർ പി. മുസ്തഫ, കോഴിക്കോട് പ്രസ് ക്ലബ്ബ് ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി.ഇ. ബാലകൃഷ്ണൻ എന്നിവരുടെ പിന്തുണയും സ്മരിക്കേണ്ടതുണ്ട്.

കോൺക്ലേവിന്റെ ചുമതലയേറ്റെടുത്തപ്പോൾ മുതൽ കൂടെനിന്ന പ്രിയ സുഹൃത്ത് കെ.എ. ബീന അതിഥികളെ നിശ്ചയിക്കുന്നതിനു മാത്രമല്ല ക്ഷണിക്കുന്നതിനും ഒപ്പം നിന്നു.

വാർത്താ മുറികളിലെ തുല്യത മുതൽ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ സമനീതി വരെ ചർച്ച ചെയ്ത കോൺക്ലേവിൽ വിഷയങ്ങളെ മൂന്നായി തിരിച്ചിരുന്നു. ഹഫ് സോസ്റ്റ് ഇന്ത്യയുടെ റിപ്പോർട്ടറും പ്രമുഖ മാധ്യമ പ്രവർത്തകയുമായിരുന്ന രചന ഖൈര എത്താമെന്ന് സമ്മതിച്ചിരുന്നെങ്കിലും ഇന്ത്യാ-പാക് അതിർത്തിയിൽ രൂപപ്പെട്ട സംഘർഷത്തെ തുടർന്ന് യാത്ര മാറ്റി വയ്ക്കേണ്ടതായി വന്നു. പിക്കിൾ ജാർ ടൂറിംഗ് ഫിലിം ഫെസ്റ്റിവൽ ഡയറക്ടറും മാധ്യമ പ്രവർത്തകയുമായ വാസന്തി ഹരിപ്രകാശ് ഉദ്ഘാടനം ചെയ്തു.

നവമാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന വനിതാ ജേർണലിസ്റ്റുകൾ നേരിടുന്ന പ്രശ്നങ്ങൾ നേരി




**ദേശീയ കോൺക്ലേവ്**

ടാനുള്ള നിയമങ്ങൾ ഇന്ത്യൻ സൈബർ നിയമസംഹിതയിലുൾക്കൊള്ളിച്ചിട്ടുള്ള കാര്യം സൈബർ നിയമങ്ങളും മാധ്യമങ്ങളും എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ച ഡോ. വിനോദ് ഭട്ടതിരിപ്പാട് പറഞ്ഞു. ഇന്ത്യൻ എവിഡന്റ് ആക്ട് 65 (ആ) വകുപ്പ് പ്രകാരം തെളിവുകൾ കോടതിയിൽ ഹാജരാക്കുന്നു എന്നുറപ്പുവരുത്താൻ പരാതിക്കാരന് കഴിയണമെന്നും ഡോ. വിനോദ് ഭട്ടതിരിപ്പാട് ഓർമ്മപ്പെടുത്തി.

ചടങ്ങിൽ അതിഥികളെ പരിചയപ്പെടുത്തിയ ഗീതാ നസീർ മാധ്യമ പരിശീലന കേന്ദ്രങ്ങളിൽ ജൻഡർ സെൻസിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തണമെന്നും പറഞ്ഞു. മാധ്യമ രംഗത്തെ വനിതകൾ ഇല്ലാതാകുന്നവരും അതിജീവിക്കുന്നവരും എന്ന വിഷയത്തിൽ മാധ്യമ പ്രവർത്തകയും എഴുത്തുകാരിയുമായ കെ.എ. ബീന സംസാരിച്ചു.

മീറ്റു: വെളിപ്പെടുത്തലുകൾ വെളിപാടുകൾ എന്ന വിഷയത്തിൽ പ്രമുഖ ബ്ലോഗ് എഴുത്തുകാരി എച്ചുമുക്കുട്ടി സംസാരിച്ചു. കുഞ്ഞിനുപോലും മാനസികപീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു. മകൾ അതിനെ അതിജീവിച്ചവളാണ്. പ്രതികരിച്ചപ്പോൾ മാനസിക രോഗിയെന്ന് ചിത്രീകരിക്കുവാനുള്ള ശ്രമം നടന്നു. 'എന്റെ രക്തവും മാംസവും നിങ്ങൾക്കായി' എന്ന് ബ്ലോഗ് പരാമർശിച്ചു എച്ചുമുക്കുട്ടി പറഞ്ഞു. പ്രമുഖ മാധ്യമപ്രവർത്തക എം. എസ്. ശ്രീകല മാധ്യമ പ്രവർത്തകരുടെ പ്രവർത്തന സ്വാതന്ത്ര്യവും സുരക്ഷിതത്വവും എന്ന വിഷയത്തിലൂന്നി സംസാരിച്ചു. സൈബർ ലോകത്തെ സ്ത്രീ സുരക്ഷ ആധുനിക കാലത്ത് വനിതാ പ്രവർത്തകർ നേരിടുന്ന വലിയ ഭീഷണികളാണെന്ന് സെമിനാർ വിലയിരുത്തി. താൻ അനുഭവിച്ച പീഡനങ്ങൾ വലുതാണ്.

നിർദ്ദേശങ്ങൾ

സ്ത്രീപുരുഷ ഭേദമില്ലാതെ വാർത്തകൾ റിപ്പോർട്ടു ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുക എന്നതിൽ വനിതാ മാധ്യമ കൂട്ടായ്മയിൽ ഐക്യസ്വരം ഉണ്ടായിരുന്നു. കണ്ണീർകഥകളും ഫീച്ചറുകളും റിപ്പോർട്ടു ചെയ്യാൻ സ്ത്രീകളും ഗൗരവമേറിയ വിഷയങ്ങൾക്ക് പുരുഷന്മാരും എന്ന വിവേചനം അവസാനിപ്പിക്കണം.

വാക് പ്രയോഗങ്ങളിലെ ലിംഗ പരാമർശങ്ങൾ ഒഴിവാക്കണം. അത്തരം വാക്കുകൾക്കും പ്രയോഗങ്ങൾക്കും ഏകരൂപം വേണം. ഉദാ: ഹണിട്രാപ്പ് മധുരക്കെണിയെന്നല്ല. പെൺകെണിയെന്നാണ് പറയുന്നത്. എന്നാൽ, സ്ത്രീപുരുഷഭേദമന്യെ ഇരുവിഭാഗവും ഇത്തരം സംഭവങ്ങളിലുൾപ്പെടുന്നുണ്ട് എന്നതാണ് യഥാർത്ഥ്യം.

ഇംഗ്ലീഷിൽ റേപ്പ്, മൊളസ്റ്റേഷൻ, ഹരാസ്മെന്റ് എന്നിവയെല്ലാം അർത്ഥഭേദങ്ങളോടെ കൈകാര്യം ചെയ്യുമ്പോൾ മലയാളത്തിൽ എല്ലാം പീഡനമെന്ന ഒറ്റവാക്കിൽ ഒതുങ്ങുന്നു. സർക്കാരിന്റെ മാധ്യമപഠന സ്ഥാപനങ്ങളിൽ ലിംഗനീതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. കാർട്ടൂണുകളിൽ പോലും സ്ത്രീകളെ ശോകകഥാപാത്രങ്ങളാക്കി ചിത്രീകരിക്കുന്നത് അവസാനിപ്പിച്ചേ മതിയാകൂ.

ഇന്ത്യയിൽ മാത്രമല്ല. ലോകത്തെമ്പാടും മാധ്യമരംഗത്ത് സ്ത്രീകൾ കുറഞ്ഞുവരുന്ന അവസ്ഥയാണ്. ക്രിമിനൽ മൂലധനം കയ്യാളുന്ന മാധ്യമ ലോകത്ത് നിലനിൽപ്പിനായി രാഷ്ട്രീയപരമായ ശക്തമായ ഇടപെടലുകളും നിലപാടുകളും ആവശ്യമാണ്. വെറും ശരീരമായി സ്ത്രീകളെ പരിഗണിക്കുന്ന പ്രവണതകളെ മറികടക്കുക തന്നെ വേണം. ഭരണഘടനാപരമായി സ്ത്രീകൾക്കുള്ള അവകാശങ്ങളെ മുൻനിർത്തി സ്ത്രീ അനുകൂല നിയമങ്ങൾ നടപ്പിൽ വരുത്തണം.

തൊഴിലിടങ്ങളിൽ ആന്റിഹരാസ്മെന്റ് സെല്ലുകൾ ഉണ്ടാകണം. ഗാർഹികപീഡന നിരോധന നിയമത്തിൽ പറയുന്ന ഇന്റേണൽ കംപെയ്ന്റ് കമ്മിറ്റി സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ടതുണ്ട്. ശമ്പളത്തോടുകൂടിയ പ്രസവാവധി ആറുമാസമാക്കി ദീർഘിപ്പിക്കണം.

ജേർണലിസ്റ്റ് എന്ന തൊഴിൽ നാമം പുനർനിർവചിക്കണം. ഓൺലൈൻ മാധ്യമങ്ങളിൽ പ്രവൃത്തിയെടുക്കുന്നവർക്ക് ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ആണ് ബാധകമായിട്ടുള്ളത് അതു മാറണം.

അമ്മമാരാകുന്ന മാധ്യമപ്രവർത്തകർ ജോലിയുപേക്ഷിച്ചു പോകുന്ന പ്രവണതയില്ലാതെയാക്കാൻ കുഞ്ഞുങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ തൊഴിൽ സ്ഥാപനങ്ങളിൽ ക്രെഷ്, ഹോസ്റ്റൽ പോലുള്ള അനുകൂല സാഹചര്യങ്ങൾ ഉണ്ടാക്കണം.

മാധ്യമസ്ഥാപനങ്ങളിൽ വർക്കിംഗ് വിമൻ ജേണലിസ്റ്റുകളെ ഉൾപ്പെടുത്തി പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാക്കണം. വിവിധ ജില്ലകളിൽ സ്ഥാപനങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തി സംസ്ഥാന ഗ്രൂപ്പുകൾക്ക് രൂപം നൽകണമെന്ന് കൂട്ടായ്മ നിർദ്ദേശിച്ചു. ■



സരിത ബാലൻ

# ആണഹങ്കാര അധികാരങ്ങളുടെ പ്രസ് ക്ലബുകൾ, മാധ്യമ സ്ഥാപനങ്ങൾ



**NWMI** പോരാട്ട ചരിത്രത്തിലെ നാഴിക ക്കല്ലുകൾ ആണ് തിരുവനന്തപുരം പ്രസ് ക്ലബ് സെക്രട്ടറി രാധാകൃഷ്ണനെ പുറത്താക്കാൻ നട ത്തിയ പ്രതിഷേധവും മംഗളം ചാനൽ തുടങ്ങിയ സമയത്ത് സ്ത്രീകളെ ഉപയോഗിച്ച് രാഷ്ട്രീയക്കാരെ കുടുക്കാൻ നോക്കിയ 'തേൻ കെണി' പരീക്ഷണം ഒരൊറ്റ സംഭവത്തോടെ അവസാനിപ്പിക്കാൻ കഴിഞ്ഞതും. സെക്രട്ടറി, പ്രസിഡന്റ് എന്നിങ്ങനെ അധികാര അച്ചു തണ്ടുകൾക്ക് ചുറ്റും കറങ്ങുന്ന അതിനപ്പുറം സാമൂഹിക വീക്ഷണത്തിന്റെ കണിക പോലും ഇല്ലാത്ത പ്രസ് ക്ലബ് ആൺ കോയ്മയിൽ നിന്നും തുടങ്ങാം.

തിരുവനന്തപുരം പ്രസ് ക്ലബിൽ തർക്കം പുരോഗമിക്കുന്നു. വീണ്ടും വീണ്ടും ആര് പ്രസി ഡന്റ്, ആര് സെക്രട്ടറി എന്നതാണ് ഇപ്പോഴും അവിടുത്തെ ഒരു അധികാര കേന്ദ്രം മാത്രമായി പ്രസ് ക്ലബിനെ കാണുന്ന പുരുഷന്മാരുടെ എപ്പോ ഴുമുള്ള തർക്ക വിഷയം.

ഈ തർക്കങ്ങളുടെ തുടക്കം  ഈ പ്രസ് ക്ലബിൽ അംഗമായ ഒരു മാധ്യമ പ്രവർത്തക നൽകിയ പരാതിയിൽ നിന്നാണ്. പ്രസ് ക്ലബ് മുൻ സെക്രട്ടറി എം രാധാകൃഷ്ണൻ നവംബർ 30 നു അവരുടെ വീട്ടിൽ കയറി നടത്തിയ സദാചാര ഗുണ്ടായിത്തെക്കുറിച്ച് അവർ പ്രസ് ക്ലബ് ഭാരവാ ഹികൾക്ക് പരാതി നൽകിയിരുന്നു. NWMI യും




നടപടി എടുത്തില്ലെന്ന് അറിഞ്ഞാണ് അന്നു തന്നെ -ഡിസംബർ 5 നു - വീണ്ടും പ്രസ് ക്ലബ്ബിലേക്ക് NWMI അംഗങ്ങൾ എത്തിയത്. ആദ്യം പോയവർക്കൊപ്പം ആര്യ, ശ്രീജിഷ, രതി മോഹൻദാസ് എന്നിവരും ഉണ്ടായിരുന്നു. NWMI അംഗങ്ങൾ എത്തുമ്പോൾ കുറ്റകൃത്യത്തിനു പോലീസ് എഫ് ഐ ആർ എടുത്ത കേസിലെ പ്രതികൂടിയായ രാധാകൃഷ്ണൻ പ്രസ് ക്ലബ് ഭാരവാഹികളുടെ മുറിയിൽ നിന്നും ഇറങ്ങി വരുന്നതാണ് കണ്ടത്. ഉടനെ അയാൾ തൊട്ടടുത്ത മുറിയിൽ കയറി  അകത്തു നിന്നു പൂട്ടി. ഞങ്ങൾ പുറത്തു നിന്നു മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. അതോടെ മറ്റൊരു മുറിയിലേക്ക് പോയിരുന്നു. (ഒരു മണിക്കൂറോളമാണ് അയാൾ ആ മാധ്യമ പ്രവർത്തകയുടെ വീട്ടിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്). അത്ര തന്നെ നേരം അകത്തെ മുറിയിൽ നമ്മളുടെ പ്രതിഷേധം ഭയന്ന് അയാൾ ഇരുന്നിട്ടുണ്ടാകും.

അതേ ദിവസം തന്നെ- ഡിസംബർ 3 നു - പ്രസ് ക്ലബ് ഭാരവാഹികൾക്ക് രാധാകൃഷ്ണന് എതിരെ നടപടി ആവശ്യപ്പെട്ട് പരാതി നൽകി. എന്നാൽ പരാതിയിൽ നടപടി ഉണ്ടായില്ലെന്ന് മാത്രമല്ല രാധാകൃഷ്ണന് അനുകൂല നിലപാട് എടുക്കാൻ ആയിരുന്നു പിന്നീട് രാജി വച്ച അന്നത്തെ പ്രസ് ക്ലബ് ഭരണ സമിതിയുടെ തിടുക്കം.

പരാതി കൊടുത്തു രണ്ടാം ദിവസം- ഡിസംബർ 5 നു - പ്രസ് ക്ലബ് മാനേജിംഗ് കമ്മിറ്റി വിളിച്ചു. (പിറ്റേ ദിവസം തന്നെ വിളിക്കാമെന്നാണ് പിന്നീട് രാജി വച്ച അപ്പോൾ പ്രസിഡന്റ് ആയിരുന്ന ശ്രീ സോണിച്ചൻ പരാതി നൽകിയപ്പോൾ ഉറപ്പ് നൽകിയിരുന്നത്). NWMI തിരുവനന്തപുരം അംഗങ്ങളിൽ ജിഷാ സൂര്യ, മഞ്ജു എം ജോയ്, രാഖി യു എസ്, അർച്ചന രവി, ചിത്തിര വിജയകുമാർ, അനു ശ്രീ, ഷീജ, പ്രമീളാ ഗോവിന്ദ്, അശ്വതി, അഞ്ജലി എന്നിവരും ഞാനും മാനേജിംഗ് കമ്മിറ്റി യോഗത്തിനിടെ രാധാകൃഷ്ണനു എതിരെ പ്രതിഷേധമറിയിച്ചു.

മുറിക്ക് പുറത്തിറങ്ങി കുറച്ചു നേരം മുദ്രാവാക്യം വിളിച്ചു. സോണിച്ചൻ അടക്കമുള്ളവർ ഇറങ്ങി വന്നു നിങ്ങളുടെ പരാതിയാണ് ചർച്ച ചെയ്യുന്നതെന്ന് അറിയിച്ചതോടെ ഞങ്ങൾ തിരികെ പോരുന്നു. എന്നാൽ ആ യോഗത്തിലും നടപടി ഉണ്ടായില്ല. മാത്രമല്ല രാധാകൃഷ്ണനെ യോഗത്തിൽ വിളിച്ചിരുത്തി അയാൾ പരാതിക്കാരിയെക്കുറിച്ച് പറഞ്ഞ അത്യന്തം ഹീനമായ ആരോപണം ഒരു രോഷവും കൂടാതെ യോഗത്തിലെ ഭൂരിപക്ഷം പേരും കേട്ടിരുന്നു. പത്രക്കാർ എന്നതു പോയിട്ട് മനുഷ്യർ എന്ന തരത്തിൽ പോലും അവർക്ക് ആരോപണത്തോട് പ്രതികരിക്കാൻ തോന്നിയില്ലത്രേ.

**പോലീസ് എത്തി രാധാകൃഷ്ണനെ അറസ്റ്റ് ചെയ്തു**

നമ്മുടെ പോരാട്ടം തുടരുന്നതേ ഉണ്ടായിരുന്നുള്ളു. അറസ്റ്റ് ചെയ്യപ്പെട്ടിട്ടും പ്രസ് ക്ലബ് രാധാകൃഷ്ണന് മേൽ നടപടി എടുത്തില്ല. മംഗളം തേൻകെണിയെ തുടർന്ന് മന്ത്രി എ കെ ശശീന്ദ്രൻ ഉടനെ രാജി വച്ചുവെന്ന് ഓർക്കണം.

എന്നാൽ മൂല്യങ്ങളിൽ മാതൃകയാകേണ്ട മാധ്യമ പ്രവർത്തകരെയാണ്- തിരുവനന്തപുരം പ്രസിൽ ക്ലബിലെ ഒരു വിഭാഗം പുരുഷന്മാരെ- ഒരു സ്ത്രീ അനുഭവം ഒട്ടും ഏശാതെ പോയത്.

തുടർന്ന് NWMI സമാന മനസ്കരായ മറ്റുള്ളവരെയും ചേർത്ത് ഡിസംബർ 9 നു പ്രസ് ക്ലബ് മാർച്ച് സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് നടത്തിയ പ്രതിഷേധങ്ങളിൽ നമ്മളിൽ നിന്നും ഏറ്റവും പങ്കാളിത്തം ഉണ്ടായത് ഈ മാർച്ചിനാണ്. സ്വന്തം സ്ഥാപനങ്ങളിൽ നിന്നു പോലും ഉണ്ടായേക്കാവുന്ന നടപടികൾ പോലും അവഗണിച്ച് നമ്മുടെ അംഗങ്ങൾ സെക്രട്ടേറിയറ്റിൽ നിന്നും തുടങ്ങിയ പ്രതിഷേധ മാർച്ചിൽ പങ്കെടുത്തു.

മുതിർന്ന അംഗം ഗീതാ നസീർ നേതൃത്വം നൽകി. ആണധികാര പ്രസ് ക്ലബ്ബിനെ പിടിച്ചു കുലുക്കുന്നതായിരുന്നു നമ്മുടെ മാർച്ച്. നീതിബോധമുള്ളവർ നമുക്കൊപ്പം ചേർന്നു. സമൂഹത്തിന്റെ പല മേഖലകളിൽ ഉള്ളവർ പ്രസ് ക്ലബ്



നടിക്കുന്നു. ഇത്രയും നീചമായ ബോധ്യങ്ങൾ പുലർത്തുന്ന ഈ ആണഹന്താ കേന്ദ്രത്തെ പിടിച്ചു കുലുക്കി എന്നതും ഒരു സ്ത്രീയെ ദുരനുഭവത്തിനു വിധേയയാക്കിയ രാധാ കൃഷ്ണനെ പുറത്താക്കാൻ കഴിഞ്ഞതും NWMI തിരുവനന്തപുരം ഘടകത്തിന്റെ വിജയമാണ്.

രാധാകൃഷ്ണനെ പോലുള്ളവർ തുട രാൻ അനുവദിച്ചാൽ ഉണ്ടാകുന്ന വിപത്തുകൾ, അയാൾക്ക് വേണ്ടി മാത്രം സംസാരിക്കുന്ന വരിലെ ഒരു ക്രിമിനലിനെ പിന്തുണയ്ക്കാൻ കാട്ടുന്ന വ്യഗ്രത, അവർ നിരന്തരം ഉന്നയി ക്കുന്ന വ്യക്തി ആക്ഷേപങ്ങൾ.. ഇതെല്ലാം ചേർത്തു വായിക്കുമ്പോഴാണ് നമുക്കു എതി രിടേണ്ടി വന്നവർ എത്ര ശക്തർ ആയിരുന്നു വെന്ന ബോധ്യം വീണ്ടും ഉണ്ടാകുന്നത്

**മംഗളം സമരം..**

എണ്ണത്തിൽ കുറവായ നമ്മൾ ഉദ്ദേശ ശുദ്ധി കൊണ്ട് മാത്രം പ്രചോദനം ഉൾക്കൊണ്ട് മറ്റൊരു വൻ അധികാരത്തെ പിടിച്ചു കുലുക്കി യതാണ്  തേൻ കെണി പരീക്ഷണം അവസാ നിപ്പിക്കാൻ നടത്തിയ സമരം. 2017 മാർച്ചിൽ ആയിരുന്നു. ഒരു ചാനൽ തുടങ്ങുമ്പോൾ പ്രചാരം ലഭിക്കാൻ ഒട്ടും ethical അല്ലാത്ത ഒരു നീക്കം നടത്തി എന്നതിനും മുകളിൽ ഒരു സ്ത്രീയെ അതിനായി ഉപയോഗപ്പെടുത്തി എന്നതാണ് നമ്മൾ എതിർത്തത്. മംഗളം ഓഫീസിന് മുന്നിൽ നമ്മൾ മാർച്ചു നടത്തി. അന്നും നമ്മൾ എണ്ണത്തിൽ കുറവായിരുന്നു. NWMI യിലെ മറ്റു ജില്ലാ ഘടകങ്ങളിൽ ഉള്ളവരും അതത് ജില്ലകളിൽ പ്രതിഷേധം സംഘടിപ്പിച്ചു. ഇത്തരം ജേർണലിസത്തിനു എതിരെ പ്ലക്കാർഡ് ഉയർത്തിപ്പിടിച്ചു നില്കുന്ന ഫോട്ടോ ഉപയോഗിച്ച് ഫേസ്ബുക്ക് ക്യാപെയ്ൻ നടത്തി. സ്ത്രീയെ ഇരയാക്കി നടത്തുന്ന  ഇത്തരം പ്രവർത്തനങ്ങൾക്ക് കടിഞ്ഞാൺ ഇടണമെന്ന് ആവശ്യപ്പെട്ട് മുഖ്യ മന്ത്രിക്ക് നിവേദനം നൽകി. മംഗളം കേസ് ക്രൈം ബ്രാഞ്ചിന് വിട്ടത് നമ്മുടെ പരാതി കൂടി കണക്കി ലെടുത്താണ്. ഈ കേസിൽ ഉത്തരവാദികളായ വരെ അറസ്റ്റ് ചെയ്യുക ഉണ്ടായി.

മംഗളം പരീക്ഷണം എതിർക്കപ്പെടാതെ ഇരുന്നെങ്കിൽ സ്ത്രീകളെ ഉപയോഗിച്ചുള്ള ഇത്തരം ഹീനമായ പരീക്ഷണങ്ങൾ മാധ്യമ മേഖലയിൽ മറ്റു പലരും ഏറ്റെടുത്തേനേ. ജോലി തേടുന്ന സ്ത്രീകളിൽ ചിലർക്ക് എങ്കിലും നിവൃത്തിക്കേട് കൊണ്ട് അതിനു നിന്നു കൊടുക്കേണ്ടി വന്നേനെ. മാധ്യമ മേഖലയിലെ സത്യസന്ധത ചോദ്യം ചെയ്യപ്പെടാൻ ഇടയാക്കുമായിരുന്ന ഒരു ദുഷ് പ്രവണതയെയാണ് NWMI ഇടപെടലോടെ മുളയിലേ നുള്ളിയത്.

■

മാർച്ച് അവസാനിച്ചപ്പോൾ നീതിക്കായി പ്രസം ഗിച്ചു.

പ്രസ് ക്ലബ് ആക്റ്റിംഗ് സെക്രട്ടറി സബ്ലൂ തോമസ് മാർച്ചിനിടെ എത്തി, നമ്മളുമായി ചർച്ച യ്ക്ക് സന്നദ്ധത അറിയിച്ചു. ചർച്ചയിൽ സെക്രട്ടറി സ്ഥാനത്തു നിന്നും പ്രാഥമിക അംഗത്വത്തിൽ നിന്നും രാധാകൃഷ്ണനെ പുറത്താക്കാൻ തീരു മാനിച്ചു. പിന്നീട് ചേർന്ന പ്രസ് ക്ലബ് ജനറൽ ബോഡി യോഗം ഈ തീരുമാനങ്ങൾ അംഗീ കരിച്ചു. NWMI യുടെ ആധികാരിക വിജയം.

എങ്കിലും പുരുഷ  മേൽകോയ്മ മറ്റേതു സ്ഥാപനത്തേക്കാളും മുകളിലാണ് പ്രസ് ക്ലബിൽ എന്നു ഈ സംഭവത്തോടെ തീർത്തും ബോധ്യ മായി. പരാതിക്കാരിയെയും പിന്തുണച്ചവരെയും ഉന്നമിടുന്ന വ്യക്തി ആക്ഷേപങ്ങൾ, സ്ത്രീകൾക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴവില്ലെന്നവണ്ണം മറ്റേതോ പുരുഷന്മാർക്ക് വേണ്ടി നമ്മൾ സ്ത്രീകൾ നടത്തുന്ന കപട പോരാട്ടം എന്നിങ്ങനെ നിലവാ രമില്ലാത്ത ആണാരോപണങ്ങൾ പ്രസ് ക്ലബിലെ ചില പുരുഷ ഗണങ്ങൾ പേർത്തും പേർത്തും ഉന്നയിക്കുന്നു.

അധികാര തർക്കങ്ങളാണ് അവരെ ഇപ്പോഴും നയിക്കുന്നത്. ഒരു സ്ത്രീ അവർക്ക് കിട്ടേണ്ട നീതി ഇതെല്ലാം അവർ സൗകര്യപൂർവം കണ്ടില്ലെന്ന്



രേണു രാംനാഥ്

# കാൽനൂറ്റാണ്ട് മുമ്പ് നിന്നുള്ള പത്രപ്രവർത്തന ഓർമ്മകൾ

**1994**ൽ ആണു പത്രപ്രവർത്തനജീവിതം ആരംഭിക്കുന്നത്. തികച്ചും യാദൃശ്ചികമായി എത്തിപ്പെട്ട ഒരു തൊഴിൽ മേഖലയായിരുന്നു എന്നെ സംബന്ധിച്ച് പത്രപ്രവർത്തനം. പത്രപ്രവർത്തകയാവുകയെന്ന ആഗ്രഹം വിദൂരസ്വപ്നങ്ങളിൽ പോലും ഉണ്ടായിരുന്നില്ല. പ്രത്യേകിച്ചൊരു തൊഴിൽ മേഖലയെക്കുറിച്ചും സങ്കല്പങ്ങളോ, ആഗ്രഹങ്ങളോ ഉണ്ടായിരുന്നില്ലെന്നതാണു സത്യം. പക്ഷെ, എന്ത് വേണം എന്ന് കൃത്യമായി ധാരണ ഉണ്ടായിരുന്നില്ലെങ്കിലും, എന്ത് വേണ്ടാ എന്നതിൽ വളരെ കൃത്യമായ ധാരണകൾ ഉണ്ടായിരുന്നു താനും. അങ്ങനെ, പ്രീഡിഗ്രിക്ക് സെക്കൻഡ് ഗ്രൂപ്പ് എടുക്കുമ്പോഴേ, മെഡിസിനു പോവില്ല എന്ന തീരുമാനവും ഒപ്പമുണ്ടായിരുന്നു. ബയോളജി ഇഷ്ടമായിരുന്നതു കൊണ്ട് സെക്കന്റ് ഗ്രൂപ്പ് എടുത്തുവെന്നു മാത്രം. കണക്ക് ഇഷ്ടമല്ലാതിരുന്നതു കൊണ്ട് ഫസ്റ്റ് ഗ്രൂപ്പ് എടുത്തില്ലെന്നും. ചരിത്രം, ഇക്കണോമിക്സ് തുടങ്ങിയ വിഷയങ്ങളെ പണ്ടേ ശത്രുപട്ടികയിൽ പെടുത്തിയിരുന്നു താനും. പ്രീഡിഗ്രി കഴിഞ്ഞപ്പോൾ, ഇംഗ്ലീഷിനു മാർക്ക് കുറച്ച് കുറവായിരുന്നെങ്കിലും, ഇംഗ്ലീഷ് ലിറ്ററേച്ചറേ പഠിക്കൂ എന്ന് തീരുമാനിച്ചു. അതും കേരള വർമ്മ കോളേജിൽ മാത്രം. കേരളവർമ്മയിൽ ചെന്ന് അധികം വൈകാതെ, സംഘടനാപ്രവർത്തനത്തിൽ മുഴുകി. ഫൈനാർട്ട്സ് സെക്രട്ടറിയായി. ക്ലാസിൽ കയറുന്നത് അപൂർവ്വത്തിൽ അപൂർവ്വമായി.

അങ്ങനെ, ഡിഗ്രി കഴിച്ചു കൂട്ടി, ബിരുദാനന്തരബിരുദത്തിനു കേരളവർമ്മയിൽ തന്നെ ചേർന്ന്, സംഘടനാപ്രവർത്തനമൊക്കെയായി മുന്നോട്ടു പോകുന്നതിനിടയിലാണു പൊടുന്നനെ, 'അറ്റൻഡൻസ് ഷോർട്ടേജ്' എന്ന വില്ലന്റെ ഇടപെടൽ മൂലം, കേരളവർമ്മ വിടാൻ തീരുമാനിച്ചത്. കേരളപ്രസ് അക്കാദമിയിലെ കോഴ്സിന്റെ വാർത്ത പത്രത്തിൽ കണ്ടത് കൃത്യസമയത്തായല്ലോ എന്ന ആശ്വാസം മാത്രമായിരുന്നു പ്രചോദനം. രായ്ക്കുരാമാനമെന്ന പോലെ, അപേക്ഷ കൊടുത്ത്, ടെസ്റ്റെഴുതി, പ്രവേശനം നേടി, കേരളവർമ്മയിൽ നിന്ന് ടിസി വാങ്ങി, കാക്കനാട്ട് ചെന്നു ചേർന്നതാണു ജീവിതത്തിലെ വഴിത്തിരിവായതെന്നു പറയാം. വെറും എട്ടു വിദ്യാർത്ഥിനികളാണു പ്രസ് അക്കാദമിയിലെ ആ ബാച്ചിൽ ഉണ്ടായിരുന്നത്. ബാക്കിയെല്ലാം പുരുഷപ്രജകൾ. അക്കാദമിയിൽ നിന്നിറങ്ങി, തോപ്പും പടിയിലെ ഇന്ത്യൻ കമ്യൂണിക്കേഷനിൽ ജേണലിസ്റ്റ് ട്രെയിനിയായി ജോലിയിൽ കയറിയപ്പോഴും,ഡെസ്കിൽ ഭൂരിപക്ഷം പുരുഷപ്രജകൾ. കമ്യൂണിക്കേറ്ററിന്റെ ഡെസ്കിൽ പണിക്ക് കയറി ഒരു രണ്ടു മൂന്ന് ദിവസം കഴിഞ്ഞിട്ടും, പണിയൊന്നും കിട്ടുന്നില്ലെന്ന് തിരിച്ചറിഞ്ഞു. എന്നു വെച്ചാൽ, എഡിറ്റു ചെയ്യാൻ കോപ്പിയൊന്നും കയ്യിൽ വരുന്നില്ല. കമ്പ്യൂട്ടറുകളെന്ന മഹാത്ഭുതം അന്ന് ഇന്ത്യൻ കമ്യൂണിക്കേറ്ററിൽ ഉണ്ടായിരുന്നു. ഞാനാണെങ്കിൽ ഡിടിപി പഠിച്ചിട്ടുമുണ്ട്. ടെലിപ്രിന്ററിൽ വന്നു വീഴുന്ന വാർത്തകൾ എഡിറ്റ് ചെയ്യലാണു രാത്രി ഡെസ്കിലെ പ്രധാന ജോലി. രണ്ടു മൂന്നു ദിവസത്തേക്ക്, വൈകിട്ട് ആറു മണിക്ക് ഡ്യൂട്ടിക്കെത്തിയാൽ ഏതാണ്ട് 11 മണി വരെ ചുറ്റിപ്പറ്റി നിന്നിട്ടും ചുമ്മാ തിരിച്ച് പോകേണ്ട അവസ്ഥ. അടുത്ത ദിവസം നേരെ ഡെസ്കിന്റെ ചാർജുള്ള കക്ഷിയുടെ അടുത്തേക്ക് ചെന്നു. 'സർ, വർക്കൊന്നും കിട്ടിയില്ല...' മൂപ്പരൊന്ന് തലയുയർത്തി നോക്കി. 'രേണു, അവിടെ ഇരിക്കൂ കേട്ടോ.' 'അങ്ങനെ ഇരുത്താൻ നോക്കണ്ട സാർ,' എന്ന് ചിരിച്ചു കൊണ്ടു തന്നെയാണു പറഞ്ഞത്. കക്ഷിയുടെ ഭാവം പെട്ടെന്നു മാറി. ചിരിച്ചു കൊണ്ടു തന്നെ, കോപ്പിയുടെ ഫയൽ നെയിം എഴുതിയ സ്ലിപ്പ് എടുത്തു തന്നു. പിന്നെ ജോലിക്ക് ക്ഷാമം ഉണ്ടായിട്ടില്ല. പിന്നീട് ഒന്നര വർഷം മാതൃഭൂമിയുടെ കോഴിക്കോട് കൊച്ചി ഓഫീസുകളിൽ ചെലവിട്ട ശേഷമാണു 199 6ൽ ഹിന്ദുവിന്റെ ഫ്രൈഡേ ഫീച്ചേഴ്സ് പേജിനു വേണ്ടി എഴുതാൻ തുടങ്ങിയത്. 1995ലാണു എറണാകുളം പ്രസ് ക്ലബ്ബിൽ ആദ്യമായി കടന്നു ചെല്ലുന്നതും. അന്ന് പ്രസ് ക്ലബ്ബിൽ ചെന്നിരുന്ന ഏക വനിതയായിരുന്നു ഞാൻ. ലീലാ മേനോൻ സൂപ്പർ സീനിയറാണല്ലോ. രഹസ്യമായി ഞങ്ങൾ 'ലീലച്ചേട്ടൻ' എന്നു വിളിച്ചു പോന്നിരുന്ന ലീലച്ചേച്ചി അപ്പോഴേക്കും പ്രസ് ക്ലബ്ബിലൊന്നും വരേണ്ട ആവശ്യമില്ലാത്ത സീനിയറായിക്കഴിഞ്ഞിട്ടുണ്ട്.

ആദ്യമായി പ്രസ് ക്ലബ്ബിൽ ചെല്ലുമ്പോൾ, അന്നവിടെയുണ്ടായിരുന്ന പഴയ തലമുറയിലെ മൂത്ത സിംഹങ്ങൾക്ക് ആകെയൊരു പരുങ്ങലായിരുന്നു. ഈ സ്ത്രീ സാന്നിദ്ധ്യത്തിൽ നമ്മളെന്തൊക്കെ പറയാം, എങ്ങോട്ടൊക്കെ തിരിയാം എന്നൊക്കെയൊരു പരുങ്ങൽ. ഒതുങ്ങിക്കൂടരുത്, എല്ലാവരെയും അങ്ങോട്ട് ചെന്ന് പരിചയപ്പെടണം എന്നൊക്കെ മാതൃഭൂമി ബ്യൂറോ ചീഫായിരുന്ന അരുൺ കുമാർ പറഞ്ഞു തന്നത് അക്ഷരം പ്രതി അനുസരിച്ചു.ഇത്തിരി കൂടുതലാണെങ്കിൽ അങ്ങനെ! ഒരൊറ്റയാളെ വിടാതെ പരിചയപ്പെട്ടു. കേറി 'ഹെഡ്' ചെയ്ത് സംസാരിച്ചു. മുമ്പിലിരുന്ന് തെറി പറഞ്ഞാൽ പ്രശ്നമാകുമോ എന്നൊക്കെ ആശങ്കയുണ്ടായിരുന്നു മുതിർന്ന ശിങ്കങ്ങൾക്ക്. ആ ഭയമൊക്കെ ഞാൻ തന്നെ മുൻ കൈ എടുത്ത് ദൂരീകരിച്ചു.

ഹിന്ദുവിൽ നിന്ന് പ്രസ് ക്ലബ്ബിൽ വന്നു തുടങ്ങിയപ്പോഴും ഇതു തന്നെയായിരുന്നു തുടക്കത്തിൽ അവസ്ഥ. പക്ഷെ, പതുക്കെപ്പതുക്കെ അന്തരീക്ഷം മാറാൻ തുടങ്ങി. പ്രസ് അക്കാദമിയിലെ സഹപാഠികളും ജൂനിയർമാരും ക്ലബ്ബിൽ എത്താൻ തുടങ്ങി. സ്ത്രീകളുടെ സാന്നിദ്ധ്യം വർദ്ധിച്ചു വന്നു. എസിവിയിലെ ബീനാ റാണി, അന്ന് മംഗളത്തിലുണ്ടായിരുന്ന ഗീതാ ബക്ഷി, ജന്മഭൂമിയിലെ ഗീത ചങ്ങാത്തം കൂടാൻ ആളു കൂടി വന്നു. ഹിന്ദു ബ്യൂറോയിലും പുരുഷലോകമായിരുന്നു. ആദ്യം എറണാകുളം സൗത്തിലെ ഇടുങ്ങിയ ചെറിയ മുറിയിലെ ബ്യൂറോ ഓഫീസിൽ റിപ്പോർട്ടറായി ഞാനും, ഓഫീസിൽ പ്രിയയും പ്രീതിയും മാത്രം. ഉച്ചഭക്ഷണവേളയിൽ ഞങ്ങൾ മൂന്ന് സ്ത്രീജനങ്ങളും കൂട്ടു കൂടി, ഉച്ചയൂണു പങ്കിട്ടു.

'മാതൃഭൂമി'യിൽ നിന്ന് തീർത്തും വ്യത്യസ്തമായ അന്തരീക്ഷമായിരുന്നു 'ഹിന്ദു'വിലേത്. സഹപ്രവർത്തകരുടെ കൂടെ യാത്ര ചെയ്യുന്നതോ, കമ്പനി കൂടുന്നതോ ഒന്നും ആരുടെയും നെറ്റിചുളിക്കലിനോ കഥകൾക്കോ വിഷയമായില്ല ഹിന്ദുവിൽ. ഒരിക്കൽ ഹിന്ദു ഫോട്ടോഗ്രാഫർ വിഭുവിന്റെ ബൈക്കിൽ കലൂർ മാതൃഭൂമിയുടെ മുന്നിലൂടെ പറന്ന് പോകുമ്പോൾ, മാതൃഭൂമിയിലെ ഒരു അറ്റൻഡർ ഷോക്കടിച്ച പോലെ നടു റോഡിൽ നിന്ന് വട്ടം തിരിഞ്ഞ് നോക്കുന്ന കാഴ്ച കണ്ടു. (അന്ന് ഹെൽമറ്റ് എന്നൊന്നും കേട്ടു കേൾവിയുണ്ടാർന്നില്ലല്ലോ!). അത് കേട്ടപ്പോൾ മാതൃഭൂമിയിലെ ഒരു മുൻ സഹപ്രവർത്തക അത്ഭുതം കൂറി. 'അപ്പോൾ ഹിന്ദുവിൽ മറ്റുള്ളോരുടെ കൂടെ ബൈക്കിൽ പോയാലൊന്നും ഒരു കുഴപ്പവുമില്ലല്ലെ?' എന്ന്. മാതൃഭൂമിയിൽ നിന്ന് ഔദ്യോഗികമായി പ്രത്യേകിച്ചൊരു കാരണവും കാണിക്കാതെയും, അനൗദ്യോഗികമായി 'സ്വഭാവം അത്ര ശരിയല്ല' എന്ന അടക്കം പറച്ചിലിന്റെ പുറത്തും ടെർമിനേഷൻ കത്ത് കിട്ടിയ ശേഷമാണു 'ഹിന്ദു'വിൽ എത്തിപ്പെട്ടത് എന്ന ചരിത്രമുള്ളതു കൊണ്ട് ആ അറ്റൻഡറുടെ ഞെട്ടൽ മനസ്സിനു ചില്ലറ കുളിർമ്മയൊന്നുമല്ല പകർന്നു നൽകിയത്.

2008ൽ മുഴുവൻ സമയ പത്രപ്രവർത്തനം നിർത്തുന്ന കാലത്തിൽ നിന്ന് ഒരുപാട് മാറി ലോകമിന്ന്. മാധ്യമപ്രവർത്തനത്തിന്റെ സ്വഭാവം അടിമുടി മാറിക്കഴിഞ്ഞു. ജേർണലിസം ക്ലാസുകളിൽ പെൺകുട്ടികളാണിന്നു ഭൂരിപക്ഷം.

2002ൽ, അമ്മു ജോസഫിന്റെയും കല്പന ശർമ്മയുടെയും മറ്റും നേതൃത്വത്തിൽ രൂപം കൊണ്ട നാഷണൽ നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ ദേശീയതലത്തിൽ വനിതാമാധ്യമപ്രവർത്തകരെ ഏകോപിപ്പിക്കാൻ സഹായിക്കുന്ന ഒരു 'നെറ്റ് വർക്ക്' ആയി ശക്തമായി നില കൊള്ളുന്നുണ്ട്.

കേരളത്തിലും നെറ്റ് വർക്കിന്റെ ചാപ്റ്റർ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും തൊണ്ണൂറുകളുടെ അന്ത്യത്തിൽ നിന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിലേക്ക് കടക്കാനൊരുങ്ങി നിൽക്കുമ്പോൾ, മാധ്യമലോകം വനിതാ മാധ്യമപ്രവർത്തകർക്കു മുന്നിലൊരുക്കുന്ന പാതയിൽ കല്ലും മുള്ളും കൂടിക്കൂടി വരികയാണോ എന്ന തോന്നലാണുയരുന്നത്.

ഒരർത്ഥത്തിൽ അത് സ്വാഭാവികമാണെന്നും പറയേണ്ടി വരും. ആദ്യ കാലത്ത് ഒറ്റ തിരിഞ്ഞ് ഈ രംഗത്തു കടന്നു വരുന്ന സ്ത്രീ ഒരു അപൂർവ്വതയായിരുന്നു. രംഗം അടക്കി വാണിരുന്ന പുരുഷലോകത്തിനു ആ ഒറ്റ തിരിഞ്ഞ സ്ത്രീ ഒരു വെല്ലുവിളിയാവേണ്ട കാര്യമില്ലല്ലോ. പക്ഷെ, വർദ്ധിച്ചു വരുന്ന എണ്ണങ്ങൾ (increasing numbers) ഒരു വെല്ലുവിളിയാവാതെ തരമില്ല. അതിനനുസരിച്ച് പ്രത്യക്ഷത്തിലും പരോക്ഷമായുമുള്ള അസ്വാരസ്യങ്ങളും ആക്രമണങ്ങളും വർദ്ധിച്ചു വരുന്ന കാഴ്ചയാണു ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നതെന്ന് പറയേണ്ടി വരും. അതിന്റെ മകുടോദാഹരണമായാണു സഹപ്രവർത്തകയുടെ വീട്ടിൽ പാതിരാത്രിക്ക് ഇരച്ചു കയറി 'സദാചാര ശാസന' നടപ്പിലാക്കാൻ തിരുവനന്തപുരം പ്രസ് ക്ലബിന്റെ നേതാവ് രാധാകൃഷ്ണന്റെ ശ്രമം പ്രത്യക്ഷപ്പെടുന്നത്. അതേ സമയം, എൻ. ഡബ്ലിയു. എം. ഐയുടെ നേതൃത്വത്തിൽ തന്നെ വനിതാ പത്രപ്രവർത്തകർ ശക്തമായ ചെറുത്തു നില്പ് സംഘടിപ്പിച്ചുവെന്നത് ആശാവഹമാണ്.

മാധ്യമപ്രവർത്തകരുടെ എണ്ണത്തിൽ മാത്രമേ വനിതകളുടെ സാന്നിദ്ധ്യത്തിൽ വർദ്ധനവുണ്ടായിട്ടുള്ളൂ എന്നത് മറ്റൊരു വശം. നയതീരുമാനങ്ങൾ എടുക്കാനാവുന്ന അധികാര സ്ഥാനങ്ങളിലേക്ക് എത്തുന്ന വനിതകളുടെ എണ്ണം തുലോം നിസ്സാരമാണെന്നതാണു ശ്രദ്ധിക്കേണ്ട വസ്തുത. ഈ വിടവ് നികത്തുകയെന്നതാണു വനിതാ മാധ്യമപ്രവർത്തകരുടെ മുന്നിൽ ഇനിയുള്ള സുപ്രധാനമായ സമകാലിക വെല്ലുവിളി.

■




അലീന മറിയ വർഗ്ഗീസ്

# സമത്വത്തിൻ നാഴികക്കല്ല് പാകുന്നവർ

മുഖമുള്ളതും ഇല്ലാത്തതുമായ ലക്ഷക്കണക്കിനാളുകൾ, ചിലർക്ക് ദൈവങ്ങളുടെ മുഖം, ചിലർക്ക് വിപ്ലവനേതാക്കന്മാരുടെ മുഖം. എന്നാൽ അവർക്കെല്ലാം ഒരേ സ്വഭാവമാണ്. തന്റെ വിശ്വാസത്തെയും കാഴ്ചപ്പാടുകളെയും എതിർക്കുന്നവരെ, ചോദ്യം ചെയ്യുന്നവരെ, സമൂഹമാധ്യമങ്ങളിൽ തെരുവുനായ്ക്കളുടെ കൈയിൽ കിട്ടിയ ഇറച്ചിക്കഷണമെന്ന പോലെ കടിച്ചുകീറുക. പലപ്പോഴും ഈ ആൾക്കൂട്ടത്തിന് ഇരയാകുന്നത് സ്ത്രീകളാണ്. മുഖമില്ലാത്ത ലക്ഷണക്കണക്കിന് പ്രൊഫൈലുകൾ ഒരുമിച്ചു ചേർന്ന് ആക്രമിക്കുന്നതും വിരൽചൂണ്ടുന്നതും മുഖമുള്ള നിലപാടുകൾ ഉറക്കെ പറയുന്ന ഒറ്റയ്ക്കൊരു പെണ്ണിന്റെ നേർക്കാണ്. അവളെ ആ ഒറ്റക്കൊരുവളെ ആ ജനക്കൂട്ടത്തിന് ഭയമാണ്. അവളുടെ അഭിപ്രായങ്ങളും പെരുമാറ്റവും വസ്ത്രധാരണം പോലും അവരെ ഭയപ്പെടുത്തുന്നു. ആ ഭയത്തിൽ നിന്നുണ്ടാകുന്ന ഭ്രാന്താണ് സമൂഹമാധ്യമങ്ങളിലെ ആൾക്കൂട്ടആക്രമണങ്ങൾ. അവൾക്ക് മുഖമുണ്ടായിരുന്നു അവൾക്ക് ശബ്ദമുണ്ടായിരുന്നു ഓരോ പെണ്ണും സോഷ്യൽ മീഡിയയിൽ ആക്രമിക്കപ്പെടുന്നതിന്റെ മാനദണ്ഡം അതാണ്.

സ്ത്രീകളുടെ വ്യക്തിത്വത്തെയും ചുറ്റുപാടുകളെയും എല്ലാ അർത്ഥത്തിലും തിരുത്തിയെഴുതുകയും കൂട്ടിച്ചേർക്കുയും ചെയ്തു കൊണ്ടിരിക്കുന്ന സോഷ്യൽമീഡിയ കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. രണ്ടായിരത്തിന്റെ അവസാനത്തിൽ ശക്തിയാർജിച്ച സോഷ്യൽ മീഡിയ സാമൂഹിക വിഷയങ്ങളിൽ ഇടപെട്ട് തുടങ്ങിയത് 2010 ന് ശേഷമാണെന്ന് പറയാം. ആ പൊതുവിടത്തിൽ സ്ത്രീപക്ഷസമരങ്ങളും ഒറ്റയാൾ പോരാട്ടങ്ങളും മാത്രമല്ല എല്ലാ മേഖലകളിലുമുള്ള മാറ്റങ്ങൾക്കും പ്രതിഷേധങ്ങൾക്കുമുള്ള ഇടമായി.




കൃത്യമായി പറഞ്ഞാൽ 2009ൽ ഇറ്റലിയിൽ നടന്ന പർപ്പിൾ പീപ്പിൾ മുവ്മെന്റിലൂടെയാണ് ഫേസ്ബുക്കും ടിറ്ററും യൂ ട്യൂബും അടങ്ങുന്ന സോഷ്യൽമീഡിയ ഒരു പൊതുജന അഭിപ്രായ രൂപീകരണത്തിനും പ്രകടനത്തിനുമുള്ള സാധ്യത കണ്ടെത്തിയത്. അന്ന് സമൂഹമാധ്യമങ്ങൾ വഴി സംഘടിച്ചവർ പിങ്ക് വസ്ത്രങ്ങളണിഞ്ഞ് ഇറ്റലിയുടെ തെരുവിലിറങ്ങിയപ്പോൾ അത് സമര ചരിത്രത്തിൽ തന്നെ പുതിയ അധ്യായമായി.

പിന്നീട് ഒരു പതിറ്റാണ്ടായി ഈ നാലമിടത്തിലൂടെ നടക്കുന്നത് സാമൂഹിക നവോത്ഥാനത്തിന്റെയും സമത്വത്തിന്റെയും ഒരു മുന്നേറ്റം തന്നെയാണ്. ഇന്ത്യയിൽ സമൂഹമാധ്യമങ്ങളിലൂടെ നടന്ന ഏറ്റവും ശ്രദ്ധയമായ സമരം 2012ൽ ഡൽഹിയിൽ കൂട്ടമാനഭംഗത്തിനിരയായി കൊല്ലപ്പെട്ട നിർഭയയുടെ നീതിക്കുവേണ്ടിയുള്ളതായിരുന്നു. അതിനു ശേഷം 2014ൽ നടന്ന ചുംബന സമരത്തിലൂടെ കേരളത്തിലെ ഏറ്റവും വ്യത്യസ്ഥവും ശ്രദ്ധേയവുമായ സമൂഹമാധ്യമ ഇടപെടൽ ഉണ്ടായി. ഇതെല്ലാം ഒരേ ലക്ഷ്യത്തിനു വേണ്ടി ഒരേ മനസോടെ ഒരു നേതാവുപോലുമില്ലാത്ത ഒരു ജനത നടത്തിയ മുന്നേറ്റമായിരുന്നു. എന്നാൽ 2015ടെയാണ് പ്രതികരിക്കുന്ന സ്ത്രീകളോടും സ്ത്രീപക്ഷ സമര

ങ്ങളോടുമുള്ള നവമാധ്യമത്തിന്റെ കാഴ്ചപ്പാടുകൾ മാറിത്തുടങ്ങിയത്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ചുംബന സമരത്തിലൂടെ കപടസദാചാരത്തെ ചോദ്യം ചെയ്തു തുടങ്ങിയപ്പോൾ മുതലാണ് സോഷ്യൽ മീഡിയയിൽ അവൾ ആക്രമിക്കപ്പെട്ട് തുടങ്ങിയത്. പിന്നീട് അഭിപ്രായം പറയുന്ന, നിലപാടുകൾ വ്യക്തമാക്കുന്ന സ്ത്രീകൾക്ക് നേരെ പുരുഷന്മാരും സ്ത്രീകളും അടങ്ങിയ ആൾക്കൂട്ടം ആക്രമണം നടത്തുകയായിരുന്നു. ആ ആക്രമണങ്ങളിലൂടെ അവർക്ക് നേരിടേണ്ടി വന്നത് വിമർശനങ്ങൾ മാത്രമല്ല ക്രൂരവും ഹീനവുമായ വെർബൽ റെയ്പ്പ് കൂടിയാണ്. അസമത്വത്തെയും അനീതിയേയും ചോദ്യം ചെയ്യുന്ന സ്ത്രീകളെ അപമാനിച്ചും അവഹേളിച്ചുമായിരുന്നു സമൂഹമാധ്യമങ്ങളിലെ ആൾക്കൂട്ടം വായടപ്പിക്കാൻ ശ്രമിച്ചത്.

തലയിൽ തട്ടമിടാത്തതിന്റെ പേരിൽ നടി അൻസിബ ഹസൻ സോഷ്യൽ മീഡിയയിൽ ആക്രമിക്കപ്പെട്ടപ്പോൾ ഫിറോസ് കുന്നുംപറമ്പിൽ എന്ന സാമൂഹിക പ്രവർത്തകനെ ചോദ്യം ചെയ്തതിന്റെ പേരിലായിരുന്നു ആക്ടിവിസ്റ്റ് കൂടിയായ ജെസ്ല മാടശ്ശേരി അതിഭീകരമായ വെർബൽ റെയ്പ്പിന് ഇരയായത്. സംഘപരിവാർ അജണ്ടയ്ക്കെതിരെ ഉറക്കെ ശബ്ദിച്ചതിനായിരുന്നു എഴുത്തുകാരി കെ.ആർ. മീരയും അധ്യാപിക കൂടിയായ ദീപ നിശാന്തും അപമാനിക്കപ്പെട്ടത്. വീട്ടിൽ നിന്നു തുടങ്ങി അവൾ നേരിടുന്ന അവഗണനകളെക്കുറിച്ച് പറഞ്ഞതിനായിരുന്നു റിമ കല്ലിങ്കൽ എന്ന നടി സമൂഹമാധ്യമങ്ങളുടെ ചരിത്രത്തിലില്ലാത്ത വിധം പരിഹാസ കഥാപാത്രമായത്. സിനിമാരംഗത്തെ പുരുഷാധിപത്യത്തിനെതിരെ പ്രതികരിച്ചതിനായിരുന്നു പാർവതി തിരുവോത്ത് എന്ന നടിയെ ഫെമിനിസ്റ്റെന്ന് ചാപ്പകുത്തിയത്. കപടസദാചാരവാദത്തെ ചോദ്യം ചെയ്തതിനായിരുന്നു അരുന്ധതി ബി. ഇന്നും വേശ്യയെന്ന വിളികേൾക്കുന്നത്. വിശ്വാസത്തിൽ സ്ത്രീകൾ നേരിട്ട വിവേചനവും അസമത്വവും ഇല്ലാതാക്കാനായി മുന്നിട്ടിറങ്ങിയതിനാണ് ബിന്ദു അമ്മിണിയെന്ന സ്ത്രീയുടെ മുഖത്ത് നൂറുകണക്കിനാളുകൾ നോക്കി നിൽക്കെ മുളകുവെള്ളം ഒഴിച്ചത്. കനകദുർഗയെ വീട്ടുകാർ കുടുംബത്തിൽ നിന്ന നിർദ്ദയം ഇറക്കി വിട്ടത്.

എന്നാൽ ഭയപ്പെടുത്തുന്ന വസ്തുത മറ്റൊന്നാണ്. അഭിപ്രായങ്ങളുള്ള, നിലപാടുകൾ ഉറക്കെ പറയുന്ന സ്ത്രീകൾക്ക് നേരെ നടക്കുന്ന വെർബൽ റെയ്പ്പുകളും സൈബർ ആക്രമണങ്ങളും സ്ത്രീ കൂടി അടങ്ങുന്ന പൊതുസമൂഹം അതിഭീകരമാം വിധം നോർമലൈസ് ചെയ്യുന്നു. അവൾക്ക് അത് വേണമെന്ന ക്രൂരന്യായം വിളിച്ചു പറയുകയും അടിച്ചേൽപ്പിക്കുകയും ചെയ്യുന്നതരത്തിൽ ആൾക്കൂട്ട മനശ്ശാസ്ത്രം അധപ്പതിച്ചിരിക്കുന്നു. അപകടകരമാണ് ആ മനശ്ശാസ്ത്രം. ആൾക്കൂട്ടത്തിന്റെ എണ്ണവും വലുപ്പവും കൂടുന്നതനുസരിച്ച് ഒരു വ്യക്തിയെന്ന നിലയ്ക്കുള്ള അവരുടെ ഉത്തരവാദിത്തം കുറഞ്ഞുവരുന്നു. ഈ ജനക്കൂട്ടം അപകടകരമായ തലത്തിൽ പലപ്പോഴും അന്ധമായ ഒരേ രീതിയിലായിരിക്കും പെരുമാറുകയെന്ന് സിഗ്മണ്ട് ഫ്രോയിഡ് അടക്കമുള്ള മനശ്ശാസ്ത്രജ്ഞർ വ്യക്തമാക്കിരുന്നു. അത്തരത്തിൽ ഒരു വ്യക്തിയെന്ന നിലയ്ക്ക് എല്ലാ ഉത്തരവാദിത്തങ്ങളും മൂല്യങ്ങളും നഷ്ടപ്പെടുത്തി കൊണ്ടാണ് ഓരോ ആൾക്കൂട്ട ആക്രമണങ്ങളും സമൂഹമാധ്യമങ്ങളിൽ അരങ്ങേറുന്നത്

2014ന് ശേഷം നടക്കുന്ന ഇത്തരം അക്രമണങ്ങളെ നിയമപരമായി നേരിടുന്നതിൽ നിയമപാലകർ പരാജയപ്പെട്ടിരുന്നു. പരാതിയുമായി എത്തുന്ന സ്ത്രീകളെ പരിഹാസത്തോടെ പറഞ്ഞയച്ചിരുന്ന സാഹചര്യം വരെ ഉണ്ടായി. എന്നാൽ ഇന്ന് സ്ത്രീകൾ നൽകുന്ന പരാതികളെ മുഖവിലയ്ക്ക് എടുക്കാൻ നിയമപാലകർ നിർബന്ധിതരായിരിക്കുന്നു. അതുകൊണ്ട് തന്നെ ഇന്ന് അവൾ നേരിടുന്ന അധിക്ഷേപങ്ങളെ ഒരു പരിധിവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാൻ സാധിക്കുന്നുണ്ട്. 2017ന്റെ അവസാനത്തോടെ ശക്തമായ സ്ത്രീസമത്വ പോരാട്ടങ്ങൾ ഇന്ന് വളരെയധികം മുന്നോട്ടുപോയിരിക്കുന്നുവെന്നതാണ് ഇതിന് പിന്നിലെ വസ്തുത. അതുകൊണ്ട് തന്നെ വേശ്യയെന്നും വെടിയെന്നും കുടുംബത്തിൽ പിറക്കാത്തവളെന്നുമൊക്കെയുള്ള വിളി കേൾക്കുമ്പോഴും വ്യക്തിത്വവും ശരീരവും വാക്കുകളിലുടെ കീറിമുറിക്കപ്പെടുമ്പോഴും പകച്ചുപോകുന്ന, പിന്തിരിയുന്ന പെണ്ണിന്റെ കാലം കഴിഞ്ഞു. അവൾക്കറിയാം ഈ ഉറച്ച ശബ്ദം വരും തലമുറകൾക്കു കൂടിയാണെന്ന്.

അസമത്വത്തിനും അനീതിക്കും എതിരെ തന്റെ അഭിപ്രായങ്ങളും നിലപാടുകളും ഉറക്കെ പറയുമ്പോൾ സോഷ്യൽ മീഡിയയിലോ തൊഴിലിടത്തോ വീടുകളിലോ അവൾക്ക് നേരെ ഉയരുന്ന ശബ്ദത്തെ എതിർക്കാനും അവഗണിച്ച് മുന്നേറാനും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും അവൾ ശക്തിയാർജിച്ചിരിക്കുന്നു. അധിക്ഷേപവും അപമാനവും പീഡനങ്ങളും ഒറ്റപ്പെടുത്തലും നേരിടാതെ സമൂഹത്തിൽ ഇന്നോളം ഒരു മാറ്റവും സംഭവിച്ചിട്ടില്ല. അതുകൊണ്ട് തന്നെ അനീതിക്കും അസമത്വത്തിനും എതിരെ ഉയരുന്ന ഓരോ പെൺ ശബ്ദവും ഓരോ മുന്നേറ്റങ്ങളും നവോത്ഥാനത്തിന്റെ നാഴികക്കല്ലുകളാണ്. എത്ര അപമാനിച്ചാലും കടിച്ചുകീറിയാലും തുറിച്ചുനോക്കിയാലും എത്ര ആവൃത്തി വേശ്യയെന്നു വിളിച്ചാലും വെർബൽ റെയ്പ്പ ചെയ്താലും നിലപാടുള്ള, ഉറച്ച ശബ്ദമുള്ള ഒരു പെണ്ണും ഭയന്ന് പിന്മാറില്ല. കാരണം അവർക്കറിയാം ഇരകളല്ല തങ്ങൾ ഉയർത്തുന്ന ഈ ശബ്ദം സമത്വത്തിന്റെ നവോത്ഥാനത്തിന്റെ നാഴികക്കല്ലുകളാണെന്ന്.

■

ചർച്ചാവിഷയം






ഷെറിൻ രാജൻ

ജയിച്ചവരെ മാത്രം കാണുന്ന നമുക്ക് പൊരുതി തോറ്റവന്റെ കണ്ണീർ അറിയില്ലല്ലോ. നിങ്ങൾ കാണുന്ന ഗൾഫ് മാധ്യമരംഗത്തെ മലയാളി കളായ വെള്ളിനക്ഷത്രങ്ങൾ മാത്രമല്ല ഇവി ടുത്തെ യാഥാർത്ഥ്യം എന്നോർമിപ്പിക്കാൻ മാത്ര മാണീ കുറിപ്പ്.

# അമ്മ കൂടിയായ മാധ്യമപ്രവർത്തക

**പെ**ൺപിള്ളേര് വലിയ പഠിപ്പ് പഠിച്ചി ട്ടൊന്നും വലിയ കാര്യം ഇല്ല', 'പഠിച്ചിറങ്ങുമ്പോ ളേക്കും ജോലി കിട്ടിയ ചില പെണ്ണുങ്ങൾക്ക് കൊമ്പത്തെ അഹങ്കാരം ആയിരിക്കും', 'അവളുടെ ഭർത്താവ് വലിയ നിലയിലാ അത് കൊണ്ട് ജോലിക്ക് ഒന്നും ഇത്ര കഷ്ടപ്പെട്ട് നോക്കണ്ട ആവശ്യം ഇല്ല'...

കഴിഞ്ഞ പത്തു കൊല്ലങ്ങളായി പല ടോണിൽ പല ഭാഷയിൽ പലരിൽ നിന്നായി ഞാൻ കേൾക്കുന്ന ഡയലോഗുകളാണിത്. എന്റെ പേര് ഷെറിൻ. കാലിക്കറ്റ് യൂണിവേഴ്സിറ്റി നടത്തുന്ന എം സി ജെ എൻട്രൻസ് മെറിറ്റിൽ പാസായാണ് പി ജി ക്ക് ജേർണലിസം കോഴ്സിന് സീറ്റ് നേടുന്നത്. നല്ല മാർക്ക് വാങ്ങി ജയിച്ച് ഇന്ത്യയിലെ തന്നെ അറിയപ്പെടുന്ന ഒരു അച്ചടി മാധ്യമത്തിലെ സബ് എഡിറ്റർ ആയി ജോലി ചെയ്യുമ്പോൾ ആയിരുന്നു വിവാഹം. ഭർത്താവ് ദുബായിൽ ആയത് കൊണ്ട് വിവാഹശേഷം ഞാനും പ്രവാസിയായി.

വിവാഹം കഴിഞ്ഞ് കുറച്ചു മാസങ്ങൾക്ക് ശേഷം ഒരു മലയാളം ചാനലിൽ ജോലി ലഭിച്ചു. അവർ ജോലിയിൽ ചേരാൻ പറഞ്ഞ ദിവസത്തിന്

മുൻപ് ശാരീരിക അസ്വസ്ഥതകളെ തുടർന്ന് ഡോക്ടറെ കണ്ടപ്പോളാണ് ഗർഭിണിയാണെന്ന് അറിഞ്ഞത്. ഗർഭിണിയായ ഒരുത്തിക്ക് വേറെ ജോലി ആവശ്യമില്ലെന്ന് ആ ചാനലും പിന്നെ അപേക്ഷ അയച്ച കമ്പനികൾ എല്ലാം തന്നെയും ഇന്റർവ്യൂ സമയത്ത് വ്യക്തമാക്കി.

ഒരു കുഞ്ഞുജീവനേക്കാൾ വലുതല്ല ജോലിയും പ്രൊഫഷണൽ വളർച്ചയും എന്ന് ഉത്തമ വിശ്വാസം ഉള്ളത് കൊണ്ട്.. നല്ലൊരു മകന് ജന്മം നൽകാൻ സാധിച്ചു.. കുഞ്ഞിന് മുലയൂട്ടണം എന്ന നിർബന്ധബുദ്ധിയായ അമ്മ ആയതുകൊണ്ട് കുഞ്ഞിന് ഒരു വയസ് ആവുന്നത് വരെ ജോലിക്ക് ശ്രമിച്ചില്ല. പക്ഷെ എന്റെ കുഞ്ഞിനോളം തന്നെ പ്രിയപ്പെട്ടതായിരുന്നു എന്റെ പ്രൊഫഷനും എന്നത് കൊണ്ട് വീണ്ടും ജോലിക്കുള്ള ശ്രമം തുടങ്ങി. ഇന്റർവ്യൂ നല്ല നിലയിൽ അറ്റൻഡ് ചെയ്തിട്ടും ആദ്യത്തെ ശ്രമം റെഫർ ചെയ്യാൻ ആളില്ലാത്ത തിനാലും രണ്ടാമത്തേത് ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്തതിനാലും പരാജയപ്പെട്ടു..

മൂന്നാമൂഴം ഒരു എഫ് എം റേഡിയോയിൽ ആയിരുന്നു. അതോർക്കുമ്പോൾ ഇന്നുമെന്റെ നെഞ്ചിൽ വിങ്ങൽ അനുഭവപ്പെടും. ഒന്നാം വട്ട അഭിമുഖം കഴിഞ്ഞു രണ്ടാം വട്ടം ഓഡിഷന് വേണ്ടി വാർത്തകൾ എഡിറ്റ് ചെയ്ത് എഴുതി അവിടെ ഉണ്ടായിരുന്ന എഡിറ്ററെ കാണിച്ചു.. വോയിസ് ഓഡിഷൻ നടക്കുമ്പോഴാണ് നെഞ്ചിൽ വേദന പോലെ തോന്നിയത്..അടുത്ത നിമിഷം പാല് നിറഞ്ഞൊഴുകി. അത് വരെ ഉണ്ടാവാത്ത അത്രയും ശക്തിയിൽ മുലപ്പാൽ ഞാൻ ഇട്ടിരുന്ന വെള്ളടോപ്പിനെ നനച്ചു.. കുഞ്ഞിനെ മുലയൂട്ടാൻ ഉപയോഗിച്ചിരുന്ന ഷോൾ ഞാൻ വണ്ടിയിൽ തന്നെ വെച്ചിരുന്നത് കൊണ്ട്.. മാറ് മറക്കാൻ കൈയിൽ കിട്ടിയ എ4 ഷീറ്റ് നെഞ്ചിനോട് ചേർത്ത് പിടിച്ചു അവിടെ ഉണ്ടായിരുന്ന ആളോട് വിക്കി വിക്കി വിവരം പറഞ്ഞു. വളരെ സഹതാപത്തോടെ കാറിൽ പോയി ഷോൾ എടുത്ത് സമാധാന ത്തോടെ വന്നാൽ മതിയെന്നും അതിനു ശേഷം വോയിസ് റെക്കോർഡിങ് മതി എന്നും അദ്ദേഹം പറഞ്ഞു. ഷോൾ മൂടി പുതച്ചു തിരിച്ചു വന്ന എന്നെ വിഷമിപ്പിച്ചത് അവിടെ ഉണ്ടായിരുന്ന സ്ത്രീ കളുടെ പുച്ഛവും കളിയാക്കി പറച്ചിലുകളുമാണ്. ഇടർച്ചയോടെ അല്ലാതെ എനിക്ക് ആ റെക്കോർ ഡിങ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കണ്ണിൽ നിന്ന് വെള്ളം വരാതെയും കരച്ചിൽ വരുമെന്ന് അന്നെ നിക്ക് മനസിലായി..

അതിനു ശേഷം പല സ്ഥലങ്ങളിൽ... റഫർ ചെയ്യാൻ ആളില്ലാത്തത് കൊണ്ട്, കൊച്ചു കുഞ്ഞിന്റെ അമ്മ ആയതിനാൽ, ആകാരവടിവ് ഇല്ലാത്തതിനാൽ, പ്രായം 30 നു മുകളിൽ ആയതു കൊണ്ട്, മാതൃഭാഷ ഇംഗ്ലീഷ് അല്ലാത്തത് കൊണ്ട്.. അറബി അറിയാത്തത് കൊണ്ട്, ജാതി പേരിൽ, ജോലിയിൽ വലിയ ഇടവേള വന്നത് കൊണ്ട് അങ്ങിനെ നൂറു കാരണങ്ങൾ കൊണ്ട് എന്റെ പ്രിയ പ്പെട്ട പ്രൊഫഷൻ മാറ്റാൻ നിർബന്ധിതയായി.

അതിനിടയിലും ആഗ്രഹം കൊണ്ട് മാത്രം ജേർണലിസം ജോലികൾക്ക് അപേക്ഷിച്ചു കൊണ്ടി രുന്നു.. ചില സ്ഥലങ്ങളിൽ കുറച്ചു മാസങ്ങൾ ജോലിയും ചെയ്തു.. പറഞ്ഞ ശമ്പളമോ ലേബർ കാർഡോ ഇല്ലാത്തതിനാൽ അത് തുടരാനും പറ്റി യില്ല.. ആഗ്രഹിച്ച ജോലി ലഭിക്കാത്തതിനേക്കാൾ എന്നെ വിഷമിപ്പിച്ച ഘടകങ്ങൾ യാതൊരു പ്രവൃ ത്തിപരിചയവും ഇല്ലാത്തവരും മതിയായ വിദ്യാഭ്യാ സയോഗ്യത (ഓൺലൈൻ ഡിഗ്രി പോലുള്ളവ) ഇല്ലാത്തവരും ഇവിടെ പല മാധ്യമങ്ങളിലും വലിയ സ്ഥാനങ്ങളിൽ പോലും ജോലി ചെയുന്നുണ്ട് എന്നുള്ളതാണ്. ഞങ്ങളെ പോലെ ഒരു ബന്ധു ബലവും രാഷ്ട്രീയ പിന്തുണയും ജാതി ലേബലും ഇല്ലാത്തവർ വിദേശങ്ങളിൽ ഉള്ള മാധ്യമരംഗത്തിനു ആവശ്യമേ ഇല്ല..

പെണ്ണാണോ നിനക്കു ഒരു പ്രായം കഴി ഞ്ഞാൽ, ഇടവേളയെടുത്താൽ പിന്നീട് ഒരു തിരിച്ചു വരവുണ്ടാവില്ല. അല്ലെങ്കിൽ പിന്നിൽ താങ്ങായി ആരെങ്കിലും വേണം.. നാട്ടിൽ പോലും പ്രായം പരിമിതി ആവുമ്പോൾ, രണ്ട് തരം കൂലി ലഭിക്കു മ്പോൾ അസംഘടിതരായവർക്ക് എങ്ങിനെ നീതി ലഭിക്കാനാണ്.. മാധ്യമരംഗത്ത് ജോലി ചെയുന്ന ഏതെങ്കിലും പുരുഷന്മാർ പണ്ട് തങ്ങളുടെ കൂടെ പഠിച്ച, ജോലി ചെയ്ത...എത്ര പെൺകുട്ടികൾ ഇപ്പോളും ഇതേ മേഖലയിൽ ജോലി ചെയ്യുന്നുണ്ട് എന്ന് എന്നെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഇന്ത്യക്ക് പുറത്ത് നമ്മുടെ കേരളത്തിലെ യൂണിവേഴ്‌സിറ്റി കളിൽ നിന്നുള്ള ബിരുദധാരികളെ പല മാധ്യമ ഭീമന്മാരും പരിഗണിക്കാറ് പോലുമില്ല.

ഏറ്റവും അധികം ചൂഷണം നടക്കുന്ന മേഖലകളിൽ ഒന്നാണ് ഗൾഫ് രാജ്യങ്ങളിലെ ഓൺലൈൻ, ഫാഷൻ, ഇന്ത്യൻ ഭാഷകളിലെ പ്രിന്റ്, വിഷൽ  മാധ്യമങ്ങൾ എന്നിവ. പലപ്പോഴും ട്രെയിനിങ്, ഇന്റേൺഷിപ്പ് എന്നിവയുടെ പേരിൽ നൽകപ്പെടുന്ന ജോലികൾക്ക് ശമ്പളം ലഭിക്കുക യില്ല. ഫ്രീലാൻസ് ആയി ചെയ്തു കൊടുക്കുന്ന ജോലികൾക്ക് ആദ്യം കൃത്യമായി പ്രതിഫലം നൽകുമെങ്കിലും പിന്നീട് ലഭിക്കാൻ സാധ്യത വളരെ കുറവാണ്.

ഈ പറഞ്ഞ കാരണങ്ങൾ കൊണ്ട് നിങ്ങ ൾക്ക് ഇവിടെ സുരക്ഷിതമായ നല്ല ശമ്പളം ഉള്ള ജോലി ലഭിക്കില്ല എന്നല്ല പറഞ്ഞതിനർത്ഥം. ജയി ച്ചവരെ മാത്രം കാണുന്ന നമുക്ക് പൊരുതി തോറ്റ വന്റെ കണ്ണീർ അറിയില്ലല്ലോ. നിങ്ങൾ കാണുന്ന ഗൾഫ് മാധ്യമരംഗത്തെ മലയാളികളായ വെള്ളി നക്ഷത്രങ്ങൾ മാത്രമല്ല ഇവിടുത്തെ യാഥാർത്ഥ്യം എന്നോർമിപ്പിക്കാൻ മാത്രമാണീ കുറിപ്പ്.

■



മേരി ദീപ

മേരി ദീപ/വിജി പെൺകൂട്ട്

# കനൽവഴികളിൽ തുടരുന്ന പോരാട്ടം

**പുരുഷാധിപത്യത്തിന്റെയും മുതലാളിത്തത്തിന്റെയും ഇടയിലാണ് ഓരോ സ്ത്രീ തൊഴിലാളിയും. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുവേണം അവൾക്ക് തന്റെ അവകാശങ്ങൾക്കുവേണ്ടി പോരാടുവാൻ,'**

കാലങ്ങളായി തുടരുന്ന സ്ത്രീപുരുഷ സമത്വത്തെപ്പറ്റിയുള്ള ചർച്ചകളിൽ സ്ത്രീയും പുരുഷനും തുല്യരാണ് എന്ന വാദത്തിനെ എല്ലാവരും പിന്തുണച്ചു കാണാറുണ്ട്. എന്നാൽ സ്ത്രീ തൊഴിലാളികളെയുംപുരുഷതൊഴിലാളികളെയും തുല്യരായല്ല കാണേണ്ടത് എന്ന തിരിച്ചറിവിൽ നിന്നാണ് വിജി പെൺകൂട്ട് എന്ന കേരളത്തിന് അഭിമാനമായി മാറിയ സമരനായികയുടെ പോരാട്ടങ്ങളുടെ തുടക്കം. എട്ടുമണിക്കൂർ ജോലി, എട്ടുമണിക്കൂർ വിശ്രമം, എട്ടുമണിക്കൂർ വിനോദം എന്നത് ലോകത്തെമ്പാടും അംഗീകരിക്കപ്പെട്ട തൊഴിലാളി അവകാശമാണ്. ഒരു പുരുഷതൊഴിലാളിയെ സംബന്ധിച്ചിടത്തോളം ഈ അവകാശം അനുഭവിക്കാനുള്ള സാഹചര്യം ഇന്ന് നമ്മുടെ സമൂഹത്തിൽ ഉണ്ട്.



വിജി പെൺകൂട്ട്

ജോലികഴിഞ്ഞു വീട്ടിൽ എത്തുന്ന ഒരു പുരുഷതൊഴിലാളിക്ക് വിശ്രമത്തിനും വിനോദത്തിനും അവസരമുണ്ട്. എന്നാൽ സ്ത്രീ തൊഴിലാളിക്കോ? പാചകം, കുടുംബാംഗങ്ങളെ പരിചരിക്കൽ തുടങ്ങിയ ഉത്തരവാദിത്തങ്ങൾ കഴിഞ്ഞു ശരിക്കൊന്നുറങ്ങാൻ പോലും പലപ്പോഴും സാധിക്കാറില്ല. ഈ സാഹചര്യത്തിലാണ് സ്ത്രീ തൊഴിലാളികളുടെയും പുരുഷതൊഴിലാളികളുടെയും അവകാശങ്ങൾക്കായി ഒരേ തട്ടിൽ നിന്നല്ല ശബ്ദമുയർത്തേണ്ടത് എന്ന നിലപാട് വിജി പെൺകൂട്ട് മുന്നോട്ടുവച്ചത്. വിജിയുടെ അമ്മയും അമ്മൂമ്മയും മൂത്തസഹോദരിയുമെല്ലാം അസംഘടിതമേഖലയിലെ തൊഴിലാളികൾ ആയിരുന്നു. ചെറുപ്പം മുതൽ കണ്ടുപഴകിയ അവരുടെ ബുദ്ധിമുട്ടുകളും പോരാട്ടങ്ങളുമാണ് മാറിചിന്തിക്കാൻ വിജിക്ക് പ്രേരണ നൽകിയത്. പലതരത്തിലുമുള്ള പരിമിതികളോടും മല്ലിട്ടാണ് ഒരു സ്ത്രീ തൊഴിലാളി ജോലിക്കെത്തുന്നത്. അങ്ങനെയുള്ള അവർക്ക് ജോലി സ്ഥലത്ത് ഒന്നിരിക്കാനോ മൂത്രമൊഴിക്കാനോ വെള്ളം കുടിക്കാനോ സമയത്തിന് ഭക്ഷണം കഴിക്കാനോ ഉള്ള അവകാശം പോലും ഇല്ല എന്ന് വരുന്നത് എന്തുമാത്രം പരിതാപകരമാണെന്ന് വിജി ചിന്തിച്ചു.മിട്ടായി തെരുവിലെ ഒരു കടയിൽ ടെയ്ലർ ആയി ജോലി ചെയ്യുമ്പോഴാണ് ഇത്തരം പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുവാൻ അവർക്ക് അവസരം ലഭിച്ചത്. പ്രമുഖ ട്രേഡ് യൂണിയനുകൾ പലതും സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യാൻ വിസമ്മതിച്ച ഒരു സാഹചര്യത്തിലാണ് പെൺകൂട്ട് എന്ന കൂട്ടായ്മക്ക് രൂപം കൊടുത്ത് അവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ വിജി തീരുമാനിക്കുന്നത്.ഇരിക്കുവാനുള്ള അവകാശത്തിനുവേണ്ടിയുള്ള സമരത്തിന് തുടക്കം കുറിച്ചത് കോഴിക്കോട് മിഠായിത്തെരുവിൽ നിന്നാണ്. വസ്ത്രശാലകളിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾ ഉപഭോക്താക്കൾ ആരും കടയിൽ ഇല്ലെങ്കിൽ പോലും മുഴുവൻ സമയവും നില്കണമെന്നതായിരുന്നു



അലിഖിതനിയമം. ചുവരിൽ ചാരി നിൽക്കുകയോ മറ്റുള്ളവരോട് സംസാരിച്ചു നിൽക്കുകയോ ചെയ്താൽ ശമ്പളം വെട്ടിക്കുറയ്ക്കുന്ന അവസ്ഥ യായിരുന്നു ഉണ്ടായിരുന്നത്. ടോയ്‌ലെറ്റിൽ പോകാൻ അനുവാദം ഇല്ലാത്തതുകൊണ്ട് പല പ്പോഴും സ്ത്രീത്തൊഴിലാളികൾ വെള്ളം കുടിക്കൽ കുറയ്ക്കുകയാണ് ചെയ്തിരുന്നത്.ഇതിന്റെ ഫലമായി മൂത്രാശയസംബന്ധമായ രോഗങ്ങൾ ഇവർക്കിടയിൽ സാധാരണയായിരുന്നു. ജോലി സമയത്ത് ഇരിക്കുകയോ ടോയ്‌ലെറ്റിൽ പോകു കയോ ചെയ്യണമെന്നുണ്ടെങ്കിൽ വീട്ടിൽ ഇരുന്നാൽ മതിയെന്നായിരുന്നു വ്യാപാരസംഘടനകളുടെ നിലപാട്. ഈ അനീതികൾക്കെതിരെയായിരുന്നു പെൺകൂട്ടിന്റെ ഇരിപ്പുസമരം. ഇതിന്റെ ഫലമായി കടകളിലും മറ്റും ജോലിചെയ്യുന്ന അസംഘടിത രായ സ്ത്രീ തൊഴിലാളികൾക്കനുകൂലമായി നിയമനിർമാണം നടത്താൻ സർക്കാർ നിർബന്ധി തരായി. വ്യാപാരകെട്ടിടങ്ങളിൽ മൂത്രപ്പുരകൾ നിർബന്ധമാക്കിയുള്ള ചട്ടവും ഈ സമരത്തിന്റെ ഫലമായി നിലവിൽ വന്നു. ഈ പോരാട്ടങ്ങൾ ക്കുള്ള അംഗീകാരമായിട്ടാണ് സമൂഹത്തിൽ സ്വാധീനം ചെലുത്തിയ സ്ത്രീകളുടെ പട്ടികയിൽ ഒരാളായി ബിബിസി വിജിയെ തെരഞ്ഞെടുത്തത്. അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു ട്രേഡ് യൂണിയൻ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ് എന്ന തിരി ച്ചറിവിൽ നിന്നാണ് അസംഘടിത മേഖല തൊഴി ലാളി യൂണിയൻ(എ എം ടി യു) രൂപീകരിക്കുന്നത്. സ്ത്രീകൾക്ക് മുൻഗണനയുള്ള ഈ ട്രേഡ് യൂണി യനിൽ പുരുഷന്മാർ അംഗങ്ങൾ ആണെങ്കിലും നേതൃസ്ഥാനങ്ങൾ വഹിക്കുന്നത് സ്ത്രീകളാണ്. പെട്രോൾ പമ്പുകൾ, സപ്ലൈകോ സ്റ്റോറുകൾ, മറ്റു ചില്ലറ വ്യാപാരകേന്ദ്രങ്ങൾ ഇവയിലെ അസം ഘടിത തൊഴിലാളികളാണ് സംഘടനയിലെ അംഗങ്ങൾ. അലക്കു തൊഴിലാളികൾക്ക് ടോയ് ലെറ്റും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും തെരഞ്ഞെടുപ്പ് ദിവസം വോട്ട് ചെയ്യാനായി ലീവ് എടുക്കുന്നതിനും വേണ്ടിയുള്ള സമരങ്ങൾക്ക് എ

എം ടി യു സജീവമായി നേതൃത്വം നൽകി.ഇന്നും വിജിയുടെ നേതൃ ത്വത്തിൽഎ എം ടി യു സ്ത്രീകളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നു. തങ്ങളുടെ പ്രശ്നങ്ങൾ സ്വയം പരിഹരി ക്കുന്നതിനുള്ള അവബോധവും പിന്തു ണയും സഹായവും സംഘടന അവർ ക്കു നൽകുന്നു. 'വലിയരീതിയിൽ ചൂഷ ണം അനുഭവിക്കുന്നവരാണ് അസംഘടി തമേഖലയിലെ സ്ത്രീത്തൊഴിലാളികൾ. ഇരട്ടഭാരം പേറുന്നവരാണ് അവർ.

പുരുഷതൊഴിലാളികൾക്ക് സമം അദ്ധ്വാനിച്ചാലും കിട്ടുന്ന കൂലിയിൽ വിവേചനമുണ്ട്. ശാക്തീകരിക്കപ്പെടാത്തതുകൊ ണ്ടല്ല, പലകാരണങ്ങൾ കൊണ്ട് സംഘടിക്കുന്നത് അസാധ്യമായതുമൂലമാണ് സ്ത്രീത്തൊഴിലാളി കൾക്ക് അവരുടെ അവകാശങ്ങൾക്കായി പോരാ ടാൻ സാധിക്കാത്തത്. മുതലാളിയെയും പേടി ക്കണം വീട്ടിലെ പുരുഷനെയും പേടിക്കണം എന്ന അവസ്ഥയിലാണ് അവരിൽ പലരും.

പുരുഷാധിപത്യത്തിന്റെയും മുതലാളിത്ത ത്തിന്റെയും ഇടയിലാണ് ഓരോ സ്ത്രീ തൊഴി ലാളിയും. ഈ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടുവേണം അവൾക്ക് തന്റെ അവകാശങ്ങൾ ക്കുവേണ്ടി പോരാടുവാൻ,' വിജി പറയുന്നു.

'ഞാൻ ഒരിക്കലും ശാക്തീകരിക്കപ്പെടാത്ത സ്ത്രീ ആയിരുന്നില്ല. എനിക്ക് കിട്ടിയ അവസര ങ്ങൾ ഞാൻ നിരന്തരമായ ചെറുത്തുനിൽപ്പുകളി ലൂടേയും പോരാട്ടങ്ങളിലൂടേയും നേടിയെടുത്ത താണ്. ഇന്ന് തങ്ങളുടെ പ്രശ്നങ്ങൾ തുറന്നു പറയാൻ സന്നദ്ധരായി സ്ത്രീ തൊഴിലാളികൾ മുന്നോട്ടു വരുന്നുണ്ട്. അത്തരത്തിലുള്ള ഒരാവ കാശബോധം ഇന്ന് അവർക്ക് ഉണ്ടായിട്ടുണ്ട്. എഎംടിയു ഓഫിസിൽ നിരന്തരം തൊഴിലാളികൾ വരുന്നു. അവരുടെ അവകാശങ്ങൾ നേടിയെടുക്കു വാൻ വേണ്ടി പ്രവർത്തിക്കുന്നു.'

എന്നാൽ ശാക്തീകരിക്കപ്പെടാത്തവരായ സ്ത്രീത്തൊഴിലാളികളും അസംഘടിതമേഖലയി ലുണ്ട്. അവകാശനിഷേധങ്ങൾ ജോലിയുടെ ഭാഗ മാണ്, അതങ്ങനെയാണ് എന്ന മിഥ്യാധാരണ യിലാണ് അവർ. പെൺകൂട്ട് നടത്തിയതുപോലുള്ള സമരങ്ങൾ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവതികളാക്കും എന്നാണ് പ്രതീക്ഷ, വിജി കൂട്ടിച്ചേർത്തു.

എഎംടിയു ഓഫിസിൽ പരാതികളുമായി വരുന്ന സ്ത്രീത്തൊഴിലാളികളുടെ തിരക്കൊഴിയു ന്നില്ല. വീട്ടിലെ ഉത്തരവാദിത്തങ്ങളും തൊഴിലി ന്റേതായ ഉത്തരവാദിത്തങ്ങളും കഴിഞ്ഞു സ്വന്തം ആരോഗ്യപ്രശ്നങ്ങൾ അവഗണിച്ച് വിജി ഇപ്പോഴും അവിടെ ഉണ്ട്. കേൾക്കപ്പെടാത്തവരുടെ ശബ്ദ മായി... ■

കഥ



ജെംന ചേരിപുരം

# ഒരു നസ്രാണി നവോത്ഥാന നായികയുടെ ജനനം

**ചെ**റുക്കൻകൂട്ടർ മടങ്ങിയപാടെ എല്ലാവരും ഊണുമുറിയിലേക്കു കുടിയേറി, ചർച്ചകൾ പലതും നടത്താനുണ്ട്. അടുക്കളയിൽ നിന്നും ചായയും ചൂടുപലഹാരങ്ങളും മേശപ്പുറത്തേക്കു പകർന്നുവന്നു.

'കല്യാണപ്പെണ്ണെന്ത്യേ? കുഞ്ഞന്നാമ്മേ?'

'ജോസച്ചൻ നീട്ടി വിളിക്കേണ്ട. പിള്ളേരിപ്പോഴേ ഫോണും ചാറ്റും ഒക്കെ തുടങ്ങിക്കാണും'.

വീട്ടിലെ ഏറ്റവും മൂത്തയാളാണെങ്കിലും റ്റോമിചേട്ടന് ചില അനാവശ്യ ബഹുമാനം കാണിക്കലുകൾ ഉണ്ട്. അച്ചനാണെന്ന ഒറ്റക്കാരണം കൊണ്ടുതന്നെ അനിയനെ കേറി അച്ചാ എന്ന് വിളിക്കും. ബേബിച്ചൻ രാഷ്ട്രീയത്തിൽ പേരെടുത്തു വന്നപ്പോൾതൊട്ട് ബഹുമാനിക്കാൻ തുടങ്ങി, പിന്നെ MLAയും ഇടക്കാല മന്ത്രിസ്ഥാനവും ഒക്കെ ആയപ്പോൾ എങ്ങനെ ബഹുമാനിക്കണം എന്ന് നിശ്ചയം ഇല്ലാതെ ആയപോലെ തോന്നി പലപ്പോഴും.

'ഇനി ബാക്കി കാര്യങ്ങൾ തീരുമാനിക്കാം. അടുത്തയാഴ്ച എപ്പോൾ പുറപ്പെടണം, ആരൊക്കെ എങ്ങനെ എന്നൊക്കെ ഒരു തീരുമാനം എടുക്കണം' ബേബിച്ചൻ സ്വസ്ഥാനത്തു ഒന്ന് കുലുങ്ങിയമർന്നിരുന്നു നടപടികളിലേക്ക് നേരിട്ട് കടന്നു.

'ഉറപ്പീരിനു സൗകര്യമുള്ള ഒന്ന് രണ്ടു ദിവസം കൂടെ കണ്ടോണ്ടു വേണം അങ്ങോട്ട് പോകാൻ'. വല്യളിയനാണ്, റിട്ടയേർഡ് ഹെഡ് മാസ്റ്റർ.

'ബേബിച്ചാ, ഇതിനൊക്കെ സമയം ഇട്ടോണ്ട് മാത്രമേ നീ ഉത്ഘാടനോം പാർട്ടി യോഗോം ഒക്കെ ഏറ്റേക്കാവൂ'. റൂളിങ്ങും ഇട്ടു.

'ജാൻസിക്കൊന്നും പറയാനില്ലേ? പെണ്ണിന്റെ അമ്മയല്ലേ?' ജോസച്ചൻ വലിയ ജനാധിപത്യവാദിയാണെന്നു തെളിയിക്കുവാനുള്ള പരിശ്രമം.

'എനിക്കൊരുകാര്യവേ അറിയാനുള്ളൂ. ഈ കല്യാണത്തിന്റെ വ്യവസ്ഥകളൊക്കെ ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഒന്നു പരിശോധിക്കാനും, വെട്ടിക്കളയാനോ കൂട്ടിച്ചേർക്കാനോ വല്ലോം ഒണ്ടോഎന്നൊക്കെ നോക്കാനൊരു പരിപാടി എങ്ങാനും നമ്മുടെ പള്ളീൽ ഉണ്ടോന്നറിയാനാ'.

ബോംബ് വീണ പോലെയായി. നിശ്ശബ്ദതയുടെ സുഖം, അനുഭൂതി എന്നൊക്കെ പറയുന്നത് ഇതാണല്ലേ. അറിയാതെ ഉള്ളിൽ ചിരിച്ചു പോയി.

'വേറെ ഒന്നുമല്ല. നമ്മൾ ഇപ്പോൾ കൊച്ചിനെ നല്ലൊരു ചെറുക്കനെ കൊണ്ട് കെട്ടിച്ചു വിടുന്നു, അവനു നല്ല ബിസിനസ് ഉണ്ട്, എറണാകുളത്തും ദുബായിലും. പിന്നെ യൂറോപ്പിലൊട്ടൊക്കെ വികസിപ്പിക്കാൻ പ്ലാനും ഉണ്ട്. അതെല്ലാം നല്ല കാര്യങ്ങളാ. പക്ഷെ ഇതിന്റെ എല്ലാമിടയിൽ, നമ്മുടെ കൊച്ചു എവിടെയായിരിക്കും? ആദ്യം കൊറേനാള് എല്ലായിടത്തും ചക്കരേംപീരേം പോലെ നടക്കും, പിന്നെ കൊച്ചുങ്ങൾ ആയി കഴിഞ്ഞാൽ പെണ്ണൊരുഭാഗത്തു ഒതുങ്ങിപ്പോകും. കെട്ട്യോനെ പിന്നെ വല്ലപ്പോഴും മാത്രം കാണാൻ കിട്ടിയാൽ മതിയോ? അന്നേരം, അക്കാലത്ത്, അവർക്കെന്തെങ്കിലുമൊക്കെ വ്യവസ്ഥകളോ മാറ്റങ്ങളോ ഒക്കെ വേണോന്നു തോന്നിയാൽ എന്തു ചെയ്യും എന്നോർത്താ. ഇപ്പോഴത്തെ ഓരോ കാര്യങ്ങൾ കേട്ടിട്ടു ചോദിച്ചതാ'

'ജാൻസി ഇതെന്നാ പറഞ്ഞു വരുന്നത്? പിന്നെ ആണുങ്ങള് മുഴുവൻ നേരോം പെണ്ണുങ്ങളുടെ സാരിത്തുമ്പിൽ പിടിച്ചു നടന്നാ മതിയോ?'

'ടോമിചേട്ടന് ഞാൻ പറഞ്ഞത് ശെരിക്കു മനസ്സിലായില്ലെന്ന് തോന്നുന്നു. എന്നും സ്കൂളും വീടും മാത്രമായി നടന്ന ചേട്ടന് അത് മനസ്സിലാകത്തില്ല. ഇവിടെ ഞാൻ എത്രകാലമായി ഒറ്റക്കായിട്ട്? ആയുസ്സിന്റെ നല്ലകാലം മുഴുവൻ ഇങ്ങനെ ഒറ്റക്ക് വെറുങ്ങലിച്ചു ജീവിക്കാനാണോ കല്യാണം കഴിക്കുന്നത്? ഇതുപോലെ ആകത്തില്ലേ കൊച്ചിന്റെ ജീവിതോം?'

'അതിനു നീയിവിടെ ഒറ്റക്കായിരുന്നോ? അമ്മച്ചിയില്ലെയിവിടെ, ഞങ്ങളില്ലേ തോട്ടപ്രത്തു'.

'എന്റെ ടോമിചേട്ടാ??? തലയിൽ കൈ

വെച്ചു പോയി. 'ഞാൻ കെട്ടിയതു ഇവിടത്തെ അമ്മച്ചിയെയല്ലല്ലോ. ഞാൻ കെട്ടിയത് MLA യെയോ ഫുൾടൈം രാഷ്ട്രീയക്കാരനെയോ അല്ല. ടൗണിൽ ഇലെക്ട്രിക്കൽ കടയുള്ള ബേബിച്ചനെയാ. പിന്നെയല്ലേ കാര്യങ്ങളെല്ലാം മാറിയത്? ഞാൻ പറഞ്ഞത്, ഞാനൊരു ഫുൾടൈം കെട്ടിയോനെയാ കെട്ടിയത്, പിന്നെയത് പാർട്ടൈം ആയിപ്പോയി'. കാര്യങ്ങളുടെ കിടപ്പുവശം ഏതാണ്ട് പിടികിട്ടി വരുന്നുണ്ട് എല്ലാവർക്കും.

'ആട്ടെ, ഇതാരുടെ കല്യാണാലോചനയാ? അമ്മേടേയോ മകളുടെയോ?

ബേബിച്ചാ, നിന്റെ കെട്ടിയോൾക്ക് ഇത്രക്ക് ദെണ്ണമാണെന്നു നീയെന്നാടാ ഇതുവരെ അറിയാത്തത്?' വല്യളിയന്റെ ഒരുകൈ സഹായം. ബേബിച്ചൻ മാത്രം ഒന്നും മിണ്ടാതെ സോഫയിൽ ചാരിയിരുന്ന് കാഴ്ച കാണുന്നപോലെ ഇരിപ്പുണ്ട്. ബേബിച്ചനറിയാം ഞാൻ എന്താണ് പറയുന്നതെന്നും എന്തുകൊണ്ടാണെന്നും. ആ മൗനം കണ്ടാലറിയാം.

'ബേബിച്ചനറിയാത്ത ദെണ്ണമൊന്നും എനിക്കില്ല അളിയാ. എന്നെപോലെയാവുമോ എന്റെ മകൾ എന്നേ സംശയം ഉള്ളൂ. കാലം മാറിയത് ഈ വീടിനെ മാത്രം ഒഴിവാക്കിയിട്ടല്ലല്ലോ. ജോസച്ചൻ ഒന്ന് പറഞ്ഞേ, രൂപതയുടെ കുടുംബകോടതി ജഡ്ജിയല്ലേ'. തത്കാലം സ്പോട്ലൈറ്റ് ഒന്ന് തിരിച്ചു വെച്ചു.

'ജാൻസി പറഞ്ഞതിൽ കാര്യമുണ്ട്. ഒന്നിച്ചു ജീവിക്കാൻ പറ്റാത്ത സാഹചര്യം കാരണം ബന്ധത്തിൽ വിള്ളൽ വീണു, വേറെ ആളുകൾ കയറിപ്പറ്റി, അല്ലെങ്കിൽ, ഞാൻ ആഗ്രഹിച്ച പോലെ എന്നോട് പെരുമാറുന്നില്ല എന്നൊക്കെ പറഞ്ഞു എന്തോരം കേസാ വരുന്നതെന്നോ? ആരോട് എന്ത് ചെയ്യണമെന്നാ ഞങ്ങൾക്ക് പറയാൻ പറ്റുന്നത്?'

'എന്നാപ്പിന്നെ അടുത്തയാഴ്ചത്തെ പരിപാടി ക്യാൻസൽ ചെയ്തെന്ന് കയ്യോടെ വിളിച്ചു പറയാം, പെണ്ണിന്റെയമ്മക്ക് ഈ ബന്ധം അത്ര പിടിച്ചില്ലെന്ന് പറയാം എന്താ?' ബേബിച്ചന്റെ മുഖം കടന്നാൽ കുത്തിയപോലെ വീർത്തു വരുന്നുണ്ട്.

'എനിക്ക് പിടിച്ചില്ലെന്ന് ഞാൻ പറഞ്ഞോ? എടുപിടീന്ന് ഉറപ്പിക്കലും കെട്ടിക്കലും ഒക്കെ നടത്തുന്നെന് മുൻപേ അവർക്കു അടുത്തറിയാൻ കുറച്ചു സമയം കൊടുക്കേണ്ടേ എന്നേ പറഞ്ഞുള്ളൂ. അവരുതന്നെ തീരുമാനിക്കട്ടെ ജീവിതകാലം മുഴുവൻ ഒത്തു പോകാൻ പറ്റുമോ ഇല്ലയോ എന്നുള്ള കാര്യം. പെണ്ണുകാണാൻ വരുമ്പോഴത്തെ പഞ്ചാരത്തരം മാത്രമാണോ മനുഷ്യന്മാരുടെ ഉള്ളിൽ ഉള്ളത്? അതൊക്കെയൊന്ന് അറിയാതെയെങ്ങനാ എന്നാ ഞാൻ ഉദ്ദേശിച്ചത്. ഒന്നുവല്ലേലും, നമ്മടെ കൊച്ചു CA ചെയ്യുവല്ലേ, വെറും പൊട്ടിപ്പിണ്ണാക്ക് ഒന്നുമല്ലല്ലോ. അല്ലായെങ്കിൽ, പിന്നെ ഞാൻ അച്ചനോടു ചോദിച്ചമാതിരി, വല്ല അഞ്ചു വർഷം കൂടുമ്പോൾ ഒരു പുതുക്കിയെഴുതലിനുള്ള കണ്ടീഷൻ കൂടി വെച്ചാമതി'. പതുക്കെ ശബ്ദമൊക്കെ ഒന്ന് മയപ്പെടുത്തി പറഞ്ഞവസാനിപ്പിച്ചു.

'നീയെന്നാ മകളെ കെട്ടിച്ചു വിടുന്നത് തിരിച്ചു പോന്നോളാൻ പറഞ്ഞോണ്ടാണോ?' അളിയന് മതിയായില്ലെന്നു തോന്നുന്നു.

'പറ്റുകേലാന്നു തോന്നിയാൽ തിരിച്ചു പോരാൻ തന്നെ പറയും അതില് സംശയം ഒന്നും വേണ്ട. മംഗലപുരത്തു മെഡിസിന് വിട്ടിട്ടു പറ്റുകേലാന്ന് പറഞ്ഞപ്പോൾ തിരിച്ചു കൊണ്ടുവന്നകൊണ്ടു കൊച്ചിപ്പോഴും ജീവനോടെയുണ്ട്. കൂടെ പോയ രണ്ടുപിള്ളേര് സെക്കൻഡിയറിൽ വന്നതെങ്ങനെയാന്നു അറിയാവല്ലോ'. വല്യളിയന്റെ അപ്രമാദിത്വം ഇച്ചിരി കൂടുന്നുണ്ട്.

'ജാൻസീ', ജോസച്ചനാണ് കാര്യമൊക്കെ ശെരിയാണ്. എന്നുവെച്ചു നമ്മൾക്കിപ്പോൾ വിദേശികളെപോലെ ഡേറ്റിംഗിന് വിടാനൊന്നും പറ്റുകേലല്ലോ. ഇപ്പോൾ ഫോണും ചാറ്റും ഒക്കെ കൊണ്ട് അവര് അടുത്തറിയട്ടെ'.

'അന്നേരം അടുത്തയാഴ്ച അങ്ങോട്ട് പോകലും ഉറപ്പിക്കലും ഒക്കെ കഴിഞ്ഞാൽ പിന്നെങ്ങനാ?'

'ഞാനൊരു വഴി പറയാം' മേരിക്കുട്ടിചേച്ചിയാണ്. ഇത്രയും നേരം മിണ്ടാതിരുന്നയാളാണ്. എന്താണാവോ കണ്ടുപിടുത്തം! 'എന്റെ അനിയത്തി സാലമ്മേടെ ട്രാവൽ ഏജൻസീന്ന് റോമും സ്വിറ്റ്സർലാൻഡും ഒക്കെ കൂടി ഉള്ള ട്രിപ്പ് അടുത്ത മാസം പോകുന്നുണ്ട്. ഗ്രൂപ്പായിട്ടാ. അതിനു പിള്ളേരെ രണ്ടിനേം കൂടെ വിട്ടാലോ? മൂന്നാഴ്ചത്തെ പരിപാടിയാ അത്യാവശ്യം പരിചയമാകാനൊക്കെ അതുപോരെ?' അങ്ങനെ എല്ലാവരും ആലോചനാമഗ്നരായി എന്നു പറയുന്ന അവസ്ഥയിലെത്തി. വല്യളിയന്റെ ചെവിയിൽ കൂടെ പുക വരാൻ തുടങ്ങിയൊന്നൊരു സംശയമുണ്ട്. കൊള്ളാവുന്ന ഐഡിയയാണ്. ഇനിയിതാര് കുളം തോണ്ടുമെന്നേ നോക്കേണ്ടൂ.

'ബേബിച്ചാ, എന്നാപ്പിന്നെ അങ്ങനെ കൂടെയൊന്നു നോക്കാം എന്താ?'

ഏറെനേരത്തെ നിശ്ശബ്ദതക്കു ശേഷം ജോസച്ചനാണ്. അപ്പോൾ സംഗതിക്കു ഒരു കൗദാശിക മാനം കൂടി കിട്ടി. പെണ്ണുങ്ങളുടെ ഐഡിയക്കു മാനം പോകാതെയും.

'ഇതെങ്ങനെ അവതരിപ്പിക്കണമെന്നു ഞാനൊന്നു ആലോചിക്കട്ടെ. എത്രയെത്ര ആലോചനകൾ വന്നിട്ടും അടുപ്പിക്കാതെ നിർത്തിയതാ ഞാൻ. നമുക്ക് ചേരുന്ന കുടുംബത്തിൽ നിന്നായത് കൊണ്ടാ ഇത് ഇത്രേം മുൻപോട്ടു കൊണ്ടുവന്നത്. ഇനിയിപ്പോൾ..... ഇതെങ്ങനെ..... നമ്മളൊക്കെ ഇത്ര പച്ച പരിഷ്കാരികൾ ആണെന്ന് ഒന്നു പറഞ്ഞു ഫലിപ്പിക്കേണ്ടത് എന്റെ ഉത്തരവാദിത്വമല്ലേ?'

എങ്ങനെ പോയാലും ഒരു കൊളുത്ത് എന്റെ നേരെ ഇട്ടോണ്ട് വർത്തമാനം പറയാനേ ഇപ്പോഴും ബേബിച്ചനറിയൂ. ആ, കണക്കായി പോയി. ആണുങ്ങൾക്ക് അവരുടെ പൊണ്ണക്കാര്യങ്ങൾ മാത്രം നോക്കിയാൽ മതിയല്ലോ. ആ മൂപ്പിച്ചുള്ള പോക്കും ചവിട്ടിത്തുള്ളലും കണ്ടാലറിയാം സംഗതി പുള്ളിക്കാരൻ ഏറ്റൂന്ന്. ഇനി പുരോഗമനപരമായ ഈ വല്യ സാമൂഹികമാറ്റത്തിന്റെ നായകനായി ഇതിനെ പള്ളീലും നാട്ടിലും എപ്പോ എങ്ങനെ വോട്ടാക്കി മാറ്റിയെന്നു നോക്കിയാ മതി. ഞാനിതെത്ര കണ്ടതാ. ബേബിച്ചന്റെ പുറകെ ആണുങ്ങൾ ലിവിങ് റൂമിലോട്ടു നീങ്ങാൻ തുടങ്ങിയിട്ടും വല്യിളിയന് പിന്നെയും എന്തോ ശങ്ക പോലെ?

'ഏതു വിശുദ്ധനാടിനു ടൂർ പോവ്വാണെങ്കിലും അവരൊരുമിച്ചു ഒരു മുറിലൊക്കെ താമസിക്കേണ്ടേ? ഈ സന്മാർഗവാദിയെ ഒക്കെ എന്നാ ചെയ്യണം എന്റെ അക്കരപ്പള്ളി മാതാവേ?

'അതേയ് ജാൻസീ, കൊച്ചിനെ ടൂറിന് വിടുന്നേനുമുന്നേ ഒക്കെകൂടി അങ്ങു തുന്നിവച്ചേരെ. പിന്നെ പേടിക്കാനില്ലല്ലോ. സൗദി അറേബിയേലൊക്കെ അങ്ങനൊന്നുണ്ടെന്നു സാലമ്മ പറഞ്ഞു കേട്ടിട്ടുണ്ട്'.

മേരികുട്ടിച്ചേച്ചി നീട്ടിയൊരു ഗോളടിച്ചേച്ചു അടുക്കളയിലോട്ടു നീങ്ങി. കിട്ടേണ്ടത് കിട്ടിയ ആശ്വാസത്തോടെ വല്യളിയൻ സിറ്റൗട്ടിലോട്ടുള്ള സാർഥവാഹകരുടെ കൂട്ടത്തിൽ ചേരാൻ കുതിച്ചു. മൊബൈലിൽ ഞൊട്ടികൊണ്ടു കുഞ്ഞന്നാമ്മ കൊച്ചു നടയിറങ്ങി വരുന്നുണ്ട്. പിള്ളാരെന്നാ തീരുമാനിച്ചോ എന്തോ.

'അമ്മേ, നിഖിലിനും കുറച്ചൂടെ അടുത്തു മനസ്സിലാക്കീട്ടു മതി തീരുമാനിക്കാൻ എന്നാ അഭിപ്രായം. ഞാൻ അപ്പോൾ ഇവിടെ നടന്ന ഡിസ്ക്കഷൻ ഒക്കെ പറഞ്ഞപ്പോൾ പുള്ളികാരനും അതിഷ്ടപ്പെട്ടു. അവനും ആ ലൈനിൽ അവരുടെ വീട്ടിൽ സംസാരിക്കാമെന്നു പറഞ്ഞിട്ടുണ്ട്'.

'അതു നന്നായി. പെണ്ണിന്റെ അമ്മ മാത്രമല്ല പുരോഗമനവാദി അല്ലേ?'

'അമ്മയെ ഇനി നസ്രാണി നവോത്ഥാന നായിക എന്നാണ് വിളിക്കേണ്ടത്, അതാ ചാച്ചൻ കേറി പേറ്റന്റ് എടുക്കുന്നേന് മുന്നേ ഞാൻ നിഖിലിനോട് പറഞ്ഞത്. ഇതിന്റെ മൈലേജ് അമ്മയ്ക്കു തന്നെ കിട്ടണം'. ചിരിയടങ്ങും മുൻപേ ഖദറിന്റെ കശപിശ ഡൈനിങ്ങ് റൂമിലെത്തിയല്ലോ.

പെണ്ണിന്റമ്മയുടെ പുരോഗമനവാദത്തിന്റെ ആധിക്യം കൊണ്ട് ഏതായാലും ഈ കല്യാണം മുടങ്ങി. എല്ലാവർക്കും തൃപ്തിയായല്ലോ. തൽക്കാലം ഈ പടക്കത്തിൽ കടിക്കേണ്ട. കുറച്ചു നിശ്ശബ്ദതയും നല്ലതാ. അതെന്നാ പറ്റി ബേബിച്ചാ? ചെറുക്കനും നമ്മുടെതന്നെ അഭിപ്രായമാന്നാണല്ലോ കൊച്ചിനോട് പറഞ്ഞത്? കുറച്ചുകൂടി അടുത്തറിഞ്ഞിട്ടു തീരുമാനിച്ചാ മതിയെന്ന് പറഞ്ഞിട്ട്?

അതേ ചേച്ചീ, പക്ഷെ, ചെറുക്കന്റെ വീട്ടിൽ തീരുമാനം എടുക്കുന്നത് അവന്റെ അപ്പനാ, തോമസുകുട്ടി. പെണ്ണിന്റെ വീട്ടിലെപോലെയല്ല. വീണ്ടും നിശ്ശബ്ദത. കൗദാശിക ഡേറ്റിംഗിന് തത്വത്തിൽ അംഗീകാരം കൊടുത്ത കോടതിയും പിൻവാങ്ങി. അവസാനം നവോത്ഥാന നായിക ഒറ്റപ്പെടുവാണല്ലോ. കുഞ്ഞന്നാമ്മ വീണ്ടും നടയിറങ്ങി വരുന്നുണ്ട്. ഇച്ചിരി കനത്തിൽ ചവിട്ടിയാണ് വരവ്. കൊച്ചിന് വിഷമമായിക്കാണുമോ എന്തോ?

ചാച്ചാ, എനിക്കീ കല്യാണം വേണ്ട. സ്വന്തമായി അഭിപ്രായം ഉണ്ടായിട്ടും അതിനു വേണ്ടി നിൽക്കാൻ പറ്റാത്ത കെട്ടിയോനെ എനിക്ക് വേണ്ട.

കൊച്ചേ, നീ ഒരു ദേഷ്യത്തിനു എടുത്തു ചാടേണ്ട. നമ്മളു ഇത് ഡ്രോപ്പ് ചെയ്തിട്ടൊന്നുമില്ല. നമ്മളു പറഞ്ഞ കണ്ടീഷൻ അവർക്ക് സമ്മതമല്ല എന്നു പറഞ്ഞതെയുള്ളൂ.

വേണ്ട പേരപ്പാ. എന്റെ അഭിപ്രായത്തിനോ ഇഷ്ടത്തിനോ ഒരുവിലയും കിട്ടാത്ത അത്തരം വീട്ടിലേക്കു ഞാനില്ല. ഇങ്ങനെപോയാൽ കുറച്ചു കഴിയുമ്പോൾ എന്നോട് ജോലിചെയ്യേണ്ടാ എന്നൊക്കെ പറയുമല്ലോ. എനിക്കുതോന്നുന്നത്, അവർക്ക് വേണ്ടത് MLA ടെ വീട്ടിൽ നിന്നുള്ള ബന്ധുത ആണ്. എന്റെ പഠിപ്പൊക്കെ വെറും അലങ്കാരം മാത്രമാവും. അവർക്കിതൊക്കെ ചിലപ്പോൾ ഒരു ബിസിനസ്സ് ഡീൽ ആയിരിക്കും. എനിക്കിതെന്റെ ജീവിതമാ.

അതേ, പിള്ളേരുടെ ഒരിഷ്ടത്തിനും എതിരു പറയാതെ വളർത്തിയതിന്റെ കുഴപ്പമാ. വല്യളിയന് തരിപ്പ് തുടങ്ങി.

അതിന് ഞാനിതുവരെ ചാച്ചനും അമ്മയ്ക്കും സമ്മതമല്ലാത്ത ഒന്നും ചോദിച്ചിട്ടുമില്ല ചെയ്തിട്ടുമില്ല. ഞാൻ നല്ല കൊച്ചായിട്ടല്ലേ, എന്റെ ഇഷ്ടങ്ങൾ നല്ലതായിട്ടല്ലേ അവര് ചെയ്തു തന്നത്? കൊച്ചും കൊടുത്തു ഒന്ന്. അല്ല പിന്നെ.

ചാച്ചാ, വിഷമിക്കാനൊന്നുമില്ല. എന്റെ അഭിപ്രായത്തിനും വിലയുള്ള കുടുംബത്തുനിന്നും ആലോചനകൾ വരും, അപ്പോൾ നടത്താം.

പേരമ്മേ, സാലമ്മാന്റിയോട് അടുത്ത ട്രിപ്പിൽ ഞാനും വരുന്നുണ്ട് എന്നൊന്ന് പറയാമോ?

എന്നാപ്പിന്നെ ജാൻസീം കൂടെ പോകട്ടെ, അല്ലേ?

വേണ്ട ജോർജൂട്ടിച്ചാ. അതു കൊച്ചു തന്നെ പോയാൽ മതി. അവള് തന്നത്താനെ ലോകം കാണട്ടെ. ഇപ്പോൾ എല്ലാവരും തന്നെ ടൂറ് ചെയ്യുന്ന കാലമാ. ഇത്രേം പഠിപ്പും വിവരവുമുള്ള കൊച്ചിനെന്തിനാ അമ്മേടെ കൂട്ട്? അതുവരെ ഒരക്ഷരം ഉരിയാടാത്ത നാത്തൂനും ഗോളടിച്ചു. താങ്ക് യൂ വൽസമ്മാന്റി കെട്ടിപ്പിടിച്ചൊരു മുത്തവും കൊടുത്തിട്ട് പാലയ്ക്കൽ തറവാട്ടിലെ നവോഥാന നായികമാരുടെ ഇളയകണ്ണി നടകയറി.

■

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# ജെ എൻ യുവും പെൺകുട്ടികളും തമ്മിലെന്ത്?

**വി**ദ്യാർത്ഥിനികളെ സംബന്ധിച്ചേടത്തോളം ഏറെ മനോവേദനയും ഭീതിയും പകരുന്ന ദിനങ്ങളിലൂടെയാണ് കേരളീയർ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കടന്നു പോയിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന ഒരു നല്ല ജോലിയിൽ സ്വന്തം കഴിവ് തെളിയിച്ച്, ഒരു പെൺകുട്ടിക്ക് സ്വാതന്ത്ര്യത്തോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാൻ കഴിയും എന്ന വിശ്വാസവും, പ്രതീക്ഷയും വെറും അസ്ഥാനത്താണെന്ന് മനസ്സിലാക്കേണ്ട രീതിയിലാണ് സ്ഥിതിഗതികൾ. ബുദ്ധിശാലികളായ, മിടുക്കികളായ പെൺകുട്ടികൾ പോലും ബലിയാടുകൾ ആവുകയാണ്. ഇന്ത്യയിലെ ശ്രേഷ്ഠമെന്നു കരുതപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ ഐഐടി, ഫാത്തിമ എന്ന കൊച്ചു മിടുക്കിക്കായി കരുതിവെച്ചതും, ശോഭനമായ ഒരു ജീവിതമല്ല എന്നത് ഈ ജനതയെ ചിന്തിപ്പിക്കേണ്ടതാണ്.ചില അവസ്ഥകളിൽ രാത്രിയാത്രകളും,സ്ഥലവും സമയവും എല്ലാം ഒരു സ്ത്രീയെ അത്യന്തം അപകടപ്പെടുത്തുന്നുണ്ടെങ്കിൽ, മറ്റു സാഹചര്യങ്ങളിൽ അവളുടെ മത/ സാമുദായിക സ്വത്വങ്ങൾ അവളെ അപായപ്പെടുത്തുകയാണ്.

ഇരവ് പകലാക്കി പഠിച്ചിട്ടു വേണം ചില സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുവാൻ. മാർക്കിൽ മാത്രം അധിഷ്ഠിതമായ മികവിന്റെ മാനദണ്ഡങ്ങൾ ആണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പിന്തുടർന്ന് പോരുന്നത്. ഒരു പക്ഷെ ലോകത്തിന്റെ കഠിനമായ, പരുഷമായ രീതികളെ, മുൻവിധികളെ നേരിടാൻ നമ്മുടെ വിദ്യാർഥികൾ പ്രാപ്തരാകാതെ വരുന്നുണ്ടോ? പാഠപുസ്തകങ്ങളെ കേന്ദ്രീകരിച്ചു മാത്രമുള്ള വായനാശീലം, അല്ലെങ്കിൽ പുസ്തകങ്ങൾ മാത്രം വായിച്ചുണ്ടാക്കുന്ന അറിവുകൾ, മാർക്കിന് വേണ്ടിയുള്ള പരക്കം പാച്ചിലുകൾ, അര മാർക്ക് നഷ്ടപ്പെട്ടാൽ തകർന്നു പോകുന്ന മനക്കരുത്ത്, അധ്യാപകന്റെ ചെറിയ മനസ്സിനെ പൊരുതി ജയിക്കാനുള്ള വാശിയില്ലായ്മ. ഇനി അതിനുള്ള നിശ്ചയ ദാർഢ്യമുണ്ടെങ്കിൽ തന്നെ, അതിനു പിന്തുണ ലഭിക്കാത്ത, വിദ്യാർത്ഥി പ്രസ്ഥാനങ്ങളില്ലാത്ത കാമ്പസുകൾ ഒരു വശത്ത്. മറുവശത്തു വിഷലിപ്തമായ കക്ഷിരാഷ്ട്രീയവും, അതിന്റെ പുരുഷാധിപത്യം മലീമസമാക്കുന്ന കലാശാല അന്തരീക്ഷങ്ങളും.

വടിവാളും സൈക്കിൾ ചെയിനും എടുക്കാതെ മൂർച്ചയുള്ള സൂക്ഷ്മ രാഷ്ട്രീയം പറയാൻ ഒരു കാമ്പസിന് കഴിയണം. അങ്ങിനെയുള്ള ഒരു പാരമ്പര്യം ഉണ്ടാക്കിയെടുത്ത കാമ്പസുകളെ തകർക്കാനുള്ള ശ്രമങ്ങളാണ് നമ്മൾ ചുറ്റുപാടും കാണുന്നത്. ആശയപരമായ വിയോജിപ്പുകൾ ഭയമില്ലാതെ പറയുവാൻ പറ്റുന്ന കാമ്പസുകളിൽ സ്ത്രീ വിദ്യാർഥികൾ വളർന്നു വികസിക്കുന്നത് കാണാം. ഹിംസാത്മകമായ കാമ്പസുകൾ മിക്കവാറും കായബലത്തിലും ആയുധബലത്തിലും പുലരുന്നത് കൊണ്ടുതന്നെ സ്ത്രീയുടെ മനോബലത്തെയും സ്വതന്ത്ര ചിന്തയെയും പിന്നോട്ടാക്കുന്നു.സ്വച്ഛമായ അക്കാദമിക അന്വേഷണങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ജെ എൻ യുവിലെ കാമ്പസ് സ്ത്രീകളുടെ സ്വത്വാന്വേഷണങ്ങൾക്കു പല രീതിയിൽ പ്രോത്സാഹനം നൽകിയിട്ടുള്ള ഒന്നാണ്.അത് കൊണ്ട് തന്നെ പുതിയ ഫീസ് സമ്പ്രദായം സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ തളർത്തുമെന്ന ഭയം ഏറെ പ്രസക്തമാണ്.

ജവാഹർലാൽ നെഹ്റു സർവകലാശാല അതിന്റെ നിലനിൽപ്പിനു വേണ്ടി തന്നെ പൊരുതുമ്പോൾ, എൺപതുകളുടെ മധ്യത്തിൽ അവിടെ ചിലവാക്കിയ ചില ദിവസങ്ങൾ ഓർത്തുപോവുകയാണ്. ഫെമിനിസവും ജെൻഡർ രാഷ്ട്രീയവും പാഠപുസ്തകങ്ങളിൽ കയറിയിട്ടില്ലാത്ത കാലം. എന്നാൽ സ്ത്രീപക്ഷ ചിന്തകൾ പതുക്കെ പതുക്കെ തല പൊക്കാൻ തുടങ്ങുന്ന കാലഘട്ടം. ഞാൻ എം എ രണ്ടാം സെമസ്റ്റർ പഠിക്കുന്ന ഇംഗ്ലീഷ് വിദ്യാർത്ഥിനിയാണ്. കാലാവസ്ഥാ വ്യതിയാനത്തിനു ദശകങ്ങൾ മുൻപുള്ള ദില്ലി ആയിരുന്നത് കൊണ്ട് തന്നെ ജനുവരി ഫെബ്രുവരി മാസങ്ങൾ ശൈത്യോത്സവങ്ങളുടെ കാലമാണ് കാമ്പസിനകത്തും പുറത്തും. ഭാരതത്തിലെ പ്രധാന നദികളുടെ പേരിട്ടു കൊടുത്തിരിക്കുന്ന ഹോസ്റ്റലുകൾ ഓരോന്നായി ഓരോ ദിവസങ്ങൾ അവരുടേതായി ആഘോഷിക്കുന്നു.ആ രാത്രികളിൽ വിശിഷ്ട വിരുന്നാണ് ഒരുക്കിയിട്ടുണ്ടാവുക.. നമുക്ക് മറ്റു ഹോസ്റ്റലുകളിലെ സുഹൃത്തുക്കളെ വിളിക്കാം. ആൺകുട്ടികളുടെ ഹോസ്റ്റലിൽ ക്ഷണിക്കപ്പെട്ട പെൺസുഹൃത്തുക്കൾക്കും, വനിതാ ഹോസ്റ്റലുകളിൽ ക്ഷണിക്കപ്പെട്ട ആൺസുഹൃത്തുക്കൾക്കും ചെല്ലാം.ഞങ്ങൾക്കിതെല്ലാം പുതുമയാണ്. വിടർന്ന കണ്ണുകളോടെ ഞങ്ങൾ എല്ലാം മനസ്സിലാക്കാൻ ശ്രമിക്കുകയാണ്. അപ്പോഴാണ് ഒരു ദിവസം പ്രാതലിന്റെ സമയത്തു ഗോദാവരി ഹോസ്റ്റൽ മെസ്സിൽ ഒരു പോസ്റ്റർ പ്രത്യക്ഷപ്പെടുന്നത്. ആകാശത്തിൽ നിന്ന് പറന്നിറങ്ങുന്ന ഒരു അപ്സരസ്സിന്റെ രൂപമാണ് ചിത്രത്തിൽ. അതിനെ പൊലിപ്പിച്ചുകൊണ്ടു ഈ ശീർഷകവും: Welcome to Periyar Day.

പെരിയാർ ഒരു പുരുഷ ഹോസ്റ്റലിന്റെ പേരാണ്. മലയാള ചലച്ചിത്ര ഭാവനയിൽ പെരിയാറിനു സ്ത്രൈണഭാവമാണെങ്കിലും അവിടെ അതിനു പുരുഷഭാവമാണ് കൊടുത്തിട്ടുള്ളത്. ഞങ്ങളുടെ ഒരുപാട് ആൺ സഹപാഠികൾ അവിടെ താമസമുണ്ട്. ഗോദാവരിയുടെ തൊട്ടടുത്താണ് പെരിയാർ. ഉടനെ തന്നെ ഞങ്ങൾ ആ പോസ്റ്ററിന് താഴെയുള്ള എഴുത്തും ഒപ്പം ശ്രദ്ധിച്ചു: This piece of art hurts our Aesthetics. കലയുടെ ജെൻഡർ രാഷ്ട്രീയത്തിലേക്കുള്ള ആദ്യ കാൽവെപ്പായിരുന്നു അത്. വളരെ കുറച്ചു പെൺകുട്ടികളാണ് ഈ പ്രതിഷേധവുമായി മുന്നോട്ട് വന്നത്. കുറെ പെൺകുട്ടികളടക്കം ഒരുപാട് പേർ ശക്തമായി തന്നെ ഈ പ്രതിഷേധത്തെ വിമർശിക്കുകയും എതിർക്കുകയും ചെയ്തു. ഇത് സ്വതന്ത്രമായ കലാപ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന സ്റ്റാലിനിസ്റ്റ് രീതികളാണെന്നു വാദിച്ച പെൺകുട്ടികൾ തന്നെയുണ്ടായിരുന്നു. ഒരു പുരുഷ ഹോസ്റ്റലിന്റെ വാർഷിക ആഘോഷത്തിന്റെ പോസ്റ്ററിൽ ഒരു സ്ത്രീ രൂപത്തിന്റെ അതും ഒരു അപ്സരസ്സിന്റെ പ്രസക്തി എന്താണെന്നായിരുന്നു പ്രതിഷേധത്തിന് ചുക്കാൻ നൽകിയ സീനിയേഴ്സ് ചോദിച്ചത്.രാത്രി ഒരു മണി വരെ നീണ്ടു നിന്ന ചർച്ച കഴിഞ്ഞപ്പോൾ തീരുമാനമായി. നമ്മുടെ പരാതി പെരിയാറുകാർ അറിയണം അവരോട് പോയി സംസാരിക്കണം.ഞങ്ങൾക്ക് ഇത് സമ്മതമല്ല എന്നവരെ ബോധ്യപ്പെടുത്തണം. പത്തോ പന്ത്രണ്ടോ പെൺകുട്ടികൾ. അഞ്ജന സിൻഹയാണ് ഹോസ്റ്റൽ സെക്രട്ടറി. സീനിയറാണ്. ഇന്ന് ഇന്ത്യയിലെ ഉന്നതരായ IPS ഓഫീസർമാരിൽ ഒരാൾ ആ സംഘത്തിൽ ഉണ്ടായിരുന്നതും, എനിക്ക് ചർച്ചയിൽ പങ്കെടുക്കാൻ പറ്റിയതും ഇന്നും കരുത്തേകുന്ന ഓർമ്മയാണ്. രാത്രി 1 മണി വരെ നടന്ന ചർച്ചയിൽ ഞങ്ങളോട് സംസാരിച്ച അന്നത്തെ ആൺകുട്ടികളുടെ ക്ഷമയും, തുറന്ന മനസ്സും മറ്റൊരു വിലപ്പെട്ട ഓർമ്മയാണ്. എത്ര മര്യാദയോടെയാണ്, ബഹുമാനത്തോടെയാണ് അവർ ഞങ്ങളുടെ വിയോജിപ്പുകൾ കേട്ടത്! അവർ ആ പോസ്റ്റർ പിൻവലിച്ചു. പരസ്യത്തിനെതിരെ പ്രതിഷേധിച്ച ഞങ്ങൾ ഹോസ്റ്റൽ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം എന്ന പുസ്തകം വർഷങ്ങൾക്കുശേഷം മലയാളത്തിലേക്കു വിവർത്തനംചെയ്യുമ്പോൾ ഈ മേഖലയെ എനിക്ക് പരിചയപ്പെടുത്തിയ ആദ്യ പ്രക്ഷോഭത്തെ എന്നും ഓർത്തിരുന്നു. പിന്നീട് സിനിമയിലെ സ്ത്രീ പ്രതിനിധാനങ്ങളെ സൈദ്ധാന്തികമായി നേരിടാൻ ശ്രമിക്കുമ്പോഴും ഈ അനുഭവം ആദ്യ പാഠമായി ഊർജ്ജം പകർന്നിരുന്നു.യുവത്വത്തിലെ പല നിശ്ചയങ്ങളും കൂടുതൽ സങ്കീർണമായി കൊണ്ടിരിക്കുകയാണെങ്കിലും ആ കാംപസ് ഞങ്ങളെ സംവാദത്തിന്റെ, പ്രതികരണത്തിന്റെ, മൂല്യം പഠിപ്പിച്ചു.അത് കൊണ്ടായിരിക്കാം jnu പെൺകുട്ടികളെ നശിപ്പിക്കുന്നു എന്ന മുറവിളി ഉയരുന്നത്. കലയും, ഫാഷിസവും, ജെൻഡർ രാഷ്ട്രീയവും തമ്മിലുള്ള ബന്ധങ്ങൾ പൂർവാധികം സംവാദ വിഷയങ്ങൾ ആവുകയാണ്. സമാധാനമായി ചർച്ച ചെയ്തു പൊതുസമൂഹത്തിനു സ്വീകാര്യമായ തീരുമാനങ്ങളിൽ എത്തുന്ന ജനാധിപത്യ പ്രക്രിയകൾക്കാണ് നമ്മൾ ഊന്നൽ നൽകേണ്ടത്.

ഇത്തരം സർഗ്ഗാത്മകമായ സംവാദങ്ങളെ പോഷിപ്പിക്കുന്ന കാംമ്പസിനെ, എന്റെ അധ്യാപികയായ മീനാക്ഷി മുഖർജി വിരമിച്ചതിനു ശേഷം, മതിപ്പോടെ ഓർത്തെടുത്തിരുന്നത് ഇങ്ങിനെയാണ്: ‘in JNU students teach each other’ (ജെ എൻ യുവിൽ വിദ്യാർത്ഥികൾ ആണ് പരസ്പരം പഠിപ്പിക്കുക.) സത്യം! നിത്യ ജീവിതത്തിന്റെ ഓരോ നിമിഷവും അക്ഷരാർത്ഥത്തിൽ ആത്മ പരിശോധന നടത്താൻ പ്രേരിപ്പിക്കുന്ന കാമ്പസിനെ തകർക്കാൻ ശ്രമിക്കുന്ന അധികാരികളുടെ മർക്കടമുഷ്ടിയുടെ മുന്നിലാണ് നാമിന്ന്. വിമതസ്വരങ്ങളെ അമർത്താനുള്ള ആദ്യ പടിയാണിത്. അത് കൊണ്ട് തന്നെ ഈ പ്രശ്നം ജെ എൻ യൂവിൽ മാത്രം ഒതുങ്ങി നിൽക്കുന്നുമില്ല.. ■

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# അറിയണം അസിമാ ചാറ്റർജിയെ

ഇന്ത്യൻ സർവ്വകലാശാലയിൽ നിന്ന് ഒരു വനിത ശാസ്ത്രത്തിൽ ആദ്യമായി ഡോക്റ്ററേറ്റ് എടുത്തത് 75 വർഷം മുമ്പാണ്. 1944ൽ കൊൽക്കത്താ സർവ്വകലാശാലയിൽ നിന്നും. 2017ൽ ഈ ശാസ്ത്രജ്ഞയുടെ നൂറാം ജന്മവാർഷികമായിരുന്നു. പറഞ്ഞുവരുന്നത് അസിമാ ചാറ്റർജി എന്ന രസതന്ത്രജ്ഞയെക്കുറിച്ചാണ്. സ്ത്രീകൾ ശാസ്ത്രം പഠിക്കാൻ മുന്നോട്ടു വരാതിരുന്ന, ശാസ്ത്ര പഠനമൊന്നും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ലെന്ന ധാരണ ശക്തമായിരുന്ന ഒരു കാലത്താണ് രസതന്ത്രം പഠിക്കാനും ഗവേഷണ സ്വപ്നങ്ങൾ കൈയെത്തിപ്പിടിക്കാനും അസിമ സധൈര്യം ഇറങ്ങിത്തിരിച്ചത്. 1917 സെപ്റ്റംബർ 23ന് ബംഗാളിൽ ഡോക്റ്ററായ ഇന്ദ്ര നാരായൺ മുഖർജിയുടെയും കമലാ ദേവിയുടെയും മകളായാണ് അസിമയുടെ ജനനം. സസ്യശാസ്ത്രത്തിൽ ഏറെ തല്പരനായിരുന്ന പിതാവിനെ പിന്തുടർന്ന അസിമയും കുട്ടിക്കാലത്തു തന്നെ സസ്യങ്ങളുടെ രസതന്ത്രത്തിൽ ആകൃഷ്ടയായി. പിൽക്കാലത്ത് സസ്യങ്ങളിൽ നിന്നു വേർതിരിച്ചെടുത്ത രാസവസ്തുക്കളിലൂടെ ലോകശ്രദ്ധ നേടുകയും ചെയ്തു.




അസിമാ ചാറ്റർജി

കൊൽക്കത്തയിലെ സ്കോട്ടിഷ് ചർച്ച് കോളെജിൽ നിന്നും അസിമാ ചാറ്റർജി ബിരുദം നേടിയത് കാർബണിക രസതന്ത്രത്തിലായിരുന്നു. 1938ൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ അസിമാ കൊൽക്കത്താ സർവ്വകലാശാലയിൽ സസ്യങ്ങളിൽ നിന്നുള്ള രാസവസ്തുക്കൾ, സിന്തറ്റിക് ഓർഗാനിക് കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും 1944ൽ ഡോക്റ്ററേറ്റ് നേടുകയും ചെയ്തു. തുടർന്ന് അവിടെത്തന്നെ രസതന്ത്ര അധ്യാപികയായി. 1947ൽ വിസ്കോൺസിൺ, കാൽടെക് തുടങ്ങിയ വിദേശ സർവ്വകലാശാലകളിൽ സസ്യങ്ങളിൽ നിന്നുള്ള രാസവസ്തുക്കളെക്കുറിച്ച് ഗവേഷണത്തിന് അവസരം ലഭിച്ചതും നോബൽ സമ്മാന ജേതാവായ പോൾ കോറെയോടൊപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചതും അസിമയുടെ ജീവിതത്തിലെ വഴിത്തിരിവായി. 1950ൽ ഇന്ത്യയിലേക്ക് തിരിച്ചു വന്ന അസിമ ചാറ്റർജി ഗവേഷണങ്ങൾ തുടർന്നു. 1954ൽ കൊൽക്കത്താ സർവ്വകലാശാലയിൽ കെമിസ്ട്രി റീഡർ ആയി സേവ

നമനുഷ്ഠിക്കാൻ തുടങ്ങി. ഇന്ത്യയിലെ തനത് ഔഷധ സസ്യങ്ങളായിരുന്നു അസിമയുടെ ഇഷ്ട ഗവേഷണ മേഖല. വിവിധ രോഗങ്ങളുടെ ചികിൽസയിൽ ഉപയോഗിക്കാൻ കഴിയുന്ന നിരവധി ആൽക്കലോയ്ഡുകൾ സസ്യങ്ങളിൽ നിന്നു വേർതിരിച്ചെടുക്കാൻ ഈ ശാസ്ത്രജ്ഞയ്ക്ക് സാധിച്ചു. നാലു പതിറ്റാണ്ടോളം ആൽക്കലോയ്ഡുകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ മുഴുകി. അപസ്മാരം, മലേറിയ, അർബ്ബുദം തുടങ്ങിയ രോഗങ്ങളുടെ ചികിൽസയിൽ ഉപയോഗിക്കാൻ സാധിക്കുന്ന നിരവധി രാസവസ്തുക്കൾ സസ്യങ്ങളിൽ തിരിച്ചറിയാനും അവ വേർതിരിച്ചെടുക്കാനും അസിമാ ചാറ്റർജിക്കു സാധിച്ചു. അപസ്മാര ചികിൽസയ്ക്കുള്ള ആയുഷ് 56 എന്ന ഔഷധവും ആന്റി മലേറിയൽ ഔഷധങ്ങളും ഈ രസതന്ത്രജ്ഞ വൈദ്യശാസ്ത്രത്തിനു നൽകിയ വിലപ്പെട്ട സംഭാവനകളായി മാറി. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ശാസ്ത്ര ജേണലുകളിൽ ശ്രദ്ധേയമായ നൂറു കണക്കിനു ഗവേഷണ പ്രബന്ധങ്ങളാണ് ഇവർ പ്രസിദ്ധീകരിച്ചത്. 'ദ് ട്രീറ്റീസ് ഓൺ ഇന്ത്യൻ മെഡിസിനൽ പ്ലാന്റ്സ്' എന്ന പുസ്തകം എഡിറ്റ് ചെയ്യുകയും ചെയ്തു. അസിമയുടെ പല ഗവേഷണ നേട്ടങ്ങളും ലോകശ്രദ്ധ നേടി. നിരവധി ബഹുമതികളും ഈ പ്രതിഭാശാലിയെ തേടിയെത്തി. പത്മഭൂഷൺ നൽകി രാജ്യം അസിമയെ ആദരിച്ചു. സി.വി.രാമൻ അവാർഡ്, ശാന്തിസ്വരൂപ് ഭട്നഗർ അവാർഡ്, പി.സി.റേ അവാർഡ് തുടങ്ങി ശ്രദ്ധേയമായ അവാർഡുകളും ഈ ശാസ്ത്രജ്ഞയെ തേടിയെത്തി. ഇന്ത്യൻ സയൻസ് കോൺഗ്രസ്സിന്റെ ജനറൽ പ്രസിഡന്റായി നിയമിതയായ ആദ്യ വനിത എന്ന റെക്കോർഡും അസിമയ്ക്ക് സ്വന്തം. 1982ൽ അസിമ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടു. തികച്ചും പരിമിതമായ സൗകര്യങ്ങളിൽ നിന്നുകൊണ്ട്, മാനവരാശിക്ക് ഏറെ പ്രയോജനകരമാവുന്ന ഗവേഷണങ്ങളിലൂടെ ലോകത്തെ വിസ്മയിപ്പിച്ച ആ ശാസ്ത്രവിസ്മയം 2006 നവംബർ 22ന് നമ്മോടു വിട പറഞ്ഞു. ■

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




**കായിക മത്സരങ്ങളും അവയെക്കുറിച്ചുള്ള മാധ്യമപ്രതിനിധാനവും**

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara


ഫോട്ടോഫീച്ചർ

# പത്രപ്രവർത്തനം ധീരമായ സാമൂഹ്യദൗത്യമാക്കിയവർ



**നേഹ ദീക്ഷിത്**

ഹരിയാനയിലും ഉത്തർ പ്രദേശിലും നടന്ന ന്യൂനപക്ഷ കൊലപാതകങ്ങളെക്കുറിച്ചും ഇന്ത്യയിലെ രോഹിംഗ്യൻ അഭയാർത്ഥികളുടെ ദുരവസ്ഥകളെക്കുറിച്ചും നേഹ ദീക്ഷിത് ധീരമായി എഴുതി. ഇന്ത്യയിലെ പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിൽ നടത്തപ്പെട്ട മരുന്ന് പരീക്ഷണങ്ങളെക്കുറിച്ചും 2013 ൽ മുസഫർനഗറിൽ വർഗ്ഗീയ ലഹളകളിൽ മുസ്ലിം സ്ത്രീകൾ കൂട്ടബലാൽസംഗത്തിനിരയായതും അവർ വെളിച്ചത്തു കൊണ്ടുവന്നു. 2015ൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യയുടെ റെഡ് ക്രോസ് അവാർഡിന് അവർ അർഹയായി.



**മസ്രത് സഹ്റ**

കശ്മീരിൽ സൈന്യവും സാധാരണ ജനങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ പകർത്തിയ ഫോട്ടോ ജേർണലിസ്റ്റാണ് സഹ്റ. ജോലിക്കിടെയുണ്ടായ ആക്രമണത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ കഴിയേണ്ടി വന്ന സഹ്റയുടെ മേൽ ചാരപ്രവർത്തി ആരോപിക്കപ്പെട്ടെങ്കിലും സഹ്റ തളരാതെ പോരാടുകയാണ്.



**ക്രിസ്റ്റീന തോമസ്സ് ധനരാജ്**

ഹഫ് പോസ്റ്റ്, വയർ, ഫസ്റ്റ് പോസ്റ്റ് തുടങ്ങിയ മാധ്യമങ്ങളിൽ ദലിതർക്കു നേരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ക്രിസ്റ്റീന നിരന്തരം എഴുതുന്നു. 'ദലിത് വിമൻ ഫൈറ്റ്' ന്റെ സന്നദ്ധപ്രവർത്തകയും 'ദലിത് ഹിസ്റ്ററി മന്ത് കലക്ടീവിന്റെ' സ്ഥാപകയുമാണ് ക്രിസ്റ്റീന



**ഹൊമായ് വ്യാരാവാല**

ഇന്ത്യയിലെ ആദ്യത്തെ സ്ത്രീ ഫോട്ടോ ജേർണലിസ്റ്റ് ആയിരുന്ന ഹൊമായ് വ്യാരാവാല 1930 മുതൽ 1970 വരെ തന്റെ തൊഴിലിൽ സജീവമായിരുന്നു. ഒട്ടനവധി ചരിത്ര മുഹൂർത്തങ്ങൾ പത്രങ്ങൾക്ക് വേണ്ടി അവർ പകർത്തി.



**പട്രീഷ്യ മുഖിം**

ഷില്ലോംഗ് ടൈംസ് ന്റെ പത്രാധിപയും പദ്മശ്രീ ജേതാവുമായ പട്രീഷ്യ ഖാസി ഗോത്ര നിയമങ്ങളിൽ സ്ത്രീ വിരുദ്ധമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനെതിരെ കർക്കശമായി എഴുതി. അവരുടെ വീടിനു നേരെ പെട്രോൾ ബോംബ് എറിയപ്പെട്ടെങ്കിലും അവർ അവരുടെ ദൗത്യം തുടർന്നു. ഹൈക്കോടതി ജഡ്ജിമാർ സ്വന്തം ആനുകൂല്യങ്ങൾ ഉയർത്തിയതിനെതിരെ അവർ തുറന്നടിച്ചത് ഏറെ സംഘർഷത്തിനിടയാക്കി.



**തോംഗം റിന**

അരുണാചൽ ടൈംസിൽ ജോലി ചെയ്യവെ ജനവിരുദ്ധമായ ജല പദ്ധതികൾക്കും ഡാമുകൾക്കും എതിരെയുള്ള പ്രതിഷേധങ്ങൾ റിന റിപ്പോർട്ട് ചെയ്തുകൊണ്ടിരുന്നു. 6 വർഷം മുൻപ് അവർക്ക് നേരെ വധശ്രമം വരെയുണ്ടായെങ്കിലും പരിസ്ഥിതി പ്രശ്നങ്ങൾ അവർ നിരന്തരം ഏറ്റെടുക്കുന്നു.



**നിഖില ഹെൻറി**

ദ ഹിന്ദു പത്രത്തിന്റെ പ്രത്യേക ലേഖികയായിരിക്കെ രോഹിത് വെമുലയുടെ നവ മാധ്യമ പോസ്റ്റുകൾ സമാഹരിച്ച് 'കാസ്റ്റ് ഇസ് നോട്ട് എ റൂമർ' എന്ന പുസ്തകം നിഖില പ്രസിദ്ധീകരിച്ചു. ഇന്ത്യയിലെ പ്രക്ഷുബ്ധയൗവനത്തെക്കുറിച്ച് 'ദ ഫെർമന്റ് : യൂത്ത് അൺറെസ്റ്റ് ഇൻ ഇന്ത്യ ' എന്ന നിഖിലയുടെ രചന ഏറെ ശ്രദ്ധയാകർഷിച്ചു.